ശ്രീ. പിരപ്പൻകോട് മുരളി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പാവപ്പെട്ടവർക്കുള്ള സൗജന്യറേഷൻ വിഹിതം സംസ്ഥാനം പാഴാക്കിയതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡ് ഉടമകൾക്കുള്ള റേഷൻ വിഹിതം സംസ്ഥാന സർക്കാർ വെട്ടിക്കുറച്ചതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സപ്ലൈകോയിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സപ്ലൈകോയിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കൂടിയ വിലയ്ക്ക് വാങ്ങിയതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താൻ സർക്കാർ കാണിക്കുന്നതായി പറയപ്പെടുന്ന അലംഭാവം ചർച്ച ചെയ്യുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

2/676/2012—33.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,77,70,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

[അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. കെ. ബാലൻ: സർ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കേരളത്തിലെ കൃഷിക്കാരനെയും, കൃഷിയേയും മുച്ചൂട് നശിപ്പിച്ച ഈ വകുപ്പിന് ധനാഭ്യർത്ഥന നടത്താൻ ധാർമ്മികമായ ഒരു അവകാശവുമില്ല. ഇന്ന് ഈ ധനാഭ്യർത്ഥന സംബന്ധിച്ച് ഇവിടെ നടത്തുമ്പോൾ കാർഷിക സർവ്വകലാശാല പരിപൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷിക്കാരെ ക്രിമിനലുകളാക്കാൻ സഹായിക്കുന്ന രൂപത്തിലുള്ള വിത്തുബില്ലും അതുപോലെ പേറ്റന്റ് ഭേദഗതി ബില്ലും ലോകസഭയുടെ മുമ്പിലുള്ള ഒരു ഘട്ടത്തിലാണ് ഈ ചർച്ച ഇവിടെ സംഘടിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിൽ കേരളത്തിലെ സാമാന്യം പാവപ്പെട്ട ജനത, കൃഷിക്കാർ വിളിച്ച മുദ്രാവാക്യം ഞാൻ ഓർമ്മിക്കുകയാണ്. കേരം തിങ്ങും കേരള നാട്ടിൽ ശ്രീമതി ഗൗരിയമ്മ ഭരിക്കട്ടെയെന്ന്. ഇന്ന് കേരം തിങ്ങും കേരള നാട്ടിനെ ശ്രീമതി ഗൗരിയമ്മ നശിപ്പിച്ചു എന്നുള്ളതാണ് സത്യം. ഇത് ശ്രീമതി ഗൗരിയമ്മയുടെ കുറവല്ല. അങ്ങ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെ നയത്തിന്റെ ഒരു ഭാഗമാണ്. കേരളത്തിന്റെ കൃഷിയുടെ സ്ഥിതി തരം താണു. 1003 കൃഷിക്കാർ ആത്മഹത്യ ചെയ്തു. ഗവൺമെന്റിന്റെ തന്നെ ഔപചാരികമായിട്ടുള്ള, ഔദ്യോഗികമായിട്ടുള്ള കണക്കിൽ 218 കൃഷിക്കാരാണ് മരിച്ചത്. ഇത്തരത്തിലൊരു ദയനീയ സ്ഥിതി കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ജന്മിത്വത്തെ കേരളത്തിന്റെ മണ്ണിൽ നശിപ്പിച്ച് ഭൂപരിഷ്കരണത്തിന് നേതൃത്വം കൊടുത്ത ശ്രീമതി ഗൗരിയമ്മ തന്നെയാണ് ഇന്ന് ഈ കൃഷിവകുപ്പു കൈകാര്യം ചെയ്യുമ്പോൾ ഈ ദയനീയ സ്ഥിതി കേരളത്തിൽ ഉണ്ടായിട്ടുള്ളത്. കമ്മ്യൂണിസ്റ്റായി ചരിത്രത്തിൽ തിളങ്ങിനിന്ന ഭൂപരിഷ്കരണത്തിന്റെ നായിക കൃഷിക്കാരനെ ആത്മഹത്യയിലേക്ക് നയിച്ച കൃഷിക്കാരന്റെ ശാപമായി മാറിയ ഈ മാറ്റം കുറ്റബോധത്തോടുകൂടിയെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്വയം വിമർശനം നടത്താൻ ബഹുമാനപ്പെട്ട ഗൗരിയമ്മ തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 83 വയസ്സ് തികഞ്ഞ സഖാവ് വി. എസ്. അടക്കമുളള സമാരാധ്യ എൽ.ഡി.എഫ്. നേതാക്കളെ നിരാഹാര സത്യാഗ്രഹത്തിലേക്ക് നയിച്ച ഈ ഗവണ്മെന്റിന്റെ കാർഷിക പ്രശ്നങ്ങൾ, കൃഷിക്കാരന്റെ ജീവത്തായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ബഡ്ജറ്റിൽ യാതൊന്നുമില്ല. 1999-2000 വർഷത്തിൽ കാർഷികവരുമാനം 7017 കോടിയായിരുന്നത് 2003-04-ൽ അത് 5,165 കോടിയായി കുറഞ്ഞു. നെല്ലുൽപ്പാദനം 2003-ൽ 6.68 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2004-ൽ 5.7 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു.

സംസ്ഥാന വരുമാനത്തിന്റെ 21.45% കാർഷിക രംഗത്ത് ലഭിച്ച സ്ഥാനത്ത് അത് 13% ആയി കുറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെൽകൃഷിയുടെ വിസ്തൃതി 3.74 ലക്ഷം ഹെക്ടറും നെല്ലുല്പാദനം 7.5 ലക്ഷം ടണ്ണും ആയിരുന്നു. ഇപ്പോഴത് 2.87 ലക്ഷം ഹെക്ടറായി കുറഞ്ഞു, ഉല്പാദനം 6.8 ലക്ഷം ടണ്ണായി കുറഞ്ഞു. അതായത് ഈ കാലഘട്ടത്തിൽ 87,000 ഹെക്ടർ നെൽപ്പാടങ്ങൾ മൺമറഞ്ഞുപോയി. കാർഷിക രംഗത്ത് അഭിവൃദ്ധിയുണ്ടായി എന്ന് ബഡ്ജറ്റിൽ പറഞ്ഞത് സാമ്പത്തിക അവലോകന റിപ്പോർട്ട് തള്ളിക്കളയുകയാണ് ചെയ്തത്. രൂക്ഷമായ വിലയിടിവ് നേരിടുന്ന ഏലം, കാപ്പി, അടയ്ക്ക, നെല്ല്, വാനില, നേന്ത്രക്കായ തുടങ്ങിയ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളവയുടെ സംരക്ഷണത്തിന് ഒരു പൈസപോലും ഈ ബഡ്ജറ്റിലില്ല. പുതുതായി ബഡ്ജറ്റിൽ എന്താണുള്ളത്? 'നഗരത്തിൽ ഒരു നാട്ടിൻപുറം' പദ്ധതിക്ക് 200 ലക്ഷം രൂപ നീക്കിവച്ചു എന്നാണ് പറയുന്നത്. 5 കോർപ്പറേഷനുകളും 54 മുനിസിപ്പാലിറ്റികളുമുള്ള ഈ പ്രദേശത്ത് 'നഗരത്തിൽ ഒരു ഗ്രാമം' പണിയാൻ പോകുന്നത് എങ്ങനെയാണ് എന്ന് ആലോചിക്കണം. മുമ്പ് പ്രഖ്യാപിച്ച ഒരു കപ്പു പാലും ഷേക്ക് ഹാൻഡും എന്നുള്ള അതേ അനുഭവം തന്നെയായിരിക്കും ഇതിനുമുണ്ടാവുക. കപ്പില്ല, പാലില്ല, ഷേക്ക്ഹാൻഡുമില്ല. ഈ പരിപാടി ഇപ്പോൾ നിർത്തിവച്ചു. പാൽ വാങ്ങിയവകയിൽ മിൽമയ്ക്ക് 5 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ബഡ്ജറ്റിൽ കൊട്ടിഘോഷിക്കുന്ന മറ്റൊരു പരിപാടി 10,000 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുകയും അതുവഴി ഒരു ലക്ഷംപേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും ബഡ്ജറ്റിൽ ഇതിനായി നാമമാത്രമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. ഇപ്പോൾ തന്നെ കൃഷിക്കാർ തരിശ്ശിട്ട ഭൂമി 1,10,199 ഹെക്ടറാണ്. മുമ്പ് പ്രഖ്യാപിച്ച പാക്കേജ് പോലെതന്നെയായിരിക്കും ഇതെന്നതാണ് സ്ഥിതി. കൃഷിക്കാരന് കൃഷിയോട് താത്പര്യം ഇല്ല. കൃഷിക്കാരന് മണ്ണിനോടും താത്പര്യം കുറഞ്ഞു. ഇത് ഈ നാടിന്റെ നാശത്തിന്റെ ലക്ഷണമാണ്. വരൾച്ച വന്നാലും കാലാവസ്ഥ അനുകൂലമായാലും കൃഷിക്കാരന് നഷ്ടം തന്നെയാണ്. പാലക്കാട് പാടശേഖരത്ത് കുന്നുകൂടി കിടക്കുന്ന നെൽക്കൂമ്പാരത്തിന്റെ മുകളിൽ നിന്ന് ആത്മഹത്യയ്ക്കുള്ള കയർ തേടിപ്പോകുന്ന കൃഷിക്കാരനെ എങ്ങനെയാണ്

2/676/2012—33a.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ രക്ഷിക്കാൻ പോകുന്നത്? ഇപ്പോൾ തന്നെ 18,000 ടൺ നെല്ല് 32 ഗോഡൗണുകളിലായി കെട്ടിക്കിടക്കുകയാണ്. 2004-ലെ വേനൽക്കാലത്ത് പാലക്കാട്ടെ കൃഷിക്കാരന് ഔദ്യോഗിക കണക്കുപ്രകാരം തന്നെ 170 കോടി രൂപ നഷ്ടം വന്നു. ഗവൺമെന്റ് കൊടുത്തത് 10.99 കോടി രൂപ മാത്രമാണ്. നെൽകൃഷി നാശം 101 കോടി രൂപ, തെങ്ങ് നശിച്ചത് 19 കോടി രൂപ, വാഴ നശിച്ചത് 49 കോടി രൂപ, കമുക് നശിച്ചത് 1,87,00,000 രൂപ, ഇത് ഔദ്യോഗിക കണക്കാണ്. 2003 ഡിസംബർ 15 മുതൽ പാലക്കാട് ജില്ല വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിച്ചതാണ്. അവിടെയുള്ള സ്ഥിതിയാണിത്. നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന ഇടുക്കി, വയനാട് ജില്ലകളിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇടുക്കിയിൽ 125-ഉം വയനാട്ടിൽ 150-ഉം കൃഷിക്കാരാണ് ഈ കാലഘട്ടത്തിൽ ആത്മഹത്യചെയ്തത്. പീരുമേട്ടിൽ വേളാങ്കണ്ണി എന്ന 12 വയസ്സുള്ള ഒരു കുട്ടിയെ ആത്മഹത്യയിലേക്ക് നയിച്ചത് തോട്ടം തൊഴിലാളിയായ അച്ഛന് യൂണിഫോം വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളതുകൊണ്ടാണ്. കേരളത്തിന്റെ അഭിമാനവും കൃഷിക്കാരുടെ ആശാകേന്ദ്രവുമായ കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥിതി എന്താണ്? സർവ്വകലാശാല പൂർണ്ണമായും സ്തംഭിച്ചു. അധ്യാപകർക്കും ജീവനക്കാർക്കും ശമ്പളമില്ല. ഇന്ന് യൂണിവേഴ്സിറ്റി പരിപൂർണ്ണമായി സ്തംഭിച്ചു. അവരെല്ലാം പണിമുടക്കിലാണ്. വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മൂന്നുമേഖലകളുടെ ചുമതല വഹിക്കേണ്ട സർവ്വകലാശാലകളുടെ മരണമണിയാണ് നമ്മൾ കേൾക്കുന്നത്. വിദ്യാഭ്യാസരംഗത്ത് നാല് ഫാക്കൽട്ടിയിൽ അഗ്രിക്കൾച്ചറിന് മാത്രമാണ് ഡീൻ ഉള്ളത്. മറ്റുള്ളതിന് ഡീൻ ഇല്ല. ഫിഷറീസ്, വെറ്ററിനറി, അഗ്രിക്കൾച്ചർ, എഞ്ചിനീയറിംഗ് തുടങ്ങിയവയ്ക്ക് ഡീൻ ഇല്ല, എല്ലാം ചാർജ് ആണ്. വിജ്ഞാന വ്യാപന രംഗത്ത് Director of Extension, Research, Student Welfare, Academic and PG Studies എന്നിങ്ങനെ നാല് ഡയറക്ടർമാർ വേണം. സ്വതന്ത്ര ചുമതലയുള്ള ഒരൊറ്റ ഡയറക്ടറും സർവ്വകലാശാലയിലില്ല. 1200 ഗസറ്റഡ് പോസ്റ്റിൽ 500 അധ്യാപകരുടെ ഒഴിവുണ്ട്. 2383 Non-Gazetted Post-ൽ 797 ഒഴിവുകളുണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ് പോസ്റ്റുകളിലായി മൊത്തം 1297 അധ്യാപകരുടെ ഒഴിവുകളാണുള്ളത്. എങ്ങനെ സർവ്വകലാശാലയിൽ ഭരണം നടക്കും? സർവ്വകലാശാലയുടെ കണക്ക് പ്രകാരം Associated Dean–2, Associated Director of Research–5, Associated Director of Extension-2 എന്നിങ്ങനെയാണ് ഒഴിവുകളുള്ളത്. ഒഴിവുകളുടെ എണ്ണം എത്ര എന്നുള്ള എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം വിശദാംശം ശേഖരിച്ചുവരുന്നു എന്നുള്ളതാണ്. യൂണിവേഴ്സിറ്റി രേഖയിൽ നിന്നുമാണ് ഞാൻ ഈ കണക്ക് പറഞ്ഞത്. യൂണിവേഴ്സിറ്റിക്ക് ഇപ്പോൾ 75 കോടി രൂപയുടെ deficit ആണ് ഉള്ളത്. 2004-05 ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച 48 കോടി രൂപയിൽ 14 കോടി രൂപ ഇതുവരെ സർവ്വകലാശാലയ്ക്ക് കൊടുത്തിട്ടില്ല. പ്ലാൻ ഇനത്തിൽ 15% കട്ട് വരുത്തി. 23 കോടി രൂപ പ്ലാനിൽ കൊടുത്തതിൽ 5 കോടി രൂപയുടെ കുറവാണ്

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചത്. ഇതിന്റെ ഫലമായി യൂണിവേഴ്സിറ്റി ഭരണം പരിപൂർണ്ണമായി സ്തംഭിച്ചു. റിസർച്ച് നടക്കുന്നില്ല, അക്കാഡമിക് താത്പര്യം സംരക്ഷിക്കപ്പെടുന്നില്ല, ജീവനക്കാർക്ക് ശമ്പളമില്ല. സ്വയംഭരണാവകാശം തകർക്കപ്പെടുന്നു. സംവരണതത്വങ്ങൾ പാലിക്കപ്പെടുന്നില്ല, ജീവനക്കാർക്ക് പ്രൊമോഷനില്ല, ജീവനക്കാർക്ക് അരിയേഴ്സ് കൊടുക്കുന്നില്ല. ഈ അവസ്ഥയിലാണ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി. തെങ്ങുഗവേഷണകേന്ദ്രത്തിൽ മണ്ഡരിയും കാറ്റുവീഴ്ചയുമാണുള്ളത്. തെങ്ങുഗവേഷണ കേന്ദ്രത്തിൽ ഇതാണെങ്കിൽ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ ദ്രുതവാട്ടമാണ്. നെല്ലുഗവേഷണകേന്ദ്രത്തിൽ മുഞ്ഞയും അതുപോലെതന്നെ നെല്ലുവാട്ടവുമാണ്. കശുവണ്ടി ഗവേഷണ കേന്ദ്രത്തിൽ കശുമാങ്ങയ്ക്ക് അണ്ടിയില്ല, അണ്ടിക്കുള്ളിൽ പരിപ്പില്ല. തേയില കൊതുക് (tea-mosquito) എന്നുപറയുന്ന virus disease ബാധിച്ച് കശുവണ്ടി ഗവേഷണവും നിലച്ചിരിക്കുകയാണ്. ഫിഷറീസ് കോളേജിൽ മത്സ്യത്തിന് പൊള്ളൽ രോഗമെന്ന് പറയുന്നു. Ulcerative disease എന്നുപറയുന്ന രോഗം വന്ന് മത്സ്യവും ഇല്ലാതായി. ഏലം ഗവേഷണ കേന്ദ്രത്തിൽ ഇലയ്ക്ക് മഞ്ഞനിറം ബാധിച്ചതുമൂലം ഏലം കൃഷി അവതാളത്തിലാണ്. പച്ചക്കറി ഗവേഷണ കേന്ദ്രത്തിൽ mosquito virus disease എന്നുപറയുന്ന പുള്ളിക്കുത്തും അതുപോലെതന്നെ മഞ്ഞനിറവും ബാധിച്ച് പച്ചക്കറിയുണ്ടാകുന്നില്ല. ഗവേഷണ കേന്ദ്രങ്ങളുടെ സ്ഥിതിയാണ് ഇവിടെ സൂചിപ്പിച്ചത്. പച്ചക്കറിയിലെ രോഗകീടബാധ തടഞ്ഞുനിർത്താനും ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദമായി ഗവേഷണം നടത്തി കണ്ടുപിടിക്കാനും പത്തുപൈസപോലും ഈ ബഡ്ജറ്റിലില്ല. ഇതിന് ശാസ്ത്രജ്ഞർക്ക് ഗവേഷണം നടത്താനുള്ള അനുവാദവും ശമ്പളവും കൊടുക്കാതെ അച്ചടക്ക നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഗാലസ അവാർഡു പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പുകൾ വഴി നടപ്പിലാക്കി വിജയിപ്പിച്ച ശാസ്ത്രജ്ഞർക്ക് ഒരു രക്ഷയുമില്ല. അവരെ ശിക്ഷാ നടപടിക്ക് വിധേയമാക്കുന്നു. ഗാലസ പരിപാടികൊണ്ട് പാലക്കാട് ഒരു ഹെക്ടർ സ്ഥലത്ത് 7 ടൺ ലഭിച്ചു. 3 ടൺ ലഭിക്കുന്ന സ്ഥാനത്താണ് ആ വർദ്ധനവുണ്ടായത്. 35 പഞ്ചായത്തുകളിൽ ഏറ്റവും നന്നായി ഈ പദ്ധതി നടപ്പിലാക്കിയതാണ്. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതി എന്താണ്? യൂണിവേഴ്സിറ്റികളിൽ ബിരുദത്തിന് പഠിക്കുന്ന കുട്ടികളിൽ 60%-ഉം. പി. ജി. ക്ക് 50%-ഉം. കുട്ടികൾ കുറഞ്ഞുവരുന്ന ദയനീയ സ്ഥിതിയാണ് ഇന്ന് കാർഷിക സർവ്വകലാശാലയിലുള്ളത്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരൊറ്റ കാര്യം മാത്രമേ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. പാലുല്പാദനത്തിൽ കൃഷിക്കാർക്ക് താത്പര്യമില്ല. ഉല്പാദനം കുറയുന്നു, ഉല്പാദനച്ചെലവ് കൂടുന്നു. ശരാശരി 6 ലിറ്റർ പാലാണ് ഒരു പശുവിൽ നിന്നും കിട്ടുക. രണ്ടോ മൂന്നോ പശുക്കളുണ്ടെങ്കിൽ അതിന് തീറ്റ കൊടുക്കാൻപോലും ഈ കാശുകൊണ്ട് മതിയാകില്ല. മിൽമ പാൽ കൂടുതൽ കാശുകൊടുത്ത് സംഭരിക്കുമെന്നു പറഞ്ഞു, കൂടുതൽ കാശ് കൊടുക്കുന്നില്ല. ഒരു ലിറ്റർ പാലിനേക്കാളും ഒരു ലിറ്റർ വെള്ളത്തിനാണ് വില കൂടുതലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദനം വർദ്ധിപ്പിക്കാനും ഉല്പാദനച്ചെലവ് കുറയ്ക്കാനും ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. ആയിരക്കണക്കിന് കന്നുകാലികൾ മരണപ്പെട്ടു. കുളമ്പുരോഗത്തിന് പേശിയിൽ വാക്സിനേഷൻ കുത്തിവയ്ക്കുന്നതിനുപകരം പശുവിന്റേയും ആടിന്റേയും നട്ടെല്ലിൽ കുത്തിവച്ചതിന്റെ പേരിൽ ആയിരക്കണക്കിന് മിണ്ടാപ്രാണികൾ മരണപ്പെട്ടു. കൃഷിക്കാർ മാത്രമല്ല, പശുക്കളും കന്നുകാലികളും നാൽക്കാലികളുമെല്ലാം മരണപ്പെട്ട ഒരു കാലഘട്ടമാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടം. കാർഷിക ഇൻഷുറൻസ് പദ്ധതിക്ക് 1.5 കോടി രൂപ കൊടുത്തിട്ടില്ല. ഇതുവരെ 6 കോടി രൂപയാണ് കൃഷിക്കാർക്ക് നഷ്ടം സംഭവിച്ചത്. നെല്ല്, വാഴ, പൈനാപ്പിൾ മരിച്ചീനി ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷിക്കാർക്കുള്ള ആനുകൂല്യം ഇതുവഴി നഷ്ടപ്പെട്ടു. എൽ. ഡി. എഫ്.-ന്റെ കാലഘട്ടത്തിൽ കൃഷിക്കാരന് വൈദ്യുതി ഫ്രീയായിരുന്നു. 5 ഏക്കർ വരെയുള്ള നെൽകൃഷിക്കാരന് എത്ര ഇലക്ട്രിസിറ്റി ഉപയോഗിച്ചാലും ഫ്രീയായിരുന്നു. 5 ഏക്കറിനിപ്പുറമുള്ള കൃഷിക്കാരൻ ഏതു കൃഷി നടത്തിയാലും വൈദ്യുതി ഫ്രീയായിരുന്നു. ഇപ്പോൾ വൈദ്യുതി ചാർജ് വാങ്ങുന്നു........

ശ്രീ. എ. എൻ. രാജൻ ബാബു: സർ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പൈസയും കൊടുക്കാതെ 9 കോടി രൂപ കുടിശ്ശികയാക്കിയിട്ടല്ലേ ഇറങ്ങിയത്?

ശ്രീ. എ. കെ. ബാലൻ: അന്ന് ഞങ്ങൾ ആയിരത്തിൽച്ചില്വാനം കോടി രൂപ കൊടുത്തിട്ടാണ് ഇത് ബാക്കിവന്നത്. അത് കൊടുക്കാനുള്ള ബാധ്യത നിങ്ങൾക്കുണ്ട്. അതിനാണ് നിങ്ങളെ അധികാരത്തിൽ കൊണ്ടുവന്നത്. എൽ. ഡി. എഫ്.-ന്റെ കാലഘട്ടത്തിൽ group farming ഉണ്ടായിരുന്നു, അത് തകർത്തു. പച്ചക്കറി വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഹരിത സംഘങ്ങൾക്ക് ഒരു ഹെക്ടറിന് 10,000, 15,000 രൂപവരെ സബ്സിഡിയായി കൊടുത്തതാണ്. കൃഷിക്കാർക്ക് ആത്മഹത്യ ചെയ്യാനുള്ള കയറിന്റെ വകുപ്പുകൂടി ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുന്നു എന്നുള്ളത് ഒരുപക്ഷെ യാദൃശ്ചികമാകാം. ഇനി വിഷഫാക്ടറിയുടെ ചുമതല കൂടി ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് കൊടുത്തുകഴിഞ്ഞാൽ ഇത് പൂർണ്ണമാകും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അങ്ങ് വിഷനിർമ്മാണ ഫാക്ടറിയിലും മന്ത്രിക്ക് പങ്കാളിത്തമുണ്ടാകുമെന്നുള്ളതിനെക്കുറിച്ചു സൂചിപ്പിച്ചു. കാസർഗോഡ് ജില്ല ഉൾപ്പെടെ കേരളത്തിന്റെ പ്ലാന്റേഷൻ മേഖലകളിൽ എൻഡോസൾഫാൻ

11-00 A.M.] എന്നു പറയുന്ന അതിമാരകമായ കീടനാശിനി തുടർച്ചയായി തളിക്കുന്നതിനാവശ്യമായ സഹായങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ ഈ മന്ത്രിക്കു കൂടി ഒരു പങ്കുണ്ട് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. കെ. ബാലൻ:</u> യഥാർത്ഥത്തിൽ ആത്മഹത്യയ്ക്കു പ്രേരണ നൽകുന്ന മന്ത്രിയാണ്. പക്ഷെ ഞാൻ ഈ ഘട്ടത്തിൽ കേസ്സെടുക്കണമെന്നൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കറക്ടാണ്. കേരളത്തിന്റെ കാർഷിക പ്രശ്നം സ്ഥായിയായി പരിഹരിക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയും ഈ വകുപ്പും നല്ല രൂപത്തിൽ ഇടപെടണം. യാതൊന്നും ശ്രദ്ധിക്കുന്നില്ല. നാഥനില്ലാത്ത സ്ഥിതിയാണ്. കേരള കാർഷിക സർവ്വകലാശാല 15 ദിവസമായി പൂട്ടികിടക്കു കയാണ്. കുട്ടികൾ പഠിക്കുന്നില്ല, അധ്യാപകർ പഠിപ്പിക്കുന്നില്ല, മറ്റു മിനിസ്റ്റീരിയൽ ജീവനക്കാർ സമരരംഗത്താണ്. എങ്ങനെയാണ് നമ്മുടെ സർവ്വകലാശാല രക്ഷപ്പെടാൻ പോകുന്നത്? ഇതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. കാർഷിക പ്രശ്നം, പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം പാലക്കാട് ജില്ലയ്ക്ക് ലഭ്യമാക്കണം. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാക്കണം. കാഞ്ഞിരപ്പുഴ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യണം. ഒറ്റപ്പാലം താലൂക്കിൽക്കൂടി വെട്ടിയ 40 കി.മീറ്റർ കനാലിൽ വെള്ളമെത്തിക്കുന്നതിന് കുട്ടനാട് പദ്ധതി നടപ്പിലാക്കണം. പാടശേഖരങ്ങളുടെ തലക്കെട്ടിൽ വലിയ കുളങ്ങൾ, കിണറുകൾ എന്നിവ കുഴിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കണം. നെൽക്കൃഷിക്കാരുമായി ബന്ധപ്പെട്ട് നെല്ല് സംഭരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഹാൻഡ്ലിംഗ് ചാർജ്ജ് ആയി ഒരു രൂപ ഗവൺമെന്റ് കൊടുക്കണം. ആലത്തൂരിൽ കൃഷിവകുപ്പിന്റെ കീഴിലുള്ള, റൈസ് മില്ലിന്റെ പണി പൂർത്തിയാക്കണം. സംഭരണവിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം, ഏജൻസികൾക്ക് സർക്കാർ നൽകണം. 1997-98 കാലത്തു നെല്ല് അരിയാക്കി സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഏറ്റെടുത്തിരുന്നു. ജില്ലയിൽ നെല്ല് സംഭരണത്തി നാവശ്യമായ ഗോഡൗൺ സൗകര്യങ്ങൾ ഉണ്ടാക്കണം. പാലക്കാട് ജില്ലയുടെ അഭിമാനമാണ് 'പാഡിക്കോ'. ഇന്നു ആയിരം ടൺ നെല്ല് സംഭരിക്കാനുള്ള കഴിവ് മാത്രമേ ആ പാഡിക്കോ എന്നു പറയുന്ന സഹകരണ സ്ഥാപനത്തിനുള്ളൂ. പതിനായിരം ടൺ നെല്ല് സംഭരിക്കാനുള്ള ഒരു ഗോഡൗൺ ഉണ്ടാക്കിക്കൊടുത്തു കഴിഞ്ഞാൽ പാലക്കാട് കർഷകന്റെ പ്രശ്നം പരിഹരിക്കാൻ കഴിയും. ആ പാഡിക്കോ ശേഖരിക്കുന്ന നെല്ല് അരിയാക്കി സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി എടുക്കണം. അടയ്ക്കാ, കുരുമുളക് എന്നിവ സംഭരിക്കാനുള്ള സൗകര്യങ്ങൾ ജില്ലയിൽ ഏർപ്പെടുത്തണം. വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് വിളവിറക്കാനും, ഒരേ രീതിയിലുള്ള വിത്തുകൾ ഒരു പാടശേഖരത്തിൽ കൃഷി ചെയ്യാനും കൃഷി ഡിപ്പാർട്ടുമെന്റ് മുഖേന ശ്രമിക്കണം. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും കൃഷിവകുപ്പും സംയോജിപ്പിക്കണം. കൃഷി വകുപ്പും യൂണിവേഴ്സിറ്റിയും ഇതിനുവേണ്ടി ഒരു ടൈംടേബിൾ തയ്യാറാക്കണം. ഒൻപതു ഡാമുകളുള്ള പാലക്കാട് ജില്ല, അതിൽ ഇറിഗേഷനും കൃഷിയും വകുപ്പുകൾ യോജിച്ച് പ്രവർത്തിച്ചാൽ പാലക്കാട് ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരുടെ കുറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. തമിഴ്നാട്ടിൽ നിന്നാണ് കൃഷിക്കാർക്കുള്ള വിത്തു കൊണ്ടുവരുന്നത്. പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിൽ നിന്നും പരിമിതമായ വിത്തു മാത്രമേ കിട്ടുന്നുള്ളു. വളരെയേറെ ഉല്പാദന സാദ്ധ്യതയുള്ള, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലയാണ് ഇത്. പക്ഷേ പരിപൂർണ്ണമായും തൊഴിലവസരങ്ങൾ നിഷേധിക്കുന്ന, ഉല്പാദനക്ഷമത കൂട്ടാത്ത, കേരളത്തിന്റെ ഒരു ശാപമായി മാറിയ ഈ കൃഷി ഡിപ്പാർട്ടുമെന്റ് മുന്നോട്ടു വച്ച ഈ ഡിമാന്റ്സിനെ ഞാൻ പൂർണ്ണമായും എതിർക്കുന്നു. ഇതിനോട് യോജിക്കാൻ എനിക്കു കഴിയില്ല. മറ്റു കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. ദേവകുമാർ സൂചിപ്പിക്കുമെന്നുള്ളതുകൊണ്ട് ചുരുങ്ങിയ വാക്കുകളിൽ ഈ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:</u> സർ, ശ്രീ. എ. കെ. ബാലൻ തുടങ്ങി വച്ച വാചകം ഞാൻ ആവർത്തിക്കുകയാണ്. കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരിയമ്മ ഭരിക്കട്ടെ. കഴിഞ്ഞ നാലു വർഷക്കാലമായി നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക രംഗം പരിശോധിക്കുമ്പോൾ ശുഷ്കമായ ബഡ്ജറ്റ് വിഹിതത്തിൽ ഊന്നിക്കൊണ്ട്, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങളിൽ, കാർഷിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ ശ്രീമതി ഗൗരിയമ്മയ്ക്ക് സാധിച്ചു എന്നുള്ളത് വളരെയേറെ സന്തോഷകരമായ ഒരു കാര്യമാണ്. ശ്രീ. എ. കെ. ബാലൻ പറഞ്ഞ ഓരോ കാര്യത്തോടും ഞാൻ പരിപൂർണ്ണമായും വിയോജിക്കുകയാണ്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ കാർഷിക മേഖലയിൽ വലിയ അരക്ഷിതാവസ്ഥ മാത്രമായിരുന്നു നിലനിന്നത്. കേരളത്തിൽ നെല്ല് സംഭരണത്തിനുവേണ്ടി നീക്കി വച്ച തുക വളരെ ശുഷ്കമായിരുന്നു. ഒൻപതു കോടിരൂപയോളം കൊടുത്തുതീർക്കാൻ ഉണ്ടായിരുന്ന ഒരു വലിയ ബാദ്ധ്യതയുമായിട്ടാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ കൃഷി വകുപ്പുമന്ത്രിയായി ചാർജെടുത്തത്. ഈ അടുത്ത കാലത്ത് നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ വലിയ ആക്ഷേപങ്ങളും പോരായ്മകളുമൊക്കെ പ്രതിപക്ഷം പറഞ്ഞിരുന്നു. ഒരു പരിധി വരെ ഞാൻ അതു സമ്മതിക്കുന്നു. പക്ഷേ കഴിഞ്ഞ കാലഘട്ടങ്ങളിൽ എൽ. ഡി. എഫ്. ഗവൺമെന്റ് കൊടുത്തു തീർക്കാൻ ഉണ്ടായിരുന്ന സാമ്പത്തിക ബാദ്ധ്യതയും കൂടി കണക്കിലെടുത്തതു കൊണ്ടാണ് ഇത്ര വലിയ കുടിശ്ശികയുണ്ടായത്. അതു രണ്ടു മൂന്നു ഘട്ടങ്ങളിലായി കൊടുത്തു തീർക്കാമെന്നുള്ള ഒരു തീരുമാനം വരെയുണ്ടായി. ജനുവരി മാസത്തിൽ ഞാൻ ഈ നിയമസഭയിൽ ഒരു കാളിംഗ് അറ്റൻഷൻ അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. ഒന്നാം വട്ട കൊയ്ത്തു കഴിയുകയും നെല്ല് പൂർണ്ണമായും സംഭരിക്കാൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ, അതു സംബന്ധിച്ച് ശ്രീ. കെ. അച്ചുതനും ശ്രീ. കെ. എ. ചന്ദ്രനും ഇവിടെ പറയുകയുണ്ടായി. നെല്ല് സംഭരിക്കുന്ന ജനുവരി,

LIBRARY ARCHIVES Kerala Legislative Assembly

ഫെബ്രുവരി മാസങ്ങളിൽ പ്രതിപക്ഷത്തു നിന്നും ഇതുമായി ബന്ധപ്പെട്ട് ഒരാൾ പോലും ഈ കാര്യത്തെപ്പറ്റി സംസാരിക്കുകയോ, ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ അടുത്തോ ഗവൺമെന്റിന്റെ അടുത്തോ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കുകയോ ഉണ്ടായില്ല. ഭരണകക്ഷിയിൽപ്പെട്ട ഞങ്ങളാണ് പലവട്ടം സംസ്ഥാനത്ത് നെല്ല് സംഭരണത്തിന്റെ പോരായ്മകളും, കുറവുകളും, കർഷകർക്ക് വില ലഭിക്കാത്ത കാര്യങ്ങളുമൊക്കെ പറഞ്ഞത്. ഇതെല്ലാം കഴിഞ്ഞ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇവരൊക്കെ പല വട്ടം ചർച്ചകൾ നടത്തി, ആവശ്യമായ ഫണ്ട് ഉടനെ അനുവദിക്കുമെന്ന് പറഞ്ഞു. ഫെബ്രുവരി 6-ാം തീയതി എറണാകുളത്തു കൂടിയ മന്ത്രിസഭാ യോഗത്തിൽ വച്ച് ആറു കോടി രൂപ നെല്ല് സംഭരിക്കാൻ വേണ്ടി നീക്കി വയ്ക്കുമെന്ന് പറഞ്ഞു. ഇതെല്ലാം കളക്ടർമാർ മുഖേന കൊടുത്തു തീർക്കണം. നെല്ല് സംഭരണത്തിനാവശ്യമായിട്ടുള്ള സംഘങ്ങൾക്കും മില്ലുകൾക്കും, കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകളെല്ലാം സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഡൽഹിയിൽ പോയി കേന്ദ്ര സിവിൽ സപ്ലൈസ് വകുപ്പു വഴി നെല്ല് സംഭരിക്കണമെന്നു ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായി. കഴിഞ്ഞ ഒരു മാസക്കാലം നീണ്ടുനിന്ന വലിയ പ്രവർത്തനങ്ങൾക്കിടയിൽ കേന്ദ്ര മന്ത്രിമാരുമായും, മുഖ്യമന്ത്രിമാരുമായും, കൃഷിവകുപ്പു മന്ത്രിമാരുമായും ഒരുപാടു ചർച്ചകൾ നടന്നു. ഈ സാഹചര്യങ്ങളിലൊന്നും പ്രതിപക്ഷത്തെ ഒരൊറ്റ ആൾ പോലും നമ്മുടെ സംസ്ഥാനത്തെ നെല്ല് സംഭരണത്തെക്കുറിച്ചോ അതിന്റെ പോരായ്മകളെക്കുറിച്ചോ ബുദ്ധിമുട്ടുകളെക്കുറിച്ചോ സംസാരിക്കുന്ന സാഹചര്യം ഉണ്ടായില്ല. ഫെബ്രുവരി മാസം 6-ാം തീയതി സംസ്ഥാന ക്യാബിനറ്റ് പ്രത്യേകം എറണാകുളത്തു വച്ച് കുടിശ്ശികയായി കൊടുക്കേണ്ട മുഴുവൻ തുകയും കൊടുക്കാനും, ഏതാണ്ട് ഏഴു കോടി രൂപ ഉടനെ കളക്ടർമാർ വഴി കൊടുത്തു തീർക്കാനുമുള്ള തീരുമാനമുണ്ടായപ്പോൾ, ഞങ്ങളുടെ സമരം കൊണ്ടാണ്, ഞങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് ഇങ്ങനെയൊരു പരിപാടി ഉണ്ടാക്കിയതെന്നുള്ള നിലയിൽ, ഈ നിയമസഭയിൽ ഒരു സമരാഭാസം ഉണ്ടാക്കുന്ന സാഹചര്യം ഉണ്ടായി. പ്രതിപക്ഷമുൾപ്പെടെ എല്ലാവരും നെല്ല് സംഭരിക്കുന്നതിന്റെ പോരായ്മകളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ ചർച്ച നടത്തുന്ന ഒരു സാഹചര്യമുണ്ടായി. ഒന്നാം ഘട്ട നെല്ല് സംഭരിക്കുന്ന സമയത്ത് ഇവർ ആരും ഒന്നും മിണ്ടാതിരിക്കുകയും സംസ്ഥാന ഗവൺമെന്റ് പ്രായോഗികമായ നടപടികളിലൂടെ കൊടുത്തു തീർക്കാനുള്ള മുഴുവൻ കടബാദ്ധ്യതയും കൊടുത്തു തീർക്കുകയും, രണ്ടാം ഘട്ട കൊയ്ത്തു പൂർണ്ണമാകുന്നതോടുകൂടി നെല്ല് മുഴുവൻ സംഭരിക്കുമെന്നു വന്നപ്പോൾ ഞങ്ങളാണ് കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നത്, ഞങ്ങളുടെ ഇടപെടൽ കൊണ്ടാണ് ഇവിടെ നെല്ല് സംഭരണം നടക്കുന്നത് എന്നു വരുത്തിത്തീർക്കാൻ, നിയമസഭയെ ഒരു

2/676/2012—34.

LIBRARY ARCHIVES Kerala Legislative Assembly

വേദിയാക്കുകയും നിയമസഭാ കവാടത്തിനു പുറത്തു മറ്റൊരു വേദിയാക്കിക്കൊണ്ട് സമരം നടത്തുകയും, നിരാഹാരം കിടക്കുകയും ചെയ്ത സന്ദർഭം ഉണ്ടായി. മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ആവർത്തിച്ചാവർത്തിച്ച് ഇതിനെക്കുറിച്ച് പറയുകയുണ്ടായി. എല്ലാ കാര്യങ്ങളും ചെയ്തുകഴിഞ്ഞിരിക്കുന്നു 14 കോടി രൂപ ഈ രംഗത്തു കൂടുതലായി ചെലവഴിച്ച് നാളിതുവരെയുള്ള മുഴുവൻ കുടിശ്ശികയും കൊടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്, കൊടുത്തുതീർത്തിരിക്കുന്നു എന്നു പറഞ്ഞിട്ടുപോലും 9-ാം തീയതി സമരം നടത്തുമെന്ന്, നിരാഹാരം നടത്തുമെന്ന് പ്രഖ്യാപിച്ച് 9-ാം തീയതി രാവിലെ ഈ കവാടത്തിൽ സമരം നടത്തുന്ന സാഹചര്യമുണ്ടായി. പിറ്റേ ദിവസവും മുഖ്യമന്ത്രി പറഞ്ഞു, ഈ സമരം അവസാനിപ്പിക്കണം. കാരണം എല്ലാം കൊടുത്തുതീർത്തിരിക്കുന്നു. ആകെ ചെയ്യാനുള്ളത് കേന്ദ്ര സിവിൽ സപ്ളൈസിന്റെ ഉറപ്പു ലഭിച്ചാൽ നെല്ല് വാങ്ങാൻ തയ്യാറാണ്. ആ ഉറപ്പ് കേന്ദ്ര ഗവൺമെന്റാണ് തരേണ്ടത്. മുഖ്യമന്ത്രിയുടെയും ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെയും വാക്കുകൾ വകവയ്ക്കാതെ സമരം തുടരുന്ന സാഹചര്യമുണ്ടായി. എന്താണ് സംഭവിച്ചത്? പിറ്റേ ദിവസം ശ്രീ. ശരത് പവാർ, സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി നെല്ല് വാങ്ങാമെന്നുള്ള വാക്കു കൊടുത്തു എന്നതിന്റെ പേരിൽ ഇടയ്ക്കു വച്ച് സമരം അവസാനിപ്പിക്കുന്ന സാഹചര്യമാണുണ്ടായത്. ഒരു കാര്യത്തിൽ അവർ വിജയിച്ചിരിക്കുന്നു. ഗവൺമെന്റ് സത്യസന്ധമായി 14 കോടി രൂപ നെല്ല് സംഭരണത്തിനുവേണ്ടി പ്രത്യേകം നീക്കി വയ്ക്കുകയും കൊടുത്തുതീർക്കാനുള്ള മുഴുവൻ കടബാദ്ധ്യതകളും കൊടുത്തു തീർത്തുകൊണ്ട് സംസ്ഥാനത്ത് നെല്ല് സംഭരണം പൂർണ്ണമാക്കാൻ പരിശ്രമിക്കുകയും ചെയ്ത ഘട്ടത്തിൽ സർക്കാർ അല്ല ഇടതുപക്ഷങ്ങൾ നിയമസഭാ കവാടത്തിൽ സമരം ചെയ്തതുകൊണ്ടാണ് നെല്ല് സംഭരണം പൂർണ്ണമാക്കാൻ സാധിച്ചത് എന്നുള്ള ഒരു പുകമറ സൃഷ്ടിക്കാൻ, കർഷകരുടെ ഇടയിൽ തെറ്റായ ഒരു പ്രചരണം ഉണ്ടാക്കിയെടുക്കാൻ സാധിച്ചു എന്നുള്ളതുമാത്രമാണ് അവരുടെ ഈ സമരം കൊണ്ട് സംഭവിച്ചിട്ടുള്ളത്.

ശ്രീ. കെ. കെ. ഷാജു : അങ്ങ് ഇവിടെ നെല്ല് സംഭരിക്കുന്ന കാര്യം പറഞ്ഞു. നെല്ല് സംഭരണത്തിൽ ആദ്യം കുറച്ച് കാലതാമസമുണ്ടായി. ഉപ്പുവെള്ളം കയറിയ ഭാഗത്തെ നെല്ലും മുഞ്ഞബാധിച്ച ഭാഗത്തെ നെല്ലും മോശമാകുമെന്നുള്ളതു കൊണ്ടാണ് ഒരു വിഭാഗം ആളുകൾ നെല്ലെടുക്കാൻ വരാത്തതെന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : തീർച്ചയായിട്ടും അറിയാം. ഏറ്റവും കൂടുതൽ നെല്ല് എടുക്കേണ്ട സംഘങ്ങളിൽ ഏറിയ പങ്കും ഇടതുപക്ഷത്തിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളാണ്. മുൻ കാലങ്ങളിലെപ്പോലെ അവർ നെല്ല് സംഭരിക്കാൻ മുന്നോട്ട് വരാതിരുന്നതാണ് നെല്ല് സംഭരണ രംഗത്ത് പ്രതിസന്ധിയുണ്ടാകാൻ കാരണമായിട്ടുള്ളത്. അതിന്റെ ഫലമായി സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തൊട്ടാകെ നെല്ല് സംഭരണം സ്തംഭിച്ചിരിക്കുന്നു. പക്ഷെ ഇടതുപക്ഷ നേതാക്കൻമാർ സമരം നടത്തിയതിന്റെ ഫലമായിട്ടാണ് അതും നിയമസഭാ കവാടത്തിൽ സമരം ചെയ്തതിന്റെ ഫലമായിട്ടാണ് നെല്ല് സംഭരിക്കാൻ ഗവൺമെന്റിന് നിർബന്ധിതമാകേണ്ടിവന്നതെന്ന് വരുത്തിത്തീർക്കാനുള്ള ആസൂത്രിതമായ ഒരു പരിപാടിയായിട്ടു മാത്രമേ ഈ സമരത്തെ കാണാൻ സാധിക്കുകയുള്ളു. കഴുകൻ എന്നൊരു പക്ഷിയുണ്ട്. അത് രാവിലെ മുതൽ വൈകുന്നേരം വരെ അതിന് തിന്ന് വിശപ്പടക്കാനുള്ള ശവശരീരങ്ങൾ എവിടെയുണ്ടെന്ന് നോക്കിനടക്കും. അതുപോലെയാണ് ഇവിടെ പ്രതിപക്ഷവും. എന്നും രാവിലെ എവിടെയാണ് ശവശരീരങ്ങളുള്ളത്, എവിടെയാണ് ആളുകൾ മരിച്ചത് അതിന്റെ പേരിൽ അടിയന്തിര പ്രമേയം അവതരിപ്പിക്കുക അതിന്റെ പേരിൽ ഇറങ്ങിപ്പോകുക ഇതാണ് അവരുടെ നയം. ഞാൻ ചോദിക്കട്ടെ ഈ നിയമസഭാ സമ്മേളനം തുടങ്ങിയ അന്നുമുതൽ ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ കർഷകരെക്കുറിച്ചും കാർഷിക മേഖലയെക്കുറിച്ചും ഒരുപാട് പ്രതിപാദിക്കുകയുണ്ടായി. പക്ഷെ പ്രതിപക്ഷത്തുള്ള ആരെങ്കിലും........

ശ്രീ. പി. എസ്. സുപാൽ : അങ്ങ് കഴുകന്റെ കാര്യം പറയുകയുണ്ടായി. നിയമസഭയ്ക്കകത്തും കഴുകൻമാർ ആക്രമിക്കുന്ന സംഭവത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : കഴുകൻമാർ എല്ലായിടത്തും ശവംതിന്നികളാണ്. നിയമസഭയ്ക്കകത്താണെങ്കിലും പുറത്താണെങ്കിലും. ഇവിടെ പ്രശ്നമെന്താണെന്നു വച്ചാൽ പ്രതിപക്ഷം എല്ലാ ദിവസവും രാവിലെ ആര് മരിച്ചു അതിന്റെ പേരിൽ അടിയന്തിരപ്രമേയം അവതരിപ്പിക്കണം വാക്കൗട്ട് നടത്തണം. ഞാൻ ചോദിക്കട്ടെ ഒൻപതാം തീയതിലെ നിരാഹാര സമരമൊഴികെ കാർഷിക രംഗത്തെ പ്രശ്നത്തെക്കുറിച്ച് ഒരിക്കൽ ഡോ. കെ. സി. ജോസഫ് പറഞ്ഞതല്ലാതെ ആരാണ് പ്രതിപക്ഷത്തുനിന്ന് കാർഷിക പ്രശ്നങ്ങളെക്കുറിച്ച് അവതരിപ്പിച്ചിട്ടുള്ളത്? കാർഷിക പ്രശ്നത്തെക്കുറിച്ചൊന്നും ചിന്തിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. അങ്ങനെയിരിക്കെയാണ് സർക്കാർ എല്ലാ നടപടികളും ചെയ്ത് 14 കോടി രൂപയുടെ മുഴുവൻ കടങ്ങളും വീട്ടി നെല്ല് സംഭരിക്കാൻ നടപടിയെടുത്തപ്പോൾ നെല്ല് സംഭരണം നടത്തിയത് സമരം വഴിയാണെന്ന് വരുത്തിത്തീർക്കാനുള്ള ഒരു വിരോധാഭാസ കാഴ്ചയാണ് ഇവിടെ കണ്ടത്. ഞാൻ നേരത്തെ പറഞ്ഞു കേരം തിങ്ങും കേരള നാട്ടിൽ ഗൗരിയമ്മ ഭരിക്കട്ടെയെന്ന്. അത് പറയാൻ കാരണമുണ്ട് കഴിഞ്ഞ നാലുവർഷമായി തെങ്ങ്കൃഷിയുടെ കാര്യത്തിൽ അഭൂതപൂർവ്വമായ പ്രവർത്തനങ്ങളാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്ജ് : ബഹുമാന്യനായ എം. കെ. പോൾസൺ മാസ്റ്റർ ഈ സഭയിൽ എന്നുമുണ്ടായിരുന്നെങ്കിൽ ഈ രീതിയിൽ സംസാരിക്കില്ലായിരുന്നു. നിയമസഭാ സമ്മേളനത്തിന് മുൻപുതന്നെ കുരുമുളക് സംഭരണത്തിലേയും നെല്ല് സംഭരണത്തിലേയും ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട് നിയമസഭയ്ക്ക് പുറത്തുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ കക്ഷികളെല്ലാം സമരരംഗത്തായിരുന്നു. അങ്ങയുടെ പാർട്ടിയും സമരരംഗത്ത് വരേണ്ടതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിട്ട് വരുകയാണ്. നീണ്ടൂർ ബാങ്കിന്റെ സംവരണം ഉത്തരവാക്കാൻ ഞാൻതന്നെ പോയി. അങ്ങ് മനസ്സിലാക്കേണ്ടത് കൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടി, കുരുമുളക് സംഭരണം വച്ചിട്ട് അത് ചെയ്തില്ല, നെല്ല് സംഭരണം വെച്ചു. ഇന്ന് ലക്ഷക്കണക്കിന് ടൺ നെല്ല് സംഭരിക്കാതെ കെട്ടിക്കിടക്കുകയാണ്. ആ കാര്യങ്ങളൊന്നുമറിയാതെ ഈ സഭയിൽ ഇങ്ങനെ സംസാരിക്കുന്നത് അങ്ങയെപ്പോലുള്ള ആളുകൾക്ക് ഭൂഷണമല്ല. അങ്ങ് ഈ പരിപാടിയിൽ നിന്ന് പിൻമാറണം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : നെല്ല് സംഭരണത്തെ സംബന്ധിച്ചിടത്തോളം മുൻകൊല്ലങ്ങളേക്കാൾ ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ചു എന്ന് വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. എന്റെ സ്വന്തം ജില്ലയായ തൃശ്ശൂരിൽ കോൾകൃഷി മേഖലയിൽ 720 രൂപ നിശ്ചയിക്കുകയും അതുതന്നെ ഒരു പ്രതിസന്ധിയിൽ എത്തുകയും ചെയ്യുന്ന സന്ദർഭമുണ്ടായപ്പോൾ ബഹുമാനപ്പെട്ട സിവിൽ സപ്ളൈസ് വകുപ്പുമന്ത്രി നേരിട്ട് ഇവിടെയുള്ള വലിയ മില്ലുകാരെ വിളിച്ചുവരുത്തുകയും നെല്ല് സംഭരിക്കുന്ന കാര്യത്തിൽ അവർക്ക് കൊടുത്തുതീർക്കാനുള്ള ബാധ്യത എത്രയാണെന്ന് നിശ്ചയിക്കുന്നതിന് പാലക്കാട് ജില്ലയിലെ നെല്ല് ശേഖരിക്കുന്ന സഹകരണസംഘത്തിന്റെ പ്രതിനിധികളെ സിവിൽ സപ്ളൈസ് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ വിളിച്ചുവരുത്തുകയും പലവട്ടം ചർച്ച നടത്തുകയും ചെയ്തതാണ്. ഇന്ന് നെല്ല് സംഭരണത്തെ സംബന്ധിച്ചിടത്തോളം കർഷകരേക്കാൾ വാചാലമായി സംസാരിക്കുന്നത് പ്രതിപക്ഷങ്ങൾ മാത്രമാണ്. നിയമസഭയ്ക്ക് പുറത്തുള്ള കർഷകർ താരതമ്യേന ശാന്തരും സമാധാനപ്രിയരും സന്തോഷമുള്ളവരുമാണെന്ന് ഒരു കർഷക പ്രതിനിധിയെന്ന നിലയിൽ എനിക്ക് പറയാൻ സാധിക്കും. തൃശ്ശൂരിൽ 720 രൂപ നിശ്ചയിച്ചെങ്കിലും 750 രൂപയ്ക്കുവരെ നെല്ല് എടുക്കാൻ സാധിച്ചു. ഇവിടത്തെ വലിയ മില്ല് ഉടമകളും കാർഷിക സംഘങ്ങളും മാന്യമായ വിലയ്ക്ക് നെല്ല് എടുക്കുന്നു. എന്നിട്ടും തൃശ്ശൂർ കളക്ടറേറ്റിനു മുന്നിൽ 14 ദിവസം പ്രതിപക്ഷം സമരം നടത്തി. ജനപ്രതിനിധികൾ ഈ പ്രശ്നം ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരുന്നതിനു പകരം രാഷ്ട്രീയാവശ്യങ്ങൾക്കു വേണ്ടി കളക്ടറേറ്റുകളുടെ മുന്നിൽ സമരം നടത്തുന്നത് വിരോധാഭാസമായി മാത്രമാണ് കാണാൻ സാധിക്കുന്നത്. ഒരു യഥാർത്ഥ കർഷകനെ സംബന്ധിച്ചിടത്തോളം ഇന്ന് അവന് മാന്യമായ വില ലഭിക്കുന്നു. മാന്യമായ നിലയിൽ നെല്ല് സംഭരണം പൂർത്തിയാക്കിയിരിക്കുന്നു. ആരുടെ കാലത്താണ് മണ്ഡരി ബാധയുണ്ടായത്. എൽ. ഡി. എഫ്.-ഭരിക്കുന്ന കാലത്താണ് മണ്ഡരി ബാധ ആരംഭിച്ചത്. അന്ന് വലിയൊരു പ്രതിസന്ധിയുണ്ടായി. മണ്ഡരി രോഗത്തിന് മരുന്നു കണ്ടുപിടിക്കാൻ നിങ്ങളുടെ കാലത്ത് സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ കൃഷി വകുപ്പുമന്ത്രി കൃഷ്ണൻ കണിയാമ്പറമ്പിൽ തൃശ്ശൂർ കളക്ടറേറ്റിൽ ഒരു യോഗം വിളിച്ചുകൂട്ടി. അവിടെ കർഷകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അദ്ദേഹത്തിന് അന്ന് സാധിച്ചില്ല. ജൈവകീടനാശിനിയാണോ വേണ്ടത് അതോ രാസകീട നാശിനിയാണോ വേണ്ടതെന്നതിനെക്കുറിച്ച് കൃഷി വകുപ്പ് തീരുമാനിച്ചിട്ടില്ല. അതുപോലെതന്നെ കാർഷികകോളേജും മരുന്നു കണ്ടുപിടിച്ചില്ല. ഈ കാലഘട്ടംവരേയും നമ്മുടെ കാർഷിക സർവ്വകലാശാലകൾക്കോ മറ്റ് ശാസ്ത്രജ്ഞൻമാർക്കോ മണ്ഡരി രോഗബാധയ്ക്കാണെങ്കിലും, മുഞ്ഞബാധയ്ക്കാണെങ്കിലും, മൃഗങ്ങളുടെ കുളമ്പുരോഗത്തിനാണെങ്കിലും മരുന്ന് കണ്ടുപിടിക്കാനാകാത്തവിധം കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാർ ഉൾപ്പെടെ ഇന്ന് ഉറക്കംതൂങ്ങുന്ന ഒരു സാഹചര്യമാണുണ്ടായിരിക്കുന്നത്. മണ്ഡരി രോഗം ഉണ്ടാകുകയും തെങ്ങിന്റെ ഉൽപ്പാദനം കുറയുകയും വില വളരെയേറെ കുറയുകയും ചെയ്യുന്ന ഒരു കാലഘട്ടമുണ്ടായിരുന്നപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ അതിന്റെ പ്രതിരോധ മരുന്ന് സിവിൽസപ്ലൈസ് വഴിയും മറ്റുതരത്തിലുമൊക്കെ വിതരണം ചെയ്ത് ഒരു പരിധിവരെ തെങ്ങിന്റെ ഉൽപ്പാദനം കൂട്ടാനും വില വർദ്ധിക്കാനുമുള്ള സാഹചര്യമുണ്ടാക്കിയെന്നുള്ളത് സത്യമാണ്. എനിക്ക് ഇവിടെ പറയാനുള്ളത് രാഷ്ട്രീയമായ ഒരു പ്രസംഗത്തേക്കാൾ കാർഷിക സംസ്ഥാനമെന്നുള്ള നിലയിൽ സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും അടിയന്തിരശ്രദ്ധ പിടിച്ചുപറ്റേണ്ട ഒരു കാലഘട്ടമാണ്. ഏത് ഗവൺമെന്റുകൾ മാറിമാറി കേന്ദ്രത്തിൽ അധികാരത്തിൽ വന്നാലും കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക നയം നേരെ ബാധിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ കർഷകരെയാണ്. ഇന്ന് രാവിലെ ചർച്ച ചെയ്ത ശ്രീലങ്കയുമായിട്ടുള്ള ഇടപാടുകളാണെങ്കിലും സ്വതന്ത്രമായ ഇറക്കുമതി നയമാണെങ്കിലും വിലനിലവാരത്തിന്റെ കാര്യത്തിലാണെങ്കിലും നമ്മുടെ സംസ്ഥാനത്തെ മുഴുവൻ കർഷകരെയാണ് കേന്ദ്ര ഗവൺമെന്റിന്റെ കൃഷി നയം ഏറ്റവും കൂടുതൽ ബാധിക്കുന്നത്. എനിക്ക് പറയുവാനുള്ളത് നമ്മുടെ സംസ്ഥാനത്തെ കൃഷി വകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയും പ്രതിപക്ഷവുമെല്ലാം ഉൾപ്പെടെ റയിൽവെയുടെ കാര്യത്തിൽ എല്ലാ എം.പി-മാരുംകൂടി നിവേദനം കൊടുത്തതുപോലെ കേരളത്തിലെ കാർഷിക പ്രശ്നങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ അടിയന്തിരശ്രദ്ധ പിടിച്ചുപറ്റാൻ, കേരളത്തിലെ കർഷകരെ സഹായിക്കാൻ കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ ഒരു വില ലഭിക്കാൻ സാധിക്കുന്ന നടപടിയുണ്ടാകണം. അതിനാവശ്യമായ രീതിയിൽ രാഷ്ട്രീയ കക്ഷികളും നേതാക്കൻമാരും കേന്ദ്രത്തിലെ എം.പി-മാരും എല്ലാം കൂടിച്ചേർന്ന് കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ചർച്ച നടത്തണം. ഏത് പ്രശ്നങ്ങൾക്കും അടിസ്ഥാനപരമായ പരിഹാരം കാണാൻ സാധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എല്ലാ പ്രാവശ്യവും നിയമസഭ കൂടുമ്പോൾ വിലത്തകർച്ചയാണ് ഏറ്റവും കാതലായ സംസാരവിഷയം. ഇന്ന് കർഷകർക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ അത് വിറ്റഴിക്കുവാൻ ഏറ്റവും അധികം ബുദ്ധിമുട്ടുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. വളരെയേറെ ബുദ്ധിമുട്ടോടുകൂടി കാർഷിക വിളവുകൾ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞാൽ ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ട് ഈ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. അത് ഏത് രംഗത്താണെങ്കിലും ഒരുപോലെയാണ്. ഒരുകാലത്ത് നെല്ലിന് അൽപ്പം വില മെച്ചമായിരിക്കും, അപ്പോൾ കുരുമുളകിന് വളരെ മോശമായിരിക്കും. ഒരിക്കൽ ഏലത്തിനോ കാപ്പിക്കോ വില കൂടുമ്പോൾ മറ്റ് പലതിനും വില കുറവായിരിക്കും. ഇങ്ങനെ ഒരു വിലസ്ഥിരതയില്ലാത്ത അവസ്ഥയാണ് കേരളത്തിലുള്ളത്. കേരളത്തിലെ മുഴുവൻ വാണിജ്യവിളകളും നഷ്ടമില്ലാത്ത രീതിയിൽ വിറ്റഴിക്കാൻ സാധിക്കുന്ന സ്ഥിരമായ ശാശ്വതമായ വിലനിലവാരം പിടിച്ചുനിർത്താൻ സാധിക്കുന്ന ഒരു സംവിധാനം ഉണ്ടാകണം. ആവശ്യമായ ഘട്ടത്തിൽ അടിസ്ഥാനപരമായി കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കണം. താങ്ങുവില എന്നുവച്ചാൽ കർഷകനെ പൂർണ്ണമായും താങ്ങാൻ സാധിക്കുന്ന, അവന്റെ ചെലവിനെ പൂർണ്ണമായും താങ്ങാൻ സാധിക്കുന്ന വിധത്തിൽ യഥാർത്ഥത്തിലുള്ള ഒരു താങ്ങുവില നിശ്ചയിച്ച് സ്ഥിരമായി ആ വിലയ്ക്ക് കേന്ദ്ര ഗവൺമെന്റിന് അത് വാങ്ങാൻ സാധിക്കുന്ന വിധത്തിൽ ആവശ്യമെങ്കിൽ സബ്സിഡി കൊടുത്ത് കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനാണെങ്കിലും ഇവിടെ കെട്ടിക്കിടക്കുന്ന മറ്റ് ഗോഡൗണുകളിലാണെങ്കിലും ഇത്തരം വസ്തുക്കൾ വാങ്ങി സംഭരിക്കാൻ സാധിക്കുന്ന ഒരു മാർക്കറ്റ് ഇന്റർവെൻഷൻ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ കർഷകന് ശാശ്വതമായ വിലനിലവാരം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ. ഒരു കാര്യം നമുക്കെല്ലാം അറിയാം. കേന്ദ്രത്തിൽ നിശ്ചയിക്കുന്ന വില ഇതുമായി യാതൊരു ബന്ധവുമില്ല. നമുക്ക് കൃഷിച്ചെലവ് വളരെ കൂടുതലാണ്. കർഷക തൊഴിലാളികളുടെ കൂലി വളരെ കൂടുതലാണ്. മറ്റ് ചെലവുകൾ വളരെ കൂടുതലാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന പാറ്റേൺ അനുസരിച്ച് വില നിശ്ചയിച്ചാൽ ഒരിക്കലും അത് കേരളത്തിലെ കർഷകർക്ക് സഹായകരമാവില്ല. അതുകൊണ്ട് കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഇവിടത്തെ കൂലിച്ചെലവും ഉൽപ്പാദന ചെലവുമായി പൊരുത്തപ്പെടുന്ന ഒരു താങ്ങുവില നിശ്ചയിച്ച് നഷ്ടമില്ലാത്ത രീതിയിൽ ഇവിടെ വസ്തുക്കൾ വിറ്റഴിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണം. നമ്മുടെ എം. പി.-മാരുടേയും കൃഷിമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും നേതൃത്വത്തിൽ ഈ കാര്യത്തിൽ പ്രത്യേകമായ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു സമീപനം ഉണ്ടാകണം. ഇത് കേരളത്തിലെ 70 ശതമാനം വരുന്ന ജനങ്ങളുടെ പ്രശ്നമാണ്. 70 ശതമാനം ജനങ്ങളുടെ പ്രശ്നം എന്ന് പറയുമ്പോൾ മഹാഭൂരിപക്ഷവും കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. കർഷക

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളികൾ, ചകിരി തൊഴിലാളികൾ ഒക്കെ ബന്ധപ്പെട്ടിട്ടുള്ള ഒരു വലിയ മേഖലയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. മറ്റൊന്ന് എനിക്ക് പറയാനുള്ളത് പലിശയുടെ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾക്കും വൻകിട വ്യവസായങ്ങൾക്കുമൊക്കെ നാല് മുതൽ ആറ് ശതമാനം വരെ പലിശയ്ക്കാണ് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും കടം കൊടുക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട പോൾസൺ മാസ്റ്റർ സംസാരിച്ചപ്പോൾ ആദ്യം എനിക്ക് തോന്നിയത് തമാശയാണ്. പിന്നീട് ചില ഗൗരവമായ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. എന്റെ ചോദ്യം ഇതാണ്. പതിനായിരം ഹെക്ടർ ഭൂമിയിലേക്കുകൂടി നെൽകൃഷി വ്യാപിപ്പിക്കുമെന്നും 1 ലക്ഷം ആളുകൾക്കുകൂടി ഈ രംഗത്ത് പുതിയതായി പണി കൊടുക്കുമെന്നുമുള്ള വാഗ്ദാനമാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. ഇത് ഗവൺമെന്റ് പാലിക്കുന്നുണ്ടോ? പാലിക്കുന്നുണ്ടെങ്കിൽ എങ്ങനെ പാലിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: ഒരു സംശയവും വേണ്ട. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ നിലയിൽ മുന്നോട്ടു പോകുന്നുണ്ടെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ ഒരു ലക്ഷം ആളുകൾക്ക് പുതിയതായി തൊഴിൽ കൊടുക്കാൻ സാധിക്കുന്ന, പതിനായിരം ഹെക്ടർ പ്രദേശത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ സാധിക്കുന്ന നടപടി സ്വീകരിക്കും എന്നതിൽ യാതൊരു സംശയവുമില്ല. എനിക്ക് പറയാനുള്ളത്, രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒന്ന്, കർഷകർക്കുള്ള പലിശ ഇന്ന് വലിയ ഒരു പ്രശ്നമാണ്. വലിയ കൃഷിച്ചെലവ്, വലിയ പലിശ ഇങ്ങനെ കിട്ടുന്ന പണം സംഭരിച്ചാണ് കർഷകർ കൃഷി ചെയ്യുന്നത്. അതുമായി പൊരുത്തപ്പെടുന്ന, വിളവ് വിറ്റഴിക്കാനുള്ള സാദ്ധ്യത ഉണ്ടാകുന്നില്ല. ഞാൻ ചോദിക്കട്ടെ, മരിച്ചിട്ട് 50,000 രൂപ കൊടുക്കുന്നതിനേക്കാളും മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട് അവർക്ക് സഹായങ്ങൾ കൊടുക്കുന്നതിനേക്കാളും അവർ മരിക്കാതെ അവരെ സഹായിക്കുന്ന തരത്തിലുള്ള ഉദാരമായ പലിശനയം ഈ രംഗത്ത് ഉണ്ടാകണം. ഇത് മറ്റ് വ്യവസായങ്ങളെപ്പോലെ നോക്കി കാണേണ്ടതല്ല. കാർഷികരംഗത്ത് പലപ്പോഴും ഒരുപാട് നഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. പ്രകൃതിക്ഷോഭംമൂലം നഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. നിശ്ചിതമായി ഒരു വരുമാനവും കൃഷിക്കാരന് പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഏറ്റവും ചുരുങ്ങിയ പലിശയ്ക്ക് കടം കൊടുക്കാനുള്ള നടപടിയുണ്ടാകണം. നിർഭാഗ്യകരമെന്ന് പറയട്ടെ പലിശ വളരെ കൂടുതൽ എന്ന് മാത്രമല്ല, വൻകിട ബാങ്കുകൾ കർഷകർക്ക് കടം കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നില്ല. അതുകൊണ്ട് ബാങ്കുകൾ കൊടുക്കുന്ന കടത്തിന്റെ 50 ശതമാനമെങ്കിലും കർഷകർക്ക് കൊടുക്കണം എന്നുള്ളതിനെക്കുറിച്ച് പ്രത്യേകമായ ഒരു തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ക്ഷീരകർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നിയമം വരാൻ പോകുന്നു എന്നറിഞ്ഞു. ആയിരം ലിറ്റർ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് മാത്രമാണ് പുതിയ സഹായമായിട്ട് Subsidy കൊടുക്കുന്നത്. ഇന്നത്തെ കാലത്ത് ആയിരം ലിറ്റർ പാൽ അളക്കുക എന്നത് സ്വാഭാവികമായിട്ടും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതിനാൽ 200 മുതൽ 250 ലിറ്റർ വരെ പാൽ അളക്കുന്ന ക്ഷീരസംഘങ്ങൾക്കെങ്കിലും സർക്കാർ ഉദ്ദേശിക്കുന്ന സാമ്പത്തിക സഹായം നൽകേണ്ടതാണ്. അതുപോലെ ഇന്നത്തെ ഈ ധനാഭ്യർത്ഥനയിൽ ബഹുമാന്യനായ ഭക്ഷ്യ വകുപ്പുമന്ത്രിയെക്കുറിച്ച് രണ്ടു വാക്ക് പറയട്ടെ. വളരെയേറെ കഴിവും യോഗ്യതയുമുള്ള അങ്ങയുടെ കൈകളിലാണ് ഭക്ഷ്യവകുപ്പ്. ഇൻഡ്യക്ക് ആകെ മാതൃകയായി അഭിമാനിക്കത്തക്ക രീതിയിൽ അദ്ദേഹം സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നെല്ല് സംഭരണ കാര്യത്തിൽ പ്രതിസന്ധിയുണ്ടായപ്പോൾ അദ്ദേഹം അതിനുവേണ്ടി തന്നെ ഡൽഹിയിൽ പോവുകയും ശ്രീ. പവാറിനേയും അതുപോലെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയേയും ഒക്കെ കണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിക്കാനും ആ നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..........

(മൈക്ക് ഓഫ് ചെയ്തു.)

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: അതുപോലെ തന്നെ കർഷക സംഘങ്ങളുടേയും നെല്ല് സംഭരിക്കുന്ന മറ്റ് സംഘങ്ങളുടേയും പ്രതിനിധികളെ ചേമ്പറിൽ വിളിച്ചുവരുത്തി ആ രംഗത്ത് അവരെ നിർബന്ധിപ്പിച്ച് തീരുമാനമെടുപ്പിച്ചു.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..........

(മൈക്ക് ഓഫ് ചെയ്തു.)

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നമ്മുടെ ദാരിദ്ര്യരേഖ ബി. പി. എൽ. എ. പി. എൽ എന്ന് പറയുന്ന കാര്യങ്ങളിൽ വലിയ തർക്കങ്ങളും ആക്ഷേപങ്ങളും ഉണ്ട്. അതുകൊണ്ട് നീതിപൂർവ്വമായി അർഹതപ്പെട്ട എല്ലാവർക്കും ബി. പി. എൽ കാർഡ് ലഭിക്കാവുന്ന രീതിയിലുള്ള ഒരു സംവിധാനം പുനഃപരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ: സർ, എന്റെ സ്നേഹിതൻ ശ്രീ. പോൾസൺ മാസ്റ്റർ ഈ സഭയെ ഏറെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. വളരെ മോശമായ രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. നെല്ലെടുപ്പിന്റെ കാര്യത്തിൽ പറഞ്ഞതെല്ലാം ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. നെല്ലെടുപ്പിന്റെ കാര്യത്തിൽ കേരളത്തിലെമ്പാടും ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനങ്ങൾ രംഗത്തുവന്നിട്ടും പ്രക്ഷോഭസമരം

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങൾ കഴിഞ്ഞിട്ടുപോലും ഇവിടെ നെല്ല് ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല. പ്രതിപക്ഷ നേതാവിനുപുറമെ ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. പി. സി. ജോർജ് എന്നിവർ ഉൾപ്പെടെ ഈ സഭയുടെ വാതുക്കൽ നിരാഹാരം കിടന്നതിനു ശേഷമല്ലേ നെല്ല് ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായത്? അതുകൊണ്ട് തന്നെയാണ് എന്നാണ് ഞങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നത്. പല പ്രാവശ്യം പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകൾ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും മുഖ്യമന്ത്രിക്ക് പ്രത്യേകം കത്ത് എഴുതിയിട്ടുപോലും ഈ കാര്യത്തിൽ ഒരു തീരുമാനവും എടുക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയായിരുന്നു. കൃഷിക്കാരന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചും കഷ്ടപ്പാടുകളെക്കുറിച്ചും എല്ലാം ശ്രീ. പോൾസൺ മാസ്റ്റർ ഇവിടെ പറഞ്ഞല്ലോ. പതിനായിരക്കണക്കിന് ടൺ നെല്ലാണ് ഓരോ സ്ഥലത്തും നാൽപ്പതും 50-ഉം ദിവസങ്ങൾ കെട്ടിക്കിടന്നത്. അവസാനം നെല്ല് മുളയ്ക്കുന്ന സ്ഥിതിയിലേക്ക് വന്നു. കൃഷിക്കാർ നെട്ടോട്ടം ഓടുകയായിരുന്നു. എന്നിട്ടും പ്രയോജനം ഇല്ലാതിരുന്ന ഒരു സാഹചര്യത്തിലാണ് പ്രതിപക്ഷ നേതാക്കൾ ഉൾപ്പെടെ ഈ സഭാകവാടത്തിൽ നിരാഹാരം കിടക്കാൻ തയ്യാറായത്. അതിനുശേഷമാണ് നെല്ല് എടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അങ്ങനെ ചെയ്തിട്ടും പൂർണ്ണമായും എടുത്തിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇപ്പോഴും പൂർണ്ണമായും എടുത്തിട്ടില്ല എന്നുള്ളതല്ലേ വസ്തുത? സംഭരിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഇപ്പോഴും സർക്കാർ പറയുന്നത്. ഈ സംഭരണം എവിടംവരെ ആയി എന്ന് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പോൾസൺ മാസ്റ്റർക്കുപോലും അറിയില്ല. ഞാൻ ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ചുവളർന്ന് പാടത്തും പറമ്പത്തും പണിയെടുത്തു വന്നിട്ടുള്ള ഒരു അംഗമാണ്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് എനിക്ക് ആധികാരികമായിട്ട് പറയാൻ കഴിയും. അതുകൊണ്ടുതന്നെ ഞാൻ ശ്രീ. പോൾസൺ മാസ്റ്ററെ വെല്ലുവിളിക്കുന്നു. ഇപ്പോഴും നെല്ല് എടുക്കാത്ത ധാരാളം സ്ഥലങ്ങളുണ്ട്. കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ നിങ്ങൾ മനസ്സിലാക്കണം. അവരുടെ കഷ്ടപ്പാടുകൾ നിങ്ങൾ മനസ്സിലാക്കണം. എന്നിട്ട് നമ്മുടെ വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും ഈ കാര്യം ധരിപ്പിക്കണം. എങ്കിൽ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളൂ. എന്നാൽ ശ്രീമതി ഗൗരിയമ്മ മോശക്കാരിയാണെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ കൃഷിക്ക് ആവശ്യമായിട്ടുള്ള പണം ബഡ്ജറ്റിൽ വകയിരുത്തണം. അത് ബഡ്ജറ്റിൽ വയ്ക്കാത്തതിന്റെ തകരാറാണ് ഈ സംഭവിച്ചത് മുഴുവനും. പ്രതിപക്ഷം എന്ന നിലയിൽ ഞങ്ങൾ പലപ്രാവശ്യം ഇത് ചൂണ്ടിക്കാണിച്ചതാണ്. അങ്ങനെ ചൂണ്ടിക്കാണിക്കുമ്പോൾ പ്രതിപക്ഷത്തുനിന്നും പറയുന്ന കാര്യങ്ങളൊന്നും വകവയ്ക്കാതെ മുന്നോട്ടുപോയതിന്റെ ഫലമല്ലേ നിങ്ങൾ അനുഭവിച്ചത്? അതല്ലേ അവസാനം നിരാഹാരത്തിലേക്ക് എത്തിച്ചത്? നിരാഹാരം കിടന്നതു കൊണ്ടുതന്നെയാണ് അവസാനം ഈ നെല്ല് ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായത്? കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഈ കൃഷിക്കാരെ

2/676/2012—35.

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനും അതുപോലെ കർഷക തൊഴിലാളികളെ സംരക്ഷിക്കുന്നതിനുംവേണ്ടി. കഴിഞ്ഞ ഗവൺമെന്റ് മൂന്ന് മോഡേൺ ഇൻഡസ്ട്രീസ് പൊതുമേഖലയിൽ (മൂന്ന് റൈസ് മില്ലുകൾ) സ്ഥാപിക്കാൻ തയ്യാറായി. അങ്ങനെ പാലക്കാടും അതുപോലെ തകഴിയിലും പിന്നെ വൈക്കത്തും. ഈ മൂന്നെണ്ണത്തിന്റെ പണി ഏതാണ്ട് 50 ശതമാനത്തിലധികം പിന്നിട്ടതാണ്. ആ 50 ശതമാനം പിന്നിട്ടപ്പോൾ ഗവൺമെന്റ് മാറി വന്നു. നിങ്ങൾ ധാരാളം വാഗ്ദാനങ്ങൾ പറഞ്ഞല്ലോ. എന്നിട്ട് നിങ്ങൾ എന്തുചെയ്തു. ആ മില്ലിന്റെ പണികൾ മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾ തയ്യാറായോ?

ശ്രീ. പി. സി. ജോർജ്: സർ, ആ മൂന്നു മില്ലുകളും പണി പൂർത്തീകരിച്ചിട്ടില്ല എന്നുമാത്രമല്ല, വിൽക്കാൻ തയ്യാറാണെന്ന് കൃഷിമന്ത്രി പരസ്യമായി പ്രഖ്യാപിച്ച കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. പി. നാരായണൻ: ശരിയാണ്. ആ പൊതുമേഖലാ മില്ലുകൾ വന്നിരുന്നു എങ്കിൽ ഇന്ന് കർഷകത്തൊഴിലാളികൾ ഇത്രയും ബുദ്ധിമുട്ടുമായിരുന്നോ? അവരുടെ മക്കൾക്ക് പോലും അതിനകത്തു തൊഴിൽ അവസരങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് സ്വകാര്യമേഖലയ്ക്ക് കൂടുതൽ സഹായം നിങ്ങൾ ചെയ്തതിന്റെ ഫലമായിട്ടല്ലേ ഇന്ന് കർഷകർക്ക് ഈ ബുദ്ധിമുട്ടുണ്ടായത്. അതുകൊണ്ട് അതിനെക്കുറിച്ചൊന്നും ഞാൻ കൂടുതലായി പറയുന്നില്ല. നാളികേരത്തിന്റെ കാര്യം എടുക്കാം, 2000-ാമാണ്ടിൽ ഹെക്ടറിന് 6140 നാളികേരം കിട്ടിയിടത്ത് 2003-2004-ൽ 6052 നാളികേരം മാത്രമാണ് ഇന്ന് ഉള്ളത്. ഇതിന്റെ കാര്യമെന്താണ്? ഇതുപോലെ കുരുമുളകിന്റേയും, ഏലത്തിന്റേയും, അടയ്ക്കയുടെയും, കാപ്പിയുടേയും, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി, മരച്ചീനി, ഏത്തക്ക എന്നീ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമതയും കുത്തനെ കുറഞ്ഞിട്ടുണ്ട്. ഇതിനെക്കുറിച്ച് ആസൂത്രണ വകുപ്പ് പുറത്തിറക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ട് വെളിപ്പെടുത്തുന്നുണ്ട്. അതെല്ലാം ഒന്നു പഠിക്കാൻ നിങ്ങൾ ശ്രമിച്ചു എങ്കിൽ മാത്രമേ കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ. ശ്രീ. പോൾസൺ മാസ്റ്റർ എന്തുകൊണ്ടാണ് കണ്ണുമടച്ച് ഇങ്ങനെയൊക്കെ ഈ സഭയിൽ പ്രസംഗിച്ചത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുപോലെ മൃഗസംരക്ഷണം, ക്ഷീരവികസനം ഈ വകുപ്പുകളെല്ലാം ഇന്ന് നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണ്ടേ? എന്തുകൊണ്ടാണ് ഈ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത്? പ്രവർത്തിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം. അതിനെക്കുറിച്ച് ഒരു പഠനവും നടത്താതെ ഓരോ വകുപ്പുകളും ഇങ്ങനെ കൈകാര്യം ചെയ്ത് മുന്നോട്ടുപോയതുകൊണ്ട് കാര്യങ്ങൾ നീങ്ങുമോ? അതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തണം. മൃഗസംരക്ഷണകാര്യത്തിലും ക്ഷീരവികസനകാര്യത്തിലും സർക്കാർ പിന്നോക്കം പോയി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു. 2001-2002 ൽ 27.18 ലക്ഷം ടൺ പാൽ ഉൽപ്പാദിപ്പിച്ചിരുന്ന കേരളത്തിൽ ഇപ്പോഴത്തെ ഉൽപ്പാദനം കേവലം 21.11 ലക്ഷം ടണ്ണായി മാറിയിരിക്കുകയാണ്. മുട്ട ഉൽപ്പാദനം ഈ കാലയളവിൽ 205 കോടിയിൽ നിന്ന് 127 കോടിയായി കുറഞ്ഞു. ഒരു വശത്ത് ജൈവകൃഷി പ്രോൽസാഹിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്യുന്ന സർക്കാർ മൃഗസംരക്ഷണം, കോഴിവളർത്തൽ രംഗങ്ങളിൽ പിന്നോക്കം പോയിരിക്കുകയാണ്. ജൈവ ലഭ്യതയെക്കുറിച്ച് ധാരാളം പ്രസ്താവനകൾ ഇറക്കുന്നുണ്ട്. ഈ ജൈവലഭ്യത എങ്ങനെ പരിഹരിക്കാൻ സാധിക്കും എന്നുള്ള കാര്യത്തെക്കുറിച്ച് മന്ത്രി ഒന്ന് പറഞ്ഞാൽ കൊള്ളാം. അതുപോലെ 2003-2004-ൽ 40 ദിവസം പ്രായമായ ആറു ലക്ഷം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തത് ആർക്കാണെന്ന് പരിശോധിക്കണം. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ കാലാകാലങ്ങളിൽ അടയ്ക്കും. ഡിസംബർ 15-നാണ് ആ ഷട്ടർ അടയ്ക്കുന്നത്. കോട്ടയം ജില്ലയിലേയും, ആലപ്പുഴ ജില്ലയിലേയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥൻമാരേയും വിളിച്ചുകൂട്ടിയാണ് ഡിസംബർ 15-ന് ആ ഷട്ടർ അടയ്ക്കുന്നത്. അങ്ങനെ ഷട്ടർ അടച്ചാൽപോലും അതിനടിയിൽ കൂടി ഉപ്പുവെള്ളം കയറുന്ന ഒരു കാഴ്ച ഈ കഴിഞ്ഞ കാലങ്ങളിലെല്ലാം ഉണ്ടായി. അങ്ങനെ കൃഷിനാശം സംഭവിക്കുന്നത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. തണ്ണീർമുക്കം ബണ്ടിന്റെ കാര്യത്തിൽ പറഞ്ഞതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലാണ് കോട്ടച്ചിറ, ആ കോട്ടച്ചിറയിൽ spillway-cum-bridge-ന്റെ പണി പൂർത്തിയാക്കും എന്ന് മുൻ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ടി. എം. ജേക്കബ് അവിടെ പ്രഖ്യാപിച്ചിരുന്നതാണ്. അതിനുശേഷം ഇന്നേവരെ ആ തണ്ണീർമുക്കം ബണ്ടിന് ബജറ്റിൽപ്പോലും ഒരു പ്രൊവിഷൻ വച്ചിട്ടില്ല. അവിടെ സ്ഥായിയായ സ്പിൽവേ ഉണ്ടാക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ബാങ്ക് വായ്പയെടുത്ത് വാഴകൃഷി നടത്തിയ ധാരാളം കർഷകരുണ്ട്. കഴിഞ്ഞ കാലവർഷക്കെടുതിയിൽ അത് മുഴുവൻ നശിച്ചുപോയി. കൃഷിനാശം സംഭവിച്ച കൃഷിക്കാർ നഷ്ടപരിഹാരത്തിന് ബഹുമാനപ്പെട്ട മന്ത്രിക്ക് അപേക്ഷ കൊടുത്തു. ആ അപേക്ഷ ഗവൺമെന്റ് പരിഗണിക്കാമെന്നു പറഞ്ഞ് കൃഷിവകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തു. ആ അപേക്ഷയിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്നുവരെ പത്തു പൈസപോലും കിട്ടിയിട്ടില്ല. ബാങ്ക് വായ്പയെടുത്ത കൃഷിക്കാരുടെ വീട് ഉൾപ്പെടെ ജപ്തി ചെയ്യുന്നതിന് തയ്യാറായി ബാങ്കുകൾ മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. കെ. എൽ. ഡി. സി. എന്നുപറയുന്ന ഒരു വകുപ്പുണ്ട്, ആ കെ. എൽ. ഡി. സി.-യിലെ ജീവനക്കാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നവരാണ്. കാർഷിക രംഗത്ത് ബണ്ട് നിർമ്മാണവും അതുപോലുള്ള വർക്കുകളുമാണ് അവർ ഏറ്റെടുത്ത് ചെയ്യുന്നത്. നന്നായി ജോലിചെയ്യുന്ന ഒരു വിഭാഗം ജീവനക്കാരാണിവർ. ആ ജീവനക്കാരെ വിശ്വാസത്തിൽ എടുക്കാതെ എപ്പോഴും അവരോട് ഏറ്റുമുട്ടിക്കൊണ്ടുപോകുന്ന ഒരു സമീപനമാണ് അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

എം. ഡി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവിടത്തെ ജീവനക്കാർക്ക് ആവശ്യമായ ഒരു കാര്യവും അദ്ദേഹം ചെയ്തുകൊടുക്കുകയില്ല. അവരെ കഴിയുന്നത്ര ദ്രോഹിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 110 രൂപ വേതനത്തിൽ കാഷ്വൽ തൊഴിലാളികളായി കയറിയ ഒരു വിഭാഗം ആളുകളാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അവർക്ക് അത് 600 രൂപയായി വർദ്ധിപ്പിച്ചു. അതിനുശേഷം അവരെ സ്ഥിരം ജീവനക്കാരായി അംഗീകരിക്കുന്നതിന് വേണ്ടി അവർ ഹൈക്കോടതിയിൽ പോയി ഒരു വിധി സമ്പാദിച്ചു. വിധി സമ്പാദിച്ചതിനുശേഷവും അവരെ സ്ഥിരപ്പെടുത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതുകൊണ്ട് അതിന് തയ്യാറാകണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ഈ നിയമസഭയിൽ ഏറ്റവുമധികം വർഷം എം. എൽ. എ.-യായ പ്രഗത്ഭയായ കൃഷിവകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മയും, എന്റെ സുഹൃത്ത് അടൂർ പ്രകാശും അവതരിപ്പിച്ചിട്ടുള്ള ഡിമാന്റുകളെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. കൃഷി നമ്മുടെയെല്ലാം പ്രശ്നമാണ്. അതിൽ രാഷ്ട്രീയം കലർത്തരുത്. കാർഷിക രംഗത്ത് ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തി 20 വർഷം മുമ്പുള്ള സ്ഥിതിയിലേക്ക് നമ്മൾ മടങ്ങി ചെല്ലണമെന്നാണെങ്കിൽ അതിനാവശ്യമായ ക്രമീകരണങ്ങളും നടപടികളും നമുക്കുണ്ടാകണം. നെൽകൃഷി വികസനത്തിന് പ്രഗത്ഭയായ കൃഷിവകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ള ചില കാര്യങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അവർ ഹെക്ടറിന് 380 രൂപ ബോണസ് നൽകിക്കൊണ്ട് കാർഷികരംഗത്ത് വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. നെൽകൃഷി വികസനത്തിന് ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നുണ്ട്. കൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് മറ്റുള്ളവർ പ്രസംഗിച്ചതുപോലെ കടങ്ങളാണ്. സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു എന്ന സംഗതികൂടി പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വരൾച്ച ബാധിത ജില്ലകളിലെ കടങ്ങൾ പുനഃക്രമീകരിക്കുവാൻ ബാങ്കുകൾക്ക് രണ്ടുവർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. എന്തു ചെയ്തു എന്നാണ് കടങ്ങളെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർ ചോദിക്കുന്നത്. മരണം ഒരിക്കലും ഇവിടെ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. ചൗ-എൻ-ലായ് പോലും പണ്ട് പറഞ്ഞിട്ടുണ്ട് മരണത്തിന് ശത്രുതയ്ക്ക് സ്ഥാനമില്ല എന്ന്. ഞാനും അതാണ് ഇവിടെ സ്വീകരിക്കുന്നത്. രാഷ്ട്രീയത്തിനു വേണ്ടി ഈ ആത്മഹത്യകളും മറ്റും പറയാൻ ഈ നിയമസഭയെ ഉപയോഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കടക്കെണിയിൽപ്പെട്ടവർക്ക് സഹകരണ സംഘങ്ങളിൽ കുടിശ്ശികയും പലിശയും

LIBRARY ARCHIVES Kerala Legislative Assembly

പിഴപ്പലിശയും ഉണ്ടായിരുന്നു. ആ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ അടച്ചുതീർക്കാനുള്ള ഒരു സാഹചര്യം ഈ സർക്കാർ സൃഷ്ടിച്ചു. പലിശയും, കൂട്ടുപലിശയും ഒഴിവാക്കിയത് തെറ്റാണോ എന്ന് നിങ്ങൾ ആലോചിക്കണം. അങ്ങനെ ഒഴിവാക്കിയിട്ടില്ല എന്ന് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ? കണക്കുകൾ എന്റെടുത്തുണ്ട്, വേണമെങ്കിൽ അവർക്ക് കാണിച്ചുകൊടുക്കാം. പലിശയും പിഴപ്പലിശയും ഒരു തവണ അടച്ചുതീർക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുകയും ഇതിന്റെ കാലയളവ് 31-3-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തു.

സർ, ഹ്രസ്വകാല വായ്പകൾ, പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുകയും ചെയ്തു. പുതിയ കാർഷിക കടങ്ങൾക്ക് ഇന്ന് സെക്യൂരിറ്റിയില്ല. ആർക്ക് വേണമെങ്കിലും കടങ്ങളെടുക്കാം. അവിടെ സെക്യൂരിറ്റിയോ ജാമ്യമോ കൊടുക്കേണ്ട ആവശ്യമില്ല. കടങ്ങളെല്ലാം സെക്യൂരിറ്റിയില്ലാതെ കൊടുക്കാൻ സാധിക്കും. ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം വെള്ളത്തിന്റെ അഭാവമാണ്. എൺപത് ശതമാനം ജലം കുറഞ്ഞതുകൊണ്ടാണ് രണ്ടാം വിളയിലെ നെല്ല് കുറയാനുള്ള കാരണം. നാൽപ്പത്തിയഞ്ചു ശതമാനം ജലം കുറയുകയുണ്ടായി എന്ന് കേരള സർവകലാശാലയുടെ ശാസ്ത്ര വകുപ്പും, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ പഠനകേന്ദ്രവും നടത്തിയ പഠനം തെളിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെല്ലുൽപ്പാദനം പകുതിയായി കുറഞ്ഞതായി പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 20 വർഷം മുൻപ് നമുക്ക് ആവശ്യമുള്ളതിനേക്കാളും നാൽപ്പത് ശതമാനം നെല്ല് ഇവിടെ ഉൽപ്പാദിപ്പിച്ചു. 20 വർഷമെന്ന് പറയുമ്പോൾ, ഇടതുപക്ഷം ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടംകൂടി ഓർക്കേണ്ടതുണ്ടെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു കൃഷിയും ഒരു വർഷംകൊണ്ടോ, ഒരു മാസം കൊണ്ടോ ഉണ്ടാകുകയില്ല. അത് പടിപടിയായിട്ടേ ഉണ്ടാകുകയുള്ളൂ. സംസ്ഥാനത്തിന്റെ നെൽകൃഷി വികസന പദ്ധതിയിൽ 2005 വർഷത്തിൽ എണ്ണൂറ് ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രൂപ്പ് ഫാമിങ് മുഖേന ഹെക്ടറിന് 1000 രൂപ കൃഷി വകുപ്പ് നൽകുന്നുണ്ട്. പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിന് അൻപത് ലക്ഷം രൂപ ചെലവാക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വിത്ത് പരിശോധനാ ലാബിന്റെ സൗകര്യം വർദ്ധിപ്പിക്കലിന് മൂന്നു ലക്ഷം രൂപ അനുവദിച്ചു. ഈ ഗവൺമെന്റ് കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി അനുവദിച്ചിട്ടുണ്ട്. ആർക്കെങ്കിലും അത് നിഷേധിക്കാൻ പറ്റുമോ? ഗാർഹിക കണക്ഷൻ ചാർജ് വാങ്ങിയത് ശ്രീ. ടി. കെ. ബാലന് ഒന്നു സൂചിപ്പിക്കാൻ പറ്റുമോ? കർഷകർക്കുള്ള കണക്ഷൻ സൗജന്യമാക്കി. ജൈവവളങ്ങളിൽ നിന്നുള്ള പ്രയോജനം ജനങ്ങൾക്ക് കിട്ടുവാൻ വേണ്ടി, അത് പ്രയോജനപ്പെടുത്താൻവേണ്ടി ഗവൺമെന്റ് അങ്ങേയറ്റം പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവികസനത്തെക്കുറിച്ചാണ്. രാവിലെ ആയാൽ തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽ നിന്നും ലോറിക്കണക്കിന് പാൽ ഒഴുകുന്നത് നമുക്ക് കാണുവാൻ സാധിക്കും. ഇത് നിയന്ത്രിക്കാനും പരിശോധിക്കാനും ഈ രാജ്യത്ത് ഒരു സംവിധാനവുമില്ലേ? അങ്ങ് ഒരു കൂട്ടുകക്ഷി സഭയിലെ അംഗമാണെങ്കിലും ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം പെടുത്തുകയാണ്. ഈ പാൽ ഉപയോഗിക്കുന്നതുമൂലം ഇവിടെയുള്ള ജനങ്ങൾക്ക് അനാരോഗ്യം വരുത്തിവയ്ക്കുന്നു, ശുദ്ധമല്ലാത്ത പാൽ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും ഇവിടെ കൊണ്ടുവന്ന് ജനങ്ങളെ കഷ്ടപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ട്. കേരളത്തിലേക്ക് ലോറികളിൽ ഗുണമേന്മകുറഞ്ഞ പാൽ വരുന്നത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനവും ചെക്ക്പോസ്റ്റുകളിൽ അവ പരിശോധിക്കുന്നതിനുള്ള നടപടികളും ക്ഷീര വികസനത്തിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട ഗൗരിയമ്മ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. മണ്ണു സംരക്ഷണ പദ്ധതി അങ്ങയുടെ വകുപ്പിൽപ്പെട്ടതാണ്. നമ്മുടെ രാജ്യത്ത് ഒരു മഴ പെയ്താൽ ഉടനെതന്നെ ആ മഴവെള്ളം കടലിൽചെന്ന് വീഴുന്നു. അത് വനങ്ങളിലും മലകളിലും തോട്ടങ്ങളിലുമുള്ള മണ്ണുമായി വെള്ളം കടലിൽ എത്തുന്നു. ഇന്ന് മണ്ണൊലിപ്പ് സർവ്വസാധാരണമാണ്. മലപ്പുറം ജില്ലയിൽ ഇന്നുവരെ ഒരു സ്കീം സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് തുടങ്ങിയിട്ടില്ല എന്ന് വേദനയോടുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മലപ്പുറം ജില്ല കാർഷിക രംഗത്ത് വളരെക്കാലമായി പിൻതള്ളപ്പെട്ട ജില്ലയാണ്. ആ ജില്ലയിലെങ്കിലും കാർഷികരംഗത്ത് സോയിൽ കൺസർവേഷന്റെ ഒരു സ്കീം തുടങ്ങണമെന്ന് അപേക്ഷിക്കുകയാണ്. സോയിൽ കൺസർവേഷനും മൈനർ ഇറിഗേഷനും സംയോജിപ്പിച്ചുകൊണ്ട് കാർഷിക വിളകൾക്ക് വെള്ളം എത്തിക്കാനുള്ള നടപടിയെക്കുറിച്ച് അങ്ങും ജലസേചന വകുപ്പുമന്ത്രിയും കൂടി ആലോചിക്കണം. കൃഷിക്ക് വെള്ളം അത്യാവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അത് എത്തിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ ഇന്ന് വിലയിടിവ് സർവ്വസാധാരണമാണ്. കുരുമുളകിനും അടയ്ക്കയ്ക്കും രോഗങ്ങൾ ബാധിച്ചിരിക്കുകയാണ്. വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലും ഇത് വ്യാപകമായിട്ടുണ്ട്. അതിന് മരുന്നുകൾ അടിക്കാനും അതുപോലെ കൃഷിക്കാർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിലയ്ക്കു വാങ്ങുവാനും ഒരു മാർക്കറ്റ് ഉണ്ടാകണം. അങ്ങ് നെല്ലിന് താങ്ങുവിലയായി 560 ഉറുപ്പിക വില നിശ്ചയിച്ചതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. പക്ഷെ അതിലും വിലകുറച്ച് മാർക്കറ്റിൽ നെല്ല് കിട്ടുമ്പോൾ സഹകരണ സംഘങ്ങൾ വെറുതെ ഇരിക്കുകയാണ്. ആ സ്ഥിതിവിശേഷം മാറ്റിക്കൊണ്ട്, കർഷകർക്ക് ന്യായമായ വിലയ്ക്ക് മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയ്ക്ക് നെല്ല് വാങ്ങുവാനുള്ള ഒരു ശ്രമം ഉണ്ടാകണമെന്നും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് അരിയും നെല്ലും കിട്ടുമ്പോൾ സഹകരണസംഘങ്ങൾ വെറുതെയിരിക്കേണ്ട ഒരു സാഹചര്യം ഉണ്ടാകുന്നതുകൊണ്ട് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില ലഭിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഫെഡറേഷനോ സംവിധാനമോ ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. സിവിൽ സപ്ലൈസ് മന്ത്രിയായ പ്രിയങ്കരനായ എന്റെ സ്നേഹിതൻ ശ്രീ. അടൂർ പ്രകാശിനെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. ഇനി അരിയെവിടെ, തുണിയെവിടെ എന്ന് മുദ്രാവാക്യം നിങ്ങൾക്ക് വിളിക്കാൻ പറ്റില്ല. പാവങ്ങളിൽ പാവങ്ങളായവർക്ക് എല്ലാ റേഷൻ ഷോപ്പുകളിലും കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ, അന്നപൂർണ്ണ സ്കീം പ്രകാരമുള്ള അരി വളരെ വിലകുറച്ചു കൊടുക്കണം, പാവങ്ങൾക്ക് വാതോരാതെയുള്ള പ്രസംഗങ്ങളല്ല, അരിയാണാവശ്യം. ഈ ഗവൺമെന്റിൽ ഭക്ഷ്യ വകുപ്പുമന്ത്രിയായി ചാർജ്ജെടുത്ത ശേഷം വളരെ നല്ല രീതിയിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട് എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഞങ്ങളുടെ മലപ്പുറം ജില്ലയിലെ എഫ്. സി. ഐ. ഗോഡൗണുകളിൽ പലപ്പോഴും കേടുവന്ന അരി വരാറുണ്ട്. ആരാണ് സ്റ്റേറ്റ് ഗവൺമെന്റാണോ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റാണോ കൊടുക്കുന്നതെന്ന് എനിക്ക് അറിയില്ല. റേഷൻഷോപ്പുകളിൽ പാവപ്പെട്ടവർക്ക് പലപ്പോഴും മോശമായ അരി കിട്ടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. അത് എഫ്. സി. ഐ.-യിൽ നിന്നാണോ കൊടുക്കുന്നത്? എഫ്. സി. ഐ.-യിൽ നിന്ന് സിവിൽ സപ്ലൈസിന്റെ ഉദ്യോഗസ്ഥൻമാർക്ക് ഈ മോശമായ അരി കൊടുക്കാതിരിക്കാനുള്ള നിർദ്ദേശം നൽകണം. അന്നപൂർണ്ണ, അന്ത്യോദയ സ്കീമുകൾ പ്രകാരമുള്ള അരി നൽകിക്കൊണ്ട് പാവപ്പെട്ടവരെ സംരക്ഷിക്കണം. പാവപ്പെട്ടവർക്ക് വാതോരാത്ത പ്രസംഗമല്ല ആവശ്യം. അരിയെവിടെ, തുണിയെവിടെ, എന്ന മുദ്രാവാക്യം വിളിച്ചിരുന്ന എന്റെ ഇടതുപക്ഷ സുഹൃത്തുക്കൾക്ക് ഇന്നത് വിളിക്കാതിരിക്കാനുള്ള സാഹചര്യം എന്റെ സഹപ്രവർത്തകൻ ശ്രീ. അടൂർ പ്രകാശ് ഉണ്ടാക്കി. ഞാൻ രാഷ്ട്രീയമായി പറയുകയല്ല, ഈ രാജ്യത്തെ പട്ടിണി പാവങ്ങളുടെ കാര്യം പറഞ്ഞുകൊണ്ട് ഞാൻ *എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, കേരളത്തിലെ കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കൃഷിക്കാർ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്നുള്ളതാണ്. ഉൽപ്പാദനച്ചെലവും ഉൽപ്പന്നത്തിന്റെ വിലയുമായി പൊരുത്തപ്പെടുന്നില്ല. അതുകൊണ്ടുമാത്രമാണ് കൃഷിക്കാരൻ നിലം തരിശിടുന്നതും നിലം നികത്തുന്നതും. നിലം നികത്തുന്നത് തടയാൻ ധാരാളം നിയമങ്ങളുണ്ടെങ്കിലും സാർവത്രികമായി നിലം നികത്തിവരികയാണ്. വികസിത രാജ്യങ്ങളിൽ കർഷകർക്ക് ഉൽപ്പാദനച്ചെലവിന്റെ നാൽപ്പത് ശതമാനം സബ്സിഡിയായി ലഭിക്കുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കററിൽ കൊണ്ടുവന്ന് കുറഞ്ഞവിലയ്ക്ക് വിൽക്കാൻ കഴിയുമ്പോൾ നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നവുമായി മൽസരിച്ചു വിൽക്കാൻ കഴിയുന്നില്ല. നമ്മുടെ കർഷകർക്ക് വിത്തും വളവും

LIBRARY ARCHIVES Kerala Legislative Assembly

കീടനാശിനികളും ഒന്നുംതന്നെ സൗജന്യമായി ലഭിക്കുന്നില്ല. അതുകൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റ് യഥാർത്ഥത്തിൽ ചെയ്യേണ്ടത് ബൃഹത്തായ ഒരു പദ്ധതിയുണ്ടാക്കണം, നമ്മുടെ കർഷകർക്ക് വിത്തും വളവും കീടനാശിനികളും സൗജന്യ നിരക്കിൽ നൽകുന്നതിനും കൂട്ടുകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിനും സമഗ്രമായ ഒരു പദ്ധതി ഉണ്ടാക്കണം. അതുപോലെ നിലം നികത്തുന്നത് സാർവത്രികമായിട്ടുണ്ട്. അത് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കണം. ഇന്നിപ്പോൾ മറ്റൊരു ഭീഷണിയുണ്ട്. വാഴകൃഷിക്കാർ നേരിടുന്ന ഭീഷണിയാണ്. ശുദ്ധമായ വാഴയില നമ്മുടെ കല്യാണാവശ്യങ്ങൾക്കും മറ്റും ഇവിടെ സുലഭമായി കിട്ടുമായിരുന്നു. എന്നാൽ ഇപ്പോൾ തമിഴ്നാട്ടിൽ നിന്ന് പ്ലാസ്റ്റിക് വാഴയില ഇറക്കുമതി ചെയ്യുന്നു. ഈ പ്ലാസ്റ്റിക് ഇലകളാണ് ഇന്ന് വിവാഹസദ്യാദികൾക്ക് ഉപയോഗിക്കുന്നത്. ഇത് മാരകമായ രോഗങ്ങൾ വരുത്തുന്നതിനും മലിനീകരണത്തിന് ഒരു പ്രശ്നമായി തീരുന്നതുമാണ്. അതുകൊണ്ട് ഇറക്കുമതി ചെയ്യുന്ന ഈ കൃത്രിമ വാഴയില നിരോധിക്കാൻ കൃഷി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട അധികാരികൾ തയ്യാറാകണം. അത് നമ്മുടെ വാഴ കൃഷിക്കാർക്ക് ഭീഷണിയായിത്തീർന്നിരിക്കുകയാണ്. അതുപോലെ കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് 2004-2005-ൽ അഞ്ഞൂറ് ലക്ഷം രൂപ നീക്കിവച്ചത് സ്വാഗതാർഹമായ നടപടിയാണ്. മറ്റൊരു കാര്യം മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞ കൂട്ടത്തിൽ പുറത്തുനിന്നു വരുന്ന പാലിനെ സംബന്ധിച്ച് പറഞ്ഞു, തമിഴ്നാട്ടിൽ നിന്നും മറ്റും ഇറക്കുമതി ചെയ്യുന്ന പാലിൽ വൻതോതിൽ കൃത്രിമം കാണുന്നുണ്ട്. മായം ചേർത്ത് പാലിന്റെ അളവ് വർദ്ധിപ്പിച്ച് ഇവിടെ വിതരണം നടത്തുന്നു. ഗുണമേൻമയില്ലാത്ത പാൽ നാം കഴിക്കുന്നതുമൂലം ധാരാളം മാരകമായ അസുഖങ്ങൾ ഉണ്ടാകുന്നു. ഇവിടെ അൻപതിൽ ഒരാൾക്ക് മാരകമായ അസുഖമാണ്. അസുഖം ബാധിക്കുന്നതിന് കാരണം വാസ്തവത്തിൽ ഇത്തരം സംഭവങ്ങളാണ്. ഇതിപ്പോൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാര്യങ്ങളല്ലെങ്കിൽപോലും പൊതുജനാരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതായാൽപ്പോലും നിയന്ത്രിക്കപ്പെടണം. എനിക്ക് നേരത്തെതന്നെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് ധാരാളം കമ്പനികൾ പാൽ ഇവിടെക്കൊണ്ടുവന്ന് ഇരട്ടിയാക്കുന്നതിനുവേണ്ടി മായം കലർത്തുകയാണ്. അത് നിയന്ത്രിക്കാനും കണ്ടുപിടിക്കാനും കർക്കശമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് കഴിയണം.

സിവിൽ സപ്ലൈസ് വകുപ്പിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണമേൻമ ഉറപ്പുവരുത്തണം. ബി. പി. എൽ. വിഭാഗക്കാർക്ക് കുറഞ്ഞ വിലയ്ക്കാണ് അരി വിതരണം ചെയ്യുന്നത്. ബി. പി. എൽ. എന്ന് പറയുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവങ്ങളാണ്. അവർക്ക് കുറഞ്ഞ വിലയ്ക്ക് അരി കിട്ടുമെന്നുള്ളതുകൊണ്ട് ഗുണമേൻമ കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

അരി, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന കേടുബാധിച്ച അരിയാണ് ബി. പി. എൽ. വിഭാഗക്കാർക്ക് അധികവും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് നൽകുന്ന അരിയുടെ ഗുണമേൻമ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്നിപ്പോൾ നീതി സ്റ്റോർ, മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് തുടങ്ങിയ ധാരാളം സംവിധാനങ്ങളുണ്ട്. നമുക്കാവശ്യമുള്ള എല്ലാ നിത്യോപയോഗസാധനങ്ങളും ഈ സ്ഥാപനങ്ങൾ വഴി കൊടുക്കുന്നില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് നീതിസ്റ്റോർ, മാവേലിസ്റ്റോർ, ഈ ഗവണ്മെന്റ് ആരംഭിച്ച ലാഭം മാർക്കറ്റ് എന്നിവവഴി മനുഷ്യനാവശ്യമുള്ള എല്ലാ സാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. അത് ഉറപ്പുവരുത്തണം. അതുപോലെ കുടുംബങ്ങൾ വിഭജിച്ച് പുതിയ കാർഡുകൾക്ക് അപേക്ഷിച്ചാൽ റേഷൻ കാർഡുകൾ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. പലപ്പോഴും പറയുന്നത് അച്ചടിച്ച കാർഡുകൾ ഇല്ലെന്നാണ്. അതുകൊണ്ട് പുതിയ റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതി നിലനിൽക്കുന്നത് കാർഷിക മേഖലയുടെ വളർച്ചയുടെയും അതിന്റെ പുരോഗതിയുടെയും അടിസ്ഥാനത്തിലാണ്. നിർഭാഗ്യവശാൽ നമ്മുടെ കാർഷിക മേഖല ഓരോ ദിവസവും തകർന്നുവരുന്ന സ്ഥിതിയാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ കാർഷിക മേഖലയോട് ആഭിമുഖ്യമുള്ള മന്ത്രിയാണ്. മന്ത്രിസ്ഥാനത്തല്ലായിരുന്നെങ്കിൽ കൃഷി വകുപ്പിന്റെ പോക്കിനെതിരെ അവർ കൈ ഉയർത്തുമായിരുന്നു എന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. കാർഷിക മേഖലയുടെ പുരോഗതിക്കുവേണ്ടിയുള്ള സംഭാവനകളെപ്പറ്റി എല്ലാപേരും വാതോരാതെ സംസാരിക്കാറുണ്ട്. കാർഷിക മേഖലയ്ക്കുവേണ്ടിയുള്ള മൂലധന നിക്ഷേപം ഓരോ വർഷവും കുറഞ്ഞുവരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. പത്താം പഞ്ചവൽസര പദ്ധതിയിലെ മൊത്തം പ്ലാൻ ഫിക്സ് ചെയ്തപ്പോൾ കാർഷിക മേഖലയ്ക്കുവേണ്ടി മുന്നൂറ്റിയൊൻപതര കോടി രൂപ നീക്കി വച്ചു. നാലാമത്തെ വർഷത്തെ ബഡ്ജറ്റാണ് ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്. നാളിതുവരെ കാർഷികമേഖലയ്ക്കുവേണ്ടി നീക്കിവച്ചത് 149.87 കോടി രൂപ മാത്രമാണ്. ഈ നടപ്പുവർഷവും അടുത്തവർഷവും മാത്രമാണ് ബാക്കിയുള്ളത്. 160 കോടി രൂപ ഇനിയും പദ്ധതിവിഹിതമായിട്ടുണ്ട്. ഈ രണ്ടുവർഷംകൊണ്ട് ഇപ്പോൾ അനുവദിച്ചതിനു പുറമേ ചെലവഴിച്ചില്ലെങ്കിൽ കൃഷി വകുപ്പിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക മുഴുവനും ചെലവഴിക്കാൻ കഴിയാതെ വരുമെന്നുള്ള കാര്യം നാം ഓർക്കണം. അതാണ് കാർഷിക മേഖലയോട് കാണിക്കുന്ന ആഭിമുഖ്യം. 2000-01-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണത്തിന്റെ അവസാന വർഷം കാർഷിക മേഖലയ്ക്കും

2/676/2012—36.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധ മേഖലയ്ക്കുംവേണ്ടി പദ്ധതിയുടെ 9.3 ശതമാനം തുക നീക്കിവച്ചിരുന്നെങ്കിൽ ഈ വർഷം അത് 6.49 ശതമാനമായി കുറഞ്ഞിരിക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനത്തിൽ 16.23 ശതമാനമാണ് 2000-01 വർഷത്തിൽ കാർഷിക മേഖലയിൽനിന്നുള്ളത് എന്ന് പറഞ്ഞാൽ ഏതാണ്ട് 5448 കോടി രൂപ. 2003-04 വർഷത്തിൽ ആ വരുമാനം 5166 കോടി രൂപയായി കുറഞ്ഞു. എന്നു വച്ചാൽ നമ്മുടെ കാർഷിക മേഖലയിൽനിന്നുള്ള വരുമാനം 13 ശതമാനം കുറഞ്ഞു. റബ്ബർ പോലെയുള്ള കാർഷിക മേഖല ഒഴികെ കാർഷിക മേഖലയിലെ മിക്ക വിളകളുടേയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിരിക്കുന്നു. കാർഷിക മേഖല പുരോഗതിയിലേക്ക് പോകുന്നുവെന്ന് നാം പറയുമ്പോഴും മൊത്തം ഉൽപ്പാദനം അത് നെല്ല്, കശുവണ്ടി, അടയ്ക്ക, തേങ്ങ, കുരുമുളക് തുടങ്ങിയ ഏത് വിളയാണെങ്കിലും ഉൽപാദനം കുറഞ്ഞു വരുന്നതായിട്ട് കാണുന്നു. 'കേസ് ജയിച്ചു, പറമ്പ് മുത്തനാർക്കുതന്നെ' എന്നു പറഞ്ഞതുപോലെ എല്ലാം പുരോഗതിയിലാണ്; വിളവില്ല, വിളയില്ല. കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്നു. കാർഷിക മേഖലയിലെ തകർച്ചയെ നേരിടാൻ, ഈ സംസ്ഥാനത്തിന്റെ നിലനിൽപ്പിന് കാർഷിക മേഖല നിലനിൽക്കേണ്ടതാണെന്ന ഉത്തമ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ആ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള ശക്തമായ ഇടപെടലുകളും മൂലധനനിക്ഷേപവും നടത്തിയില്ലെങ്കിൽ കേരളം വലിയ തകർച്ചയെ നേരിടേണ്ടിവരുമെന്നതിൽ യാതൊരു സംശയവുമില്ല. കാർഷിക മേഖലയിലെ എല്ലാ കാര്യങ്ങളും ഈ നിലയിലേക്കാണ് പോകുന്നത്. ഉൽപ്പാദനം, ഉൽപ്പാദനക്ഷമത ഇവയെല്ലാം കുറഞ്ഞു. കൃഷി ചെയ്യുന്ന ഏരിയ കുറഞ്ഞുവരുന്നു. 29.70 ലക്ഷം ഏക്കറിൽ മാത്രമാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. ഇതിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് രാഷ്ട്രീയത്തിനതീതമായി, കൃഷിമേഖല നിലനിൽക്കണമെന്നാഗ്രഹമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഭരണ പ്രതിപക്ഷം എന്നില്ലാതെ ചർച്ച ചെയ്യണം. കൃഷി ശാസ്ത്രജ്ഞന്മാരുമായി ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കൃഷി മേഖലയിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത് നെൽകൃഷിമേഖലയാണ്. ആ മേഖലയിൽനിന്നും കൃഷിക്കാർ ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. 1970-കളുടെ മദ്ധ്യഭാഗത്ത് 14 ലക്ഷം ടൺ നെല്ലുൽപാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ഉല്പാദിപ്പിക്കുന്നത് 5.7 ലക്ഷം ടൺ മാത്രമാണ്. ഉല്പാദനക്ഷമത പകുതിയായി കുറഞ്ഞിരിക്കുന്നു. ഇതാണ് നെല്ലുൽപ്പാദനം. 2.87 ലക്ഷം ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി നടന്നുവരുന്നത്. ഈ മേഖലയിൽനിന്നും കൃഷിക്കാർ ഒഴിഞ്ഞുപോകുന്നതിനെകുറിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ചർച്ചയുണ്ടാകണം. ഇക്കണോമിക് റിവ്യൂ തന്നെ പറയുന്നുണ്ട്, കാർഷിക മേഖലയിലെ മൊത്തം സ്ഥിതിയെ സംബന്ധിച്ചിടത്തോളം നമ്മുടെ ഉൽപ്പന്നത്തിനു ലഭിക്കുന്ന വില, അതിന് ഓരോ വർഷവും ഉണ്ടാകുന്ന വളർച്ച, അതിനേക്കാൾ ഭയാനകമായ നിലയിൽ ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൃഷിഭൂമിയിൽനിന്നും കൃഷിക്കാർക്കു ലഭിക്കുന്ന ആദായം ഓരോ വർഷവും കുറഞ്ഞുവരുന്നു. അവന്റെ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ ഈ വരുമാനം പോരാതെ വരുന്ന സാഹചര്യത്തിൽ മറ്റ് ആദായകരങ്ങളായ തലങ്ങളിലേക്ക് കൃഷിക്കാരൻ ഒഴിഞ്ഞുപോകുന്നു. കൃഷിമേഖലയിൽ നിൽക്കാൻ ആരും തയ്യാറാകുന്നില്ല. നെൽകൃഷി മേഖലയിൽ കൃഷിക്കാരെ നിലനിറുത്തത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. 14 ലക്ഷം ടൺ നെല്ല് ഇവിടെ ഉൽപ്പാദിപ്പിച്ചിട്ടുപോലും അത് നമുക്ക് ആവശ്യമായ അരിയുടെ പകുതിയായിരുന്നു. ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത് നമുക്കാവശ്യമുള്ള അരിയുടെ 18 ശതമാനം മാത്രമാണ്. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന നെൽകൃഷി മേഖലയെങ്കിലും നിലനിർത്തി ഉൽപ്പാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിച്ച് മുന്നോട്ടുപോകുക എന്നുള്ളതാണ് നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായത് എന്ന കണക്കിൽ പ്രത്യേക പരിഗണന നെൽകൃഷിക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട എം. കെ. പോൾസൺ മാസ്റ്റർ കൃഷിമേഖലയിൽനിന്നുള്ള ആളാണ്. അദ്ദേഹം അങ്ങനെ പ്രസംഗിച്ചതെന്താണെന്ന് എനിക്കറിയില്ല. ആ മേഖലയിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള പോരാട്ടം ഏതെങ്കിലും ഒരു വിഭാഗം മാത്രം നടത്തേണ്ടതായിട്ടുള്ളതല്ല. ഈ വർഷം ഉണ്ടായിട്ടുള്ള സ്ഥിതി എത്രയോ ഭയാനകമാണ്. അതിനുവേണ്ടിയുള്ള ശക്തമായ സമരം ഇവിടെ നടന്നു. വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. മറ്റെല്ലാ ജില്ലകളിലും നെല്ല് സംഭരണത്തിന് ക്വിന്റലിന് 750 രൂപ ഫിക്സ് ചെയ്തപ്പോൾ തൃശ്ശൂർ ജില്ലയിൽമാത്രം 720 രൂപയാണ് ഫിക്സ് ചെയ്തിരിക്കുന്നത്. കൃഷിക്കാരോടുള്ള താൽപ്പര്യം മുൻനിർത്തിയുള്ള നിലപാടാണോ ഇത്? എന്തുകൊണ്ടാണ് പ്രതിപക്ഷം ഗവൺമെന്റിന്റെ

12.00 Noon] നിലപാടുകളോട് സഹകരിക്കുന്നില്ല എന്നല്ലേ? സംഭരണ രംഗത്ത് ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾക്ക് സഹായകരമായി പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട ആളുകൾ നേതൃത്വം കൊടുക്കുന്ന സംഘങ്ങളും ഏജൻസികളും സംഭരണ രംഗത്ത് ഫലപ്രദമായി നിലനിൽക്കുന്നതുകൊണ്ടാണ് സംഭരണം ഇങ്ങനെയെങ്കിലും നടക്കുന്നത്. ഈ ഏജൻസികളെ നിലനിർത്തുവാൻ കഴിയത്തക്ക നിലയിലുള്ള നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി സഭയ്ക്ക് അകത്തും പുറത്തുമൊക്കെ ഈ വിഷയങ്ങൾ ഉന്നയിച്ചപ്പോൾ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കുവാൻവേണ്ടി ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പരസ്യം എല്ലാ പത്രങ്ങളിലും കൊടുത്തിട്ടുണ്ട്. ആ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം, ഈ നിയമസഭയ്ക്ക് അകത്തും പുറത്തും അദ്ദേഹം കൃഷിക്കാർക്ക് നൽകിയ വാഗ്ദാനത്തിന് കടകവിരുദ്ധമാണ്. മുഞ്ഞബാധ, ഉപ്പുവെള്ളം കയറിയുള്ള കൃഷിനാശം, ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം തുടങ്ങിയവമൂലമുള്ള കൃഷിനാശത്തിന് കഴിഞ്ഞ വർഷം

2/676/2012—36a.

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതുപോലെ ഈ വർഷവും നഷ്ടപരിഹാരം കൊടുക്കുമെന്ന് ആവർത്തിച്ച് മുഖ്യമന്ത്രി വ്യക്തമാക്കി. പക്ഷേ 4-ാം തീയതി പുറപ്പെടുവിച്ചിരിക്കുന്ന പരസ്യത്തിൽ, അതിന് മുൻവർഷത്തെ ആനുകൂല്യം മാത്രമേ കൊടുക്കു എന്നാണ്. ഒരു ഹെക്ടറിന് 1500 രൂപ. അത് ഇവിടെ പറഞ്ഞ വാഗ്ദാനത്തിന് വ്യത്യസ്തമാണ്. അതുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞ വാഗ്ദാനം നടപ്പിലാക്കണം. സഭയ്ക്ക് അകത്ത് നൽകിയ വാഗ്ദാനമാണ്. സമരരംഗത്തും മറ്റ് ചർച്ചകളിലും നൽകിയ വാഗ്ദാനം നടപ്പിലാക്കണം. കൃഷിക്കാർക്ക് നൽകിയ വാഗ്ദാനത്തിന് അനുസരണമായി നഷ്ടപരിഹാരം നൽകണം. എല്ലാ വർഷവും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നു. മറ്റ് തരത്തിലും കൃഷിനാശമുണ്ടാകുന്നു. ഈ രംഗത്ത് കൃഷിയെ സംരക്ഷിക്കണം. കൃഷിയെ സംരക്ഷിക്കാനാവശ്യമായ സുസ്ഥിര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി കൃഷിമേഖലയെ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. കൃഷിമേഖലയ്ക്ക് മുന്തിയ പരിഗണന നൽകി അതിനാവശ്യമായ പണം അനുവദിക്കാതെ ഈ രംഗം മുരടിപ്പിച്ചുകൊണ്ട് പോകുന്ന സ്ഥിതിയിൽ ഈ ധനാഭ്യർത്ഥനയെ എതിർക്കുക മാത്രമേ പോംവഴിയുള്ളു. അതുകൊണ്ട് ഇതിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി</u>: സർ, 2005-06 സാമ്പത്തിക വർഷത്തെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കാർഷികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്കും വികസനത്തിനും മുൻതൂക്കം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കൃഷി വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഇവിടെ ഡോ. കെ. സി. ജോസഫ് പ്രസംഗവേളയിൽ വളരെ ഭയാനകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയുണ്ടായി. കൃഷിമേഖലയിൽ നിന്നും വരുന്ന എന്നെ സംബന്ധിച്ച് ഇക്കാര്യത്തിൽ ആശങ്കയുടെ ഒരു കാരണവുമില്ല. എനിക്ക് പറയാനുള്ളത്, 2004-05 വർഷം മാത്രമായി 104.61 കോടി രൂപയുടെ കൃഷി വികസന പദ്ധതികളാണ് ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത്. നെല്ല്, തേങ്ങ, കുരുമുളക്, അടയ്ക്ക, കാപ്പി മുതലായ പരമ്പരാഗത വിളകളുടെ കാര്യത്തിൽ മാത്രമല്ല പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ കാര്യത്തിലും മുന്തിയ പരിഗണന ഈ സർക്കാർ നൽകിയിട്ടുണ്ട്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം കൊയ്ത്ത് കാലത്ത് നെല്ലിന്റെ വിലയിടിയുന്ന പ്രവണത നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ നെല്ലിന് തറവില നിശ്ചയിച്ചുകൊണ്ട് ഏതാണ്ട് ഒരേ സമയത്ത് തന്നെ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ കർഷകരെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് സർക്കാരിന് സാധിച്ചു. വളരെ ക്ലേശകരമായ, ചെലവേറിയ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് നടത്തുന്ന നെൽകൃഷിയെ സംബന്ധിച്ചിടത്തോളം സംഭരണംമൂലം നല്ല വില കൃഷിക്കാർക്ക് ലഭിക്കുന്നതിന് ഇടയായിട്ടുള്ളത് മുൻകാലങ്ങളിലെ അനുഭവമാണ്. ഈ വർഷവും നമ്മെ അത് കൈവിടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പ് ഫാമിംഗ് സ്കീമിൽ പങ്കാളികളായ കൃഷിക്കാർക്ക് ഒരു സീസണിൽ ഹെക്ടർ ഒന്നിന് 350 രൂപ ഉൽപ്പാദന ബോണസായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി. അതിൻമൂലം 896.23 ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞു. വരൾച്ചാ ദുരിതാശ്വാസത്തിന് 88.5 കോടി രൂപ അനുവദിച്ചു. വിളനാശത്തിനുള്ള നഷ്ടപരിഹാരമായി 76.35 കോടി രൂപ അനുവദിച്ചതിൽ 58.64 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. തൻമൂലം 4.5 ലക്ഷത്തിലധികം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുകഴിഞ്ഞു. വിളനാശം സംഭവിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് 431 ലക്ഷം രൂപയുടെ നെൽവിത്തും 260.8 ലക്ഷം രൂപയുടെ കുമ്മായവും വിതരണം ചെയ്തുകഴിഞ്ഞു. • ഈ അവസരത്തിൽ എനിക്ക് കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പത്തനംതിട്ട ജില്ല രൂപീകരിക്കുന്നതിന് മുൻപ് എന്റെ നിയോജകമണ്ഡലമായ തിരുവല്ല ആലപ്പുഴ ജില്ലയിൽപ്പെട്ട സ്ഥലമായിരുന്നു. അതുകൊണ്ട് കൃഷിയുടെ മുഴുവൻ ആനുകൂല്യങ്ങളും ആ ഭാഗത്തിന് അന്ന് കിട്ടിയിരുന്നു. തിരുവല്ല മലയോര ജില്ലയായ പത്തനംതിട്ട ജില്ലയുടെ ഭാഗമായതിന് ശേഷം അപ്പർ കുട്ടനാട് മേഖലയ്ക്ക്, പ്രത്യേകിച്ച് തിരുവല്ലയ്ക്ക് ചില ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതി ഞാൻ രേഖപ്പെടുത്തുകയാണ്. ഇപ്രാവശ്യത്തെ കൃഷി അനുസരിച്ച് നെല്ലിന് തൂക്കം വളരെ കുറവാണ്. ഇതിനുകാരണം പ്രത്യേകിച്ച് പാടശേഖരത്തെ പുളിയിളക്കം കൊണ്ടാണ്. ഈ പുളിയിളക്കം കുറയ്ക്കുന്നതിന് കക്കയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. തീർച്ചയായിട്ടും സബ്സിഡി റേറ്റിൽ ഗവൺമെന്റ് കക്ക വിതരണം ഉറപ്പാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തെങ്ങ് കൃഷിയെ ഏതാണ്ട് മൊത്തത്തിൽ ബാധിച്ച മണ്ഡരി രോഗബാധ തടയുന്നതിന് വളരെ ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മണ്ഡരി ബാധിച്ച ഏതാണ്ട് അമ്പതിനായിരത്തിലധികം തെങ്ങുകൾക്ക് കീടനാശിനി തളിച്ചുകഴിഞ്ഞു. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെയും കോക്കനട്ട് ടെക്നോളജി മിഷന്റെയും പദ്ധതികൾ പ്രയോജനപ്പെടുത്തി. ഇതിനായി 36.82 ലക്ഷം രൂപ ചെലവഴിച്ചു. രോഗപ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു പദ്ധതി കായംകുളം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്നു. ഇത് സ്വാഗതാർഹമാണ്. വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് 2 ലക്ഷം രൂപ ചെലവഴിച്ചു. ഏതാണ്ട് രണ്ടായിരം ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതി പൂർണ്ണമായും ലക്ഷ്യം കണ്ടു. കുരുമുളക് സംഭരണം നടത്താൻ തീരുമാനിച്ചത് കർഷകർക്ക് വളരെ ആശ്വാസം നൽകി. കുരുമുളകിന്റെ പുനരുദ്ധാരണത്തിനായി 8 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ പ്രകാരം കശുമാവ് കൃഷി പുനരുദ്ധാരണത്തിന് 8 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. കടക്കെണിമൂലം ആത്മഹത്യ ചെയ്ത 218 കർഷക

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയുണ്ടായി. വിവിധ പദ്ധതികൾ അനുസരിച്ച് കാർഷിക മേഖല ഇന്ന് നേരിടുന്ന വിവിധ രോഗങ്ങളെ പറ്റി പഠിക്കുന്നതിനായി Soil Testing Laboratory, Agmark Lab, Farmers Training Centre, Agro Clinics ഇവയുടെ കാര്യക്ഷമമായ ഇടപെടൽകൊണ്ട് കാലാകാലങ്ങളിലുണ്ടാകുന്ന കീടബാധ, വിവിധ രോഗങ്ങൾ, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കുവാനും തത്സമയം പ്രതിവിധികൾ കണ്ടെത്തുവാനും കൃഷി വകുപ്പിന് സാധിക്കുന്നുണ്ട്.

വിള ഇൻഷ്വറൻസ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് ഈ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് കൃഷി മന്ത്രി മറന്നിട്ടില്ല. സ്ത്രീകളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കി ഫുഡ്പ്രോസസിംഗ്, കൂൺ കൃഷി, വാമി കമ്പോസ്റ്റ് മേക്കിംഗ്, വാനില കൃഷി എന്നീ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. തന്മൂലം സ്ത്രീകളുടെ വരുമാനംകൊണ്ട് കുടുംബങ്ങൾ ജീവിതമാർഗ്ഗം കണ്ടെത്തുന്നു. മെക്കനൈസേഷൻ അഗ്രികൾച്ചർ എന്ന പ്രോജക്ടിനെ കാലാകാലങ്ങളിൽ എതിർത്ത രാഷ്ട്രീയക്കാർ നമ്മുടെയിടയിലുണ്ട്. സ്മാൾ ഫാം മെക്കനൈസേഷൻ ട്രില്ലർ, ട്രാക്ടർ മുതലായ യന്ത്രോപകരണങ്ങൾ സബ്സിഡൈസ്ഡ് റേറ്റിൽ കർഷകർക്ക് നൽകിവരുന്നു. കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത് വൻ വിജയവും കൃഷിക്കാർക്ക് വളരെ ആശ്വാസകരവുമാണ്. കീടബാധ നിയന്ത്രണം, കള നിയന്ത്രണം എന്നീ മേഖലകളിൽ സർക്കാർ ഗവേഷണഫലങ്ങൾ കർഷകരിലേക്ക് യഥാസമയത്ത് എത്തിക്കുന്നതിന്റെ ഫലമായിട്ട് കുട്ടനാട് മേഖലകളിലെ കീടനാശിനികളുടെ ഉപയോഗം 50 ശതമാനം കുറയ്ക്കുവാൻ സാധിച്ചു. ലാന്റ് യൂസ് ബോർഡിന്റെ പ്രവർത്തന ഫലമായി സമഗ്രമായ മാപ്പ് തയ്യാറാക്കി കാർഷികോല്പാദന മേഖലകൾ തിരിച്ചറിയുന്നതിനും ഇടുക്കിജില്ലയിൽ ടിഷ്യു കൾച്ചർ ലാബ് സ്ഥാപിച്ചതുവഴി കാർഷിക വിളകളുടെ തൈകൾ ധാരാളമായി ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. ഇന്ന് ഭക്ഷ്യ വകുപ്പു മന്ത്രിയുടെ പ്രവർത്തനങ്ങളെപ്പറ്റി വളരെ പ്രശംസിക്കേണ്ടതുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇന്ന് ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ സാധനങ്ങളുടെ ഗുണനിലവാരവും അളവ് തൂക്കവും ഉറപ്പു വരുത്തുന്നതിനും ഇതുമൂലം സാധിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വളരെ പ്രശംസിക്കേണ്ടതുണ്ട്. മിക്ക ജില്ലകളിലും ശബരി സ്റ്റോഴ്സ് ഉത്ഘാടനം ചെയ്യുകയുണ്ടായി. ജനങ്ങളുടെ വളരെ പ്രശംസ അർഹിക്കുന്ന ഒരു പദ്ധതിയാണിത്. ഇതുമൂലം കരിഞ്ചന്ത തടയാനും ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്. കാർഷിക മേഖലയുടെ സമസ്ത രംഗങ്ങളിലും സമഗ്രമായ സംഭാവനകൾ നൽകുന്ന ഈ സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഇതോടൊപ്പം ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ഭക്ഷ്യ വകുപ്പിന്റെ ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിലെ കാർഷികവേലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കിയ ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. ബാലൻ കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരിയമ്മ ഭരിക്കട്ടെ എന്ന മുദ്രാവാക്യം ഇവിടെ പറയുകയുണ്ടായി. അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. കേരളത്തിൽ ഗൗരിയമ്മ ഭരിക്കുന്നു. കേരളത്തിലെ തെങ്ങുകളെ ബാധിച്ച മണ്ഡരി രോഗത്തെ ചെറുക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്നു ഏറ്റവും കൂടുതൽ തുക ലഭ്യമാക്കാൻ ഈ സർക്കാരിന് സാധിച്ചു. മണ്ഡരിക്ക് മാത്രമായി 24 കോടി രൂപ കേന്ദ്രത്തിൽ നിന്നു നേടിയെടുത്തിട്ടുണ്ട്. കാറ്റ്വീഴ്ചയ്ക്കെതിരെ 1924 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുന്നത്. മണ്ഡരി ബാധിച്ച ഏതാണ്ട് 47,25,543 തെങ്ങുകൾക്ക് മരുന്നു തളിക്കുകയും കാറ്റ് വീഴ്ച രോഗം ബാധിച്ച തെങ്ങുകൾക്ക് നാളികേര വികസന ബോർഡ് മുഖേന പതിനായിരം രൂപയും ടെക്നോളജി മിഷനിലൂടെ 1,43,198 തെങ്ങുകൾക്ക് മരുന്നു തളിച്ചുകൊണ്ട് കേരളത്തിലെ തെങ്ങുകൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയാണ്. ഈ വകുപ്പിന്റെ നയം കൊണ്ട് കേരളത്തിലെ കർഷകർക്ക് കൃഷിയോട് ഒരു ആഭിമുഖ്യം ഉണ്ടായി. യുവാക്കൾക്ക് കൃഷിയോട് ആഭിമുഖ്യം ഉണ്ടായി. കർഷകനു വേണ്ടത് വില സംരക്ഷണവും വിള സംരക്ഷണവും വളവും അതുപോലെതന്നെ ശാസ്ത്ര-സാങ്കേതിക വിജ്ഞാനവും വൈദ്യുതിയുമൊക്കെയാണ്. ഇതെല്ലാം കേരളത്തിലെ കർഷകന് പ്രദാനം ചെയ്തുകൊണ്ടുള്ള നടപടികളാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. നെല്ല് സംഭരണം സംബന്ധിച്ച് ഇവിടെ ദീർഘമായ സംസാരം നടന്നിട്ടുണ്ട്. സമരം നടന്നിട്ടുണ്ട്. ഈ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് നെല്ലിന്റെ ഉല്പാദനം ഇന്നത്തേതിനെക്കാൾ കൂടുതലാണെന്നാണ് പറഞ്ഞിരുന്നത്. അന്ന് അവർ നടത്തിയ നെല്ലിന്റെ സംഭരണത്തിന്റെ കണക്ക് ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. 1996-97-ൽ അവരുടെ കാലത്ത് മുടക്കിയ തുക ആലപ്പുഴ ജില്ലയിൽ പത്തു ലക്ഷം. മൊത്തം 72 ലക്ഷം. 1997-98-ൽ ആലപ്പുഴ ജില്ലയിൽ 40 ലക്ഷം. മൊത്തം 150 ലക്ഷം. 2000-01-ൽ ആലപ്പുഴ ജില്ലയിൽ 43 ലക്ഷം, കേരളത്തിൽ മൊത്തമായി 150 ലക്ഷം രൂപയാണ് നെല്ല് സംഭരിക്കുന്നതിന് എൽ. ഡി. എഫ്. ഗവൺമെന്റ് ചെലവഴിച്ചതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 2001-02-ൽ ആലപ്പുഴ ജില്ലയിൽമാത്രം 248 ലക്ഷം രൂപയുടെ നെല്ല് സംഭരിച്ചു. മൊത്തം കേരളത്തിൽ 653 ലക്ഷം രൂപയുടെ നെല്ലാണ് സംഭരിച്ചത്. 2002-03-ൽ 525 ലക്ഷം, 2003-04-ൽ 680 ലക്ഷം രൂപയുടെ നെല്ല് സംഭരിച്ചെങ്കിൽ കഴിഞ്ഞ വർഷം സർവ്വകാല റിക്കാർഡായി 2004-05-ൽ 1,780 ലക്ഷം രൂപയുടെ നെല്ല് സംഭരണം നടത്തിയ സാഹചര്യത്തിൽ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കൺവീനറായിരുന്ന അദ്ദേഹത്തിന് അന്ന് ഈ സമരങ്ങൾ നടത്താൻ കഴിഞ്ഞില്ല, ഇന്ന് ഈ സംഭരണങ്ങൾ നടത്താതിരിക്കുന്നതിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സൊസൈറ്റികൾ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ട് വരാതെ ഇരുന്നതിന്റെ അടിസ്ഥാനത്തിലാണ്, അതിനാൽ അദ്ദേഹവും പ്രതിപക്ഷാംഗങ്ങളും സമരം നടത്തേണ്ടത് കോട്ടയത്തും കുമരകത്തുമുള്ള സൊസൈറ്റികളുടെ മുമ്പിലാണ്. ഇവിടെ കാർഷിക തകർച്ച വന്നിരുന്നു എന്നു പറയുന്നു യഥാർത്ഥത്തിൽ ഒന്നു മനസ്സിലാക്കണം. ഇവിടെ 2001-ൽ കൊപ്രയുടെ വില ക്വിന്റലിന് 2044 രൂപയായിരുന്നു. അത് 2004-ൽ 4353 രൂപയായി 125 ശതമാനത്തിന്റെ വർദ്ധനവ് കൊപ്രയ്ക്കുണ്ടായി. വെളിച്ചെണ്ണയ്ക്ക് 2001-ൽ 3100 രൂപയായിരുന്നത് 2004-ൽ 6551 രൂപയായി വർദ്ധിച്ചു. 112 ശതമാനമായി. അതുപോലെ റബറിന് 73 ശതമാനം വർദ്ധിച്ചു. കാപ്പിക്ക് 122 ശതമാനം വർദ്ധിച്ചു. മഞ്ഞളിന് 88 ശതമാനം വർദ്ധിച്ചു. ജിഞ്ചറിന് 185 ശതമാനമായി വർദ്ധിച്ചു. കുരുമുളകിനും ഏലത്തിനും വില കുറഞ്ഞിട്ടുണ്ടെങ്കിൽ പോലും കുരുമുളക് കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒരു വൻതുക ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെയും യു. ഡി. എഫ്.-ന്റെയും ഏറ്റവും വലിയ നേട്ടം എന്താണെന്നു ചോദിച്ചാൽ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം കേന്ദ്രത്തിൽ ദീർഘകാല വിളകൾക്ക്, ആ കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള മാനദണ്ഡം ഈ 57 വർഷത്തെ ഭരണത്തിൽ കേന്ദ്രത്തിൽ ഉണ്ടായിരുന്നില്ല. ഇവിടെയും മാറി മാറി ഭരിച്ച ഗവൺമെന്റുകൾ ആ കുഴപ്പം കണ്ടില്ല. ഈ കഴിഞ്ഞ വർഷം ശ്രീമതി ഗൗരിയമ്മ 10 ദിവസം ഡൽഹിയിൽ താമസിച്ചു പ്രയത്നിച്ചു. കേന്ദ്രത്തിലുണ്ടായിരുന്ന മാനദണ്ഡം ഹ്രസ്വകാല വിളകളുടെ അടിസ്ഥാനത്തിലായിരുന്നു കൃഷിനാശത്തിന്, കരിമ്പ്, ഗോതമ്പ്, നെല്ല് അതിനവർ 17,000 രൂപയാണ് ഒരു ഹെക്ടറിന് ചെലവഴിച്ചതായി കണക്കാക്കുന്നത്. അപ്പോൾ നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനമാണെങ്കിൽ ഈ 17,000 രൂപയുടെ 50 ശതമാനമായിരുന്നു കർഷകന് കിട്ടിയിരുന്നത്. എന്നാൽ 70 ശതമാനം പെരണിയൽ ക്രോപ്പുള്ള കേരളത്തിലേക്ക് കർഷകന് ഹെക്ടറിന് ചെലവ് 75,000 രൂപ മുതൽ 1,25,000 രൂപവരെയാണ്. ഡൽഹിയിൽ താമസിച്ച് പ്രധാനമന്ത്രിയുടെ സെക്രട്ടറിയേയും മറ്റ് ഐ. എ. എസ്. ഉദ്യോഗസ്ഥരെയും വിളിച്ചുവരുത്തി പെരണിയൽ ക്രോപ്സിന് കർഷകർക്ക് ആവശ്യമായ മാനദണ്ഡം ഉണ്ടാക്കുവാൻ കഴിഞ്ഞത് കഴിഞ്ഞ വർഷം ശ്രീമതി ഗൗരിയമ്മ അവിടെനിന്ന് പ്രയത്നിച്ചതിന്റെ ഫലമായിട്ടാണ്. ശ്രീ. പവാറിനുപോലും പാർലമെന്റിൽ പറയേണ്ടിവന്നു. കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം നീതി പുലർത്തുവാനുള്ള ഒരു മാനദണ്ഡം ഇന്നും കേരളത്തിലില്ല. നൂറ്റിയാറ് കോടി രൂപയുടെ സഹായം ആ ഇനത്തിൽ നേടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ശ്രീമതി. ഗൗരിയമ്മയുടേയും അന്നത്തെ മുഖ്യമന്ത്രിയുടേയും അഭ്യർത്ഥന പ്രകാരം ഒരു multi disciplinary team-നെ കേരളത്തിൽ അയയ്ക്കുകയുണ്ടായി. ഹ്രസ്വകാല വിളവുകൾ ഉണ്ടാക്കുന്നവർക്ക് വിത്തും വളവും കൊടുത്തുകഴിഞ്ഞാൽ ആറു മാസംകൊണ്ടും ഒരു വർഷം കൊണ്ടും അവർക്ക് ക്രോപ് തിരിച്ചു കിട്ടും. വില തിരിച്ചു കിട്ടും. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

പെരണിയൽ ക്രോപ്പുകാർക്ക് മൂന്നു വർഷം മുതൽ ഏഴു വർഷം വരെ കാത്തിരിക്കേണ്ട ഗതികേടാണ് ഉണ്ടായിരിക്കുന്നത്. അമ്പത്തിയേഴു കൊല്ലം നടക്കാത്തത്, ശ്രീമതി കെ. ആർ. ഗൗരിയമ്മ നേടി എന്നുപറയുന്നത് ഏറ്റവും അഭിമാനകരമാണ്. അതുമാത്രമല്ല, കാഷ്യൂവിന് മൂന്നു കോടി രൂപയും കുരുമുളകിന് എട്ടു കോടി രൂപയും ഉൾപ്പെടെ തുക ഇതിനുകൂടി വന്നത് സാധാരണ രീതിയിലുള്ള കാർഷിക നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനു പുറമേയാണ്. വില സുസ്ഥിരതയ്ക്കു വേണ്ടിയുള്ള ഒരു ഇന്റർവെൻഷനാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, എന്റെ മാന്യ സുഹൃത്തിനെപ്പോലെ തന്നെ ബഹുമാനപ്പെട്ട ഗൗരിയമ്മയോട് വ്യക്തിപരമായി അങ്ങേയറ്റത്തെ സ്നേഹമുള്ള, ആദരവുള്ള ആളാണ് ഞാൻ. ശ്രീമതി ഗൗരിയമ്മ പത്തു ദിവസം ഡൽഹിയിൽ പോയി താമസിച്ച കാര്യം ഇവിടെ അങ്ങ് വീണ്ടും വീണ്ടും പറയുകയുണ്ടായി. കേരളത്തിന്റെ കാർഷികനില സമ്പൂർണ്ണമായി തകർന്നു. കൃഷിക്കാർ ആത്മഹത്യ ചെയ്തതിന്റെ ഒരു പശ്ചാത്തലത്തിൽ യഥാർത്ഥമായ കാർഷിക പ്രതിസന്ധിയെപ്പറ്റിയോ കർഷകന്റെ ആത്മഹത്യയെപ്പറ്റിയോ വേണ്ടത്ര കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ഇവിടെ പറയാനും അവർക്ക് അവകാശപ്പെട്ട തുക നേടിയെടുക്കുവാനും എന്തുകൊണ്ട് ഗൗരിയമ്മയുടെ ദീർഘ ദിവസത്തെ താമസം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാതെ പോയി എന്ന് അങ്ങ് പറയുമോ?

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഗൗരിയമ്മ അവിടെ നിന്നു എന്നുള്ളതല്ല പാർലമെന്റിൽ ഉന്നയിച്ച ചോദ്യമെന്നു പറയുന്നത്, ആന്ധ്രാപ്രദേശിലും കേരളത്തിലും കഴിഞ്ഞ ആറു മാസത്തിൽ ആത്മഹത്യാ നിരക്ക് കൂടിയിട്ടുണ്ടോ എന്നുള്ള ചോദ്യമാണ്. ആത്മഹത്യാ നിരക്ക് കൂടിയിട്ടുണ്ടോ എന്ന് അറിയണമെന്നുണ്ടെങ്കിൽ അതിനു ആറു മാസം മുമ്പുള്ള കണക്കും അതിനു പിന്നീട് ആറു മാസത്തിനു ശേഷമുള്ള കണക്കും ലഭ്യമാക്കുന്നതോടുകൂടി മാത്രമേ അങ്ങനെയുള്ള ചോദ്യത്തിന് മറുപടി പറയാൻ സാധിക്കുകയുള്ളൂ. ഈ ചോദ്യത്തിനാണ് കണക്കുകൾ പരിശോധിച്ചു വരുന്നു എന്ന് പറഞ്ഞത്. അല്ലാതെ കർഷകരുടെ ആത്മഹത്യ നിരക്ക് എന്നു പറയുമ്പോൾ കാർഷിക കടംകൊണ്ടുള്ള ആത്മഹത്യകളും അങ്ങനെയല്ലാതെ മരിച്ചവരും ഉണ്ടാകാം. അതിൽ കാർഷിക കടംകൊണ്ടു മരിച്ചവർ എത്ര എന്നുള്ള കണക്ക് എടുക്കേണ്ടതുണ്ട്. അതിൽ മരണ നിരക്ക്, ആത്മഹത്യാ നിരക്ക് കൂടിയിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് മാത്രമായിരുന്നു മറുപടി. എന്റെ സുഹൃത്ത് വിഷമിക്കേണ്ട. 218 ആത്മഹത്യകൾ കേരളത്തിൽ കാർഷിക കടംകൊണ്ട് ഉണ്ടായിട്ടുണ്ട്. അവർക്ക് അമ്പതിനായിരം രൂപ വെച്ച് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞിരിക്കുകയാണ്. ഗൗരിയമ്മ ശ്രദ്ധിച്ചതുകൊണ്ടു മാത്രമാണ്.

2/676/2012—37.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, കേരളത്തിൽ ഏറ്റവും ഗൗരവമായ കാർഷിക പ്രശ്നമാണ് കർഷകന്റെ കൂട്ടആത്മഹത്യ. അത് ഒരു ഭരണ പ്രതിപക്ഷ പ്രശ്നമല്ല. എന്നിട്ടുപോലും ശ്രീമതി ഗൗരിയമ്മയെപ്പോലെ ഒരാൾ കൃഷിവകുപ്പുമന്ത്രി ആയിരിക്കുമ്പോൾ കൃഷിക്കാരന്റെ ജീവിതത്തെ തകർക്കുന്ന ഈ പ്രയാസത്തിന്റെ കെടുതികളെപ്പറ്റി വേണ്ടത്ര ഫലപ്രദമായി ചിന്തിക്കാത്തതുകൊണ്ടു തന്നെ ആയിരത്തി മുന്നൂറോളം പേർ ആത്മഹത്യ ചെയ്തിരിക്കെ മരിച്ചത് ഇരുന്നൂറ്റി പതിനെട്ടായി ചുരുക്കി കാണിക്കാനുള്ള വ്യഗ്രത എന്നു ഞാൻ പറഞ്ഞാൽ അങ്ങ് ദേഷ്യപ്പെടരുത്.

ശ്രീ. എ. എൻ. രാജൻ ബാബു: ആയിരത്തി മുന്നൂറു പേർ ആത്മഹത്യ ചെയ്തതിൽ കാർഷിക ഋണബാദ്ധ്യതകൊണ്ടു മരിച്ചത് ഇരുന്നൂറ്റി പതിനെട്ടാണ്. പ്രേമനൈരാശ്യവും അയൽപക്കക്കാരുടെ വഴക്കും കാരണം മരിച്ചതും കണ്ടേയ്ക്കാം. കാർഷിക കടം കൊണ്ടു മരിച്ചവരുടെ കണക്കുകൾ പരിശോധിച്ചത് ഇരുന്നൂറ്റി പതിനെട്ടു മാത്രമാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഒരു കാര്യംകൂടി മനസ്സി ലാക്കണം. ഇവിടെ വേറെ കുറേ ആത്മഹത്യകൾ നടന്നിട്ടുണ്ട്. നൂറ്റി എഴുപത്തിയെട്ട് ചാരായ തൊഴിലാളികൾ ആത്മഹത്യ ചെയ്തു. അവരുടെ പേരിൽ, അവരെ ജോലിയിൽ പ്രവേശിപ്പിച്ചാൽ കാലുവെട്ടും എന്നാണ് ഇടതുപക്ഷ ട്രേഡ് യൂണിയൻ നേതാക്കൾ പറയുന്നത്. ഇതാണ് നിങ്ങളുടെ നിലപാട്. അതുകൊണ്ട് ഈ കാർഷിക രംഗത്ത് ജനങ്ങൾക്ക് ആഭിമുഖ്യം നല്കുവാൻ സാധിച്ചാൽ........

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല. കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായി എന്നാണല്ലോ ശ്രീ. ബിനോയ് പറഞ്ഞത്. ഇക്കാര്യത്തിൽ കേന്ദ്ര സഹായം നേടുന്നതിന് കേരളാ ഗവൺമെൻറിനോടൊപ്പംനിന്ന് വാദിക്കുന്നതിനു പകരം കേന്ദ്ര ഗവൺമെൻറിനെ പ്രതിക്കൂട്ടിൽ നിർത്തുവാനും രാഷ്ട്രീയ ലാഭം നേടാനും മാത്രമാണ് അവർ ശ്രമിക്കുന്നത് എന്നുള്ളത് അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടില്ലേ?

ശ്രീ. എ. എൻ. രാജൻ ബാബു: വൈദ്യുതിയുടെ കുടിശ്ശിക അമ്പത്തി യൊമ്പതു കോടി രൂപയുണ്ടായിരുന്നതിൽ ഇരുപതു കോടിരൂപ കൊടുത്തുകഴിഞ്ഞു. എൻ. ടി. പി. സി.-യുമായിട്ടുള്ള അഡ്ജസ്റ്റ്മെന്റിൽ പതിനെട്ടു കോടി രൂപ കൊടുത്തു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി വൈദ്യുതിയുടെ കുടിശ്ശിക തീർത്തു. Vegetable and Fruit Promotion Council-ന്റെ അടിസ്ഥാനത്തിൽ ഇവിടെ കാർഷിക ഉല്പന്നം ഇടത്തരക്കാർ ഇല്ലാതെ കൊടുക്കുന്നതിനും മതിയായ വില ലഭിക്കുന്നതിനും വേണ്ടി ആറ് മിത വ്യാപാര സംഘങ്ങൾ തുടങ്ങിയിട്ടുണ്ട്. സ്ത്രീകളെ കാർഷിക രംഗത്തേക്ക് കൊണ്ടുവന്ന ഗവൺമെന്റ് യു.ഡി.എഫ്. ഗവൺമെന്റ് ആണ്. വനിത സംഘങ്ങൾക്കുവേണ്ടി കൊപ്രയുടെ ടെന്റർ കൊടുത്തു. അതുപോലെ പുഷ്പ കൃഷി വികസനം നല്കുകയുമൊക്കെ ചെയ്തു. കൂടാതെ വിളയിറക്കുന്നതിന് വിത്ത് സമയത്ത് നല്കി. പക്ഷേ ഡയറിയെ സംബന്ധിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വാക്ക്. ധാരാളം ക്ഷീര കർഷകരുള്ള കേരളത്തിൽ പലർക്കും പെൻഷൻ അനുവദിച്ചിട്ടില്ല. ക്ഷീര കർഷകർക്ക് മാത്രം പെൻഷൻ കിട്ടിയിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ക്ഷീരകർഷകർക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭക്ഷ്യത്തെ സംബന്ധിച്ച് ഒരു വാക്ക്. ശ്രീ. അടൂർ പ്രകാശ് ചാർജ്ജെടുത്തതിനു ശേഷം 'ലാഭം' മാർക്കറ്റുകളുടെയൊക്കെ എണ്ണം കൂടി. കൂടുതൽ സൂപ്പർ മാർക്കറ്റുകൾ ഉണ്ടാകണം. അതു മാത്രമല്ല, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച കേസ്സിൽ പ്രതികളായവർപോലും പത്ര പ്രസ്താവന നടത്തി. കൂടുതൽ ലാഭം മാർക്കറ്റുകൾ ഉണ്ടാക്കണം. ഈ വകുപ്പിനെ സംബന്ധിച്ച പരാതി എന്തുതന്നെയായാലും അവരുടെ സംശയം ബഹുമാനപ്പെട്ട മന്ത്രി തന്നെ ദൂരീകരിക്കും എന്നുമാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മയും അതോടൊപ്പംതന്നെ ശ്രീ. അടൂർ പ്രകാശും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ എഴുപതു ശതമാനം ജനങ്ങളുടേയും ഉപജീവന മാർഗ്ഗം കൃഷിയാണ്. നമ്മുടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കേണ്ടതുണ്ട്. ഈ രംഗത്ത് യു. ഡി. എഫ്. സർക്കാർ ഭരണത്തിൽ വന്നതിന് ശേഷമാണ് വലിയ ഒരു മാറ്റം നമുക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞത്. ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ വന്നതിനു ശേഷമാണ് കൃഷിക്കാരുടെ കൂട്ടആത്മഹത്യ നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞത്. ഈ സർക്കാർ ഉണ്ടാക്കിയ വിവിധ പാക്കേജുകൾ കൃഷിക്കാർക്ക് ഒരുപാട് ആശ്വാസമായി എന്ന കാര്യം എടുത്തു പറയേണ്ടതാണ്. നാണ്യവിളകൾക്ക് ന്യായവില ഉറപ്പു വരുത്തുന്ന കാര്യത്തിൽ നമുക്ക് പിന്നോട്ടു പോകുവാൻ നിവൃത്തിയില്ല. അതിൽ കാര്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ ഉത്പാദന രംഗത്ത് നേരത്തേ ലോക റെക്കോർഡ് നേടിയതാണ്. നമുക്ക് ആ രംഗത്ത് മുന്നോട്ടു പോകുവാൻ സാധിക്കണം. അതിന് ആവശ്യമായ സംവിധാനം ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. അതോടൊപ്പം ഒന്നു രണ്ടു കാര്യം ഇവിടെ സൂചിപ്പിച്ചത്, നാണ്യവിളകളുടെ വിളവെടുപ്പു കാലത്ത് ആ ഉല്പന്നങ്ങളുടെ വില കുറച്ചുനിർത്തുന്ന ബോധപൂർവ്വമായ ഒരു പ്രവണത ഇവിടെ ഉണ്ടാകാറുണ്ട്. അത് തടയാൻ ആവശ്യമായ ശക്തമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ സൂചിപ്പിക്കുകയാണ്. നമ്മുടെ നാട്ടിൽ നാളികേരത്തിന് സാമാന്യം മോശമല്ലാത്ത വില കിട്ടുന്നുണ്ട്. എന്നിരുന്നാലും പൂർണ്ണമായ തോതിൽ അവർക്കുവേണ്ടി പ്രത്യേകമായ പാക്കേജ് ഉണ്ടാക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ വളരെ ഗൗരവതരമായ ഒരു വിഷയം നമ്മുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ

2/676/2012—37a.

LIBRARY ARCHIVES Kerala Legislative Assembly

തകിടം മറിക്കുന്ന രൂപത്തിലേക്ക്, നെൽകൃഷി നടത്താൻ യോഗ്യമായ വയലുകൾ— ഒട്ടേറെ നിയമങ്ങളൊക്കെ ഉണ്ടെങ്കിൽപ്പോലും അതൊക്കെ ലംഘിച്ചുകൊണ്ട്— നികത്തപ്പെടുന്ന ഒരു കാഴ്ച പല ഭാഗത്തും കാണുന്നുണ്ട്. അതിന് തടയിടുന്നതിനു വേണ്ടി, അത് നിയന്ത്രിക്കുന്നതിന് ആവശ്യമായ രൂപത്തിൽ ആ നിയമ രംഗത്ത് ശക്തമായ നിയമം രൂപീകരിച്ച് അത് നിയന്ത്രിക്കുവാൻ ആവശ്യമായ പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നമ്മുടെ നാട്ടിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിലേക്ക് പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ സമഗ്രമായ ബോധവത്കരണവും പരിശീലനവും ഈ രംഗത്ത് നല്കേണ്ടതുണ്ട്. അതിനാവശ്യമായ പ്രവർത്തനം നടത്തണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. തികച്ചും കൃഷിക്ക് അനുയോജ്യമായ 11,199 ഹെക്ടർ ഭൂമി നമ്മുടെ സംസ്ഥാനത്ത് കൃഷി ചെയ്യാൻ കൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിഞ്ഞദിവസം സഭയിൽ ഒരു ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞു. ഇത്തരത്തിലുള്ള കൃഷിഭൂമി കണ്ടെത്തി അതിന്റെ ഉടമസ്ഥനെക്കൊണ്ട് അവിടെ കൃഷി ചെയ്യിക്കുവാൻ ആവശ്യമായ പ്രവർത്തനം നടത്തേണ്ടതുണ്ട്. അതിന് ആവശ്യമായ രൂപത്തിലുള്ള സൗകര്യങ്ങൾ അവർക്ക് ഉണ്ടാക്കി കൊടുക്കേണ്ടതായിട്ടുണ്ട്. അതിനു സബ്സിഡിയോ മറ്റെന്താണ് യോഗ്യമെങ്കിൽ ആ രംഗത്ത് അത്രയും ഭൂമികൾ തരിശായി കിടക്കുന്ന ഒരു അവസ്ഥ ഒഴിവാക്കുവാൻ ആവശ്യമായ പ്രവർത്തനം നടത്തണം. അതോടൊപ്പംതന്നെ യുവാക്കൾക്ക് സബ്സിഡി നല്കി ഈ രംഗത്തേക്ക് ആകർഷിക്കുവാൻ വേണ്ട സാഹചര്യം ഉണ്ടാക്കണം. പ്രത്യേകിച്ച് ഒട്ടേറെ യുവാക്കൾ തൊഴിൽരഹിതരായി നില്ക്കുന്ന ഈ സംസ്ഥാനത്ത് അവരെ ഈ കാർഷിക രംഗത്തേക്ക് ആകർഷിക്കുവാൻ ആവശ്യമായ പ്രവർത്തനം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കുളമ്പ് രോഗം, ആട് വസന്ത തുടങ്ങിയ രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഞാൻ എം. എൽ. എ. ആയതുമുതൽ ഇന്നുവരെ പറയുന്നതാണ്, ഒട്ടേറെ നിവേദനങ്ങൾ കൊടുത്തതാണ്, എന്റെ നിയോജകമണ്ഡലത്തിലെ പെരുവൽ-പെരുവണ്ണ ഗ്രാമപഞ്ചായത്തുകൾ നേരത്തെ ഉണ്ടായിരുന്നു. അത് വിഭജിച്ചതാണ്. പെരുവണ്ണ പഞ്ചായത്തിൽ കൃഷിഭവൻ ഇല്ല. അവിടെ കൃഷിഭവൻ അനുവദിക്കാനാവശ്യമായ നടപടിയുണ്ടാകണം. അത് മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. വിജ്ഞാന കേന്ദ്രങ്ങളുടെ കാര്യത്തിൽ ഇവിടെയുള്ളത് മണ്ണുത്തി കാർഷിക സർവ്വകലാശാല മാത്രമാണ്. ആ രംഗത്ത് കൂടുതൽ വിജ്ഞാന കേന്ദ്രങ്ങളുണ്ടാകണം. എന്റെ മണ്ഡലത്തിലെ ചാത്തമംഗലം കോഴിവളർത്തൽ കേന്ദ്രം ഒരുപാട് ഇല്ലായ്മകളും പോരായ്മകളും അനുഭവിക്കുന്നുണ്ട്. അത് നീക്കാനാവശ്യമായ സംവിധാനമുണ്ടാകണം. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി വളരെ ഊർജ്ജസ്വലമായി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവുകയാണ്. അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത് 1999-ൽ കൊടുത്ത ബി. പി. എൽ. കാർഡാണ് ഇവിടെയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആ റേഷൻ കാർഡിൽ അതിന്റെ യഥാർത്ഥ ഗുണഭോക്താക്കളിൽ പലരും അർഹതപ്പെട്ടവരല്ല. അർഹതപ്പെട്ടവർ പുറത്താണ്. അതുകൂടി അങ്ങ് ഗൗരവമായി കാണണം. ഞാൻ ഉൾക്കൊള്ളുന്ന കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിൽ 332 റേഷൻ ഷാപ്പുകളും ഒന്നര ലക്ഷത്തോളം കാർഡുകളുമാണ് ഉള്ളത്. അവിടെ താലൂക്ക് സപ്ലൈ ഓഫീസർ ഇല്ല. മതിയായ ജീവനക്കാരില്ല. അവിടത്തെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നത്. റേഷൻ കടകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1500 ശബരിസ്റ്റോറുകൾ ആരംഭിക്കാൻ പോവുകയാണ്. അതു പോരാ. മുഴുവൻ റേഷൻ കടകളെയും ഈ രൂപത്തിലാക്കണം. എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ കുന്ദമംഗലത്തും കുറ്റിക്കാട്ടൂരും ലാഭം മാർക്കറ്റുകൾ ആരംഭിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ആയിട്ടുണ്ട്. കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. വാടകയുടെ ചെറിയ തർക്കമുണ്ട്. സിറ്റിക്ക് അകത്തും പുറത്തുമുള്ളത് എന്നുള്ള ഒരു ചെറിയ തർക്കം വരുന്നുണ്ട്. ഇത് വിഷുവിന് മുമ്പ് ആരംഭിക്കാൻ, ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഒന്നുകൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, 2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കൃഷിയിൽ XXIX-ാം നമ്പർ ധനാഭ്യർത്ഥന ഭൂജല വകുപ്പിനെ സംബന്ധിച്ചാണ്. അതു സംബന്ധിച്ച് ആരും ഒന്നും പറഞ്ഞുകേട്ടില്ല. കൃഷിക്കാർക്ക് അത്യന്താപേക്ഷിതമായിട്ടുള്ളത് ജലമാണ്. ആ ജലത്തിന്റെ സംരക്ഷണവും വിനിയോഗവും സംബന്ധിച്ച് അറിയേണ്ടവർ അറിയേണ്ടതുപോലെ അറിയാതിരിക്കുകയും അറിയാവുന്നവർ തന്നെ അത് വേണ്ടതുപോലെ നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതിന്റെ ദുഷ്യഫലങ്ങൾ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് കൂടുതൽ വികൃതമാകാതിരിക്കാൻ പ്രൈമറിതലം തൊട്ടുള്ള പിഞ്ചോമനകളിൽ നിന്ന് തുടങ്ങി ജലം എന്ന അമൂല്യ നിധിയെ സംബന്ധിച്ചും അത് സംഭരിച്ച് നിർത്തേണ്ട കാര്യത്തെ സംബന്ധിച്ചും അത്യാവശ്യത്തിന് എടുത്ത് ഉപയോഗിക്കേണ്ട രീതിയെ സംബന്ധിച്ചും വേണ്ടതുപോലെ പഠിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഓരോ ഗവൺമെന്റും തന്നിഷ്ടം പോലെ ആവശ്യത്തിനും അനാവശ്യത്തിനും ഒരുപാട് ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒപ്പം പൂർവ്വികന്മാർ തുടങ്ങിയ തോടുകളും അണകളും വേറെയുമുണ്ട്. അതൊക്കെ അക്ഷരജ്ഞാനമില്ലാത്ത അനുഭവസമ്പന്നർ ഉണ്ടാക്കിയതാണ്. അത് പാഴടിഞ്ഞ് പൊയ്ക്കൊണ്ടിരിക്കുന്നു. അത് വേണ്ടതുപോലെ സംരക്ഷിക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്. ചെറുകിട ജലസേചനത്തിന് മുൻതൂക്കം നൽകേണ്ടത് അത്യാവശ്യമാണ്. ഇന്ന് ചെറുകിട ജലസേചനത്തിലെ ഏറ്റവും വലിയ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചെലവിനം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ വൈദ്യുതി ചാർജ്ജാണ്. വൈദ്യുതി ചാർജ്ജ് ചെറുകിട ജലസേചന പദ്ധതികൾക്ക് മെയിന്റനൻസിനായി ഫണ്ട് കൊടുത്തിരുന്ന ഒരു ഐറ്റത്തിൽ വന്നിരുന്നതല്ല. അത് ഇന്ന് വയ്ക്കുകയും മെയിന്റനൻസ് ഇല്ലാതെ വരികയും അഡീഷണലായി ഒരു ബർഡൻ, ഇലക്ട്രിസിറ്റി ചാർജ്ജ് കൊടുക്കേണ്ടി വരികയും ചെയ്യുന്ന ആ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ലിഫ്റ്റ് ഇറിഗേഷൻ എവിടെയൊക്കെയാണോ, വൈദ്യുതി എവിടെയൊക്കെയാണോ ഉപയോഗിക്കുന്നത് അത് വൈദ്യുതി ബോർഡും ചെറുകിട ജലസേചന വകുപ്പും തമ്മിൽ പിണക്കമില്ലാതെ ഇണങ്ങി കൊടുക്കാൻ തക്കവണ്ണമുള്ള ഏർപ്പാട് ഉണ്ടാകണം. നമ്മളെ സഹായിക്കാനായി വന്ന കമാൻഡ് ഏരിയാ ഡെവല്പ്പമെന്റ് അതോറിറ്റിയും അതിന്റെ പ്രവർത്തനങ്ങളും അറിയേണ്ട കാര്യങ്ങൾ കൃഷിക്കാരെ വേണ്ടതുപോലെ അറിയിക്കാതെ കരാറുകാരുമായി ഉണ്ടാക്കിയ ഒരു അഡ്ജസ്റ്റ്മെന്റിന്റെ പേരിൽ അത് മുൻകാലങ്ങളിൽ നടന്നത് പലതും വികൃതമാണ്. അതിൽ കോൺക്രീറ്റ് വർക്കിനാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. 12 പദ്ധതികളുടെ പണി ഘട്ടം ഘട്ടമായി പൂർത്തിയായിട്ടുണ്ട്. കമാൻഡ് ഏരിയാ ഡെവലപ്പ്മെന്റ് അതോറിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഇന്ന് അനാഥമായി പ്രയോജനമില്ലാതെ കിടക്കുന്നു. മെയിന്റനൻസിന് ഒരു വകുപ്പുമില്ല. അനാഥമായ ആ പ്രവൃത്തികൾക്ക് എങ്ങനെ സംരക്ഷണം കൊടുക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇനി മെയിന്റനൻസ് മാത്രമല്ല, പച്ചിലവളവും ആധുനിക കൃഷി രീതികളും ഇതുമായി ബന്ധപ്പെട്ടതാണ്. ഇതൊക്കെ വേണ്ടതുപോലെ ബോദ്ധ്യപ്പെടുത്തി പ്രയോജനപ്പെടുത്താൻ കഴിയാതെ നിൽക്കുന്നത് കഴിയുന്നത്ര കുറ്റമറ്റ നിലയിലാക്കി കൊണ്ടുവരേണ്ടതുണ്ട്. കർഷക പങ്കാളിത്തത്തോടുകൂടിയ പരിപാടി പി. ഐ. എം. വളരെ നല്ലതാണ്. പക്ഷേ മലമ്പുഴ, നെയ്യാർഡാം പദ്ധതികൾ പൈലറ്റ് സ്കീമായാണ് എടുത്തിട്ടുള്ളത്. കുഴപ്പമില്ല. പക്ഷേ അതിലും കൂടുതൽ പ്രാധാന്യത്തോടുകൂടി എടുക്കേണ്ട ഒന്നാണ് ചിറ്റൂർപുഴ. അതിൽ എൽ.ബി. കനാൽ മീങ്കര-ചുള്ളിയാർ, ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അതിന്റെ കാരണം അറിയാം, ഫ്ളെഡ് വാട്ടർ കൊണ്ടാണ് മീങ്കരയും ചുള്ളിയാറും നിറയ്ക്കേണ്ടത്. ഇന്ന് ഫ്ളെഡ് വാട്ടർ നിറയ്ക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയല്ല എൽ.ബി. കനാൽ നിർമ്മിച്ചിട്ടുള്ളത്. എൽ.ബി. കനാൽ വീതി കൂട്ടിയും ആഴം കൂട്ടിയുമൊക്കെ ചെയ്തെങ്കിലേ മീങ്കര-ചുള്ളിയാർ നിറയ്ക്കാൻ കഴിയൂ. മീങ്കര-ചുള്ളിയാറിന്റെ കനാലുകളുടെ അറ്റകുറ്റപ്പണികൾ വേണ്ടതുപോലെ നടക്കുന്നില്ല. അതിൽ ശ്രദ്ധയുണ്ടാകേണ്ടത് അത്യാവശ്യമാണ്. ജല സ്രോതസ്സുകളുടെ പുനരുദ്ധാരണ കാര്യങ്ങൾ വളരെ ഗൗരവമായെടുക്കണം. 20 ലക്ഷം രൂപയാണ് ഇതിന് വകകൊള്ളിച്ചിട്ടുള്ളത്. അത് മതിയാകുമെന്ന് തോന്നുന്നില്ല. ഈ വക കാര്യങ്ങൾക്ക് മുൻതൂക്കം നൽകി വേണ്ട പ്രവൃത്തികൾ ചെയ്യാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് അഭ്യർത്ഥിക്കുന്നു. മറ്റുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദിപ്പിച്ചത് കൊണ്ടുവന്ന് തിന്നുന്നതിൽ വളരെയേറെ ജാഗ്രതയുള്ളവരാണ് നമ്മൾ. ആ ജനതയ്ക്ക് ഒരു ചെറുതായെങ്കിലുമുള്ള ആശ്വാസത്തിനാണ് സിവിൽ സപ്ലൈസ് ശ്രമിക്കുന്നത്. സിവിൽ സപ്ലൈസ് കരിമ്പിൻ തോട്ടത്തിലെ ആനയായി പലപ്പോഴും വന്നിട്ടുണ്ട്. ആ ആനയെ വരാതെ സൂക്ഷിക്കാനും കരിമ്പിൻ തോട്ടത്തെ വേണ്ടതുപോലെ സംരക്ഷിക്കാനും പ്രിയപ്പെട്ട ശ്രീ. അടൂർ പ്രകാശിന് കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്. അങ്ങ് വളരെ ജാഗ്രതയോടുകൂടി കാര്യങ്ങൾ നോക്കുന്നുണ്ട്. റേഷൻ കടകൾക്ക് വേണ്ടി വളരെ തല്ലാണ്. കമ്മീഷൻ വളരെ കുറവും. അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അപ്പോൾ വെട്ടിപ്പും തട്ടിപ്പും തന്നെ. വെട്ടിപ്പും തട്ടിപ്പും വരാതിരിക്കണമെങ്കിൽ

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എം. ഹസ്സൻ]

അതിൽനിന്ന് മാന്യമായി വരുമാനം ഉണ്ടാകുമെന്ന് ഉറപ്പ് വന്നാലെ നമുക്ക് അവരെ നിയമിക്കാനും അവരെക്കൊണ്ട് നേരെചൊവ്വേ കാര്യങ്ങൾ ചെയ്യിക്കാനും കഴിയൂ. അക്കാര്യം ഇന്നും കുറ്റമറ്റ നിലയിൽ ആയിട്ടില്ല. അവരുടെ വരുമാനവും പെൻഷനും ഒക്കെ മെച്ചപ്പെടേണ്ടതാണ്. ആദിവാസി മേഖലയിലും റേഷൻ കടകളുണ്ട്. അത് ദുർഘടം പിടിച്ച ഒന്നാണ്. പറമ്പിക്കുളത്ത് റേഷൻ കടയിൽ സാധനങ്ങൾ കൊണ്ടുപോകേണ്ടത് തമിഴ്നാട് വഴിയാണ്. പറമ്പിക്കുളത്ത് ഇതല്ലാതെ വേറെയും ഒരുപാട് തടസ്സങ്ങളുണ്ട്. ഇവിടെ റേഷൻകട നടത്തുമ്പോൾ സാധനങ്ങൾ കൊണ്ടുപോകുന്നതിന്റെ ചെലവും സൗകര്യവും എല്ലാം കണ്ടറിഞ്ഞ് ചെയ്തില്ലെങ്കിൽ കൊടുക്കുന്ന സാധനങ്ങൾ ആദിവാസികൾക്ക് കിട്ടുകയില്ല. റേഷൻ കടകളിലൂടെ നൽകുന്ന സാധനങ്ങൾ അവർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ശ്രീ. അടൂർ പ്രകാശ് പ്രത്യേക ശ്രദ്ധയോടെ സുനാമി ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകിയത് അഭിനന്ദനാർഹമായിട്ടുണ്ട്. അങ്ങ് ഇന്നലെ രണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ഒന്ന് Food Research Institute. കേരളത്തിലെ ആളുകൾ അനുകരണത്തിൽ വലിയ പ്രിയരാണല്ലോ. ആരോ എന്തിനോ എങ്ങനേയോ ഉണ്ടാക്കിയ എന്തൊക്കേയോ സാധനങ്ങൾ ഇവിടെ അഭിമാനപൂർവ്വം കൊണ്ടുവന്ന് തിന്നുന്നു. നമുക്ക് വലിയ താൽപ്പര്യവുമാണ്. ആ തിന്നുന്നതിനേക്കാൾ എത്രയോ നല്ല സാധനങ്ങൾ നമ്മുടേതായി നമ്മുടെ പൂർവ്വികൻമാർ ഉണ്ടാക്കിയിട്ടുണ്ട്. ഉണ്ണിയപ്പവും, അരിമുറുക്കും, രാമശ്ശേരി ഇഡ്ഡലിയും, കള്ളപ്പവും, അമ്പലപ്പുഴ പാൽപ്പായസവും, ആലത്തൂർ കായവറുത്തതും തുടങ്ങി നിരവധി ഐറ്റങ്ങൾ. ഇതൊക്കെ വളരെയേറെ പോഷകമൂല്യമുള്ളതും രുചികരവുമാണ്. ഇതിനൊക്കെ വിപണി കണ്ടെത്താനും മാന്യത കൊടുക്കാനും ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് കഴിയും. ഇത്തരം പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. നെല്ല് സംഭരണത്തിന്റെ കോലാഹലങ്ങൾ നമ്മൾ പറയേണ്ടതുണ്ട്, അറിയേണ്ടതുണ്ട്. അതിന് ചെറിയ ഒരു പരിഹാരം ഇന്ന് കണ്ടത് കെ. എഫ്.സി.-യെക്കൊണ്ട് നെല്ല് വാങ്ങിപ്പിക്കുക എന്നതാണ് നല്ലത്. ബഹുമാനപ്പെട്ട സിവിൽ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ഒന്ന് ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നെല്ല് പാടശേഖര സമിതികളും സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും സംഭരിച്ചോട്ടെ. ഈ നെല്ല് നമ്മൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ കൈയിൽ മാറുകയല്ലാതെ പാടശേഖര സമിതിക്കും സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനും പ്രോസസ്സിംഗ് യൂണിറ്റ് ഇല്ലാത്തിടത്തോളം കാലം മറ്റ് കുത്തക മുതലാളിമാർക്ക് നെല്ല് കൈകാര്യം ചെയ്യാൻ വിട്ടുകൊടുത്ത് അവരിൽനിന്ന് അരി വാങ്ങി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യക്ക് കൊടുക്കുക എന്നത് വലിയ തട്ടിപ്പിന് ഇടയാക്കും. അതുകൊണ്ട് കുറ്റമറ്റ നിലയിൽ നെല്ലുൽപ്പാദകർക്ക് വില കിട്ടുന്നതിന് സഹായകമായിട്ടുള്ള ഒന്നാവണം ആ രംഗം. ഇത് വളരെയേറെ ആലോചിക്കണം. അങ്ങയുടെ മുൻഗാമിയായ ശ്രീ. ചന്ദ്രശേഖരൻ നായർ ഇത് പണ്ട് നടപ്പിലാക്കിയതിന്റെ വളരെയേറെ യാതനയിലും വേദനയിലും നിന്നും ഒരു പാഠം നമ്മൾ പഠിക്കണം. ഇത് മെച്ചപ്പെട്ട നിലയിലാക്കി കർഷകർക്ക് സഹായമെത്തിക്കാൻ ഇനി മൃഗസംരക്ഷണ കാര്യങ്ങളിൽ നമുക്ക് നിർത്താൻ വയ്യാത്ത കുറേ പദ്ധതികളുണ്ട്. ആ നിർത്താൻ വയ്യാത്ത പദ്ധതികൾ മൃഗ സംരക്ഷണത്തിന്റെ പേരിൽ ബാധ്യതയായി ഇന്ന് നിൽക്കുകയാണ്. ഇത് ബാധ്യതയില്ലാതെ മാതൃകയാക്കി മാറ്റുന്നതിന് എന്ത് ചെയ്യാൻ കഴിയും എന്ന് ശ്രീമതി ഗൗരിയമ്മ ആലോചിക്കണം. ശ്രീമതി ഗൗരിയമ്മ ധീരയാണ് ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്നവരാണ്. അവരുടെ മാർഗ്ഗവും ശുദ്ധമാണ്. പക്ഷേ ആ ധീരയാം വനിതയെക്കൊണ്ട് പലതും ചെയ്യിക്കുകയും അതിന്റെ ഗുണഫലം എടുത്ത വരൊക്കെയും നിന്ദിച്ച് പറയുന്ന ഏർപ്പാട് ഇന്നും ഇവിടെ കേൾക്കുന്നു. ഇന്നലേയും ഇവിടെ മുഴങ്ങി കേട്ടതാണ്. ഇന്ന് മലയോര പ്രദേശങ്ങളിൽ ആട് വളർത്തലും നാട്ടിൻപുറങ്ങളിൽ കോഴി വളർത്തലും അങ്ങുമിങ്ങും കുളങ്ങളിൽ മൽസ്യം വളർത്തലിനുമൊക്കെ സാധ്യതയുണ്ട്. നമ്മുടെ ഗ്രാമീണ ജീവിതം സാമ്പത്തിക ക്രമക്കേടുകൊണ്ട് താളം തെറ്റി കുത്തിഒഴുകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിപത്ത് കണ്ടറിഞ്ഞു. ഇനി അതിൽനിന്ന് രക്ഷ പ്രാപിക്കാൻ എന്ത് ചെയ്യാൻ കഴിയും? ഈ കാലാവസ്ഥയിൽ മൃഗസംരക്ഷണത്തിന് വളരെയേറെ സ്കോപ്പുണ്ട്. നാട്ടിൻപുറങ്ങളിൽ ആട് വളർത്താൻ പറ്റുന്ന ഇടങ്ങളിൽ ആട് കൊടുക്കണം. അല്ലാതെ പട്ടണങ്ങളിൽ ആട് കൊടുത്താൽ അത് വളരുകയില്ല, മറ്റ് പലതിനും അത് ഇടയാക്കുകയും ചെയ്യും. അതുപോലെ മുട്ടയും ഇറച്ചിയും കഴിക്കുന്ന കുടുംബങ്ങളിൽ വെയ്സ്റ്റ് വളരെ തലവേദനയല്ലേ; കോഴിവളർത്തൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒന്നാണ്. പക്ഷേ അത് കിട്ടേണ്ടിടത്ത് കൊടുക്കണം. അല്ലാതെ വെറുതെ വിതരണം നടത്തി കടലാസ്സിൽ കോഴി വളർത്തിയതുകൊണ്ട് കാര്യമില്ല. അത് വീട്ടിൽ വളർത്താൻ കഴിയണം. അതിനു വേണ്ടത് ചെയ്യണം. ഇനി ക്ഷീരകർഷകരുടെ കാര്യമാണ്. അഭിമാനകരമായി ഗ്രാമീണ സ്ത്രീകളിൽ, പെണ്ണുങ്ങളിൽ വേരോടിയ കാര്യമാണിത്. ഇത് ലേഡീസിന്റെ അല്ലെങ്കിൽ മകളുടെ കാര്യമല്ല. ഇത് പെണ്ണുങ്ങളുടെ കാര്യമാണ്. അവർ പശുക്കളെ വളർത്തി, അവരാണ് പാല് സൊസൈറ്റികളിൽ എത്തിക്കുന്നത്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാശുകൊണ്ടാണ് കുടുംബം പോറ്റുന്നത്. അവരുടെ കാര്യത്തിൽ ജാഗ്രത വേണം. ശ്രീമതി ഗൗരിയമ്മ പാലിന് വില പോരെന്ന് ദുഃഖിക്കുന്നുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ട് അൽപ്പംകൂടി വില കൂട്ടിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. കച്ചവടക്കണ്ണുകളുള്ള കുറേ ആളുകൾ ബോർഡറിൽനിന്ന് പാല് ഇങ്ങോട്ട് കൊണ്ടുവരികയും അത് ഇല്ലാത്ത ആളുകളുടെ പേരിൽ അല്ലെങ്കിൽ ഉള്ള ആളുകളുടെ പേരിൽ വിതരണം ചെയ്യുകയും ചെയ്യുന്ന ക്രൂരമായ വിനോദം ഇന്നും നടക്കുന്നുണ്ട്. അവരൊക്കെ മിടുക്കൻമാരാണ്. എല്ലാവരേയും പിടിക്കാൻ കഴിവുള്ളവരാണ്. ഇവരുടെ വലയിൽപ്പെട്ടാൽ യഥാർത്ഥ പാലുൽപ്പാദകർക്ക് സംഘങ്ങളിൽ പാല് കൊടുക്കാനോ നിലനിൽക്കാനോ കഴിയാത്ത ദുരവസ്ഥ വരും. അത് ജാഗ്രതയോടെ കാണണമെയെന്ന് അഭ്യർത്ഥിക്കുന്നു. കവറിനകത്ത് പാലിന്റെ ഗുണമേന്മയെ സംബന്ധിച്ച് അറിയാൻ അമ്മമാർക്കുപോലും താൽപ്പര്യം ഇല്ല. കവറിന്റെ മഹിമയാണ്, അതിന്റെ സൗന്ദര്യമാണ് ഇന്ന് പലരേയും ആകർഷിക്കുന്നത്. അയൽപക്കത്തെ പാവപ്പെട്ടവൻ പശുവളർത്തി പാല് കൊണ്ടുപോയാൽ അവനെ പുച്ഛിക്കും. പക്ഷെ പായ്ക്കറ്റിൽ കൊടുത്താൽ അത് വാങ്ങിക്കുകയും ചെയ്യും. ആ സ്ഥിതിക്ക് മാറ്റമുണ്ടാകണം. തൃതല പഞ്ചായത്തുകൾ വഴി ക്ഷീര കർഷകർക്ക് ആനുകൂല്യം ലഭിക്കണമെങ്കിൽ ഇന്ന് ബി. പി. എൽ. കാർഡിന്റെ ഉടമകൾ ആകണമെന്നുള്ള നിർബന്ധമുള്ളതായി തോന്നുന്നു. അത് മറ്റ് പല ആനുകൂല്യങ്ങളും കിട്ടുന്നതിന് ആവശ്യമില്ല. ക്ഷീരകർഷകരായി വരുന്നവർ ബി. പി. എൽ. കാർഡുള്ളവർ ആകാൻ ഇടയില്ല. നമ്മുടെയവിടെത്തന്നെ ബി. പി. എൽ കാർഡ് കൊടുത്തതിൽ വളരെയേറെ അപാകതയുണ്ട്. അതുകൊണ്ട് ബി. പി. എൽ കാർഡില്ലാത്തവർക്കും ത്രിതല പഞ്ചായത്തുകൾ വഴി ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇനിയും നമ്മുടെ നെൽകൃഷിയെക്കുറിച്ച് നിരവധി കാര്യങ്ങളുണ്ട്. അതിലേക്ക് എവിടെപ്പോയാലും എങ്ങും എത്തില്ലെന്ന് എനിക്കറിയാം. പക്ഷെ സത്യം സത്യമായി കാണേണ്ടേ? നമ്മൾ വസ്തുതകൾ വസ്തുതകളായി പറയേണ്ടേ? നമ്മൾ ഉത്തരവാദിത്വം ഉള്ളവരല്ലേ? ആ ഉത്തരവാദിത്വം നിർവ്വഹിക്കാതെ നിങ്ങൾക്ക് ഇനിയും മുന്നോട്ട് പോകാൻ കഴിയുമോ? നമ്മുടെ ഇടയ്ക്ക് വളരെയേറെ പ്രയാസങ്ങളുണ്ട്. ഇവയെക്കുറിച്ച് ചിന്തിക്കാൻ കണ്ടിട്ടും കൊണ്ടിട്ടും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെ ഞങ്ങളുടെ കുറേ ആളുകളുടെ സമയം പോകുന്നുണ്ട്. എന്തായാലും ഇതിന് ഒരു മാറ്റമുണ്ടാകുന്ന ലക്ഷണമാണ് കാണുന്നത്. ഞങ്ങളുടെ കെ. പി. സി. സി. പ്രസിഡന്റ് ശാന്തനാണ്. ആത്മാർത്ഥതയുള്ളവനാണ്, നിറകുടമാണ്, തുളുമ്പില്ല. ഈ നിറകുടം പയ്യെ തിന്നാൽ മുള്ളും തിന്നും എന്ന നിലയിൽ ഞങ്ങൾക്കൊക്കെ നേതൃത്വം നൽകി കോൺഗ്രസ്സുകാരെ രക്ഷിക്കാൻ തക്കവണ്ണമുള്ള ചിട്ടയോടെ എ.ഐ.സി.സി.-യുടെ അനുമതിയോടെ കാര്യങ്ങൾ നീക്കുകയാണ്. ഞങ്ങളിൽ എന്തോ തെറ്റിദ്ധാരണയുണ്ട്. മുകളിൽ ഞങ്ങൾ വല്ലാതെ കല്ലെറിയുകയാണ്. ഇന്ന് കേരളത്തിലെ സ്ഥിതിയെന്താണ്? 2003-04-ലെ കണക്കനുസരിച്ച് ഭൂമിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെയുള്ള തരിശ്ശും ഇപ്പോഴുള്ള തരിശ്ശും ഉപയോഗശൂന്യമായ ഭൂമിയും ഉൾപ്പെടെ 5.78 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷിയില്ല. എന്തുകൊണ്ട്? കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് കൃഷിഭൂമിയില്ല. കൃഷി ചെയ്യാൻ താൽപ്പര്യമില്ലാത്തവന് കൃഷിഭൂമിയുണ്ട്. ഈ സ്ഥിതിക്ക് മാറ്റം വരാത്തിടത്തോളം കാലം നമുക്ക് കൃഷി ലാഭകരമായില്ലെങ്കിൽ നഷ്ടത്തിൽ നടത്താൻ കഴിയുമോ? ഇത് വസ്തുതയാണ്. ഈ വസ്തുത മനസ്സിലാക്കാൻ കഴിയണം. ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ് കൃഷിക്കാരനാണ്. കെ. എ. ചന്ദ്രൻ കൃഷിക്കാരനാണ്. ഇവിടെ പലരും കൃഷിക്കാരാണ്. കൃഷിയുമായിട്ട് എന്താ ബന്ധം? അതേയവസരത്തിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യാൻ താൽപ്പര്യമുള്ള ആളുകളുടെ കൈയിൽ കൃഷിഭൂമിയും ഇല്ല. തോട്ടം മേഖലയിലാണെങ്കിൽ അത് ഫാക്ടറി ടൈപ്പിൽ പോകുന്നു. ലാഭ നഷ്ടത്തിനതീതമായി പച്ച വയ്ക്കുകയും വാടുകയും കരിയുകയും ഒക്കെ ചെയ്യുന്നു. ഈ കർഷകൻ ആര് എന്നതിനെ സംബന്ധിച്ച് ഒരു ഡെഫനിഷൻ ഇനി വേണം. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഇന്ന് എന്തുമാത്രം ഏരിയ ഉണ്ടെങ്കിലാണ് ഒരു കുടുംബത്തിന് നഷ്ടം കൂടാതെ ഉപജീവനത്തിന് സാധിക്കുക എന്ന കാര്യത്തെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടതായുണ്ട്. നാളികേര കൃഷിയെ സംബന്ധിച്ചാണെങ്കിൽ ബഹുമാനപ്പെട്ട ഗൗരിയമ്മ വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നാളികേര ടെക്നോളജി മിഷൻ നാളിതുവരെ സംസ്ഥാനത്ത് 40 പദ്ധതികൾക്ക് അംഗീകാരം നൽകി. മൊത്തം അടങ്കൽ തുക 5696 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്കാകെ 1366 ലക്ഷം ഉറുപ്പിക അനുവദിക്കുകയും 784 ലക്ഷം ഉറുപ്പിക വിതരണം ചെയ്യുകയും ചെയ്തു. ഇത് ഒരു ചെറിയ കാര്യമേയല്ല. ഇനി വിലയില്ലാത്ത നിരവധി ഉൽപ്പന്നങ്ങളുണ്ട്. ആ ഉൽപ്പന്നങ്ങൾ ഇന്ന് മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ച് ഉൽപ്പാദന ചെലവ് നമുക്ക് കുറയ്ക്കാൻ സാധിക്കില്ല. വളരെ കുറച്ച് ചിട്ടവട്ടത്തിനനുസരിച്ച് കുറയ്ക്കാൻ കഴിയും. തമിഴ്നാട്ടിലേതുപോലെ പത്ത് പന്ത്രണ്ട് മണിക്കൂർ രാപകലില്ലാതെ അധ്വാനിക്കുന്ന തൊഴിലാളികൾ കേരളത്തിൽ ഉണ്ടാകണമെന്നാണോ നാം ആഗ്രഹിക്കുന്നത്. അതോ രാജസ്ഥാനിലേതുപോലെ പൊരിവെയിലിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇവിടെയും ഉണ്ടാകണമെന്നാണോ നാം ആഗ്രഹിക്കുന്നത്? ആന്ധ്രയിലേതുപോലെയുള്ള തൊഴിലാളികൾ ഉണ്ടാകണമെന്നാണോ നമ്മൾ ആഗ്രഹിക്കുന്നത്? ഇത് കർഷകരോടൊപ്പം പങ്കാളിയായ മാന്യമായ തൊഴിൽ ചെയ്ത് മാന്യമായ വരുമാനം ഉണ്ടാക്കുന്ന തൊഴിലാളികളെക്കുറിച്ചാണ് നമ്മൾ സങ്കൽപ്പിക്കുന്നത്. നമ്മൾ പണിയെടുക്കാത്തിടത്തോളം പാർട്ണർ ആയ തൊഴിലാളിയെക്കൊണ്ട് പണിയെടുക്കാൻ പറയുന്ന ആളുകൾ വീരൻമാർ തന്നെയാണ്. ആത്മാർത്ഥത ഇല്ലാത്തവർ. തനിക്ക് 300 രൂപ ദിവസക്കൂലി. മറ്റവന് 30 ഉറുപ്പിക എന്നിട്ട് അത് കൂടുതലാണ്. പഴയതു പോലെ അവൻ വരുന്നില്ല ഈ രോദനം ശരിയല്ല. നെല്ല് സംഭരണത്തെകുറിച്ച് ഘോരഘോരം പലരും പറയുന്നത് കേട്ടു. അതിന്റെ സത്യാവസ്ഥ എന്താണ്. ആരാണ് നെല്ല് സംഭരിക്കേണ്ടത്? നെല്ല് സംഭരിക്കേണ്ടത് സർവ്വീസ് കോ-ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക്സ്, പാടശേഖര സമിതികൾ എന്നിവരാണ്. പാലക്കാട് 90 സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുണ്ട്. അതിൽ 50%-ൽ കൂടുതൽ മാർക്സിസ്റ്റ് പാർട്ടിക്ക് നേതൃത്വമുള്ള ആളുകളുടെ കൈവശമാണ്. അതിൽ എത്ര സംഘങ്ങളാണ് ഈ നെല്ല് സംഭരണവുമായി ആത്മാർത്ഥമായി പങ്കെടുത്തത്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അച്ചുതാനന്ദനെ എനിക്ക് വ്യക്തി എന്നുള്ള നിലയിൽ സ്നേഹമാണ് പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ബഹുമാനവും ആദരവുമുണ്ട്. പ്രിയമുള്ള പ്രതിപക്ഷ നേതാവേ, ഈ സത്യം നോക്കുക. ഏറ്റവും കൂടുതൽ നെല്ല് സംഭരിക്കാൻ കഴിയുന്നത് പാഡികോക്കാണ് അതിന്റെ നേതൃത്വം അങ്ങയുടെ പാർട്ടിക്കാർക്ക് അല്ലേ. അങ്ങ് ആന്ധ്രായിൽ നിന്ന് നെല്ല് കൊണ്ടുവന്ന് കച്ചവടം ചെയ്യുകയല്ലേ. ഇത് ആരെ പറ്റിക്കാനാണ്? സത്യവുമായി ബന്ധമില്ലാതെ പുകപടലം ഉണ്ടാക്കരുത്. നെല്ല് സംഭരണ വഴിയിൽ ഇനി ഒരു പൈസപോലും ചെലവാക്കാനില്ല. ഇന്നലെയെക്കുറിച്ച് അറിഞ്ഞിട്ടല്ലേ ഇന്നിനെ താരതമ്യപ്പെടുത്തേണ്ടത്. ഇന്നലത്തെ അവസ്ഥ എന്തായിരുന്നു. 1996-97-ൽ പാലക്കാട് ജില്ലയിൽ 21,75,000 ഉറുപ്പിക ഹാന്റിലിംഗ് ചാർജ്ജ് കുറയ്ക്കുകയും 29,22,022 ഉറുപ്പിക് ബാക്കി വയ്ക്കുകയും ചെയ്തു. ഇതൊക്കെ വസ്തുതകളാണ്. രേഖകളിൽ അതിന്റെ കണക്കുണ്ട്. 1997-98-ൽ 4,55,193 ഉറുപ്പിക ഹാന്റിലിംഗ് ചാർജ്ജായി കൊടുക്കുകയും 43 ലക്ഷത്തിൽ ശിഷ്ടം രൂപ ബാക്കി വയ്ക്കുകയും ചെയ്തു. തൊട്ടടുത്ത വർഷം 30,47,000 ഉറുപ്പിക കൊടുക്കുകയും 21 ലക്ഷം രൂപ ബാക്കി വയ്ക്കുകയും ചെയ്തു. അങ്ങനെ തുച്ഛമായ സംഖ്യ കൊടുക്കുകയും ബഹുഭൂരിപക്ഷം ബാക്കി വയ്ക്കുകയും ചെയ്തിടത്തുനിന്നാണ് ശ്രീമതി ഗൗരിയമ്മ ഹാന്റിലിംഗ് ചാർജ്ജ് കൊടുക്കാൻ തുടങ്ങിയത്. ഈ വർഷം പാലക്കാട് മാത്രം 6,42,48,444 രൂപ ഹാന്റിലിംഗ് ചാർജ്ജ് കൊടുത്തിട്ടുണ്ട്. ഒന്നാം വിളയിൽ 64,24,649 ഉറുപ്പിക കൊടുത്തു. സംഭരണത്തിന്റെ വ്യത്യാസം 40 പൈസ വച്ച് കിലോക്ക് 72 ലക്ഷവും കൊടുത്തു. ഇനി അതിൽ ഒരു പൈസപോലും ബാക്കിയില്ല. പ്രിയപ്പെട്ട ഗൗരിയമ്മേ, കഴിഞ്ഞ വർഷം വരൾച്ച വന്നു. അപ്പോൾ കേന്ദ്രഗവൺമെന്റിൽ നിന്ന് ചെറിയ ഒരാശ്വാസം കിട്ടി. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നോംസ് അനുസരിച്ച് per hectare-ന് 1500 രൂപ നഷ്ടപരിഹാരം കൊടുക്കേണ്ടിടത്ത് ഗൗരിയമ്മ 3,000 ഉറുപ്പിക വച്ച് കൊടുത്തത് ഒരു ആശ്വാസമാണ്. പക്ഷേ ഇനിയും ചില ആളുകൾക്ക് അതിൽ ബാക്കി കൊടുക്കാനുണ്ട്.

<u>മി. ചെയർമാൻ</u>: ശ്രീ. എ. കെ. ബാലൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ട്.

2/676/2012—38a.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : 307 expunging of words from debates. ബഹുമാനപ്പെട്ട ചന്ദ്രൻ പറഞ്ഞ കാര്യം, പാലക്കാട് ജില്ലയിൽ പാഡികോ കേരളത്തിൽ നിന്ന് പുറത്തുവരുന്ന നെല്ല് സംഭരിക്കുന്നു എന്നാണ്. ഒരു കിലോ നെല്ല് സംഭരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അത് തെളിയിക്കാൻ കഴിഞ്ഞാൽ ഞാൻ എം. എൽ. എ. സ്ഥാനം രാജിവയ്ക്കാം.....(ബഹളം).......ഒരു കിലോ നെല്ല് സംഭരിച്ചിട്ടില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : രാജിവയ്ക്കാൻ തക്ക ഒരു അപവാദവും പറഞ്ഞിട്ടില്ല. പാഡികോ നെൽകൃഷിക്കുവേണ്ടി ഉണ്ടാക്കിയതാണ്. പാലക്കാടൻ നെല്ല് അല്ല അവിടെ സംഭരിക്കുന്നതും പ്രൊക്യൂർ ചെയ്യുന്നതും. ചെറുതെങ്കിലും കൃഷിക്കാർക്ക് ആശ്വാസമേകാൻ ആത്മാർത്ഥതയോടെ ചിന്തിച്ച് പ്രവർത്തിച്ച ധീരയാം വനിതയാണ് ഗൗരിയമ്മ, അവർ അത്രയും ചെയ്തിട്ട് അവരുടെ കരങ്ങൾ തല്ലി തകർക്കാൻ ശ്രമിക്കുന്നത് നീചമാണ്, ക്രൂരമാണ് അതു ചെയ്യരുത്. അതുപോലെ സ്ത്രീകൾക്ക് ചെറുതെങ്കിലും ആശ്വാസം പകരാൻ ചെറുതും വലുതുമായ നിരവധി പദ്ധതികൾക്ക് ഗൗരിയമ്മ രൂപം നൽകിയിട്ടുണ്ട്. ഇതൊക്കെ വിജയപ്രദമാകുമെങ്കിൽ കേരളത്തിലെ കർഷക ജനതയ്ക്ക് ഒരു പ്രതീക്ഷയുണ്ടാകും. അത് വിജയിക്കും. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. സി. മോയിൻകുട്ടി : സർ, പരിണതപ്രജ്ഞയായ ബഹുമാന്യയായ ഗൗരിയമ്മ കൊണ്ടുവന്ന ധനാഭ്യർത്ഥനകളെയും ഊർജ്ജസ്വലനായ നിഷ്കളങ്കനായ എന്റെ സുഹൃത്ത് ശ്രീ. അടൂർ പ്രകാശ് കൊണ്ടുവന്ന ധനാഭ്യർത്ഥനയേയും ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. കേരളത്തിൽ ഞാൻ ഉൾപ്പെടെയുള്ള കർഷകർ ജനസംഖ്യയുടെ ഏറെക്കുറെ 75% ആണ്. ഗുരുതരമായ ഒട്ടേറെ പ്രതിസന്ധികളിലൂടെ അവർ ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ആഗോള വത്കരണത്തിന്റേയും ഉദാരവത്കരണത്തിന്റേയും ദുരിതങ്ങൾ ഒരുഭാഗത്തും അതോടൊപ്പം കാർഷികമേഖലയിലെ ഉൽപ്പാദനക്കുറവ്, വിലത്തകർച്ച, മുമ്പ് ഒരിക്കലും ഇല്ലാത്തവിധത്തിലുള്ള വിവിധ രോഗങ്ങൾ എന്നിവയെല്ലാം മറുഭാഗത്തും. ഇതൊക്കെകൂടി കർഷകന്റെ നട്ടെല്ല് ഒടിക്കുന്നു, നടുവ് ഒടിക്കുന്നു. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് കേന്ദ്ര നയങ്ങളേയും ലോക വ്യാപാരനയങ്ങളേയും വിമർശിച്ചു കഴിഞ്ഞ സാഹചര്യമാണ് ഉണ്ടായത്. വ്യക്തമായ കാർഷിക നയം പോലും അവർക്ക് ഉണ്ടായിരുന്നില്ല. ഇന്ന് സ്ഥിതി എന്താണ്? ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന എല്ലാകാര്യങ്ങളും സാമ്പത്തിക ദുരിതങ്ങൾക്കിടയിലും ഈ ഗവൺമെന്റ് നിർവഹിച്ചു വരികയാണ്. കാർഷിക വായ്പയുടെ പലിശയുടെ കാര്യത്തിലായാലും, അതിന്റെ സാങ്കേതികത്വത്തിന്റെ നൂലാമാലകൾ കുറയ്ക്കുന്ന കാര്യത്തിലായാലും, കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിലായാലും, റിക്കവറി നടപടികളിൽ പരമാവധി ആശ്വാസം പകരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിലായാലും, ഒട്ടേറെ സൗകര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തത്. ഈ ഗവൺമെന്റ് അതിന് പ്രതിജ്ഞാബദ്ധമാണ്. ഒരു കർഷകന്റെ യഥാർത്ഥ ചൂടുംചൂരും നെഞ്ചിലേറ്റിയ ബഹുമാന്യയായ ഗൗരിയമ്മയെ സംബന്ധിച്ചിടത്തോളം അപ്പുറത്തുള്ളവർക്ക് സംശയത്തിന്റെ ഒരു കാര്യവുമില്ല. ഇത്രയേറെ കഠിനാദ്ധ്വാനം ഈ പ്രായത്തിലും അവർ നിർവഹിക്കുന്നു. ഉദാരമായ വായ്പ അനുവദിച്ചതു കൊണ്ടുമാത്രം കർഷകരുടെ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. കാർഷികോല്പന്നങ്ങൾ ന്യായമായ വിലകൾ ലഭ്യമാക്കണം. അതാണ് പരമപ്രധാനമായത്. കർഷകന്റെ ആത്മഹത്യ, ജീവിതനൈരാശ്യം ഇതൊന്നും രാഷ്ട്രീയം കളിക്കാൻ പറ്റുന്ന കാര്യങ്ങളല്ല. അതുകൊണ്ടു തന്നെ ഇതിനൊക്കെ രാഷ്ട്രീയത്തിനതീതമായി ചർച്ച ഉയർന്നു വരണം. വിത്തു മുതൽ വിപണി വരെ നീണ്ടു കിടക്കുന്ന നിരവധി കടമ്പകൾ ഈ രംഗത്ത് കർഷകർക്ക് അഭിമുഖീകരിക്കേണ്ടതായുണ്ട്. അതുകൊണ്ട് ഈ രംഗത്തെങ്കിലും 75% വരുന്ന ഇടത്തരക്കാരും പാവപ്പെട്ടവരുമായ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അതിന് പ്രായോഗികമായ പരിഹാരം കാണുന്നതിനും ആവശ്യമായ കൂട്ടായ ചർച്ച നെഞ്ചേത്ത് കൈവച്ചുകൊണ്ട് നടത്താൻ ഭരണ-പ്രതിപക്ഷ കക്ഷികളിൽ ഉള്ളവർക്ക് സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാമമാത്രമായ കർഷകരുടെ ക്ഷേമത്തിനായി ഒട്ടേറെ പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ്, കുരുമുളക്, അടയ്ക്ക, പച്ചക്കറി തുടങ്ങി കർഷകരുടെ വിളകൾ ഇതിൽ ഏറ്റവും പ്രധാനമാണ്. നെൽവിള കൾക്ക് നാശമുണ്ടായപ്പോൾ ഹെക്ടർ ഒന്നിന് 1500 രൂപ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. അതുപോലെ വരൾച്ചമൂലം കൃഷി നശിച്ച കർഷകന് കുമ്മായവും വിത്തും സൗജന്യമായി നൽകാൻ ഈ ഗവൺമെന്റ് തയ്യാറായി.

ഭൂപരിധി നിശ്ചയിക്കാതെതന്നെ വൈദ്യുതിയുടെ ചാർജ്ജ് ഇളവ് ചെയ്യാൻ ഈ ഗവണ്മെന്റ് തയ്യാറായി. നെല്ല് സംഭരണ കാര്യത്തിൽ ഒട്ടേറെ വിവാദങ്ങൾ ഈ നിയമസഭാമന്ദിരത്തിൽ കേട്ടിട്ടുള്ളതാണ്. എന്തിന് ഇതിനകത്ത് രാഷ്ട്രീയം കളിക്കണം. രോഗാതുരയായി ഇവിടെ വന്നിട്ടുള്ള ശ്രീമതി മേഴ്സി രവി വളരെ വിശദമായി വളരെ വേദനയോടെ ആ വസ്തുത ഒരിക്കൽ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് ഞാനോർക്കുകയാണ്. ഇപ്പോൾ സി. പി. ഐ. (എം) ഭരിക്കുന്ന സൊസൈറ്റികൾ നെല്ലെടുക്കുന്നില്ല. സാങ്കേതികമായി ഓരോ കാരണങ്ങൾ പറഞ്ഞുകൊണ്ട് കർഷകരെ രാഷ്ട്രീയമായി ചേരിതിരിക്കുന്നതിനും ഗവണ്മെന്റിനെതിരായി മാറ്റുന്നതിനും കർഷകരെ തെറ്റിദ്ധരിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആ രംഗത്ത് നടത്തുന്നത്. കർഷകന് യാഥാർത്ഥ്യമായിട്ടുള്ള കാര്യങ്ങൾ, ഗവണ്മെന്റിന്റെ നയങ്ങൾ ബോധ്യപ്പെടുത്തുവാനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണം എന്നാണെനിക്ക് പറയാനുള്ളത്. അടയ്ക്കാ കർഷകരെ സംബന്ധിച്ചിടത്തോളം 'കാംപ്കോ' എന്നു പറയുന്ന മംഗലാപുരം ആസ്ഥാനമായുള്ള സ്ഥാപനം വഴി അടയ്ക്കാ സംഭരണം നടക്കുകയാണ്. സീസണിൽ ഇതിനാവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. ഇടത്തരക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ചൂഷണത്തിൽ നിന്ന് അവരെ മുക്തമാക്കുന്നതിനു വേണ്ടിയുള്ള സംവിധാനമാണ് ഇതെങ്കിൽ തന്നെയും സീസണിൽ കാശ് കൊടുക്കുന്നില്ല. അതുപോലെത്തന്നെ മാർച്ച് 30 വരെയാണ് ഈ അടയ്ക്കാ സംഭരണത്തിനുള്ള കാലാവധി നിശ്ചയിച്ചിരിക്കുന്നത്. അത് ജൂൺ 30 ആക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. അതോടൊപ്പം തന്നെ ഇടത്തരക്കാരിൽനിന്ന് കർഷകരെ രക്ഷിക്കുന്നതിനുള്ള ആവശ്യമായ സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിനും അത് സാധാരണ കർഷകന് കിട്ടി എന്ന് ബോധ്യം വരുത്തുന്നതിനും ഗവൺമെന്റിന്റെ ഇടപെടലുകൾ ആ കാര്യത്തിൽ ഉണ്ടാകണം. കുരുമുളക് സംഭരണത്തിലും ഫലപ്രദമായ ഇടപെടലുകളുണ്ടാകണം. നമ്മുടെ കേരളത്തിന്റെ തനിമയും പ്രതാപവുമാണ് കുരുമുളക്. പരിപൂർണ്ണമായും ദ്രുതവാട്ടം കാരണം അത് നശിച്ചുകൊണ്ടിരിക്കുകയാണ്. അത് പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടികളുണ്ടാകണം. വിവര സാങ്കേതിക വിദ്യയുടെ, ജൈവ സാങ്കേതികവിദ്യയുടെ അനന്തമായിട്ടുള്ള മേഖലകൾ കർഷകർക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് പരിശോധിക്കണം. ഉൽപ്പാദനക്ഷമത കൂട്ടുന്നതിനുവേണ്ടിയും പ്രതിസന്ധികൾ ഓരോന്നും പരിഹരിക്കുന്നതിനുവേണ്ടിയും ഈ സാദ്ധ്യത പ്രയോജനപ്പെടുത്താൻ സാധിക്കണം. തെങ്ങിന്റെ കാറ്റുവീഴ്ച, അതുപോലെ മണ്ഡരി രോഗം, കവുങ്ങിന്റെ മഹാളി രോഗം, നെല്ലിന്റെ കുമ്പുചീയൽ, അടയ്ക്കയുടെ മഹാരോഗങ്ങൾ ഇതൊക്കെ ഗൗരവതരമായി കാണണം. ഇക്കാര്യത്തിലൊക്കെ നമ്മുടെ കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം പ്രയോജനപ്രദമല്ലെന്നുള്ളത് എല്ലായിടത്തുനിന്നുമുള്ള അഭിപ്രായമാണ്. വളരെയേറെ കോടികൾ വാരിവലിച്ച് ചെലവഴിച്ചിട്ടും ഇന്നും ഇത്തരം രോഗങ്ങൾക്ക് ഞാൻ ഉൾപ്പെടെയുള്ള കർഷകർ പാരമ്പര്യമായ ചില ചികിൽസാരീതികളാണ് ഉപയോഗപ്പെടുത്തുന്നത്. ഈ രംഗത്ത് മാറ്റങ്ങൾ ഉണ്ടായെങ്കിലും കാർഷികമേഖലക്ക് ഈ രംഗത്ത് വേണ്ടതു പോലെ ഗവേഷണം ത്വരിതപ്പെടുത്തുന്നതിനും ഈ രാജ്യത്തെ കർഷകർക്ക് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചിട്ടില്ല എന്നത് ഇന്നൊരു വസ്തുതയായി നിലനിൽക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ആ കാര്യത്തെ ഗൗരവമായി കാണണം. രോഗങ്ങൾ വന്നിട്ടുള്ള തെങ്ങുകൾ വെട്ടി മാറ്റുന്ന കാര്യത്തിലായാലും അതിന് മരുന്നുതളിക്കുന്ന കാര്യത്തിലായാലും ഇന്ന് ലഭ്യമാകുന്ന തുക വളരെ പരിമിതമാണ്. അതുകൊണ്ട് തന്നെ കൃഷി ഫാമിംഗ് സംവിധാനത്തിലൂടെ അതുപോലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കൂട്ടായ്മ ഉറപ്പുവരുത്തിക്കൊണ്ട് ഈ രംഗത്ത് ആവശ്യമായ മരുന്നുതളിക്കുന്നതിനും അതുപോലെ കാർഷികരംഗത്തെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനുവേണ്ടിയുള്ള ഉറപ്പുവരുത്താൻ ഗവൺമെന്റിന് സാധിക്കണം. കാർഷിക മേഖലയ്ക്ക് നൽകുന്ന മോറട്ടോറിയത്തിന്റെ കാലാവധി പുതിയ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിക്കൊണ്ട് നീട്ടിക്കൊടുക്കാൻ പരമാവധി ശ്രമിക്കണം. തീർച്ചയായും കേരളത്തിന്റേതായിട്ടുള്ള കശുമാവ്, കുരുമുളക് റീ-പ്ലാന്റേഷൻ പദ്ധതിക്ക് പ്രായോഗികമായിട്ടുള്ള പ്രോജക്ട് തയ്യാറാക്കി കേന്ദ്രസഹായം പരമാവധി ലഭ്യമാക്കുന്നതിനുവേണ്ടി, പ്രതിപക്ഷത്തുള്ള എം. പി.-മാരുടെ കഴിവുകൾകൂടി പ്രയോജനപ്പെടുത്തി ഒറ്റക്കെട്ടായി ഒരുമിച്ചുനിന്ന് മുന്നോട്ടുപോകാൻ നടപടി സ്വീകരിക്കണം. ഇന്ത്യാ രാജ്യത്തെ മാതൃകയാണ് നമ്മുടെ പൊതുവിതരണ ശൃംഖല. ഈ രംഗത്ത് പ്രയാസകരമായിട്ടുള്ള ഒട്ടേറെ പ്രതിസന്ധികൾ മുറിച്ചുകടന്നുകൊണ്ട് ബഹുമാന്യനായ, ഊർജ്ജസ്വലനായ മന്ത്രി ശ്രീ. അടൂർ പ്രകാശ് ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കുകയാണ്. നിത്യോപയോഗസാധനങ്ങളുടെ ന്യായവിലയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിലും അദ്ദേഹം നിതാന്ത ജാഗരൂകനാണ്. ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട ആളുകൾ വാസ്തവത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പലതവണ ബോധ്യപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ആണ്. ബന്ധപ്പെട്ട മന്ത്രിമാരും അതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ബി. പി. എൽ. ലിസ്റ്റിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം. പല കാരണങ്ങളാൽ ബി. പി. എൽ. ലിസ്റ്റിൽ നിന്നും ആളുകൾ കൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. അത് ഗൗരവമായി കാണണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച് വളരെ സുതാര്യമായ നടപടിക്രമങ്ങളാണ് മന്ത്രി സ്വീകരിച്ചിട്ടുള്ളത്. ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഏറ്റവും മെച്ചപ്പെട്ട സാധനങ്ങൾ വാങ്ങുന്നതിന് മുൻവിധിയില്ലാതെ നടപടി എടുക്കുന്നതിന് തയ്യാറായ മന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. അതോടൊപ്പം തന്നെ ചില കേന്ദ്രങ്ങളിൽനിന്ന് ചില വിവാദങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് വിശദീകരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇന്ത്യാരാജ്യത്ത് തന്നെ ആദ്യമായി റി-ടെൻഡറിംഗ് ഏർപ്പെടുത്തിയത് നമ്മുടെ മന്ത്രിയാണ്, നമ്മുടെ ഭരണകാലത്താണ് എന്നുള്ളത് തീർച്ചയായും അഭിമാനിക്കാം. റേഷൻ കടകൾ ഒരുകാലത്ത് പാവപ്പെട്ടവരുടെ ആശ്വാസമായിരുന്നു. ഇന്നിവിടെ സാധനങ്ങളില്ല. പല റേഷൻ കടകളും പൂട്ടിപ്പോയിരിക്കുകയാണ്. അവരുടെ സ്വയംതൊഴിൽ കൂടി ഗൗരവത്തോടെ കണ്ടുകൊണ്ട് റേഷൻകടയിൽ അത്യാവശ്യമായ വസ്തുക്കൾ നൽകുന്നതിനും അതുവഴി റേഷൻകടയെ സജീവമാക്കുന്നതിനും ചലനാത്മകമായി നിലനിർത്തുന്നതിനും സപ്ലൈകോയുടെ പലവ്യഞ്ജന സാധനങ്ങൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പരമാവധി വില കുറച്ച് അവർക്ക് നൽകുന്നതിന് വേണ്ട നടപടികളുണ്ടാകണം. കടം വന്ന് റേഷൻകട പൂട്ടുന്നവരെ രക്ഷിക്കുന്നതിനും അതോടൊപ്പം സാധാരണക്കാർക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള സാഹചര്യങ്ങളുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ സത്യത്തിൽ ഫലപ്രദമല്ല എന്ന ആരോപണങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. സാധാരണക്കാരായ കൃഷിക്കാർക്ക് സഹായകരമായ സമീപനം സ്വീകരിക്കുന്ന കാര്യത്തിൽ അങ്ങ് ഇടപെടണം. അതോടൊപ്പം തന്നെ അടയ്ക്ക ഇറക്കുമതി ഒരു കാരണവശാലും അനുവദിക്കരുത്. ഒരുപാട് അടയ്ക്കാ കൃഷിക്കാരുണ്ട്. അതുകൊണ്ട് ഈ രംഗത്തെകൂടി അങ്ങ് ഗൗരവമായി കാണണം. ഈ ധനാഭ്യർത്ഥനയെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിൻതാങ്ങുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, 2005-06 വർഷത്തേക്ക് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലേക്ക് ബഹുമാന്യയായ കൃഷി വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മയും, ഭക്ഷ്യം, സിവിൽ സപ്ലൈസ്
1.00 P.M.] വകുപ്പിലേക്ക് ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശും ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഒരു കാലഘട്ടത്തിൽ 'കാർഷിക കേരളം' എന്ന് വിളിക്കപ്പെട്ട ഇന്നത്തെ കേരള സംസ്ഥാനം ഇപ്പോൾ ഒരു ഉപഭോക്തൃസംസ്ഥാനമാണ്. ഇല മുതൽ അരി വരെ എല്ലാം അന്യസംസ്ഥാനത്തുനിന്ന് ഇന്ന് കൊണ്ടുവരേണ്ട സ്ഥിതിവിശേഷമാണിപ്പോൾ ഇവിടെയുള്ളത്. ഇത് മാറണ്ടേ? ഇത് മാറ്റണ്ടേ? ഇത് മാറ്റാനാവശ്യമായ മനുഷ്യർ, കൃഷിക്കാരിവിടെയുണ്ട്. അതിനാവശ്യമായ മണ്ണ്, ജലം, വൈദ്യുതി തുടങ്ങി കൃഷിക്കാവശ്യമായ എല്ലാ സൗകര്യങ്ങളും കേരളത്തിലുണ്ട്. പക്ഷെ വളരെയധികം കൃഷിഭൂമിയും കൃഷി ചെയ്യാതെ തരിശ്ശിടുന്ന അവസ്ഥയുണ്ടാകുന്നു. കൃഷി ചെയ്യുന്ന കൃഷിക്കാർ തന്നെ കാർഷികരംഗം വിട്ട് ഓടുന്ന സ്ഥിതിയിലാണ്. കൃഷി ആദായകരമല്ലെന്നതാണ് ഇന്നത്തെ കൃഷിക്കാരുടെ ദീനരോദനം. കൃഷിക്കാർ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകാതെ ജീവിത പ്രയാസങ്ങളിൽ അകപ്പെട്ട് ആത്മഹത്യ ചെയ്യുകയാണ്. ആത്മഹത്യ ചെയ്യുന്നത് ഒരു ഗവണ്മെന്റിന്റെ തകരാറല്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതുകൊണ്ടുമല്ല. നേരത്തെ ഇവിടെ യു. ഡി. എഫ്. ഭരിച്ചതുകൊണ്ടുമല്ല. കാലാകാലങ്ങളായി ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ കൊണ്ടാണ്. ആ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴും നമ്മൾ കാലിന് പാകത്തിന് ചെരുപ്പ് ഉണ്ടാക്കുന്നതിനുപകരം ചെരുപ്പിന് പാകത്തിന് കാലുമുറിക്കാൻ ശ്രമിച്ചതാണ് ഈ പ്രശ്നം ഇത്ര സങ്കീർണ്ണമായത്. കൃഷിയെ അടിസ്ഥാനപരമായി കാണണം. ഈ സംസ്ഥാനത്തെ ഒരു കാർഷിക പ്രദേശമായി കാണണം. നമുക്കാവശ്യമായ ഭക്ഷ്യധാന്യം ഇവിടെ ഉല്പാദിപ്പിക്കണം. നമ്മുടെ നാണ്യവിളകൾക്ക് ഉപയോഗപ്രദമായ കൃഷിഭൂമി മുഴുവൻ ഉപയോഗപ്പെടുത്തിക്കൊണ്ട് നമുക്ക് നേടാൻ കഴിയുന്ന പണം മുഴുവൻ, പ്രത്യേകിച്ച് വിദേശനാണ്യം നേടിയെടുക്കാൻ സാധിക്കണം. അതിന് കൃഷിക്ക് മുൻതൂക്കം നൽകുമെന്ന് പറഞ്ഞിട്ട് കാര്യമില്ല. പഞ്ചസാര

LIBRARY ARCHIVES Kerala Legislative Assembly

മധുരിക്കുമെന്നു പറഞ്ഞാൽ കാര്യമില്ല. പഞ്ചസാര വായിലിട്ട് ഇറക്കിയാലേ മധുരം അനുഭവപ്പെടു. അതുകൊണ്ട് ഈ പറയുന്ന കാര്യങ്ങൾ ആദ്യമുണ്ടാക്കുക, പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുക, പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ആത്മാർത്ഥതയുള്ളവരെ കണ്ടെത്തുക, അതിനുവേണ്ടി അവരെ നിയോഗിക്കുക. അതിനുപറ്റിയ ഉദ്യോഗസ്ഥവൃന്ദത്തെയുണ്ടാക്കണം. മന്ത്രിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മന്ത്രിക്ക് നയങ്ങൾ ആവിഷ്കരിക്കാൻ മാത്രമേ പറ്റുകയുള്ളു, അത് നടപ്പിലാക്കുന്നത് ഉദ്യോഗസ്ഥരാണ്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ വളരെയധികം ഉദ്യോഗസ്ഥരുണ്ട്. അതിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ, ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ഡിസ്ട്രിക്ട്തോറും അംഗീകരിച്ച പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റുമാർ തുടങ്ങിയവരൊക്കെയുണ്ട്. ഇവരൊക്കെ തടഞ്ഞിട്ട് വഴിയിൽക്കൂടി നടക്കാൻ പറ്റുന്നില്ല. പക്ഷേ ആവിഷ്കരിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കാൻ ഇവർക്കാർക്കും ഒരു ഉത്തരവാദിത്വവുമില്ലെന്നുള്ളതാണ് സത്യം. അതിന് ഉത്തരവാദിത്വമുണ്ടാകണം. പദ്ധതികൾ ആവിഷ്കരിക്കുകയും ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ബദ്ധശ്രദ്ധരായ ഉദ്യോഗസ്ഥ വിഭാഗത്തെ വാർത്തെടുക്കുകയും ചെയ്യണം. ഇവിടെ ഉല്പാദനം വർദ്ധിപ്പിക്കണം. അതിനനുസരിച്ച് നമ്മുടെ ഉല്പാദനച്ചെലവ് കുറയ്ക്കണം. ഉല്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. എന്നാൽ മാത്രമേ നമ്മുടെ ഉല്പന്നങ്ങൾക്ക് വർദ്ധിച്ച വില കിട്ടു. ഇതിന് കൃഷി ആധുനികവൽക്കരിക്കണം, കൃഷി ശാസ്ത്രീയമാക്കണം, കൃഷി യന്ത്രവൽക്കരിക്കണം. അതിനാവശ്യമായ ഗവേഷണവും പരീക്ഷണവും പരിശീലനങ്ങളും പ്രചരണങ്ങളും നടക്കണം. അതിനുള്ള ക്രമീകരണം വേണം. ഇതിനെ കൃഷി വകുപ്പ് അടിമുടി പുനഃസംവിധാനം ചെയ്തേ പറ്റു. അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ സമഗ്ര ഉല്പാദനത്തിനുവേണ്ടിയുള്ള ഒരു വിംഗ് ഉണ്ടാക്കണം. അതോടൊപ്പം പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംഭരണവിപണന സംവിധാനമുണ്ടാക്കണം. രണ്ടും രണ്ട് വിഭാഗമായി പ്രവർത്തിക്കണം. ഒരു ഭാഗത്ത് ഉല്പാദനവും മറ്റൊരു ഭാഗത്ത് സംഭരണ വിപണനവും ഇവിടെ സാധ്യമാക്കണം. അതുപോലെ ഗവേഷണവും പരീക്ഷണവും പരിശീലനവും പ്രചരണവും നടക്കണം. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും തൈകളും നമുക്ക് ഉണ്ടാക്കിയെടുക്കണം. ആധുനിക യുഗത്തിൽ പ്രത്യേകിച്ച് ജൈവവള പ്രയോഗഘട്ടത്തിൽ ജൈവവളങ്ങളെക്കുറിച്ചും ജൈവ കീടനാശിനികളെക്കുറിച്ചു മൊക്കെയുള്ള അറിവും അത് ഉല്പാദിപ്പിക്കാനുള്ള പ്രക്രിയയുമുണ്ടായിരിക്കണം. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. എ. കെ. ബാലൻ കാർഷിക

2/676/2012—39.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലയെക്കുറിച്ച് ഇവിടെ പറഞ്ഞു. അവിടെ നടക്കുന്ന ഗവേഷണം ട്രേഡ് യൂണിയൻ ഗവേഷണമാണ്. അവിടെ നടക്കുന്ന പരിശീലനം ട്രേഡ് യൂണിയൻ പരിശീലനമാണ്. അവിടെയുണ്ടാകുന്ന ഉല്പാദനം ട്രേഡ് യൂണിയൻ ബാർഗെയിനിംഗാണ്. അതിൽനിന്നുമുള്ള സേവനവേതന വ്യവസ്ഥ മെച്ചപ്പെടുത്തലാണ് അവിടെയുള്ള ഉല്പാദനം. അവിടെ എക്സിക്യൂട്ടീവ് കൂടുന്നത് എക്സിക്യൂട്ടീവ് തലത്തിൽ അതായത് അധ്യാപകർ വരെയുള്ളവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിനുമാണ്. ജനറൽ കൗൺസിൽ കൂടുന്നത് അതിന് താഴോട്ട് ലാസ്റ്റ് ഗ്രേഡ് വരെയുള്ള ആളുകളുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിനാണ്. ഇതല്ലാതെ വേറൊന്നും ഇവിടെ ചർച്ച ചെയ്യപ്പെടാറില്ല. അവിടെയുള്ള മീറ്റിംഗുകളുടെ അജണ്ട വരുത്തി പരിശോധിച്ചാൽ കാണാം, അവിടെ വേറൊരു കാര്യവും ചർച്ച ചെയ്യാറില്ല. ഗവേഷണത്തെക്കുറിച്ച് അവിടെ ചർച്ചയില്ല, പരീക്ഷണത്തെക്കുറിച്ച് ചർച്ചയില്ല, കൃഷി വികസിപ്പിക്കുന്നതിനോ കൃഷി ആധുനികവൽക്കരിക്കുന്നതിനോ കൃഷി യന്ത്രവൽക്കരിക്കുന്നതിനോ കർഷകർക്ക് പരിശീലനം നൽകുന്നതിനോ ഉള്ള യാതൊരു കാര്യത്തെ സംബന്ധിച്ചും അവിടെയുള്ള എക്സിക്യൂട്ടീവോ ജനറൽ കൗൺസിലോ ചർച്ച ചെയ്യുന്നില്ല. അവിടെയുള്ള അജണ്ടയും മിനിട്ട്സും വരുത്തി പരിശോധിച്ചാൽ അത് ബോധ്യമാകും. അവിടെ കൊടുക്കുന്ന തുകകൾ മുഴുവൻ ശമ്പളത്തിനും ആനുകൂല്യത്തിനുംവേണ്ടി മാത്രം ചെലവഴിക്കുകയാണ്. വേറെ ഒരു പണിയും അവിടെ നടക്കുന്നില്ല. അതുകൊണ്ട് സർവ്വകലാശാല ഈ രാജ്യത്തെ ഗവേഷണ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് കാർഷിക വികസനത്തിന് പ്രയോജനപ്പെടുമാറ് പുനഃസംവിധാനം ചെയ്യണം. വേതനവർദ്ധനവ്, ആനുകൂല്യ വർദ്ധനവ്, അതിനുവേണ്ടിയുള്ള സമരങ്ങൾ അതിനുവേണ്ടിയുള്ള ബാർഗെയിനിംഗ്, അതിനുവേണ്ടിയുള്ള വേദിയായി മാറാതെ അത് പുനഃസംവിധാനം ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അപേക്ഷിക്കാനുള്ളത്. അത് കൃഷിക്കാർക്കും കൃഷിവികസനത്തിനുമായി പ്രയോജനപ്പെടുത്തണമെന്നാണ് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുന്നത്. നമ്മുടെ കൃഷി വികസനത്തിന് ഗ്രാമ, പഞ്ചായത്ത്, നഗര അടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും കർഷകരെയും ജനപ്രതിനിധികളേയും കൃഷിവകുപ്പും കൃഷിവകുപ്പുമായി ബന്ധപ്പെട്ട വളരെയധികം വകുപ്പുകളുണ്ട്. ഇറിഗേഷൻ, ഇലക്ട്രിസിറ്റി, മൃഗസംരക്ഷണം, ക്ഷീരോല്പാദനം, മണ്ണുസംരക്ഷണം, ലാൻഡ് യൂസ് ബോർഡ്, ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി ഒട്ടേറെ പദ്ധതികളുണ്ട്. കർഷകരേയും ജനപ്രതിനിധികളേയും കൃഷിവകുപ്പുമായി സംയോജിപ്പിച്ചുകൊണ്ടുള്ള സംയുക്ത സമിതി വാർഡു തലത്തിലും പഞ്ചായത്തു തലത്തിലും നഗരസഭാ തലത്തിലും നിലവിൽ വരണം. താഴേത്തട്ടിൽ ഈ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിച്ച് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന കാർഷികാനുകൂല്യങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്ത്, വാർഡ് തലത്തിൽ കൃഷിക്കാരെ ബോധവൽക്കരിച്ച് ഇത് കൃഷിക്കാരിലേക്ക് എത്തിക്കണം. ഇത് ഇടത്തട്ടുകാർ തട്ടിക്കൊണ്ടുപോവുകയാണ്. ഇപ്പോൾ മാർച്ചുമാസമാണ്. ഈ 15-ാംതീയതി കഴിയുമ്പോൾ ഇവിടെനിന്നും ഒരു ഉത്തരവുകൊടുക്കും. 31-ാം തീയതിക്കുമുമ്പ് ഈ ആനുകൂല്യങ്ങൾ മുഴുവൻ വിതരണം ചെയ്യണം, അല്ലെങ്കിൽ 31-ാം തീയതി അത് തിരിച്ചടയ്ക്കണമെന്നു പറയും. ഓഫീസർമാർ എന്തുചെയ്യും? അവർ കാണുന്നവർക്ക് കൊടുക്കുകയും കൊടുക്കാതിരിക്കുകയും എഴുതുകയും എഴുതാതിരിക്കുകയുമൊക്കെ ചെയ്ത് 31-ാം തീയതി വൈകുന്നേരം ചെലവെഴുതി വച്ചില്ലെങ്കിൽ അത് തിരിച്ച് അടയ്ക്കേണ്ടിവരും. തിരിച്ചടച്ചാൽ ഈ ആഫീസറുടെ കഴിവുകേടായി വരും. അതുകൊണ്ട് എങ്ങനെയെങ്കിലും ചെലവെഴുതി കൊടുക്കും, കർഷകരിലേക്ക് അത് കിട്ടില്ല. അതുകൊണ്ട് അങ്ങനെയുള്ള ഒരു കൊടുപ്പ് അവസാനിപ്പിച്ച് ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതു മുതൽ കൃഷിക്കാർക്ക് മാർച്ച് 31 വരെ കൃത്യമായി ഇത് കിട്ടാനും ഇന്നതൊക്കെ കിട്ടാനുണ്ടെന്ന് കർഷകരെ അറിയിക്കാനും അത് കൃത്യമായി കിട്ടാൻ പഞ്ചായത്ത് തലത്തിൽ അല്ലെങ്കിൽ വാർഡ് തലത്തിലുള്ള സംവിധാനങ്ങൾ മുഖേന അത് വിതരണം ചെയ്യുന്നതിനുള്ള ഒരു ക്രമീകരണമുണ്ടാക്കുകയും ചെയ്യണം. അതുപോലെ മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കണം. എല്ലാ കൃഷിയും നമ്മുടെ നാട്ടിലുണ്ടാകണം. അതിന് അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളും തൈകളും അവർക്ക് ലഭ്യമാക്കാനും ആധുനിക കൃഷി സമ്പ്രദായം അവർക്ക് സ്വീകാര്യമാക്കാനും യന്ത്രവൽക്കരണം പ്രാദേശികമായി പൂർത്തിയാക്കാനുള്ള സൗകര്യങ്ങൾ എല്ലാ വാർഡ് തലത്തിലും ഉണ്ടാക്കിയെടുക്കണം. അതുപോലെതന്നെ അവരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യാനുള്ള ക്രമീകരണം വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും പട്ടണാടിസ്ഥാനത്തിലും ഉണ്ടാക്കണം. കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷി ഭവൻ, മൃഗസംരക്ഷണം, ക്ഷീര വികസനം, മണ്ണ് സംരക്ഷണം, മണ്ണ് പരിശോധനാ വിഭാഗം, ലാന്റ് യൂസ് ബോർഡ് ഇതിനെയെല്ലാം കൂടി സംയോജിപ്പിച്ചെടുക്കണം. ഇതെല്ലാംകൂടി ഒരുമിച്ച് ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ഒരു സ്ഥിതിവിശേഷം കർഷകനുണ്ടായാലേ ഇതു കർഷകർക്കു പ്രയോജനപ്പെടൂ. ഇല്ലെങ്കിൽ അതു കർഷകന് പ്രയോജനപ്പെടില്ല. അതു പ്രയോജനപ്പെടുത്താനുള്ള ഒരു സംയുക്ത സംരംഭമാണ് ആദ്യമായി ഉണ്ടാക്കിയെടുക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഈ പോക്കു പോയാൽ, നാലഞ്ചു വർഷം കഴിഞ്ഞാൽ ഒരു ഭൂമിയും കൃഷിക്കു പറ്റില്ലെന്നു മാത്രമല്ല നമ്മുടെ പരിസ്ഥിതിയാകെ തകരുകയും നമ്മുടെ കാലാവസ്ഥയാകെ അസന്തുലിതാവസ്ഥയിൽ എത്തുകയും ചെയ്യും. പാടശേഖരങ്ങൾ മുഴുവൻ നികത്തുകയാണ്. പറമ്പുകൾ മുഴുവൻ നിരത്തുകയാണ്. സ്ഥലങ്ങൾ മുഴുവൻ കുഴിക്കുകയാണ്. മണൽ മുഴുവൻ വാരിക്കൊണ്ടു പോകുകയാണ്. കുന്നും മലയുമൊന്നും ബാക്കിയില്ല. മണൽ ബാക്കിയില്ല, മണ്ണ് ബാക്കിയില്ല,

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം കൊണ്ടുപോകുകയാണ്. പാടശേഖരങ്ങൾ നികത്തുമ്പോൾ റോഡുകളൊക്കെ പാടത്തിനു താഴെയാകുകയാണ്. പി. ഡബ്ല്യു. ഡി. റോഡുകളിലൊക്കെ ഒരു മഴ പെയ്താൽ പിന്നെ വണ്ടികൾക്കു പോകാൻപോലും പറ്റില്ല. മാത്രമല്ല തോടുകളും നികന്നു പോകുകയാണ്. വെള്ളം പോകുന്നില്ല. നമ്മുടെ പരിസ്ഥിതി അസന്തുലിതാവസ്ഥയിൽ വരികയാണ്. നമ്മുടെ അന്തരീക്ഷമാകെ മാറുകയാണ്. ഇപ്പോൾ ചൂടു സഹിക്കാൻ വയ്യ. വർഷകാലത്തു പോലും ചൂടാണ്. പ്രകൃതിയാകെ മാറുകയാണ്. ഒരു തരത്തിലും പ്രകൃതിയെ നമുക്ക് നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. അതുകൊണ്ട് മാരകമായ രോഗങ്ങൾ വരുന്നു. ഇതിനൊരു നിയന്ത്രണം വേണം. പാടങ്ങൾ നികത്തുന്നതും പറമ്പുകൾ നികത്തുന്നതും കുന്നുകളും മലകളും ഇടിച്ചു നിരത്തുന്നതും അഗാധമായ കുഴികൾ കുഴിച്ച് മണ്ണെടുക്കുന്നതും പൂർണ്ണമായും നിരോധിക്കണം. പ്രകൃതിയെ വികൃതമാക്കുന്ന തരത്തിലുള്ള, അനിയന്ത്രിതമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന, പ്രകൃതി വിരുദ്ധമായ നിലപാട് അവസാനിപ്പിക്കുവാൻ ആവശ്യമായ അടിയന്തിര നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇന്നത്തെ ഈ പരിതസ്ഥിതിയും കാർഷിക ബുദ്ധിമുട്ടും കണക്കിലെടുത്ത് ഒരു വർഷത്തേക്കു കൂടി കാർഷിക കടാശ്വാസം നൽകണമെന്നു വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവന് ഒരു എത്തും പിടിയുമില്ലാത്ത അവസ്ഥയാണുള്ളത്. അവർക്ക് ഒരാനുകൂല്യവുമില്ല. നെൽകർഷകർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടിയുണ്ടാകണം. നെല്ല് സംഭരണത്തിന്റെ കാര്യം വന്നപ്പോൾ, പത്തനംതിട്ട ജില്ലയിൽപ്പോലും നെല്ല് സംഭരിച്ചതായി കണക്കുകൾ കാണുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ എത്ര നെൽക്കൃഷിയുണ്ടെന്ന് അറിയില്ല. എറണാകുളം ജില്ലയിൽ ഒരു ക്വിന്റൽ നെല്ലുപോലും സംഭരിക്കാനുള്ള ഒരു സംവിധാനവും ഇന്നുവരെ ഏർപ്പെടുത്തിയിട്ടില്ല. ഒരു ക്വിന്റൽ നെല്ലു പോലും സംഭരിച്ചതായി റിപ്പോർട്ടിൽ കാണുന്നുമില്ല. അതു ഖേദകരമാണെന്നു മാത്രമേ ഞാൻ മിതമായ ഭാഷയിൽ പറയുന്നുള്ളു. പാലക്കാട്, ആലപ്പുഴ ജില്ലകൾ കഴിഞ്ഞാൽ മൂന്നാമത്തെ കാർഷിക ജില്ലയാണ് എറണാകുളം. അതുകൊണ്ട് നെല്ല് സംഭരണത്തിന് എറണാകുളം ജില്ലയെക്കൂടി ഉൾപ്പെടുത്തുകയും അവിടെ ഒരു 'പാഡി ബോർഡ്' രൂപീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നാളികേര കോർപ്പറേഷൻ എന്നു പറഞ്ഞ് ഒരു സംവിധാനമുണ്ട്. എന്തിനാണ് അതിവിടെ പ്രവർത്തിക്കുന്നതെന്ന് എനിക്കറിയില്ല. അതു പിരിച്ചു വിട്ട് ഒരു കേര കർഷക ബോർഡും നാണ്യവിള വികസന ബോർഡും രൂപീകരിക്കണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെയില്ല. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോടു ഒരു കാര്യം. എനിക്കു പറയാനുള്ളത്, റബ്ബറിന്റെ ക്ലാസ്സിഫിക്കേഷൻ മാറ്റേണ്ടത് അനിവാര്യമാണെന്നാണ്. അതുപോലെ വാണിജ്യ

LIBRARY ARCHIVES Kerala Legislative Assembly

ഉല്പന്നമായിട്ടാണ് റബ്ബർ നിൽക്കുന്നത്. അതു കാർഷികോല്പന്നമാക്കി മാറ്റിക്കിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അതിപ്പോൾ വാണിജ്യ വകുപ്പിന്റെ കീഴിലാണ്. അതു കൃഷിവകുപ്പിലേക്കു മാറ്റണം. അതു കേരളത്തിലെ കാർഷികോല്പന്നമാണ്. ഏറ്റവും കൂടുതൽ കർഷകർ ഉൾക്കൊള്ളുന്നത് റബ്ബർ കാർഷികരംഗത്താണ്. അതുകൊണ്ട് കൃഷിക്കു ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും റബ്ബർ കർഷകർക്കും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കൃഷിവകുപ്പു മന്ത്രിയോടു ഞാൻ അഭ്യർത്ഥിക്കുന്നു. W.T.O. കരാറിൽ റബ്ബറിന്റെ ക്ലാസ്സിഫിക്കേഷൻ കേരളത്തിന് വളരെ ദോഷകരമാണ്. സ്വാഭാവിക റബ്ബറിന്റെ process and product ആയും തൻമൂലം industrial raw-material ആയിട്ടുമാണ് ഇപ്പോൾ തരംതിരിച്ചിട്ടുള്ളത്. ആയതിനാൽ ഇതിനുള്ള പരമാവധി Permissible Tariff Rate, Bond Rate 25 ശതമാനമാണ്. എന്നാൽ മറ്റു സമാന കാർഷികോല്പന്നങ്ങളായ പരുത്തി, കരിമ്പ് മുതലായവ agricultural products ആയിട്ടാണ് ക്ലാസ്സിഫൈ ചെയ്തിട്ടുള്ളത്. അതിനാൽ അവയ്ക്ക് താരിഫ് റേറ്റ് നൂറു ശതമാനമാണ്. റബ്ബറിന്റെ കാര്യത്തിലുള്ള ഈ അന്തരം മാറ്റണം. ഇതിനായി റീ-ക്ലാസ്സിഫിക്കേഷൻ അത്യാവശ്യമാണ്. കയറിനും റീക്ലാസ്സിഫിക്കേഷൻ വേണം. ഇതു അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. മെക്സിക്കോയിലെ ടാങ്കൂണിൽ നടക്കുന്ന W.T.O.യുടെ അടുത്ത മിനിസ്റ്റീരിയൽ കോൺഫറൻസിൽ ഇക്കാര്യം ഉന്നയിക്കാനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ക്ലാസ്സിഫിക്കേഷൻ മാറ്റിയെടുക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നു അഭ്യർത്ഥിക്കുന്നു. അതുപോലെ പല കാർഷികോല്പന്നങ്ങൾക്കും മുമ്പ് നികുതി ഏർപ്പെടുത്തിയിരുന്നു. 'വാറ്റ്' നിലവിൽ വന്നതോടുകൂടി നികുതിയിൽ ഉണ്ടാകുന്ന വ്യത്യാസം കണക്കിലെടുത്ത് വ്യാപാരികൾ ഇപ്പോൾ റബ്ബർ സംഭരണം നിർത്തി വച്ചിരിക്കുകയാണ്. ഇവിടെ കർഷകർ ആത്മഹത്യ ചെയ്യുകയാണ്. റബ്ബറിനു നികുതി, റബ്ബർ തടിക്കു നികുതി, ഇലയുണ്ടെന്നുള്ള കാര്യം അറിഞ്ഞില്ലായിരിക്കും, ഇലയ്ക്കും വേരിനും മാത്രം നികുതിയില്ല. റബ്ബർ തടിക്കു ഏർപ്പെടുത്തിയിട്ടുള്ള നികുതി ഒഴിവാക്കണം. റബ്ബറിനു ഏർപ്പെടുത്തിയിട്ടുള്ള നികുതി 12 ശതമാനമാണ്. അതു വാറ്റ് വരുമ്പോൾ 4 ശതമാനമായി മാറുന്നു. 31-ാം തീയതി വൈകുന്നേരമാകുമ്പോൾ സ്റ്റോക്കുള്ളതിനെല്ലാം 12 ശതമാനം വച്ച് നികുതി അടയ്ക്കണം. 1-ാം തീയതി നാലു ശതമാനമാണ് നികുതി. 1-ാം തീയതി നാലു ശതമാനമാകുമ്പോൾ വരുന്ന ഡിഫറൻസ് തുക എന്നാണ് തിരിച്ചു കിട്ടുക എന്നറിയാൻ പാടില്ലാത്തതുകൊണ്ട് ആരും റബ്ബർ വാങ്ങാത്ത അവസ്ഥയിലാണ്. കർഷകരാകെ ബുദ്ധിമുട്ടിലാണ്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മാത്രമാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നത്. അങ്ങനെ വന്നാൽ വലിയ ബുദ്ധിമുട്ടു വരും. കർഷകരോടു ചെയ്യുന്ന ദ്രോഹമാണ്. 31-ാം തീയതി വൈകുന്നേരം വരെ വിൽക്കുന്ന ടാക്സ്, സ്റ്റോക്ക് ടാക്സല്ല. വില്പന നികുതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ് ടാക്സാണ്. അതുകൊണ്ട് 31-ാം തീയതി വൈകുന്നേരം വരെ വിൽക്കുന്നതിനു 12 ശതമാനം ടാക്സും 1-ാം തീയതി രാവിലെ വരെ വിൽക്കുന്നതിന് 4 ശതമാനം ടാക്സും ഈടാക്കണം. സ്റ്റോക്കിന് ടാക്സ് ഈടാക്കാൻ പാടില്ല. അതു തിരിച്ചുകിട്ടാൻ വളരെ കാലം കാത്തിരിക്കേണ്ടി വരും. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെ സംബന്ധിച്ചിടത്തോളം 12 ശതമാനം നികുതി വച്ചു കെട്ടി വയ്ക്കാനുള്ള കാശ് അവിടെയില്ല. 15 ശതമാനം പലിശയ്ക്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും പണമെടുത്തിട്ടാണ് 50 രൂപ കർഷകന് വിലനിലവാരം നിലനിർത്തിക്കൊടുക്കുന്നത്. അതുകൊണ്ട് സ്റ്റോക്കിനു നികുതി ഏർപ്പെടുത്തുന്ന, അതു മുൻകൂറായി അടപ്പിക്കുന്ന സ്ഥിതിവിശേഷത്തിൽ നിന്നും റബ്ബർ കർഷകരെ ഒഴിവാക്കണം. 4 ശതമാനം മാത്രമേ വാങ്ങാവൂ. അതുപോലെ തന്നെ റബ്ബറിന്റെ വിൽപ്പനക്കാരൻ കർഷകനാണ്. അവിടം മുതൽ എല്ലാ വില്പനക്കാരന്റെ കയ്യിൽ നിന്നും ടാക്സ് ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ തുടർന്നു വരുന്നത് അങ്ങനെയല്ല. ഇപ്പോൾ സിംഗിൾ പോയിന്റ് ടാക്സാണ്. ഏറ്റവും അവസാനം വിൽക്കുന്നവൻ ആരാണോ അവനിൽ നിന്നും മാത്രം ടാക്സ് ഈടാക്കും. പത്ത് അൻപതു കച്ചവടക്കാർ മാത്രമേ കേരളത്തിലുള്ളു. വളരെ എളുപ്പത്തിൽ നികുതി ഒന്നായി പിരിച്ചെടുക്കാം. ഇനി മുതൽ ആദ്യ വില്പനക്കാരായ 10 ലക്ഷം കർഷകരുൾപ്പെടെ, അവിടം മുതൽ നികുതി പിരിക്കണം. ഇതു ഉദ്യോഗസ്ഥന്മാർക്ക് അഴിമതി നടത്താൻ, പാവപ്പെട്ട കച്ചവടക്കാരേയും കൃഷിക്കാരേയും പീഡിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുന്നതിനേ ഉപകരിക്കൂ. അതുകൊണ്ട് ആദ്യ സ്റ്റേജ് മുതലുള്ള നികുതി പിരിക്കാനുള്ള വികൃതമായ, പ്രാകൃതമായ സമ്പ്രദായം ഉപേക്ഷിക്കുകയും ഇപ്പോൾ നടന്നു വരുന്നതുപോലെ തന്നെ നികുതി പിരിക്കാനുള്ള നടപടി നടപ്പിലാക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാർ ശ്രീ. പി. കെ. കെ. ബാവ]

പാവപ്പെട്ട കൃഷിക്കാരുടെമേൽ നികുതികളേർപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കണം. സ്വർണ്ണക്കടകൾ കൊട്ടാരങ്ങൾപോലെ ഉയർന്നുവരുന്നു. നമ്മൾ ദിവസേന ടി. വി. യിൽ ഈ കൊട്ടാരങ്ങളുടെ ഉദ്ഘാടനം കാണുന്നില്ലേ. അവരുടെ വീടുകൾ എത്ര വലിയ കൊട്ടാരങ്ങളായിരിക്കും. മദ്യ മുതലാളിമാരുടെ കൊട്ടാരങ്ങൾ എത്ര വലുതാണ്. കൃഷിക്കാർ ഇവിടെ ആത്മഹത്യ ചെയ്യുകയാണ്. കോടിക്കണക്കിന് രൂപയുടെ ബിസിനസ്സ് ചെയ്യുന്ന സ്വർണ്ണവ്യാപാരികളിൽ നിന്ന് പത്ത് പൈസ ടാക്സായി ഈടാക്കാൻ കഴിയുന്നുണ്ടോ? അതിനെക്കുറിച്ച് ആലോചിക്കണം. കൃഷിക്കാരുടെമേൽ കെട്ടിവയ്ക്കുന്ന ഭാരം സ്വർണ്ണമുതലാളിമാരിൽ നിന്ന് ഈടാക്കാനുള്ള വല്ല നടപടിയുമെടുക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കണം. സിവിൽ സപ്ലൈസിനെക്കുറിച്ച് എനിക്ക് രണ്ട് കാര്യങ്ങളാണ് പറയാനുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങുവാനും സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു. ഗുണനിലവാരം പ്രത്യേകം പരിശോധിക്കുകയും വേണം. 'ലാഭം സ്റ്റോർ' എന്നുപറഞ്ഞ് ഒരേർപ്പാട് ഇതിന്റെയിടയിൽ വന്നു. സിവിൽ സപ്ലൈസ് 'ലാഭം' അല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി നല്കി വിലകുറച്ച് സാധനങ്ങൾ വിൽക്കാൻവേണ്ടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അവിടെ 'ലാഭം സ്റ്റോർ' എന്നെഴുതിവയ്ക്കുന്നത് വിരോധാഭാസമാണ്. അതുകൊണ്ട് ലാഭം സ്റ്റോർ എന്നപേരു മാറ്റി ഒരു കോമൺ നെയിം സ്വീകരിക്കുന്നതിനുള്ള നടപടി യുണ്ടാകണം. ലാഭം സ്റ്റോർ എന്ന് പേരിടാൻ പാടില്ല. ലാഭം സിവിൽസപ്ലൈസ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നില്ല. അതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് ശേഖരിച്ച് റേഷൻ കടകൾ വഴി വിതരണം ചെയ്യണമെന്നു പറഞ്ഞ് ഇവിടെ സത്യാഗ്രഹമൊക്കെ നടന്നു. നിയമപരമായി അതിന് കഴിയില്ല. റേഷൻ സിവിൽ സപ്ലൈസ് കോർപ്പറേഷനല്ല നടത്തുന്നത്. റേഷൻ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റാണ് നടത്തുന്നത്. അതിനാണ് കേന്ദ്ര ഗവൺമെന്റ് അരി അലോട്ട് ചെയ്യുന്നത്. അത് എഫ്. സി. ഐ.-വഴി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനാണ് നൽകുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് വാങ്ങി അരിയാക്കി മാവേലി സ്റ്റോറുകൾ വഴി വിൽക്കാനുള്ള ശ്രമം നടത്തണം. അങ്ങനെ ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കുകയും പരമാവധി നെല്ല് സൊസൈറ്റികളിൽനിന്ന് വാങ്ങി അരിയാക്കി മാവേലി സ്റ്റോറുകൾ വഴി വിൽക്കാൻ ശ്രമിക്കുകയുംവേണം. അതാണ് അതിൽ ചെയ്യാവുന്ന കാര്യം. മറ്റൊരുകാര്യം മാവേലി സ്റ്റോറുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കാനും അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് റേഷൻ കടകൾ വഴി കൊടുക്കാനും സാധിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ റേഷൻ കടകൾ വഴിയും നിർബന്ധമായും ഇവ വിതരണം ചെയ്യാൻ ശ്രമിക്കണം. അതുപോലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് നൽകിവരുന്ന റേഷൻ സാധനങ്ങൾ അവർക്ക് ലഭ്യമാകുന്നുയെന്ന് ഉറപ്പുവരുത്താനും ഹോൾസെയിൽ ആന്റ് റീട്ടെയിൽ കച്ചവടക്കാർ നടത്തുന്ന കരിഞ്ചന്ത തടയാനും ശ്രമിക്കണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ എല്ലാ പഞ്ചായത്തുകളിലുമുള്ള പബ്ലിക് ഹെൽത്ത് സെന്ററുകൾക്കടുത്തുള്ള എല്ലാ മാവേലി സ്റ്റോറുകളോടുമനുബന്ധിച്ചും മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളിൽ മരുന്ന് ഇല്ലാതെവരുമ്പോൾ ഈ കച്ചവടക്കാർ പാവപ്പെട്ടവരിൽ നിന്നും വലിയ വിലയാണ് ഈടാക്കുന്നത്. അവർക്ക് ന്യായമായ വിലയ്ക്ക് മരുന്ന് കിട്ടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മരുന്നുവിൽപ്പന എല്ലാ പി. എച്ച്. സെന്ററുകളും കേന്ദ്രീകരിച്ചുള്ള മാവേലിസ്റ്റോറുകളിലേക്ക് കൂടി വ്യാപിപ്പിക്കണം. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് വിശ്വസിക്കുന്നു. നമ്മുടെ കാർഷിക രംഗം

LIBRARY ARCHIVES Kerala Legislative Assembly

പരിപോഷിപ്പിച്ച് സമ്പൽസമൃദ്ധമായ, സുഭിക്ഷമായ, സംതൃപ്തമായ ഒരു കേരളം കെട്ടിപ്പടുക്കാൻ നമുക്ക് സാധിക്കണം. ഇന്ന് തമിഴ്നാട്ടിൽ നിന്നും പാൽ വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽനിന്നും കിട്ടിയിരുന്ന പാൽ എന്ത് ചെയ്യണമെന്നറിയാതെ കഷ്ടപ്പെട്ട ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ പാൽ പോലും തമിഴ്നാട്ടിൽ നിന്ന് ഇങ്ങോട്ട് കൊണ്ടുവരികയാണ്. ഇതൊക്കെ നിർത്തണം. നമ്മുടെ നാട്ടിൽ പശുവിനെ വളർത്തണം. ഇവിടെ പാൽ ഉൽപ്പാദിപ്പിക്കാൻ ശക്തമായ നടപടിയെടുക്കണം. അതിന് ആദ്യമായി ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ പുനസംവിധാനം ചെയ്ത് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കണം. അപ്പുറത്തിരിക്കുന്നവരുടെയും ഇപ്പുറത്തിരിക്കുന്നവരുടേയും മുഴുവൻ മനുഷ്യരുടേയും മാനുഷികപ്രശ്നമാണ് ഭക്ഷ്യ പ്രശ്നം. അതുകൊണ്ട് എല്ലാപേർക്കും താൽപ്പര്യമുള്ള കാര്യമാണെന്നുള്ളതുകൊണ്ട് ഈ പ്രശ്നം ഗൗരവതരമായി എടുക്കണം. കേരളം കണ്ടതിൽവെച്ച് ഏറ്റവും പ്രഗൽഭയായ ഭരണാധികാരിയെന്ന് പേരുകേട്ടിട്ടുള്ള ശ്രീമതി കെ. ആർ. ഗൗരിയമ്മ പ്രഗൽഭമായാണ് കൃഷി വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതിന് അവരെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഹൃദയംഗമായി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ടി. കെ. ദേവകുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി ഒരു കാര്യം, പാഡികോ ഒരു കിലോ നെല്ല് അന്യസംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ചിട്ടില്ലെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ആകെ ആയിരം ടൺ സംഭരിക്കാൻ ശേഷിയുള്ള ഗോഡൗണുകൾ മാത്രമാണ് ഇപ്പോൾ പാഡികോ-ക്ക് ഉള്ളത്. പാഡികോ-ക്ക് പതിനായിരം ടൺ നെല്ല് സംഭരിക്കാൻ പാലക്കാട് സൗകര്യമുണ്ടാക്കിക്കൊടുത്താൽ പാലക്കാട് ആവശ്യാനുസരണം നെല്ല് സംഭരിക്കാൻ കഴിയുമെന്നും അതിന് കൃഷി വകുപ്പ് തയ്യാറാണെന്നും ശ്രീ. കെ. എ. ചന്ദ്രൻ ഇവിടെ പറഞ്ഞത് അനാവശ്യമായ ആരോപണത്തിന്റെ വിശദീകരണമെന്ന നിലയിൽ എനിക്ക് ഗവൺമെന്റിന് മുന്നിൽ അഭ്യർത്ഥിക്കാനുള്ളത്. എന്റെ കൈയിൽ മൂന്ന് ബഡ്ജറ്റ് പ്രസംഗങ്ങളുണ്ട്. ഞാൻ ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഉള്ളടക്കത്തിലേക്ക് പോകുന്നില്ല. ശ്രീമതി കെ. ആർ ഗൗരിയമ്മ ഇതിന്റെ ഉള്ളടക്കം മനസ്സിലാക്കുമെന്ന് വിചാരിക്കുന്നു. ബഹുമാനപ്പെട്ട ഗൗരിയമ്മ 4-3-2005-ൽ ഇവിടെ തന്നിരിക്കുന്ന ഒരു മറുപടിയിൽ വിശദീകരിച്ചിരിക്കുന്നത് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ നടപ്പിലാക്കിയ 16 ഐറ്റത്തെക്കുറിച്ചാണ്. ഞാൻ സമയക്കുറവുകൊണ്ട് അതിലേക്ക് പോകുന്നില്ല. സത്യത്തിൽ കേരളത്തിൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് എന്തൊക്കെയാണ് നടപ്പിലാക്കിയതെന്ന് പരിശോധിക്കുമ്പോൾ വട്ടപൂജ്യമല്ലേ. വസ്തുതാപരമായി കാർഷിക മേഖലയ്ക്ക് എന്ത് ഗുണം ചെയ്തുവെന്ന് വിശദീകരിക്കാൻ തയ്യാറാകണം. 2003-ലെ ബഡ്ജറ്റിൽ കേരളത്തിലെ ഒൻപത് ജില്ലകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ആദ്യഘട്ടമെന്നുള്ള നിലയിൽ കയറ്റുമതി സോൺ ഉണ്ടാക്കുമെന്ന് ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം നടത്തി. അത് എവിടെ എത്തിനിൽക്കുന്നുയെന്നതിനെക്കുറിച്ച് ഒന്നുമില്ല. പിന്നെ രണ്ട് സോൺ ഉണ്ടാക്കുമെന്നാണ് പറഞ്ഞത്. എന്ത് കയറ്റുമതിയാണ് ഈ രംഗത്ത് പ്രോൽസാഹിപ്പിച്ചത്. സോൺകൊണ്ട് എന്ത് ഗുണം കാർഷികമേഖലയ്ക്കുണ്ടായിയെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സമയക്കുറവുകൊണ്ട് വിശദീകരിക്കുന്നില്ല. 2004-2005-ആയപ്പോഴേക്കും ജൈവകൃഷിക്കും സംയോജിത കൃഷിക്കും ലബോറട്ടറി സ്ഥാപിക്കുന്നിടത്തേക്ക് എത്തി ബഡ്ജറ്റ് പ്രസംഗം. ഇതും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അടുത്ത ബഡ്ജറ്റ് വന്നപ്പോൾ പുഷ്പ കയറ്റുമതിയെക്കുറിച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. ബഡ്ജറ്റുകളിൽ മാറിമാറി പ്രഖ്യാപനങ്ങൾ വരുകയാണ്. മതിയായ കാശ് കൊടുക്കുന്നില്ലെന്നു പറഞ്ഞുകൊണ്ടുള്ള ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ വിലാപം ഞാൻ പത്രത്തിൽ വായിച്ചു. 2003-ൽ കാർഷിക വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ചു. അതിനുശേഷമോ, കേരളത്തിൽ ആത്മഹത്യകൾ പെരുകുന്നതാണ് കണ്ടത്.

സർ, കഴിഞ്ഞവർഷം വാനിലകൃഷിക്ക് പാക്കേജ് ഉണ്ടാക്കി. ഇപ്പോൾ വാനില എല്ലാംകൂടി പാക്കറ്റിലായ പരുവത്തിലായി. കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. സർക്കാരിന്റെ സ്ഥലത്ത് കൃഷിയിറക്കിയതിനെ സംബന്ധിച്ച് ഉണ്ടായതൊക്കെ അതേപോലെ തന്നെ കത്തിനിൽക്കുന്നു എന്നുള്ളതാണ്. നെൽകൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കാൻവേണ്ടി ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ നിർദ്ദേശാനുസരണമായിട്ട് 2005-ലെ ബഡ്ജറ്റിൽ ഒരു പദ്ധതി വച്ചിട്ടുണ്ട്. എങ്ങനെയുണ്ട് നെല്ല് സംഭരിച്ചതിന്റെ സ്ഥിതി? നെല്ല് സംഭരിച്ചതിന് കിട്ടിയത് എന്താണെന്ന് ചോദിച്ചാൽ 80 പൈസ വാങ്ങൽ വിലയും മാർക്കറ്റ് വിലയുമായിട്ട് വ്യത്യാസം. അതിൽ 40 പൈസയും ഒരു കൊല്ലത്തെ പലിശയുമായിട്ട് സഹകരണ സംഘക്കാരന്റെ മണ്ടയ്ക്ക് വച്ചുകൊടുത്തുകൊണ്ട് സർക്കാർ തലയൂരി. ഇങ്ങനെയാണ് കൃഷി നടത്തുന്നത്. കൃഷി എന്തുകൊണ്ട് നശിക്കുന്നു എന്ന് ചിന്തിക്കാനോ പഠിക്കാനോ പരിശോധിക്കാനോ കഴിഞ്ഞിട്ടുണ്ടോ? വല്ലവരുടേയും വിളക്കുവെട്ടത്ത് അത്താഴം ഉണ്ണുന്ന പണി സർക്കാർ നിർത്തിയെങ്കിൽ മാത്രമേ അതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയുകയുള്ളൂ. നെല്ല് സംഭരിച്ച സഹകരണ സംഘക്കാരന്റെ മണ്ടയിൽ വച്ചുകൊടുത്തിട്ട് തടിയൂരുന്ന സർക്കാരിന് ഈ കാര്യത്തിൽ ഇതിൽ കൂടുതൽ ഒന്നും ചെയ്യാൻ കഴിയില്ല. ചെയ്യണമെങ്കിൽ ഈ രംഗത്ത് സൃഷ്ടിപരമായ സമീപനം ഉണ്ടാകണം. ഇവിടെ ഒരു കത്തുണ്ട്. ഞാൻ അതിന്റെ വിശദാംശത്തിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് 2005 ജനുവരി 20-ാം തീയതി കേന്ദ്ര കൃഷി വകുപ്പുമന്ത്രി അയച്ച ഈ കത്തിനകത്ത് എന്താണ് പറഞ്ഞിരിക്കുന്നത്. 106+24+30 = 160 കോടി രൂപ. മൂന്ന് ഇനത്തിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതിൽ മൂന്നാമത്തെ ഐറ്റം എന്താണെന്ന് അറിയാമോ? making available ₹.30 crores under the scheme of agro-management of agriculture for rehabilitation of cashew and pepper plantation. ഈ പ്രഖ്യാപിച്ച 160 കോടി രൂപ എന്തു ചെയ്തു? ഇന്നലത്തെ പത്രസമ്മേളനം കണ്ടു. മാർക്കറ്റിംഗ് ഫെഡറേഷനിൽ കുരുമുളക് സംഭരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ആൾക്ക് കാശ് ഇല്ലാത്തതുകൊണ്ട് കുരുമുളക് സംഭരിക്കാൻ പറ്റുന്നില്ല എന്ന് മാത്രമല്ല, കിട്ടിയത് കയറ്റി അയയ്ക്കാൻ പറ്റുമോ എന്ന് നോക്കാമെന്നാണ് പറഞ്ഞത്. അതിനെക്കുറിച്ച് ഒറ്റ വാചകമാണ് ബഹുമാനപ്പെട്ട ഗൗരിയമ്മയോട് പറയാനുള്ളത്. കുരുമുളക് സംഭരണം നിത്യവൃത്തിയില്ലാത്ത ഒരു സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. ശ്രീ. പി. പി. തങ്കച്ചൻ ജോസ് കുറ്റ്യാനിയുടെ ചേട്ടനായി മാറിയിരിക്കുകയാണ്. കുരുമുളക് സംഭരണം പരിശോധിക്കാൻവേണ്ടി കൃഷിവകുപ്പുമന്ത്രി തയ്യാറാകണം. കേന്ദ്ര ഗവൺമെന്റ് കൊടുത്ത കാശ് ഉപയോഗിച്ച് കുരുമുളക് കർഷകരെ സംരക്ഷിക്കാൻ എന്തു നടപടി സർക്കാർ സ്വീകരിച്ചു എന്ന് പറയുമ്പോൾ ആരെങ്കിലും ബഹളം ഉണ്ടാക്കിയതുകൊണ്ട് കാര്യമുണ്ടോ? ഇവിടെ കൊപ്ര സംഭരണത്തെക്കുറിച്ച് പറഞ്ഞു. കൊപ്രാ 'ഡ്രയർ' വനിതകൾക്ക് തൊഴിലുണ്ടാക്കാൻവേണ്ടി കൊടുത്തു. കൃഷി വകുപ്പിന്റെ കീഴിൽ രജിസ്റ്റേഡ് സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. ചില ആളുകളുടെ താൽപ്പര്യമനുസരിച്ച് നഷ്ടം ഉണ്ടാകുന്നു. എ. ജി. യുടെ കത്ത് വായിച്ചായിരുന്നോ? വക്കീലിന് വായിക്കാൻ സമയം കിട്ടിക്കാണില്ല. കൃഷിവകുപ്പ് സെക്രട്ടറിക്ക് വകമാറ്റി ചെലവഴിച്ചതിന് എഴുതി കൊടുത്തിരിക്കുകയാണ്. മൂന്ന് കോടി രൂപ വകമാറ്റി ചെലവഴിച്ചു. 5 കോടി രൂപ ജോയിന്റ് അക്കൗണ്ടിൽ ഇട്ടിട്ട് അതിന്റെ പുറത്ത് അടയിരിക്കുകയാണ്. 220 യൂണിറ്റ് ഉണ്ടാക്കാൻ പദ്ധതിയുണ്ടാക്കി. കൃഷി വകുപ്പ് വെട്ടിക്കുറച്ച് 180 ആക്കി. ഇപ്പോൾ എന്താണ് സ്ഥിതി? എത്ര ഡ്രയർ കൊടുത്തു? എത്ര ആളുകൾക്ക് ജോലി കൊടുത്തു? എ. ജി.-യുടെ റിപ്പോർട്ടിന് മറുപടി പറയുമോ? കൃഷി വകുപ്പ് മന്ത്രി ഗൗരിയമ്മയാണെങ്കിലും എങ്ങനെ അനുകൂലിക്കാൻ കഴിയും? ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. എഴുതിക്കൊടുത്ത ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ തന്നിരിക്കുന്ന ധനാഭ്യർത്ഥനയിൽ സിവിൽ സ്പ്ലൈസ് വകുപ്പ് കേരളത്തിലെ പാവപ്പെട്ടവന്റെ, പട്ടിണിക്കാരന്റെ കണ്ണീർ ഒപ്പാനാണ് എന്നാണ് പറഞ്ഞത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു ചോദ്യത്തിന് മറുപടി തന്നത് എന്റെ കയ്യിലിരിപ്പുണ്ട്. ഈ ചോദ്യത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്. 1-3-2005-ൽ ശ്രീ. ജോണി നെല്ലൂരും ശ്രീ. ടി. എം. ജേക്കബും ചോദിച്ച ചോദ്യത്തിനുള്ള മറുപടിയാണ്.

ചോദ്യം: കേരളത്തിൽ പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി മുടങ്ങിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

<u>മറുപടി</u>: മുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഭക്ഷ്യവസ്തുക്കൾ ലഭിക്കാൻ താമസം ഉണ്ടായതാണ് കാരണം. 2004 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് ചില സ്കൂളുകളിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്തതിനാൽ ഉച്ചക്കഞ്ഞി വിതരണം മുടങ്ങിയിട്ടുണ്ട്. 2004 നവംബർ, ഡിസംബർ മാസങ്ങളിൽ 2004-ലെ റംസാൻ അരി വിതരണം പൂർത്തിയായിട്ടുണ്ട്. ക്രിസ്തുമസ് അരി വിതരണം പൂർത്തിയായി വരുന്നതേയുള്ളൂ.

ഈ മറുപടി എന്നാണ് എന്ന് അറിയുമോ? 1-3-2005-ൽ. എന്റെ കയ്യിൽ ഒരു എഫ്. ഐ. ആർ. ഇരിക്കുന്നു. പുനലൂരിലെ കോടതിയിൽ ഹാജരാക്കിയ ഒരു എഫ്. ഐ. ആർ. ആണ്. ഈ എഫ്. ഐ. ആർ. എന്ന് പറയുന്നത് കുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാൻ അരിയില്ലാത്ത സന്ദർഭത്തിൽ പുനലൂരിലെ പോലീസ് സർക്കാരിന്റെ മേപ്പടി കടയുടെ വരാന്തയിൽ ശ്രീ. ടി. വി. ഭാനു പണിക്കർ, ഹോൾസെയിൽ ഡിപ്പോ നം. 2, പുനലൂർ എന്ന് എഴുതി വച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ കടയിൽനിന്നും കടത്തിക്കൊണ്ടുപോയ അരി പോലീസ് പിടിച്ച് കോടതിയിൽ കൊടുത്തിരിക്കുന്ന എഫ്. ഐ. ആറിന്റെ കോപ്പിയാണ്. ഉച്ചക്കഞ്ഞി കൊടുക്കാൻ ഈ സർക്കാരിന്റെ കയ്യിൽ അരിയില്ല. മന്ത്രിയുടെ ബന്ധുവാണ് ഇദ്ദേഹമെന്ന് മാതൃഭൂമി പറയുന്നു. ഞാൻ പറയുന്നില്ല. സ്കൂളിൽ ഉച്ചക്കഞ്ഞി മുടങ്ങി. ഇത് ദേശാഭിമാനിയല്ല. സ്കൂളിൽ ഉച്ചക്കഞ്ഞി മുടങ്ങുമ്പോൾ മന്ത്രി ബന്ധുവിന്റെ കടയിൽനിന്നും അരി കടത്തിക്കൊണ്ടുപോയപ്പോൾ പോലീസ് പിടിച്ച് എഫ്. ഐ. ആർ. ആക്കുന്ന ഒരു സ്ഥിതിവിശേഷം. ഡിപ്പാർട്ടുമെന്റിന്റെ ഈ പ്രവർത്തനത്തെ എങ്ങനെ പിൻതാങ്ങാൻ കഴിയും? ഇത് സത്യമല്ലേ? സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരി കിട്ടാത്തതുകൊണ്ട് ഉച്ചക്കഞ്ഞി മുടങ്ങി. ഞാൻ ഇവിടെ ഒരു ആരോപണം എഴുതി തന്നിട്ടുണ്ട്. ഞാൻ എഴുതി തന്നിരിക്കുന്ന ആരോപണത്തെക്കുറിച്ച് സംസാരിക്കാനാണ് ഈ സമയം ഉപയോഗിക്കാൻ ശ്രമിക്കുന്നത്. സിവിൽ സപ്ലൈസ് കേർപ്പറേഷന്റെ പർചേസിംഗ് സിസ്റ്റത്തിൽ ബഹുമാനപ്പെട്ട മന്ത്രി കാതലായ മാറ്റം വരുത്താൻ ശ്രമിച്ചു. അത് ഗുണകരമാണ് എന്ന മട്ടിലാണ് ഇന്ന് എഴുതിതന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ചർച്ചയുടെ രേഖയിലും പറഞ്ഞിരിക്കുന്നത്. ഞാനും അതിൽനിന്നുകൊണ്ടു തന്നെയാണ് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. 10 കോടി രൂപയുടെ അഴിമതിയാണ് ഈ കാര്യത്തിൽ മന്ത്രി നടത്തിയത് എന്നാണ് ഞാൻ എഴുതി തന്നിരിക്കുന്ന ഈ ആരോപണം. ഉപോത്ബലകമായ രേഖ ഈ സമയത്തിനുള്ളിൽ ഞാൻ ഈ സഭയുടെ മുൻപിൽ സമർപ്പിക്കാൻ ശ്രമിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സെൻട്രൽ പർച്ചേസ് സിസ്റ്റമായിരുന്നു നിലവിലുണ്ടായിരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സെൻട്രൽ പർച്ചേസ് സിസ്റ്റം ലോക്കൽ പർച്ചേസ് സിസ്റ്റമായിട്ട് മാറ്റുന്നതിനുവേണ്ടി അദ്ദേഹം ഒരു സമീപനം സ്വീകരിച്ചു. സെൻട്രൽ

2/676/2012—40a.

LIBRARY ARCHIVES Kerala Legislative Assembly

പർച്ചേസ് സിസ്റ്റം മാറ്റിയിട്ട് ലോക്കൽ പർച്ചേസ് സിസ്റ്റത്തിന് അനുമതി കൊടുത്തിട്ട് മന്ത്രിയും സർക്കാരും പറഞ്ഞത് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ആളുകൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയുമെന്നാണ്. നിലവിലിരിക്കുന്ന 2003-ലെ ഒ. പി. നമ്പർ 14879 അനുസരിച്ചുള്ള കേരള ഹൈക്കോടതി വിധിയുണ്ട്. ഈ കോടതി വിധിക്കകത്ത് നിലവിലിരിക്കുന്ന ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പർച്ചേസിംഗ് സിസ്റ്റത്തിനെ സംബന്ധിച്ച് ഇതേവിധത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇവിടെ ഇന്ന് ശ്രീ. ടി. എം. ജേക്കബ്ബിന് കൊടുത്തിരിക്കുന്ന ഒരു മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ എല്ലാ പരാമർശത്തിലേക്കും ഞാൻ പോകുന്നില്ല. പക്ഷേ നിലവിലിരിക്കുന്ന സംവിധാനങ്ങൾക്കെല്ലാം ഉപരിയായി 7-ാം പേജിൽ നിലവിലിരിക്കുന്ന എല്ലാ സംവിധാനങ്ങളേയും അംഗീകരിച്ചുകൊണ്ട് ഈ ജഡ്ജുമെന്റിൽ പരാമർശമുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ പരാമർശം വായിക്കുന്നില്ല. എന്നാൽ ഈ ജഡ്ജുമെന്റിന്റെ അവസാനത്തെ പേജിൽ അദ്ദേഹം ഒരു കാര്യംകൂടി ചേർത്തിട്ടുണ്ട്. നിലവിലിരിക്കുന്ന സംവിധാനത്തോടൊപ്പം അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ രൂപീകരിച്ച് ക്വാളിറ്റി കൺട്രോളർ അദ്ധ്യക്ഷനായി ആ കമ്മിറ്റി ക്വാളിറ്റി പരിശോധിച്ച് സാധാരണ ആളുകൾക്ക് സാധനങ്ങൾ കൊടുക്കണമെന്ന നിർദ്ദേശമാണ് 10-ാം പേജിൽ 9-ാം പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നതിന്റെ ഉള്ളടക്കം. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് പർച്ചേസ് സിസ്റ്റം നടപ്പിലാക്കിയത്. എന്നാൽ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. അടൂർ പ്രകാശ് മന്ത്രിയായി കഴിഞ്ഞപ്പോൾ മൂന്ന് സർക്കാർ ഉത്തരവുകൾ ഇറക്കി. ആ മൂന്ന് സർക്കാർ ഉത്തരവുകളുടെ ഡേറ്റ് ഞാൻ ക്വോട്ട് ചെയ്യാം. 20-11-2004, 21-12-2004, 24-1-2005 എന്നീ മൂന്ന് ഉത്തരവുകളിലായി എന്താണ് ചെയ്തിരിക്കുന്നത് എന്നുവച്ചാൽ നിലവിലിരിക്കുന്ന പർച്ചേസ് രീതിയുടെ കേന്ദ്രബിന്ദുവായ പർചേസ് സിസ്റ്റത്തിന്റെ സബ്മിഷൻ ഓഫ് സാമ്പിൾസ് എന്ന് 6-ാം പാരഗ്രാഫ് ഭേദഗതി ചെയ്തു. 20-11-2004-ലെ ഉത്തരവിൽ 21-12-2004-ലെ ഉത്തരവ് വന്നപ്പോൾ അത് പകുതിയായി. ഈ സബ്മിഷൻ ഓഫ് സാമ്പിൾസിന്റെ ഉത്തരവിനകത്ത് ഒരു പുതിയ വകുപ്പ് എഴുതിചേർത്തു. സമയക്കുറവ് കൊണ്ട് വായിക്കുന്നില്ല. 24-1-2005-ലെ ഉത്തരവിൽ ഈ സെക്ഷൻ ഇല്ല. സബ്മിഷൻ ഓഫ് സാമ്പിൾസ് എന്ന് പറയുന്നത് മൂന്ന് ഘട്ടമായി മന്ത്രി അത് എടുത്തുകളഞ്ഞു. മന്ത്രി അതിന് മറുപടി പറയണം. ഹൈക്കോടതി വിധിയെ വെല്ലുവിളിക്കാൻ ഒരു ഉദ്യോഗസ്ഥന് ധൈര്യം ഉണ്ടാകുമോ? ഉണ്ടാകില്ല. എൽ. ഡി. എഫ്. യു. ഡി. എഫ്. സർക്കാരുകളുടെ കാലത്ത് നിലവിലിരുന്ന ഹൈക്കോടതി വിധിയുടെ ഉത്തരവിനെ അട്ടിമറിക്കാനാണ് ഉദ്യോഗസ്ഥൻമാർ തന്റേടം കാണിച്ചു എന്ന് പറയുന്നതെങ്കിൽ, അല്ല എന്ന് പറയാൻ ഞാൻ ഒരു ചെറിയ കാര്യം ഇവിടെ സമർപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. ഇത് എന്ന് പറയുന്നത് 14-9-2004-ലെ അന്നത്തെ ചെയർമാനും മാനേജിംഗ് ഡയറക്ടറും നിലവിലിരുന്ന കമ്മിറ്റിക്ക് എഴുതിയ ഒരു കത്താണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിലേക്കായി ഞാൻ ഈ കത്ത് വായിക്കുകയാണ്. ഈ കത്തിൽ എഴുതിയിരിക്കുന്നത് The Hon'ble Minister for Food and Civil Supplies has personally directed on 30-09-2004 to accept all the samples irrespective of quality എന്നാണ്.

ഇത് എഴുതിയിരിക്കുന്നത് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ പുലികേശി. ആർക്ക് എഴുതിയിരിക്കുന്നു? Direction or Manager (Quality Controller)-ക്ക് and O.C. may be filed in the stock file of instruction issued by C.M.D./Q.C. 14-9-2004-ൽ പുലികേശി എഴുതിയിരിക്കുന്ന കത്ത് എന്റെ കൈയിൽ ഉണ്ട്. 14-9-2004-ൽ അന്നത്തെ കമ്മിറ്റി അംഗങ്ങളായ രവികുമാർ, സെറീനാ ജേക്കബ്, പി. വിജുകുമാർ, വിജയലക്ഷ്മി, പ്രസാദ് ഇവർ എഴുതിയ സാധനങ്ങളുടെ റിപ്പോർട്ട്. ഇതിനകത്ത് എന്താ എഴുതിയിരിക്കുന്നത്? Samples accepted without accurate scientific analysis. ഇത് ആരാ പറയുന്നത്, ഇന്ന് ശ്രീ. ജേക്കബ്ബിനു കൊടുത്ത മറുപടി എന്താ, ഹൈക്കോടതി വിധി അട്ടിമറിച്ചുകൊണ്ട് എന്താ ചെയ്തിരിക്കുന്നത്? 14 ഐറ്റത്തിന്റെയും റിപ്പോർട്ട്, ഞാൻ അതിൽ ഒരു കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ഒരു സാമ്പിൾ ഇദ്ദേഹം പറഞ്ഞല്ലോ, വില കുറച്ച് സാധനം മേടിച്ചതുകൊണ്ട് ഗുണം ഉണ്ടായി എന്ന് ഇവിടെ അച്ചടിച്ചു തന്നിരിക്കുന്നു. വിലകുറച്ച് സാധനം മേടിച്ചാൽ കച്ചവടം കുതിച്ചുകയറണ്ടേ, സപ്ലൈകോയിലെ കച്ചവടം കൂടിയില്ല, കച്ചവടം കുറഞ്ഞു. ചെറുപയറിന്റെ മാത്രം കണക്ക് ഞാൻ പറയാം, വെറുതെ അടിസ്ഥാനരഹിതമായി പറയുകയല്ല മന്ത്രി മറുപടി പറയണം. 22-1-2005ലെ ടെൻഡർ പ്രകാരം സപ്ലൈ ചെയ്യുന്ന ചെറുപയറിന്റെ സൈസ് നാല് മില്ലീമീറ്റർ എന്നുപറഞ്ഞിരിക്കുന്നു, ലോക്കൽ പർച്ചേസിലൂടെ ഇവിടെ വാങ്ങിച്ചത് 56 ഡിപ്പോകളിൽ രണ്ടു മില്ലീമീറ്ററും, 2.5 മില്ലീമീറ്ററും ഉള്ളത്. ഇതിന്റെ വില വ്യത്യാസം ഒരു ലോഡിന് 60,000 രൂപ. മലയാള മനോരമ പത്രത്തിൽ അദ്ദേഹത്തിനു വേണ്ടി വക്കാലത്ത് എഴുതിയ വാർത്തയിൽ പറയുന്നു ഒരു മാസം 150 ലോഡ് ചെറുപയർ വാങ്ങിക്കും എന്നാണ് മനോരമ പറഞ്ഞത്. 150 ലോഡ് ചെറുപയറാണെങ്കിൽ ഒരു ലോഡ് ചെറുപയറിന് 60,000 രൂപ വിലവ്യത്യാസം. 5 കോടി രൂപ അഞ്ചു മാസംകൊണ്ട് ചെറുപയറിന്റെ കച്ചവടത്തിൽ ഉണ്ടാക്കി. 150 X 60,000 X 5. ചെറുപയറിന്റെ കച്ചവടം 14 സാധനങ്ങളുടെ വില എത്രവന്നു എന്ന് കൂട്ടി നോക്കൂ. അതാണ് ഞാൻ പറഞ്ഞത് മൊത്തം 14 ഇനങ്ങൾ. ഇതിൽ പൊളിറ്റിക്കൽ ലീഡർഷിപ്പിന് പങ്കില്ലേ? ഇല്ലെങ്കിൽ പുലികേശി ഇപ്പോൾ അഡീഷണൽ D. G. P. യാണ്. Vigilance I.G. ആയിരുന്നു.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ഇതിനകത്ത് പറഞ്ഞിരിക്കുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് ഗുണം ചെയ്യുന്നു എന്ന്. 4103 മെട്രിക് ടൺ പഞ്ചസാര കേന്ദ്ര ഗവൺമെന്റ് കിലോക്ക് പതിമൂന്നര രൂപ വച്ച് തരുന്നു. കഴിഞ്ഞ നവംബർ, ഡിസംബർ, ജനുവരി ഈ മൂന്നുമാസത്തെ പഞ്ചസാര പതിനെട്ടര രൂപയ്ക്ക് നിങ്ങൾ കമ്പോളത്തിൽ മറിച്ചുവിറ്റു. മന്ത്രിക്ക് നിഷേധിക്കാമോ? മാവേലി സ്റ്റോറിൽ പതിനെട്ടര രൂപയ്ക്കു വിറ്റു. ഫെബ്രുവരി മാസത്തെ ക്വാട്ട കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു. ഇത് മാനേജിംഗ് ഡയറക്ടർ ചെയ്തതാണെങ്കിൽ ഒരു പ്രീവിയസ് ഇൻസിഡന്റ് ഉണ്ട് കേരളത്തിൽ. 1981-ൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ സിവിൽ സപ്ലൈസ് മന്ത്രിയായിരിക്കുമ്പോൾ ബി. പി. എൽ.-കാർക്ക് ഇതുപോലെ റേഷൻ കടകളിലൂടെ കുറഞ്ഞ വിലയ്ക്ക് കൊടുക്കേണ്ട അരി മറിച്ച് കൂടിയ വിലയ്ക്ക് മാവേലി സ്റ്റോർ പോലുള്ള സംവിധാനത്തിലൂടെ വിറ്റതിന് അന്നത്തെ മാനേജിംഗ് ഡയറക്ടറായിരുന്ന ഇന്നത്തെ ഇൻലാന്റ് നാവിഗേഷൻ സെക്രട്ടറി കെ. ജെ. മാത്യുവിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തു. ഞാൻ മന്ത്രിയെ വെല്ലുവിളിക്കുന്നു എം. ഡി. യെ-സസ്പെൻഡ് ചെയ്യാമോ. ഈ ബി. പി. എൽ.-കാരന്റെ പഞ്ചസാര എടുത്ത് പതിനെട്ടര രൂപയ്ക്ക് വിറ്റ മാനേജിംഗ് ഡയറക്ടറെ സസ്പെൻഡ് ചെയ്യാമോ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. കെ. ദേവകുമാർ: സംസ്ഥാനത്തിന്റെയും വകുപ്പുമന്ത്രിയുടെയും ഈ അഴിമതിയിലുള്ള വ്യക്തമായ പങ്കാളിത്തം രേഖകൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ സമർപ്പിക്കുകയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാനും എം. ഡി. യുമായിരുന്ന ആളെ രാത്രി 11.30-ന് മന്ത്രിമന്ദിരത്തിൽ വിളിച്ചുവരുത്തി കോടതിവിധി അവഗണിച്ച് ക്വാളിറ്റി നോക്കാതെ ടെൻഡർ സ്ഥിരപ്പെടുത്തി പർച്ചേസ് നടത്താൻ നിർദ്ദേശിച്ചതായി ഞാൻ ആരോപണം ഉന്നയിക്കുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. കെ. ദേവകുമാർ: 14-9-2004-ലെ സപ്ലൈകോ എം. ഡി.-യുടെ നോട്ട് ഇവിടെ ഞാൻ സമർപ്പിച്ചിരിക്കുന്നു. ഈ നോട്ടിന്റെ അടിസ്ഥാനത്തിൽ ചേർന്ന സാമ്പിൾ പരിശോധനാകമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ രേഖകളും കുറിപ്പുകളും ഞാൻ ഉന്നയിച്ചു. ഇവരുടെ പേരിൽ നിയമപരമായി നടപടി സ്വീകരിക്കാൻ മന്ത്രിയും സർക്കാരും തയ്യാറുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. കെ. ദേവകുമാർ: ഇതിൽ ഒഴിഞ്ഞുമാറാൻ കഴിയുമോ? കഴിയില്ല, ഇവിടെ ഉദ്ധരിച്ച രേഖകൾ സമർപ്പിക്കാൻ ഞാൻ തയ്യാർ. കഴിഞ്ഞ പ്രാവശ്യം സിവിൽ സപ്ലൈസിന്റെ ആരോപണം ഉന്നയിച്ചപ്പോൾ അന്നത്തെ മന്ത്രി എന്നോടുപറഞ്ഞത് എം. ടി. വാസുദേവൻ നായരുടെ നോവലിലെ കഥാപാത്രത്തെയായിരുന്നു. വഴിയരുകിൽ കുരുക്കുമായി നിൽക്കുന്ന ഒരാളിനെക്കുറിച്ച്, അങ്ങയുടെ പിൻമുറക്കാരന്റെ പത്രപ്രസ്താവനയൊന്നും ഞാൻ പറയുന്നില്ല. ഏറ്റവും അവസാനം ഇന്ന് കുറിച്ചു തന്നിരിക്കുന്ന കുറിപ്പ്, ഇന്നലത്തെ ഇ-മെയിലിൽ വന്ന ടെൻഡറിന് ഒരു മറുപടിയൊന്ന് പറയണേ. ഇന്നലെ വന്ന ടെൻഡറിന്റെ കോപ്പി എന്റെ കൈയിലുണ്ട്. ചെറുപയർ ഇരുപത്തിയേഴര രൂപയ്ക്ക് തരാമെന്ന് അങ്ങയുടെ പുതിയ സിസ്റ്റത്തിൽ ഒരു ക്വിന്റൽ ചെറുപയർ തരാമെന്ന്. ഇ-മെയിലിനകത്തു നിന്ന് വന്ന സാധനമാണ്. ഐറ്റം നമ്പർ 52, 53. ഈ പുതിയ സിസ്റ്റം ഉണ്ടാക്കിയല്ലോ.......

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. കെ. ദേവകുമാർ: പുതിയ സിസ്റ്റമാണ്. ഹൈക്കോടതി വിധിയെ അട്ടിമറിക്കാൻ വെല്ലുവിളിക്കുന്നു. സഭയ്ക്കുപുറത്ത് ഈ സംവിധാനത്തെ മന്ത്രിക്ക് ന്യായീകരിക്കാമോ? ഏറ്റവുമൊടുവിൽ ഇന്നത്തെ നോട്ടിൽ പറഞ്ഞ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഈ രംഗത്ത് ഈ ടെൻഡർ എന്തിനാ, സാമ്പിൾ പരിശോധിക്കാതിരിക്കാൻ തട്ടിപ്പുണ്ടാക്കുന്നു. ഞാൻ വെല്ലുവിളിക്കുന്നു 10 കോടി രൂപയുടെ അഴിമതി നടത്തിയ മന്ത്രി രാജിവയ്ക്കണം. രാജി വച്ചുകൊണ്ട് അന്വേഷണത്തിന് ഉത്തരവിടാൻ തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

മി. സ്പീക്കർ: നിയമസഭയ്ക്കകത്ത് വെല്ലുവിളിയൊന്നും വേണ്ട.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഭക്ഷ്യവകുപ്പിനെ സംബന്ധിച്ച് ഈ സഭയിൽ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളും ഞാൻ ഉൾക്കൊള്ളുകയാണ്. ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം നല്ലതും ചീത്തയുമായ നിരവധി കാര്യങ്ങൾ—അഭിനന്ദനങ്ങളും അതുപോലെതന്നെ വിമർശനങ്ങളും ഏറ്റവും ഒടുവിൽ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ദേവകുമാറിന്റെ വിമർശനങ്ങളും—ഞാൻ വളരെ നന്ദിപൂർവ്വം സ്വീകരിക്കുകയാണ്. വെല്ലുവിളിയും സ്വീകരിക്കുന്നു. അതിനെപ്പറ്റി ഞാൻ പറയാം, ഇക്കാര്യത്തിൽ അങ്ങ് വെല്ലുവിളിക്കുമ്പോൾ ഉപ്പു തിന്നവനേ വെള്ളം കുടിക്കേണ്ടിവരത്തുള്ളൂ. അതുകൊണ്ട് ഈ വെല്ലുവിളി നേരിടുന്നതിന് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുമില്ല. ഈ വകുപ്പിന്റെ ചുമതല സെപ്റ്റംബർ മാസം 5-ാം തീയതിയാണ് ഞാൻ ഏറ്റെടുത്തത്. അതിനുശേഷം കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി ചെയ്യുവാൻ കഴിയുന്ന നല്ല കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടി പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുക, അതുപോലെതന്നെ സാധനങ്ങളുടെ ഗുണനിലവാരവും അളവും തൂക്കവും ഉറപ്പുവരുത്തുക, വിലക്കയറ്റവും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുക, റേഷൻ കടകൾ വഴി നല്ല അരി വിതരണം ചെയ്യുക, മെച്ചപ്പെട്ട ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുക ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഇൻഡ്യക്ക് ആകെ മാതൃകയായി അഭിമാനിക്കാൻ കഴിയുന്ന പൊതുവിതരണ ശൃംഖലയാണ് വർഷങ്ങളായി നാം നിലനിർത്തികൊണ്ടുപോകുന്നത്. ഏതാണ്ട് പതിനാലായിരത്തി ഒരുന്നൂറ്റി നാൽപ്പത്തിയാറു റേഷൻകടകളുടെ

2.00 P.M.] പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് അന്ത്യോദയ, അന്നയോജന എന്നീ പദ്ധതികൾ പ്രകാരം ഒരു കിലോ അരിക്ക് മൂന്നു രൂപ വച്ച് മുപ്പത്തിയഞ്ചു കിലോ അരി നൽകപ്പെടുന്നുണ്ട്. ഒരു ലക്ഷത്തി പതിനാലായിരത്തിനാന്നൂറ് കുടുംബങ്ങളെ ഈ അടുത്ത സമയത്ത് അന്ത്യോദയ, അന്നയോജന പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. ഇപ്പോൾ മൊത്തത്തിൽ നാലു ലക്ഷത്തി എഴുപത്തിയോരായിരത്തി എണ്ണൂറ് കുടുംബങ്ങളെ അന്ത്യോദയ, അന്നയോജന പദ്ധതികൾ പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റിൽ ഇരുന്നൂറ് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ള നിരാലംബരായ ആളുകൾക്ക് പത്തു കിലോ അരി സൗജന്യമായി കൊടുക്കുന്നുണ്ട്. നാൽപ്പത്തിയാറായിരത്തി ഇരുന്നൂറ്റി പതിനെട്ടു കുടുംബങ്ങൾക്കാണ് ഇത് ലഭിക്കുന്നത്. എ. പി. എൽ., ബി. പി. എൽ., ഒരു വലിയ പ്രശ്നമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളൊക്കെത്തന്നെ ആ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പോൾസൺ മാസ്റ്റർ, ശ്രീ. എ. എ. അസീസ് അതുപോലെ ശ്രീ. യു. സി. രാമൻ തുടങ്ങിയ നിരവധി അംഗങ്ങൾ എ. പി. എൽ., ബി. പി. എൽ. എന്നിവയുടെ അപാകതകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എ. പി. എൽ., ബി. പി. എൽ. സംബന്ധിച്ച അപാകത പരിഹരിക്കപ്പെടണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ മുഖ്യമായ ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 14 ജില്ലകളിലും ജനസമ്പർക്ക പരിപാടിയുമായി എത്തിയപ്പോൾ നിരവധി പാവപ്പെട്ട ആളുകളുടെ പരാതി അവരുടെ റേഷൻ കാർഡുകളിൽ ബി. പി. എൽ .-നു പകരം എ. പി. എൽ. എന്ന് അച്ചടിച്ചിരിക്കുന്നു എന്നുള്ളതായിരുന്നു. അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് അതിന് പരിഹാര

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇപ്പോൾ നമുക്കുള്ള പ്രശ്നമെന്നു പറയുന്നത് കേന്ദ്ര ഗവൺമെന്റ് പതിനഞ്ചു ലക്ഷത്തി അൻപത്തിനാലായിരം കുടുംബങ്ങളെയാണ് ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽത്തന്നെ നാലു ലക്ഷത്തി എഴുപത്തിയോരായിരം കുടുംബങ്ങൾക്ക് ഇപ്പോൾ അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരം അരി നൽകപ്പെടുന്നുണ്ട്. പക്ഷെ നമുക്കു കണക്കുപ്രകാരം ഈ രണ്ടുംകൂടി കൂട്ടുമ്പോൾ ഇരുപതു ലക്ഷത്തി നാൽപ്പത്തിയയ്യായിരം കുടുംബങ്ങൾ ബി. പി. എൽ. ലിസ്റ്റിൽ ഉണ്ടെന്നാണ് നമ്മുടെ കണക്ക്. പക്ഷെ കേന്ദ്ര ഗവൺമെന്റിൽ നിന്നും നമുക്ക് ബി. പി. എൽ. വിലയ്ക്ക് അരി നൽകപ്പെടുന്നത് പത്തുലക്ഷത്തി എൺപത്തിരണ്ടായിരം കുടുംബങ്ങൾക്കുവേണ്ടി മാത്രമാണ്. അതുകൊണ്ട് എന്തു സംഭവിക്കുന്നു എന്നുവച്ചാൽ നമ്മൾ അംഗീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം പതിനഞ്ചു ലക്ഷത്തി എഴുപത്തിനാലായിരം ആണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും പത്തു ലക്ഷത്തി എൺപത്തീരായിരം കുടുംബങ്ങൾക്ക് കിട്ടുന്ന റേഷൻ സാധനങ്ങൾ ഇത്രയും പേർക്ക് ഡിസ്ട്രിബ്യൂട്ട് ചെയ്തുകൊടുക്കേണ്ട അവസ്ഥാ വിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇതിനു പരിഹാരമാർഗ്ഗം കണ്ടുപിടിച്ചേ മതിയാകൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയുടെ നോട്ടിൽ, ഇന്നു വിതരണം ചെയ്ത ശുപാർശ സംബന്ധിച്ച് പറയുന്ന ഒരു കാര്യം കഴിഞ്ഞവർഷം വക കൊള്ളിച്ചിരുന്ന നൂറ്റിപതിനൊന്ന് കോടി രൂപയും അതിനു മുൻപുള്ള പല വർഷങ്ങളിലും വക കൊള്ളിച്ചിരുന്ന തുകയും ഒന്നുംതന്നെ വിനിയോഗിക്കാത്ത സാഹചര്യത്തിൽ ഈ വർഷം ബഡ്ജറ്റ് വിഹിതം ആയിരം രൂപയായി പരിമിതപ്പെടുത്തി എന്നാണ്. നൂറ്റിപ്പതിനൊന്നു കോടി രൂപ കഴിഞ്ഞ വർഷം വകയിരുത്തിയ സ്ഥാനത്ത് ഈ വർഷം ആയിരം കോടി രൂപ മാത്രമായി വകയിരുത്തിയാൽ നിങ്ങൾക്ക് എങ്ങനെയാണ് ഈ പദ്ധതികളൊക്കെ ഈ വർഷം നടപ്പിലാക്കാൻ സാധിക്കുക. ഇത് എന്തുകൊണ്ട് സംഭവിച്ചു.

ശ്രീ. അടൂർ പ്രകാശ്: കഴിഞ്ഞ വർഷം അങ്ങനെ തടഞ്ഞുവച്ചതല്ല സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിന് പണം ലഭ്യമായില്ല എന്നുള്ള യാഥാർത്ഥ്യം നമുക്ക് അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും അറിയാവുന്ന കാര്യങ്ങളാണ്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ ബി. പി. എൽ., എ. പി. എൽ, ലിസ്റ്റിലുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് അനർഹരായിട്ടുള്ള ഒരുപാട് ആളുകൾ ബി. പി. എൽ. ലിസ്റ്റിൽ വന്നിട്ടുണ്ട്. നമ്മൾ എല്ലാപേരും കൂടി രാഷ്ട്രീയമായ ചിന്താഗതി മാറ്റിവച്ചുകൊണ്ട് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ഒന്നിച്ച് ചിന്തിച്ചുകഴിഞ്ഞാൽ ഇതിൽ അർഹതപ്പെട്ട നിരവധി ആളുകളെ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അർഹമായതു നമുക്ക് കൊടുക്കാൻ കഴിയും. അത് ഒരു കണ്ണോടുകൂടി നാം കണ്ടിട്ട് കാര്യമില്ല. ഇവിടെ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആണെങ്കിലും ഞങ്ങൾ ആണെങ്കിലും ആ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സബ്ജക്ട് കമ്മിറ്റിയിൽത്തന്നെ ഈ കാര്യത്തെക്കുറിച്ച് ചർച്ചകൾ വന്നുകൊണ്ടിരുന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയും അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും കൂടി ആലോചിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കണ്ടെത്തണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുണ്ട്. ആ കാര്യങ്ങൾക്കുവേണ്ടിയുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ റേഷൻ വ്യാപാരികൾ അവർക്ക് പ്രതിമാസം 150 രൂപയാണ് പെൻഷനായി നൽകിക്കൊണ്ടിരുന്നത്. അത് അഞ്ഞൂറ് രൂപയായി കഴിഞ്ഞ കാലങ്ങളിൽ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആറു മാസത്തിനുള്ളിൽ 68 പേർക്ക് റേഷൻവ്യാപാരി ക്ഷേമനിധിയിൽ നിന്ന് പെൻഷൻ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ പെട്ടെന്ന് പറഞ്ഞുപോകുന്നത് എനിക്ക് അവസാനം ദേവകുമാർ പറഞ്ഞതിന് മറുപടി പറയണമെന്നുള്ളതുകൊണ്ടാണ്. സുനാമി ദുരന്തവുമായി ബന്ധപ്പെട്ടുകൊണ്ട്-സൗജന്യ റേഷൻ നൽകുന്നതിന് വേണ്ടി മൂന്നു ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി മുന്നൂറ്റി അൻപത്തിരണ്ടു കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തത്. ആ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ സുനാമി ബാധിച്ച പ്രദേശമെന്നുള്ള നിലയിൽ റേഷൻ കാർഡ് ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന ആളുകൾക്ക് ഒരു ഉറപ്പുകൊടുത്തു, റേഷൻ കാർഡ് അവർക്ക് ക്യാമ്പുകളിൽത്തന്നെ വിതരണം ചെയ്യുമെന്ന് ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആയിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന് ആളുകളാണ് അപേക്ഷ നൽകിയിട്ടുള്ളത്. ആയിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന് കുടുംബങ്ങൾക്കും സമയബന്ധിതമായിത്തന്നെ റേഷൻ കാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി റേഷൻ കടകളുടെ പ്രവർത്തനം വളരെ നിശ്ചലമാണെന്ന് ബഹുമാനപ്പെട്ട പല അംഗങ്ങളും പറഞ്ഞു, ആ റേഷൻ കടകൾ റിവ്യൂ ചെയ്യുന്നതിന്, ഒരു പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി ആദ്യ ഘട്ടമെന്നുള്ള നിലയിൽ ആയിരത്തിയഞ്ഞൂറ് റേഷൻ കടകൾ തെരഞ്ഞെടുത്തുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ മാസം മുതൽ അതിന് തുടക്കം കുറിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ റേഷൻ കടകളുടെ നവീകരണത്തിന്, റേഷൻ കടകൾ വളരെ മോശമായ അവസ്ഥയിൽ ഏതെങ്കിലും ഒരു ചെറിയ മുറിയിൽ പ്രവർത്തിക്കുന്ന അവസ്ഥയാണ്, ചില സാമ്പത്തിക സഹായം ബാങ്കുകളുമായി ബന്ധപ്പെട്ടുകൊണ്ട് അവർക്കുവേണ്ടി നേടിയെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിനു മുൻകൈയെടുത്തുകൊണ്ട് ചർച്ച നടത്തുകയുണ്ടായി. ആ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ എട്ടര ശതമാനം പലിശയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആയിരത്തിയഞ്ഞൂറ് റേഷൻ കടകളുടെ ഉടമസ്ഥൻമാർക്ക് അഞ്ചു ലക്ഷം രൂപ വരെ എട്ടര ശതമാനം പലിശയ്ക്ക് കൊടുക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് റേഷൻ കടകളുടെ ഒരു നവീകരണ പ്രവർത്തനത്തിനുവേണ്ടിയാണ്. അതുപോലെതന്നെ കൺസ്യൂമർ വെൽഫെയർ ഫണ്ട് കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് നമ്മുടെ സംസ്ഥാനത്ത് ഉപഭോക്തൃ ബോധവൽക്കരണം നടത്താനും, തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും കൺസ്യൂമർ ക്ലബ്ബുകൾ സ്ഥാപിക്കുക, ഉപഭോക്തൃ കാര്യങ്ങളെപ്പറ്റി വികസന സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക ഇക്കാര്യത്തിൽ ഗവേഷണം നടത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുക എന്നീ കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും ഒരു ഉപഭോക്തൃ നയംതന്നെ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉപഭോക്താക്കളുടെ സുരക്ഷിതത്വം, അറിയുവാനുള്ള അവകാശം, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, റപ്രസന്റേഷൻ, പരാതി പരിഹരിക്കൽ, ബോധവൽക്കരണം, ഇവയെപ്പറ്റി തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ഉപഭോക്താക്കൾക്കും മറ്റ് സമാന സംഘടനകൾക്കും അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അനുയോജ്യമായ അവസരം നൽകുന്നതിന് ഒരു സ്വതന്ത്ര ഉപഭോക്തൃ സംസ്കാരം വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ഇതിനായി വിവിധ പദ്ധതികൾ സർവകലാശാലകളുടെ റിസർച്ച് സെന്ററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എൻ. ജി. ഒ.-കൾ വഴി നടപ്പിലാക്കുന്നതാണ്. ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, ആഘോഷപരിപാടികൾ, ചർച്ചകൾ, ക്വിസ് പ്രോഗ്രാമുകൾ, ഉപന്യാസ മൽസരങ്ങൾ, പെയിന്റിംഗ് മൽസരങ്ങൾ എന്നിവ ജില്ലാതലത്തിലുള്ള ഇൻഫർമേഷൻ സെന്ററുകൾ വഴിയും സ്കൂൾ, കോളേജ് തലങ്ങളിൽ രൂപീകരിക്കുന്ന കൺസ്യൂമർ ക്ലബ്ബുകൾ വഴിയും നടപ്പാക്കുന്നതാണ്. ഇതിന് സാമ്പത്തിക സഹായം ഉപഭോക്തൃക്ഷേമനിധിയിൽ നിന്നും കണ്ടെത്താവുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതമായ പതിനഞ്ച് ലക്ഷം രൂപയും അതിനുപുറമെ കേന്ദ്ര വിഹിതമായി പതിനഞ്ച് ലക്ഷം രൂപയും ഇതിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്. കൺസ്യൂമർ ഫോറങ്ങളുടെ പ്രവർത്തനം കൂടുതൽ സുസജ്ജമാക്കത്തക്ക രീതിയിൽ ചട്ടങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. കരട് ചട്ടങ്ങൾക്ക് രൂപം നൽകിക്കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തെ കൺസ്യൂമർ ഫോറങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചില കേസുകൾ നിൽക്കുന്നതിനാലാണ് ഇക്കാര്യത്തിൽ താമസം ഉണ്ടായിട്ടുള്ളത്. സർക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ടുമാത്രമാണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഫലപ്രദമായി തടഞ്ഞുനിർത്താനാകുന്നത്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം. ഗുണമേന്മ ഉറപ്പുവരുത്തുകയും ന്യായവിലയ്ക്ക് സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് കോർപ്പറേഷൻ ചെയ്തത്. കഴിഞ്ഞ മാസങ്ങളിൽ ധാന്യങ്ങൾ വാങ്ങിയ വകയിൽ സാരമായ സേവിംഗ്സ് ഉണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ ആറ് മാസ കാലയളവിൽ ധാന്യങ്ങളുടെ വിലയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. ശ്രീ. ടി. കെ. ദേവകുമാർ ശ്രദ്ധിക്കണം, മാർക്കറ്റ് വിലയിലും 10 ശതമാനം മുതൽ 15 ശതമാനം വരെ താഴ്ത്തി ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു, പുതിയ ചില സിസ്റ്റങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടപ്പിലാക്കിയെന്ന്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയിൽ കേരളത്തിലെ ആദ്യത്തെ പദ്ധതിയായ റീ-ടെന്ററിംഗ് സിസ്റ്റം കൊണ്ടുവന്നു. ഇത് കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ വകുപ്പാണ് ആദ്യമായിട്ട് ഇത് നടപ്പിലാക്കുന്നത്. ഇത് നടപ്പിലാക്കിയതുകൊണ്ട് ഇതിലൂടെ യഥാർത്ഥ സപ്ലൈയർമാർക്ക്, യഥാർത്ഥത്തിൽ വിതരണ ശൃംഖലയിലുള്ള ആളുകൾക്ക്, ഇതിൽ പങ്കാളിത്തം വഹിക്കാൻ കഴിയുന്നതുകൊണ്ട്. സാധനങ്ങളുടെ വിലനിലവാരം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സുനാമി ബാധിച്ചവരെ സഹായിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഒരു ചുമതലയേൽപ്പിച്ചു. സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി മാലിദ്വീപിലേക്ക് പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾ യഥാസമയം എത്തിച്ചുകൊടുക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. നിശ്ചയിച്ച സമയത്തിനുള്ളിൽത്തന്നെ ഈ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ കോർപ്പറേഷനു കഴിഞ്ഞു. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ കാര്യങ്ങൾ കേൾക്കുവാൻ വേണ്ടി അങ്ങയെ ചുമതലപ്പെടുത്തിയ ആളുകൾ ഇരിപ്പുണ്ട്. ....(ബഹളം)........ ഗവണ്മെന്റ് ഒരു വർഷംകൊണ്ട് നടപ്പിലാക്കുന്ന പരിപാടികളുടെ കൂട്ടത്തിൽ പുതുതായി 106 മാവേലി സ്റ്റോറുകൾ, അല്ലെങ്കിൽ ശബരി സൂപ്പർ മാർക്കറ്റുകളും 22 ശബരി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കും.......(ബഹളം)........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 307 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അങ്ങനെ ഞാൻ മറുപടി പറയാം, അങ്ങയെ ഇത് പറഞ്ഞ് ചുമതലപ്പെടുത്തിയ ആള് പുറത്ത് നിൽക്കുന്നുണ്ട്. വേറൊരാൾ ചുമതലപ്പെടുത്തിയ കാര്യം ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞു എന്നു പറഞ്ഞത് ആ മെമ്പറുടെ കർത്തവ്യനിർവ്വഹണത്തിലെ തടസ്സപ്പെടുത്തലാണ്. ആ മെമ്പറെ അപമാനിക്കുന്ന പരാമർശം ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കേണ്ടതാണ്. ....(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കോൺഗ്രസ് പാർട്ടിയാണെങ്കിലും സി. പി. ഐ. ആണെങ്കിലും, സി. പി. എം. ആണെങ്കിലും പാർട്ടി അധികാരപ്പെടുത്തി പറയിപ്പിക്കും. അത് പാർട്ടിയാണ്. ചിലപ്പോൾ കോടിയേരി ബാലകൃഷ്ണനെ തന്നെയായിരിക്കും ഉദ്ദേശിച്ചിട്ടുണ്ടാകുക. ഞങ്ങളുടെ പാർട്ടിയിലുള്ള സമ്പ്രദായം അതാണ്. അതുദ്ദേശിച്ചാണ് അദ്ദേഹം പറഞ്ഞത്. അതല്ല ഏത് എം. എൽ. എ.-ക്കും എന്തും പറയാം എന്നുള്ളതിലല്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ സർക്കാർ രേഖകളാണ് ഉദ്ധരിച്ചത്. അദ്ദേഹത്തിന്റെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കൈയിൽനിന്നും തന്നെ കിട്ടിയതാണ്. തർക്കമൊന്നുമില്ല. സർക്കാർ രേഖ അദ്ദേഹത്തിന്റെ വകുപ്പിലെ ഉന്നതോദ്യോഗസ്ഥൻമാർ എന്റെ മുറിയിൽകൊണ്ടുവന്നത് കൃത്യമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഭയിൽ ഉന്നയിക്കുന്നു. ആ ഉദ്യോഗസ്ഥൻ ഗ്യാലറിയിൽതന്നെ ഇരുന്നു കേട്ടുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ഉത്തരവാദിത്വത്തോടെയാണ് ഞാൻ രേഖകൾ അവതരിപ്പിക്കുന്നത്. മറിച്ച് പുറത്തുനിന്നും കേൾക്കുന്ന ആളുകളാണ് എന്ന് പറഞ്ഞാൽ അത് ദുരുദ്ദേശ്യപ്രേരിതമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് മാനേജിംഗ് ഡയറക്ടർ ചെയർമാനും ബന്ധപ്പെട്ട കമ്മിറ്റിയും എഴുതിയ കത്താണ് ഞാൻ ഇവിടെ വായിച്ചത്. അതോടൊപ്പംതന്നെ ആ കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് ചുമതലപ്പെടുത്തിയതെന്ന് ശ്രീ. അടൂർ പ്രകാശ് മറുപടിയായി പറഞ്ഞിരുന്നു. ബന്ധപ്പെട്ട കമ്മിറ്റി റിപ്പോർട്ടിന്റെ ഫോട്ടോസ്റ്റാറ്റാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്, അദ്ദേഹം അത് നിഷേധിക്കട്ടെ!

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ തർക്കം ഇവിടെ അവസാനിച്ചു. ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി മറുപടി പറഞ്ഞു. ഉദ്യോഗസ്ഥൻ പുറത്തുണ്ടെന്ന് അദ്ദേഹംതന്നെ പറയുകയും ചെയ്തു. അപ്പോൾപ്പിന്നെ തർക്കമില്ല. അത് അഡ്മിസീവ് ഫാക്ടായി മാറിയിരിക്കുകയാണ്.

മി. സ്പീക്കർ: അകത്താണോ പുറത്താണോ എന്നുള്ള സംശയമില്ല. രണ്ടു കൂട്ടരും പറയുന്നത് ദുരുദ്ദേശപരമായിട്ട്.......What is your explanation? വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞോളു.........(ബഹളം).........

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഒരു ദുരുദ്ദേശ്യവുമില്ല. ഉള്ള കാര്യങ്ങൾ പറഞ്ഞെന്നേയുള്ളു. ഈ വരുന്ന ഒരു വർഷംകൊണ്ട് നടപ്പിലാക്കുന്ന പരിപാടികളുടെ കൂട്ടത്തിൽ ശ്രീ. ടി. എച്ച്. മുസ്തഫ മാവേലി സ്റ്റോറുകളുടേയും സൂപ്പർ മാർക്കറ്റുകളുടേയും എണ്ണം വർദ്ധിപ്പിക്കണമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശബരി മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോറുകൾ കൂടുതൽ നടപ്പിലാക്കണം. അതിന്റെ പ്രവർത്തനം നടക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വരുന്ന ഒരു വർഷക്കാലംകൊണ്ട് 106 മാവേലി സ്റ്റോറുകളും അതല്ലെങ്കിലും ശബരി സൂപ്പർ മാർക്കറ്റുകളും അതുപോലെ 22 ശബരി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ പറഞ്ഞത് നിത്യോപയോഗ സാധനങ്ങൾ വാങ്ങാനുള്ള പർച്ചേസ് സിസ്റ്റത്തിൽ മാറ്റം വരുത്തിയപ്പോൾ വകുപ്പുമന്ത്രിക്ക് 10 കോടി രൂപ കിട്ടിയെന്നാണ്. ബഹുമാനപ്പെട്ട അംഗം അറിയുന്നതിന് വേണ്ടി ഞാൻ പറയുകയാണ്, ഞാൻ ഈ സഭയിൽ വരുന്നതിന് മുമ്പു മുതൽ ഇൻകം ടാക്സ് കൊടുക്കുന്നുണ്ട്. ഇപ്പോഴും കൊടുക്കുന്നുണ്ട്. സംശയമുണ്ടെങ്കിൽ എന്നു മുതൽ ഇൻകം ടാക്സ് കൊടുക്കുന്നുണ്ടെന്ന് രേഖകൾ പരിശോധിച്ചാൽ കാണാൻ കഴിയും. ഞാൻ ഈ സഭയിൽ വന്നാലും വന്നില്ലെങ്കിലും എന്റെ സ്വന്തം അദ്ധ്വാനംകൊണ്ട് എനിക്കുവേണ്ടി എന്റെ കുടുംബത്തിനുവേണ്ടി ഞാൻ സ്വന്തമായി അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം, അതിന്റെ കൃത്യമായ കണക്ക് കാണിച്ചുകൊണ്ട് ഇൻകം ടാക്സ് ഓരോ വർഷവും കൃത്യമായി കൊടുക്കുന്നു എന്ന് അഭിമാനത്തോടുകൂടി ഈ സഭയിൽ എനിക്ക് പറയാൻ പറ്റും. മറ്റാരെങ്കിലും എതെങ്കിലും തരത്തിൽ എന്തെങ്കിലും ചെയ്യുന്നു എന്നുള്ളതിനെക്കുറിച്ച് പ്രശ്നമില്ല. അങ്ങ് പറഞ്ഞു, ആറ് മാസക്കാലം കൊണ്ട് 10 കോടി രൂപ കിട്ടിയെന്ന്. അത് കിട്ടിയിരുന്നെങ്കിൽ ഈ പത്തു കോടി രൂപ കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ഞാൻ വിതരണം ചെയ്യുമായിരുന്നു. അങ്ങ് പറയുന്ന ആളുകൾക്ക് കൊടുക്കുമായിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്നാണ്. അങ്ങ് ടെണ്ടർ സിസ്റ്റത്തിൽ മാറ്റമുണ്ടാക്കി എന്നു പറഞ്ഞു. അങ്ങ് അറിയാത്ത ഒരു ഹൈക്കോടതി വിധിയുണ്ട്. അങ്ങ് പറഞ്ഞ ഹൈക്കോടതി വിധിയെന്ന് പറയുന്നത് 2003-ലെ ഹൈക്കോടതി വിധിയാണ്. 2003-ലെ ഹൈക്കോടതി വിധിയിൽ അന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വിതരണം ചെയ്തുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ ആ സ്ഥാപനത്തെ കൊള്ളയടിച്ചുകൊണ്ടിരുന്ന ചിലയാളുകൾ സമ്പാദിച്ച കോടതിവിധിയാണ് അങ്ങിവിടെ ഉദ്ധരിച്ചത്. എന്നാൽ അങ്ങേറിയാത്ത ഒരു പുതിയ വിധി ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2004 ഡിസംബർ മൂന്നാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്ത Shri. R. Vijayakumar, C/o A.V.K. Traders, Kochi. ആ കേസിന്റെ അടിസ്ഥാനത്തിൽ വിധി വന്നു. അതിൽ പറയുന്നത് The first respondent is a commercial establishment എന്ന് പറയുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. The first respondent is a commercial establishment, run by the State Government in public interest. It is established to intervene in the market to arrest the price rise. It is for the Corporation to decide how it

LIBRARY ARCHIVES Kerala Legislative Assembly

should make its purchases. This Court, under Article 226 of the Constitution of India, cannot sit in appeal over the method or the procedure adopted by it. The petitioner, who is a contractor, has no legal right to insist that the Corporation should act in a particular manner in the matter of purchase of goods. The Corporation does not owe any duty to him in this regard. Therefore, the writ petition is not maintainable. ഈ വിധിയുടെ അടിസ്ഥാനത്തിലാണ് കോർപ്പറേഷനിൽ പർച്ചേസിന്റെ കാര്യത്തിൽ ചില മാറ്റങ്ങളുണ്ടായത്. മാറ്റങ്ങളുണ്ടാക്കി എന്നുപറയുന്നത് സത്യമാണ്. ആ മാറ്റങ്ങളുണ്ടാക്കി എന്നുള്ളതുകൊണ്ട് സംഭവിച്ച കാര്യങ്ങൾ കൂടി സഭ അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ മാറ്റങ്ങളുണ്ടാക്കുന്നതിന് മുൻപ് നടന്ന സംഭവങ്ങൾ കൂടി അറിഞ്ഞിരിക്കണം. 2004-ലെ ഒന്ന്, രണ്ട് മാസത്തെ കണക്കുകൾ മാത്രം പറയാം. 2004 ഏപ്രിൽ മാസം 14 ഐറ്റം സാധനങ്ങൾ വാങ്ങി. ആ സാധനം വാങ്ങിയപ്പോൾ ചെറുപയർ എന്ന ഐറ്റം, ഒരു ഉദാഹരണം പറയുന്നു എന്നേയുള്ളൂ. ബാക്കിയുള്ളതെല്ലാം ഇതുപോലെതന്നെയാണ്. ചെറുപയർ അന്ന് വാങ്ങിയിരിക്കുന്നത് 27.97 രൂപയ്ക്കാണ്. അതുപോലെതന്നെ..........(ബഹളം)..........മന്ത്രിയൊന്നും അതിന് ഉത്തരവാദിയല്ല. ഉത്തരവാദിയാരാണെന്ന് ഞാൻ പറയാം. ഉത്തരവാദിയാരാണെന്ന് ഞാൻ രേഖകൾ വച്ചുകൊണ്ട് പറയാം. ഇത്രയും കൊള്ളയടിച്ചുകൊണ്ടുപോയ ആളാരാണെന്ന് ബഹുമാനപ്പെട്ട ദേവകുമാർ അറിയണം. മന്ത്രിമാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മന്ത്രിമാരുടെ ജോലിയല്ല ഇത്. രേഖകൾ വച്ചുകൊണ്ട് ഞാൻ പറയാം. ആരാണിത് കൊള്ളയടിച്ചു കൊണ്ടുപോയതെന്ന്. ഞാൻ രേഖ തരാം. ഇവിടെ ചെറുപയർ വാങ്ങിയിരിക്കുന്നു 27.97 രൂപയ്ക്ക്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഹെഡ്ഓഫീസ് കൊച്ചിയിലാണ്. അതിന്റെ അടുത്ത് ഒരു കെട്ടിടമുണ്ട്. കൺസ്യൂമർഫെഡിന്റെ ഹെഡ് ഓഫീസാണ് അവിടെ പ്രവൃത്തിക്കുന്നത്. ഏപ്രിൽ മാസത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 27.97 രൂപയ്ക്ക് ചെറുപയർ വാങ്ങിയപ്പോൾ തൊട്ടപ്പുറത്തെ കൺസ്യൂമർഫെഡിൽ വാങ്ങിയത് 24.16 രൂപയ്ക്കാണ്. എത്ര രൂപയുടെ വ്യത്യാസമുണ്ട്. ഇന്ന് അദ്ദേഹം പറഞ്ഞല്ലോ, ചില ഉദ്യോഗസ്ഥൻമാരാണ് പറഞ്ഞത്, ആ രേഖകൾ വച്ചാണ് അദ്ദേഹം ഇവിടെ ഉദ്ധരിച്ചതെന്നും പറഞ്ഞല്ലോ? അങ്ങനെ പറഞ്ഞ ഉദ്യോഗസ്ഥൻമാരിൽ പലയാളുകളും ഇന്ന് ആ സ്ഥാനത്തില്ല. അവരെ സസ്പെന്റ് ചെയ്യേണ്ടി വന്നു. അതും ദേവകുമാർ അറിഞ്ഞിരിക്കണം. അവർ തന്ന രേഖയാണ് അങ്ങ് ഇവിടെ കൊണ്ടുവന്നത്. ആ ഇനത്തിൽ മാത്രം ഏപ്രിൽ മാസത്തിൽ 14 ഇനം സാധനങ്ങൾ വാങ്ങിയപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിലുണ്ടായ നഷ്ടം 1,72,43,827 രൂപയാണ്. അത് ആ ഒറ്റ മാസം കൊണ്ടുണ്ടായതാണ്. തൊട്ടടുത്ത മാസമായ മേയ് മാസത്തിൽ 2,35,75,257 രൂപയും ജൂൺ മാസത്തിൽ 1,91,67,717 രൂപയും ജൂലായ് മാസത്തിൽ 2,21,89,041 രൂപയും നഷ്ടമുണ്ടായി. ഇത്........(ബഹളം).......കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയണ്ട. ഇതിന് മറുപടി പറയേണ്ടത് കാർത്തികേയനല്ല. ദേവകുമാറിന് ഈ രേഖകൾ എത്തിച്ച ഉദ്യോഗസ്ഥനോ മറ്റ് ആളുകളോ ഉണ്ടെങ്കിൽ അതിന് മറുപടി അവരെക്കൊണ്ട് പറയിപ്പിക്കണം. ജനങ്ങൾ അറിയണം, പൊതുജനങ്ങൾ അറിയാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ....(ബഹളം)........

മി. സ്പീക്കർ: Devakumar, Please...............Please...............ആരോപണം ഉന്നയിക്കുമ്പോൾ മറുപടി കേൾക്കാനുള്ള സൻമനസ്സ് കാണിക്കണം...........(ബഹളം)...........

ശ്രീ. അടൂർ പ്രകാശ്: ഇത്രത്തോളം ഭീമമായ കൊള്ളകൾ അവിടെ നടക്കുമ്പോൾ അന്ന് മാർക്കറ്റ് വിലയേക്കാൾ എത്ര രൂപ അധികത്തിൽ അവിടെ സാധനം കൊടുക്കണമെന്ന് സപ്ലെയർമാർ എന്നുള്ള നിലയിൽ ചില ആളുകൾ തീരുമാനിച്ചു. ആ തീരുമാനിച്ച ആളുകളുടെ പേരിലാണ് ഹൈക്കോടതിയിൽ ഇപ്പോൾ പരാതി കൊടുത്തത്. മുൻകാലങ്ങളിലുള്ളതുപോലെ സിസ്റ്റം പോകണമെന്ന് വച്ചാൽ, ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത ശ്രീ. വിജയകുമാർ അടക്കം മറ്റ് ചില ആളുകളടക്കം അവർക്ക് സ്വൈര്യമായി മുൻകാലങ്ങളിലുള്ളതുപോലെ നടത്തിക്കൊണ്ടു പോകണമെന്നതാണ് ലക്ഷ്യം. ഞാൻ മന്ത്രിയായി സെപ്റ്റംബർ 5-ാം തീയതിയാണ് ചുമതലയേറ്റത്. അങ്ങേക്കറിയാമല്ലോ? അതിനുശേഷം നടന്ന ഒരു കാര്യംകൂടി ഞാൻ പറയാം. നവംബർ മാസത്തിൽ ഞങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ചെറുപയർ വാങ്ങി. മാർക്കറ്റ് വില അന്നുണ്ടായിരുന്നത് 23 രൂപ ആവറേജ്. പത്രത്തിൽ വരുന്നതാണ് ഞാൻ പറയുന്ന കാര്യമല്ല. അവിടെ ഞങ്ങൾ അന്ന് വാങ്ങിയത് 22.68 രൂപയ്ക്കാണ്. അതുപോലെ ഡിസംബർ മാസത്തിൽ 22.39 രൂപ, ജനുവരി മാസത്തിൽ 22.40 രൂപ, ഫെബ്രുവരി 23.66 രൂപ. ഇപ്പോൾ മാർച്ച് മാസത്തിൽ 23.75 രൂപ. ഇപ്പോഴുള്ള പ്രശ്നമെന്താണെന്ന് ചോദിച്ചാൽ കഴിഞ്ഞ കുറേ നാളുകളായി ഇത് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ചില ആളുകളുണ്ട്. അത്തരം ആളുകൾക്ക് ഇപ്പോൾ അന്ന് നടത്തിയതുപോലെ അവിടെ അഴിമതി നടത്താൻ, കൊള്ള നടത്താൻ അവരെ അനുവദിക്കുന്നില്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ മന്ത്രിയായതിനുശേഷം ഇത്തരം കാര്യങ്ങളെക്കുറിച്ച് എനിക്കൊരു പരാതി 30-9-2004-ൽ കിട്ടി. ആ പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ വായിച്ചുനോക്കി. അതിൽ നിന്നും ആ സ്ഥാപനവുമായി ബന്ധപ്പെട്ട് വളരെയധികം കൊള്ളരുതായ്മകൾ നടക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ 30-9-2004-ൽ എന്റെ കൈവശം കിട്ടിയ പരാതി അന്വേഷിക്കുന്നതിന് വേണ്ടി 06-10-2004-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് report immediately എന്നുപറഞ്ഞ് എഴുതി. റിപ്പോർട്ട് വന്നു. ആ റിപ്പോർട്ട് വന്നപ്പോൾ അതിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ പറയേണ്ടതായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് 08-11-2004-ൽ കിട്ടി. ആദ്യം പരാതി

LIBRARY ARCHIVES Kerala Legislative Assembly

തരുമ്പോൾ പരാതി തന്ന ആളുകൾ ഒരു കാര്യം പറഞ്ഞു. ഞാൻ അതിലെ അവസാനഭാഗം വായിക്കുകയാണ്. "വളരെ വിദഗ്ദ്ധമായും ബോധപൂർവ്വമായും ഉള്ള കരുനീക്കങ്ങളിലൂടെയും പുറമേക്ക് സുതാര്യമെന്ന് തോന്നിപ്പിക്കുന്ന രീതിയിലും നടത്തുന്ന ഈ അഴിമതി വിശദവും വിദഗ്ദ്ധവും സമർത്ഥവും സത്യസന്ധവുമായ അന്വേഷണത്തിലൂടെ മാത്രമേ പുറത്തുകൊണ്ടുവരുവാനും സിവിൽ സപ്ലൈസ് കോർപ്പറേഷനെ കാർന്നു നശിപ്പിക്കുന്ന അഴിമതിയിൽ നിന്ന് വിമുക്തമാക്കി ശുദ്ധീകരിക്കുവാനും സാധിക്കുകയുള്ളു. സ്ഥാപിത താൽപ്പര്യക്കാരുടെ കയ്യാൽ ജീവന് നേരെ ഭീഷണി അവഗണിച്ച് സമർപ്പിക്കുന്ന ഈ ഹർജി അത്യന്തം ഗൗരവത്തോടുകൂടി പരിഗണിക്കണം" എന്നാണ് പരാതിക്കാർ എന്നോട് പറഞ്ഞത്. അതിനെക്കുറിച്ച് അന്വേഷിച്ചു. ആ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യം, ...(ബഹളം).................സഹിഷ്ണതയോടുകൂടി അങ്ങ് കേൾക്കണം. 8-11-2004-ൽ കിട്ടിയ റിപ്പോർട്ടിന്റെ 7-ാമത്തെ പാരഗ്രാഫിൽ ....(ബഹളം)..................

Mr. Speaker: Devakumar, Please take your seat.

ശ്രീ. അടൂർപ്രകാശ്: അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ....(ബഹളം).............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ 2004-ലാണ് ഈ സംഭവം നടന്നതെന്ന് സമ്മതിച്ചിരിക്കുകയാണ്. അതിനുവേണ്ടിയുള്ള നടപടിയെടുത്തതും പിന്നീടാണ്. 2004-ലും ഈ യു.ഡി.എഫ് ഗവൺമെന്റാണ് ഇവിടെയുണ്ടായിരുന്നത്. ഇതുസംബന്ധിച്ച് 2004-ൽ തന്നെ നടപടിയെടുക്കാൻ എന്തുകൊണ്ട് ഗവൺമെന്റിന് സാധിച്ചില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സംരക്ഷിച്ചത് എന്തുകൊണ്ട് എന്നത് മന്ത്രി എന്തുകൊണ്ട് വ്യക്തമാക്കിയില്ല. അതുകൂടി പറയണം.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ പറയുന്നത് അങ്ങ് ഒന്ന് കേൾക്കണം. എനിക്ക് 30-9-2004 നാണ് പരാതി കിട്ടുന്നത്. ആ പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 6-10-2004-ന് ഇതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് എം.ഡി.-ക്ക് ഞാൻ ഈ പരാതി അയച്ചു കൊടുത്തു. പരാതി അയച്ചു കൊടുത്തതിനുശേഷം അതിന്റെ റിപ്പോർട്ടുകൾ എനിക്ക് 8-11-2004-ന് കിട്ടുന്നു. അതിനകത്ത് പാരഗ്രാഫ് ഏഴിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഒന്നു കേൾക്കാൻ വേണ്ടിപറയുന്നു. "The person who is having high political connection who was behind this operation as alleged in the petition dated 30-9-2004 is identified as Mr. K. T. Joseph through an enquiry by the Vigilance Wing". വിജിലൻസ് വിംഗിന്റെ എൻക്വയറിയിലാണ് ഈ ആളിന്റെ പേര് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ആരോപണം

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചാൽ മാത്രം പോരാ എനിക്ക് പറയാനുള്ള കാര്യങ്ങൾ ഞാൻ പറയുമ്പോൾ അതുകൂടി കേൾക്കണം. വക്കാലത്ത് ഹാജരാക്കുമ്പോൾ ശരിക്കും നമ്മൾ വാദിക്കണം. അതാ പറഞ്ഞു വരുന്നത്, അത് കേൾക്കാനുള്ള സഹിഷ്ണുത കാണിക്ക്. അത് ഒന്നു കേൾക്ക് എന്നിട്ട് ഇവിടെ ഒരുപാട് ആളുകളുടെ പേരിൽ അവിടെ ക്വട്ടേഷൻ ചെല്ലുകയാണ്. നിരപരാധികളായ നിരവധി ആളുകൾ. ഇതൊക്കെ അന്വേഷണ റിപ്പോർട്ടിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. അത് കേൾക്കുന്നതിന് നിങ്ങൾ എന്തിനാണ് ഇത്ര മടികാണിക്കുന്നത്? ....(ബഹളം).......... അങ്ങ് ഇവിടെ കിടന്ന് ബഹളം ഉണ്ടാക്കുന്നത് മറ്റ് ചിലപ്പോൾ ഉദ്യോഗസ്ഥന്മാർ അകത്തില്ല പുറത്തായിരിക്കും അവർ കേൾക്കത്തില്ല. തന്റേടമുണ്ടെങ്കിൽ സമാധാനത്തോടുകൂടി പറയുന്ന കാര്യങ്ങൾ കേൾക്കണം ദേവകുമാർ. അങ്ങനെ അഴിമതി ആരോപണം ഉന്നയിച്ച് രക്ഷപ്പെട്ടു പോയാൽപോരാ. പറയുന്ന കാര്യങ്ങൾകൂടി കേട്ട് അതിന് തീരുമാനമാണ് എടുക്കേണ്ടത്. തന്റേടമുണ്ടെങ്കിൽ അതാണ് ചെയ്യേണ്ടത്.

മി. സ്പീക്കർ: പ്ലീസ് ദേവകുമാർ, take your seat. ഇത് അംഗങ്ങൾ തമ്മിലുള്ള വാഗ്വാദത്തിന്റെ സമയമല്ല. സത്യം അറിയാനുള്ള അവകാശം എല്ലാ മെമ്പർമാർക്കും ഉണ്ട്. ഒരാൾ ആരോപണം ഉന്നയിച്ചാൽ മറുപടി പറയാൻ മന്ത്രിക്ക് അവസരം കൊടുക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇപ്പോൾ ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹൈക്കോടതിയുടെ ഇടപെടലോടുകൂടിത്തന്നെ ഇത്തരം കാര്യങ്ങളിൽ ഇടപെടുവാൻ, ഇടപെടൽ എന്നു പറയുമ്പോൾ അതിന് പ്രത്യേകം ബോർഡുണ്ട്. ആ ബോർഡ് എടുക്കുന്ന പ്രത്യേക ചില തീരുമാനങ്ങളുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് യാതൊരു കാരണവശാലും മന്ത്രി എന്നുള്ള നിലയിൽ ഞാൻ ഇടപെടാറില്ല. പക്ഷെ അന്വേഷണത്തിൽ നിരവധി ആളുകളുടെ ബിനാമി പേരിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെൻഡർ ഹാജരാക്കുന്നത്. അതുപോലെ അവിടെ നടന്ന ഒരു സംഭവം ധനലക്ഷ്മി ട്രേഡേഴ്സിനെക്കുറിച്ച് വിജിലൻസ് വിംഗ് ഒരു അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ടാണ് ഇത്. അതിനകത്ത് പറഞ്ഞിരിക്കുന്നത് "Dhanalekshmi Traders is a Proprietory Concern and E. K. Bobi being the sole proprietor. In the tender documents name is put as E. K. Bopy, Proprietrix. He is practically having no fixed assets at all in his name. He stays with his father Kochukuttan in a small tiled house situated in a Purambokku on Western side of Anthikkadu, Kanjani Road, Near Alcenter, Anthikkadu Panchayat. One, K. T. Joseph who resides at Kadavanthra is the person who has given pay orders for furnishing security deposit. Thus it is understood that Dhanalekshmi Traders is a Binami of the Cartel of suppliers". പുറമ്പോക്കിൽ കഴിയുന്ന ആളിന്റെ പേരിലാണ് 46,00,000 രൂപയുടെ ടെൻഡർ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് മിനിസ്റ്റർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. ദേവകുമാർ ഉന്നയിച്ച എല്ലാ ആരോപണങ്ങളും നിഷേധിക്കുന്ന സാഹചര്യത്തിൽ അങ്ങയുടെ കൈ ഭദ്രമാണെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയുടെ അന്വേഷണത്തെ നേരിടാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പറയാം. ഞാൻ ഇത് ഒന്ന് അവസാനിപ്പിക്കുന്നതിനുമുമ്പ് പറഞ്ഞാൽ മതിയല്ലോ. അങ്ങ് പറഞ്ഞത് ഞാൻ ഇപ്പോൾ കേട്ടല്ലോ. അതിനകത്ത് ഏറ്റവും അവസാനം One, K. T. Joseph who resides at Kadavanthra is the person who has given pay orders for furnishing security deposit. Thus it is understood that Dhanalekshmi Traders is a Binami of the Cartel of suppliers. ഇതുപോലെ നിരവധി നിരപരാധികളുടെ പേരിൽ ആരോരുമറിയാത്തവരുടെ പേരിൽ, സെയിൽസ് ടാക്സ് രജിസ്ട്രേഷനും മറ്റുമുണ്ടാക്കി അവിടെ കഴിഞ്ഞ കാലഘട്ടങ്ങളിൽ കൊള്ള നടന്നുകൊണ്ടിരുന്നു. അതൊന്നും മന്ത്രിമാർ അറിഞ്ഞുകൊണ്ടല്ല. മുൻമന്ത്രിയെക്കുറിച്ച് ചോദിച്ചല്ലോ, മുൻമന്ത്രി അറിഞ്ഞുകൊണ്ടല്ല ഇത് നടന്നത്, അവിടെ അത് നടപ്പിലാക്കിയത് അതിന് ഉത്തരവാദിത്വം വഹിച്ചവരാണ്. അവരിൽ പല ആളുകളും ഇന്ന് ആ കോർപ്പറേഷനിൽ ഇല്ല. അവരെപ്പോലുള്ള ആളുകളാണ് അങ്ങേക്ക് ഈ രേഖകളുമായി എത്തിയത് എന്ന് അങ്ങ് അറിഞ്ഞിരിക്കണം. അതാണ് നഷ്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഈ കോർപ്പറേഷന് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻവേണ്ടി സബ്സിഡി ഇനത്തിൽ കൊടുക്കുന്ന 50 കോടിയിലധികം രൂപ ഓരോ മാസവും തട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിനുള്ള നടപടികൾ ഞാൻ എടുത്തതാണോ തെറ്റ്? എന്ന് എന്റെ ബഹുമാനപ്പെട്ട ദേവകുമാർ പറയണം. അഴിമതി ആരോപണം ഉന്നയിച്ച നിലയ്ക്ക് അങ്ങ് അത് പറയണം. ഞാൻ ഈ അഴിമതിയൊക്കെ നിഷേധിക്കുകയാണ്. പക്ഷേ ഒരു കാര്യം ഞാൻ പറയുന്നതുകൂടി കേൾക്കണം. അങ്ങ് വഴങ്ങിയാൽ മാത്രം പോരല്ലോ, അങ്ങ് പറഞ്ഞപ്പോൾ ഞാൻ കേട്ടല്ലോ, ഞാൻ പറയുന്നതുകൂടി ഒന്നു കേൾക്ക്. ഈ കാര്യത്തെക്കുറിച്ച് നമുക്ക് ഒരു അന്വേഷണം തന്നെ വേണം ആ അഭിപ്രായക്കാരനാണ് ഞാൻ. അന്വേഷണം വേണം. കേരളത്തിലെ ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടു പോയതല്ലേ, കേരളത്തിലെ ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടുപോയപ്പോൾ ഇത് ആരാണ് കൊണ്ടുപോയത്, എവിടെയാണ് കൊണ്ടുപോയത്, ആരൊക്കയാണ് ഇതിന് പിന്നിലുള്ളതെന്ന് പുറത്തു വരട്ടെ. ഇപ്പോൾ പുതുതായി ഒരു സംഘടന രൂപീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു സംഘടന അവിടെ ഉണ്ടായിട്ടുണ്ട്. Kerala State Pulses and Spices Supplies Association, അതിന്റെ പ്രസിഡന്റ് ആരാണെന്നറിയുമോ? ഇവിടെ ബിനാമി ഏർപ്പാടിൽ ഈ കള്ളക്കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന കെ. ടി. ജോസഫാണ്. അതുപോലെ തന്നെ ഇതിന്റെ സെക്രട്ടറിയായി പ്രവർത്തി

2/676/2012—42a.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത വിജയകുമാറാണ്. അതുകൊണ്ട് ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ....(ബഹളം).......... നമുക്കൊരു കാര്യം ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിന് ഞാൻ മന്ത്രിയെന്നുള്ള നിലയിൽ മറുപടി പറയുന്നു. നമുക്ക് അന്വേഷണം നടത്താം. നമുക്ക് കഴിഞ്ഞ 10 വർഷം മുതൽ ഇന്നുവരെയുള്ള ഈ ദിവസംവരെയുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് അന്വേഷണം നടത്താം. ആ അന്വേഷണത്തെ നേരിടാൻ തയ്യാറാണ്. ആ അന്വേഷണം നടക്കും, നടത്തും എന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു തരുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തൃപ്തികരമായി മറുപടി പറയാതെ അന്വേഷണം നടത്തുമെന്നു പറഞ്ഞ് രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. ഈ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റിയുടെ അന്വേഷണം നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ സഭയിൽനിന്ന് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്. ഗവൺമെന്റിന്റെ ഈ തീരുമാനത്തിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു.

(ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റ് പ്രതിപക്ഷാംഗങ്ങളും ശേഷിക്കുന്ന നിയമസഭാ നടപടികൾ ബഹിഷ്കരിച്ച് സഭവിട്ടു പുറത്തുപോയി).

ശ്രീ. അടൂർ പ്രകാശ്: സർ, അന്വേഷണം ഏത് വേണമെന്നു ഗവൺമെന്റിന് തീരുമാനിക്കാം. അന്വേഷണത്തെ ഭയപ്പെടേണ്ട കാര്യമില്ല അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കൃഷി വകുപ്പിനെ സംബന്ധിച്ച് ഇവിടെ അവതരിപ്പിച്ച ബജറ്റ് പ്രൊപ്പോസലിനെ അംഗീകരിച്ചും എതിർത്തും ഗവൺമെന്റിന് എല്ലാ സഹായവും കിട്ടത്തക്കവിധത്തിലും സഹകരണപൂർവ്വം സംസാരിച്ച എല്ലാ മെമ്പർമാരോടും ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുകയാണ്. 2004-05-ൽ കൃഷി ഡയറക്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 121 കോടി രൂപ വകകൊള്ളിച്ചു. മൊത്തം തുക 158 കോടി രൂപ. 2005-06-ൽ കൃഷി ഡയറക്ടർ മുഖേന നടപ്പിലാക്കുന്നതിന് 206 കോടി രൂപ ഉൾപ്പെടെ 237.81 കോടി രൂപ. ഇതിൽ സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന് ആർ. ഐ. ഡി. എഫ്. സ്കീമിൽ നിന്നും 2005-06-ൽ ഇരുപതു കോടി രൂപകൂടി ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ബജറ്റ് ഡീസെൻട്രലൈസേഷൻ വന്നതിനുശേഷം കാർഷിക ബജറ്റിന് ഒരുപാട് പണം കുറഞ്ഞുപോയി. കാർഷിക പ്രവർത്തനവും കാർഷിക മേഖലയ്ക്ക് നടത്തുന്നതായിട്ടുള്ള വികസന പ്രവർത്തനങ്ങളുമെല്ലാം പഞ്ചായത്ത് ലവലിൽ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എഴുപത്തിയഞ്ച് ശതമാനത്തോളം വിട്ടുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറിന്റേതായിട്ടുള്ള പ്രവർത്തനത്തിന് പണം ഇല്ലാതായി വരുന്നതായിട്ടുള്ള ഒരുപാട് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അതാണ് നിയമസഭയിൽ ഒച്ചയും ലഹളയുമൊക്കെ ഉണ്ടാകുന്നതിന് കാരണമായി വരുന്നത്. ഇക്കൊല്ലത്തെ ബജറ്റിൽ നെല്ല് സംഭരണത്തിന് 2005-06-ൽ നാല്പത്തിനാലു കോടി രൂപയാണ് വിഹിതം. അതിൽ പതിനെട്ടു കോടി കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നത് കിഴിച്ച് അതിനേക്കാൾ കൂടുതൽ തുകയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പതിനായിരം ഹെക്ടർ തരിശ് നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് ഹെക്ടറിന് അയ്യായിരം രൂപ നിരക്കിൽ ഒറ്റത്തവണ സഹായം ഒരു ലക്ഷം രൂപ നൽകി യുവകർഷകരെ സംഘടിപ്പിച്ച് ഈ പദ്ധതി നടപ്പാക്കും. അവർ അന്നുമുതൽ നില്ക്കുകയാണ്. അവരുടേതായിട്ടുള്ള പ്രവർത്തനങ്ങളോ അവർക്കുള്ള പരിപാടികളോ ഒന്നും എടുത്തിട്ടില്ല. ഇതുകൊണ്ട് ഒരു ലക്ഷം പേർക്കും മുഴുവൻ തൊഴിൽ കൊടുത്തുവെന്നല്ല പറയുന്നത്. നമുക്ക് ഇന്നത്തെ നിലയിൽ തൊഴിൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്കുവേണ്ടി നബാർഡിനെക്കൊണ്ട് ഞങ്ങൾ പ്രോജക്ട് ഉണ്ടാക്കിയിട്ടുണ്ട്. ആ പ്രോജക്ടിന്റെ ഫലമായി പതിനായിരം ഹെക്ടർ തരിശുനിലങ്ങൾ നെൽകൃഷി നടത്തുന്നതിന് വേണ്ടി ഉപയോഗിക്കുവാൻ കഴിയണം. അവർ കൊടുത്ത സംഭാവനയും അവരുടേതായിട്ടുള്ള പണവും ഗവൺമെന്റ് കൊടുത്ത സംഭാവനയും ഉൾപ്പെടെ ഇവിടെ ഏകദേശം അമ്പതു കോടി രൂപ അവരുടെ നിക്ഷേപമായിട്ടുണ്ട്. ആ നിലയിൽ അവരുടേതായിട്ടുള്ളതുകൊണ്ടാണ് പതിനായിരം ഹെക്ടർ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച്, ഒരു ലക്ഷം ഹെക്ടർ ഗ്രൂപ്പ് ഫാമിംഗ് ആണ്. അത് ഇന്നും ഗ്രൂപ്പ് ഫാമിംഗ് ആണ്. ഗ്രൂപ്പ് ഫാമിംഗ് നടത്തുന്ന നെൽകൃഷിക്കാർക്ക് ആയിരം രൂപ ഒരു ഹെക്ടറിന് സഹായധനം കൊടുക്കുന്നുണ്ട്. അതിനും പുറമേ സാധാരണ കൃഷിക്കാർക്ക് 350 രൂപയും കൊടുക്കുന്നുണ്ട്. ആ നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു ലക്ഷം ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നതിനുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന നെൽകൃഷി മേഖലകളായ പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ പ്രദേശങ്ങളാണ് പ്രത്യേക പരിഗണനയായി എടുത്തിരിക്കുന്നത്. ഇതിനും പുറമേ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ, ജലസേചനം, കുളം കുഴിക്കൽ എന്നിവയും ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനം രണ്ടു കൊല്ലമായി കാർഷിക രംഗത്ത് വളരെ പ്രതിസന്ധി നേരിടുകയാണ്. ഒന്നുകിൽ വെള്ളപ്പൊക്കം അല്ലെങ്കിൽ വരൾച്ച. ഇതാണ് കേരളത്തിന്റേതായിട്ടുള്ള പ്രത്യേകമായ സ്ഥിതി. ആ നിലയിൽ ഒരു പ്രതിപക്ഷ മെമ്പർമാർ ഇല്ലാത്തതുകൊണ്ട് പറയാതിരുന്നാൽ ബുദ്ധിമുട്ടായതുകൊണ്ടും പറയുകയാണ്. ഡ്രൗട്ട് കഴിഞ്ഞ കാലങ്ങളിൽ ഭരിക്കുന്ന രാജാക്കന്മാരുടെ കുറ്റംകൊണ്ടാണെന്ന് വേണമെങ്കിൽ അവർക്ക് മാർക്സിസ്റ്റുകാർക്ക് വേണമെങ്കിൽ പറയാം. ഞങ്ങളുടെ കുറ്റമാണോ? പഴയ കാലങ്ങളിൽ ചെയ്തുതീർക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായിട്ടുള്ള നടപടികൾ ചെയ്തുതീർക്കാതെ വന്നതിന്റെ ഫലമായിട്ടുള്ള കുളങ്ങൾ കുഴിക്കാനുണ്ടായിരുന്നത് നികത്തുകയും ജലസംഭരണികൾ ഇല്ലാതെയാകുകയും ചെയ്തു. അതുപോലെതന്നെ ഉണ്ടായിരുന്ന നിലങ്ങൾ നികത്തുന്നു-നികത്തുന്നതിനെക്കുറിച്ച് അപ്പുറത്തുനിന്നും ആറോളം പേർ വന്നു പറഞ്ഞു. ഞാൻ അതൊന്ന് പരിശോധിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ചെയ്യുന്നതായിട്ടുള്ള ഇന്നത്തെ നിലയിൽ നിലം ഒരു ശതമാനം മുതൽ നാലു ശതമാനം വരെയാണ് നികത്തിയത്. അവർ ഭരിച്ചിരുന്ന കാലത്ത് നാലു ശതമാനം മുതൽ പത്തു ശതമാനം വരെ നികത്തി. പഴയ കാലത്ത് ഞങ്ങൾ ചേർത്തലക്കാർ പറയും മന്ത് ഉണ്ടായിരുന്ന കാലത്താണ്. പെരുമന്ത് മണ്ണിൽ കുഴിച്ചിട്ടുകൊണ്ട് പോകുന്ന ചെറുമന്തനെ മന്ത് ആനന്ദാ എന്നു വിളിക്കും. ആ വിധത്തിലുള്ള നടപടികളാണ് അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. അവർ ചെയ്തതെല്ലാം വിസ്മരിച്ചു. അവരുടെ കാലത്തെല്ലാം ഭംഗിയായി നടത്തി എന്ന് വരുത്തും വിധത്തിലുള്ള നടപടിക്രമങ്ങൾ. ഞങ്ങൾ കൃഷിക്കാർക്കോ നാട്ടുകാർക്കോ അനുകൂലമായി എന്തെങ്കിലും ചെയ്തുപോയാൽ ഉടനെ അവരുടെ സമരത്തിന്റെ ഫലമായിട്ടാണ് ചെയ്തതെന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണ്. കുളം കുഴിക്കലുണ്ട്; ഡ്രെയിനേജുണ്ട്. അതുപോലെതന്നെ പാട്ടയും പറയും കൊടുക്കുന്നതിനുണ്ട്. പുതുതായി മോട്ടോറും മറ്റും നിർത്തിവച്ചതായിട്ടുള്ള സ്കീം ഉൾപ്പെടെ നടത്തി ഇന്നത്തെ നിലയിൽ വെള്ളവും മണ്ണും കൃഷിക്ക് വേണ്ടതായിട്ടുള്ളവർക്ക് കൊടുക്കുകയും ഇവ യോജിപ്പിച്ചുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടിയുടെ ഭാഗമായിട്ടാണ്. അതുപോലെ തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് 64.55 കോടി രൂപയുടെ പദ്ധതിക്ക് അനുവാദം വാങ്ങാൻ നടപടി സ്വീകരിക്കും. കഴിഞ്ഞ കൊല്ലം 29 കോടി രൂപയായിരുന്നു. തെങ്ങു രോഗം ഒരു ദിവസം കൊണ്ടുള്ള രോഗമല്ല. Root-wilt തുടങ്ങിയിട്ട് നൂറു കൊല്ലമായി. അതാണ് ഞാൻ പറഞ്ഞത് വടക്കേ ഇന്ത്യയിലെ ഭരണാധിപന്മാർക്ക് നമ്മുടെ നാട്ടിലെ കൃഷിയെപ്പറ്റി വിവരമില്ല. നമ്മുടെ പ്രധാന കൃഷിയാണ് തെങ്ങ്. നൂറു സംവത്സരമായി അവർ പറഞ്ഞിരിക്കുന്നു, പുതിയ തൈകൾ വച്ചുപിടിപ്പിക്കുകയല്ലാതെ തെങ്ങുകളുടെ രോഗത്തിന് പ്രതിവിധിയില്ലെന്ന്. സി. പി. സി. ആർ. ഐ. ഉൾപ്പെടെ പറഞ്ഞു, രോഗം ബാധിച്ച തെങ്ങു വെട്ടിമാറ്റി പുതിയ തൈകൾ, രോഗം പകരാത്ത തൈകൾ വയ്ക്കുക മാത്രമാണ് പ്രതിവിധി. അതിന് ഞങ്ങൾ 1924 കോടി രൂപയുടെ ഒരു പ്രോജക്ട് കൊടുത്തിട്ടുണ്ട്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ നാളികേര കർഷകരുടെ കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുമെന്നു പറഞ്ഞു. നമ്മുടെ മന്ത്രിസഭ മീറ്റ് ചെയ്തു കഴിഞ്ഞശേഷം അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇന്ന് പ്ലാനിംഗ് നോക്കിക്കഴിഞ്ഞതിനുശേഷം ഫൈനാൻസിൽ കൊടുക്കുന്നതായിട്ടുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതുതന്നെ വെട്ടിമാറ്റി. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി രോഗം വരാത്തതായ തെങ്ങുകൾ വച്ചുപിടിപ്പിച്ച് കേരളം കേരളമാക്കുകയെന്നത് കൃഷിക്കാരന്റെ വലിയ ആഗ്രഹമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടിയുള്ള നടപടിക്രമത്തിന്റെ ഭാഗമായാണ് 64.55 കോടി രൂപ. ഈ നിയമസഭ കഴിഞ്ഞാൽ ഉടനെ പോയി ഇതിനായിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങുന്നതിന് തീർച്ചയായിട്ടും ശ്രമിക്കും. ഞാൻ യാത്ര ചെയ്യുകയില്ല എന്നു പറഞ്ഞാലും ഇതിനുവേണ്ടി തീർച്ചയായിട്ടും പോകും. അത് കിട്ടുമെന്നുള്ള ശുഭ പ്രതീക്ഷയിലാണ് 64.55 കോടി രൂപ പ്രധാനമന്ത്രി പറഞ്ഞത് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുവാനുള്ള വായ്പാ വിതരണ സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കുരുമുളകിനെ സംബന്ധിച്ച് ഇവിടെ വലിയ ചർച്ചയും ലഹളയുമൊക്കെ വന്നതാണ്. കഴിഞ്ഞ പ്രാവശ്യം ഇതുവരെ കേരളത്തിൽ ഒരു വാണിജ്യ വിളയ്ക്ക് റീ-പ്ലാന്റിംഗ് സബ്സിഡി എന്നുള്ള നിലയിൽ തന്നിരിക്കുന്നത് റബ്ബറിനു മാത്രമാണ്. നമ്മുടെ നാണ്യവിളകളിൽ പത്തും നൂറും സംവത്സരം നില്ക്കുന്നതുണ്ട്. തേയില, അതുപോലെതന്നെ കാപ്പി നില്ക്കുന്നുണ്ട്. ജീവിതത്തിൽ നൂറ് സംവത്സരം വരെ നില്ക്കുന്നതായിട്ടുള്ളതുണ്ട്. പക്ഷേ ഇത് റീ-പ്ലാന്റ് ചെയ്യുന്നതിനു വേണ്ടി, നൂറു കൊല്ലം കഴിഞ്ഞാൽ റീ-പ്ലാന്റിംഗിനു വേണ്ടിയുള്ള വിളകൾക്ക് റബ്ബർ ബോർഡ് കൊടുക്കുന്നതുപോലെയുള്ള സഹായധനം മറ്റൊരു കൃഷിക്കും ഇവിടെ കൊടുക്കുന്നില്ല. നാണ്യവിളകൾ റീ-പ്ലാന്റ് ചെയ്താൽ മാത്രം പോരാ, റീ-പ്ലാന്റ് ചെയ്തു കഴിഞ്ഞാൽ ആദായത്തിലേക്ക് എത്തിക്കണമെങ്കിൽ കുറഞ്ഞത് മൂന്നും നാലും സംവത്സരം വേണം. തെങ്ങിനാണെങ്കിൽ ആറു സംവത്സരവും വേണ്ടിവരും. നാണ്യവിളകൾ വച്ചുകഴിഞ്ഞാൽ അത് ആദായത്തിൽ എത്തുന്നതുവരെ കൃഷിക്കാർക്ക് ജോലിയില്ല. ഇത് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ആൾട്ടർനേറ്റീവ് എംപ്ലോയ്മെന്റ് സ്കീം കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന് പോയത്. നേരത്തെ ഡ്രൗട്ടിന് 50 കോടി രൂപ കിട്ടിയിരുന്നത് 106 കോടി രൂപ അഡീഷണലായി നമ്മുടെ നാണ്യവിളകൾക്കുള്ള സഹായധനവും അതിനുവേണ്ട നടപടികളെടുക്കുന്നതിനാണ് ഇപ്പോൾ പ്രധാനമന്ത്രി അനുവദിച്ചുതന്നത്. പുതിയ കൃഷി നടപ്പാക്കുന്നതിന് ഇടവരുന്ന കാലയളവിൽ പച്ചക്കറിയോ മറ്റോ കൃഷി ചെയ്ത് ജീവിക്കുന്നതിനുള്ള സഹായധനമായി വരുത്തുന്ന വിധത്തിൽ നടപടിക്രമങ്ങൾ ആവിഷ്കരിക്കുന്നതിനു വേണ്ടിയുള്ള നടപടികളും കേന്ദ്രത്തോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളകിന് നേരത്തെ വിലയുണ്ടായിരുന്നതാണ്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ വില എന്തായിരുന്നു? റബ്ബറിനും നാളികേരത്തിനും എന്തായിരുന്നു വില? ഒരു നാളികേരം വീണാൽ കേട്ടില്ല എന്ന മട്ടിൽ വീട്ടുകാർ ഇരിക്കുമായിരുന്നു. അതിന് ഇപ്പോൾ വില കൂടി. അത് എന്റെ മിടുക്ക് മാത്രമാണെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ ചില സാധനങ്ങൾക്ക് വില കുറഞ്ഞു. കുരുമുളക്, കാപ്പി, തേയില എന്നിവയ്ക്കും വില കുറഞ്ഞു. ഈ അടുത്തകാലത്തായി തേയിലയുടേയും കാപ്പിയുടേയും വില ഉയർന്നുവരുന്നതായ ട്രെൻഡ് ഉണ്ട്. അതിൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷമുണ്ട്. ഗവൺമെന്റിന് ഇക്കാര്യങ്ങളിൽ മാർക്കറ്റ് ഇന്റർവെൻഷൻ മാത്രമേയുള്ളൂ. അതിനും അപ്പുറത്തേക്ക് പോയി മുഴുവൻ കുരുമുളകും നെല്ലും സംഭരിക്കേണ്ടതായ സ്ഥിതിവിശേഷമാണ് ഇവിടെ വന്നിട്ടുള്ളത്. വെറും മാർക്കറ്റ് ഇന്റർവെൻഷൻ അല്ല. മാർക്കറ്റ് ഇന്റർവെൻഷൻ എന്നുപറഞ്ഞാൽ 10 ശതമാനം എടുക്കുക. പത്ത് ശതമാനം നെല്ലാണോ എടുക്കുന്നത്? നമ്മുടെ നാട്ടിൽ വന്ന മാറ്റമാണ്. സ്ത്രീകൾ ഉൾപ്പെടെ വീട്ടിൽ നെല്ല് കൊണ്ടുവന്നാൽ പുഴുങ്ങുകയില്ല, കുത്തുകയില്ല, അരിയാക്കുകയില്ല. നെല്ല് മില്ലുകാർ കൊണ്ടുപോയി കുത്തുകയാണ്. കുരുമുളക് എടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. പലരോടും ആവശ്യപ്പെട്ടിട്ട് മാർക്കറ്റ് ഫെഡറേഷനാണ് ചെയ്യുന്നത്. ഇന്നത്തെ നിലയിൽ സാധനങ്ങൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സ്പോർട്ട് ഓറിയന്റേഷന് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് ഉണ്ട്. അതിൽത്തന്നെ പറയുന്നത് ഇവിടെ കുരുമുളക് ഇറക്കുമതി ചെയ്യുന്നതിന് ശ്രീലങ്കൻ ഗവൺമെന്റുമായി മുമ്പ് ഇരുന്ന ഗവൺമെന്റ് ഒരു എഗ്രിമെന്റ് ഉണ്ടാക്കിയെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇംപോർട്ട് ഡ്യൂട്ടിയുണ്ട്. ഇറക്കുമതി ചെയ്യുന്നത് കൂടുതൽ തുകയിലാണ് എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർത്തിരുന്നത്. മറ്റ് രാജ്യങ്ങളിൽ നിന്ന് അഡ്വാൻസ് ലൈസൻസിൽ കുരുമുളക് ഇറക്കുമതി ചെയ്യുന്നത് കേന്ദ്രസർക്കാർ തടഞ്ഞിട്ടുണ്ട്. അത് ആശ്വാസകരമാണ്. നമ്മുടെ നാട്ടിൽ കുരുമുളകിന് തീരാ രോഗങ്ങളും മറ്റ് ബുദ്ധിമുട്ടുകളും വരുമ്പോൾ കൃഷിച്ചെലവ് കൂടുന്ന പരിതസ്ഥിതിയിൽ ഇന്ന് ശ്രീലങ്കൻ ഗവൺമെന്റ് ഇറക്കുമതി ചെയ്യുന്നതായ കുരുമുളകിന്റെ ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് നോക്കണമെന്നുള്ളത് നിർബന്ധമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. പവാറിനും ഹോം മിനിസ്റ്റർക്കും എഴുതിയിട്ടുണ്ട്. ഇതുവരെ അതിനുള്ള നടപടികളൊന്നും ആയിട്ടില്ല. ഏതായാലും അതിനാവശ്യമായ സമ്മർദ്ദം ചെലുത്തും. കാലത്തിന് അനുസൃതമായ മാറ്റം കൃഷിയിൽ വരണം. നെൽകൃഷിയിലും മറ്റും നമ്മൾ പുറകിൽ പോകാൻ കാരണമെന്താണ്? പത്താം ക്ലാസ്സ് വരെ പഠിച്ചുകഴിഞ്ഞാൽ പഴയ കാലത്തെ പോലെ തൂമ്പയെടുത്ത് പണിയെടുക്കുന്ന എത്രപേരുണ്ട്? കൃഷി ചെയ്ത് വിളവ് വന്നാൽ കൊയ്യാൻ ആളില്ല. ഈ പരിതസ്ഥിതിയൊക്കെ ഉണ്ടായിട്ടും നമ്മുടെ നാട്ടിൽ യന്ത്രവൽക്കരണം നടത്തുന്നതിന് എതിരായി പ്രക്ഷോഭം നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി നമ്മൾ പുറകോട്ട് പോയിട്ടുണ്ട്. നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ട്. കൂടുതൽ വില കിട്ടുമെന്നുമാത്രമല്ല, അദ്ധ്വാനം കൂടുതൽ ഇല്ലാത്തതായ മറ്റ് കൃഷികൾ ചെയ്യാനും കഴിയും. ആ വിധത്തിലാണ് ഇന്ന് വന്നുകൊണ്ടിരിക്കുന്ന മാറ്റം. ആളുകളുടെ ഇടയിൽ പുതിയ അറിവൊക്കെ വന്നു. കർഷകരുടെയിടയിൽ അവബോധം വന്നതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തിനകത്തും അന്യരാജ്യങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നമ്മളും രണ്ടു കൊല്ലം മുമ്പ് വയനാട് ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളകിന് ചെയ്തിരുന്നു. അത് കയറ്റി അയയ്ക്കുകയുമുണ്ടായി. ഇന്ന് മറ്റ് കൃഷികളിൽ 500 ഹെക്ടർ വീതം 4500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനാവശ്യമായ നടപടിയെടുക്കുകയാണ്. അതിനാവശ്യമായ ഉദ്യോഗസ്ഥന്മാരെ ട്രെയിൻ ചെയ്യിക്കുക, ഫാർമേഴ്സിനെ ട്രെയിൻ ചെയ്യിക്കുക തുടങ്ങിയ നടപടികളെടുക്കുന്നതിനാണ്, ജൈവക്കൃഷി വികസനത്തിന് വേണ്ടിയാണ് 2 കോടി രൂപ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നാണ് കശുവണ്ടി ഇറക്കുമതി ചെയ്തിരുന്നത്. അവിടേയും കശുവണ്ടി കിട്ടാൻ പ്രയാസമായിത്തുടങ്ങി. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിലെ കശുമാവ് റീ-പ്ലാന്റ് ചെയ്യാനും പുതിയവ വച്ചുപിടിപ്പിക്കാനും കശുമാവ് കൃഷി അഭിവൃദ്ധിപ്പെടുത്താനും കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാനും പദ്ധതികളുണ്ട്. സമയം നീണ്ടുപോകുന്നതുകൊണ്ട് അങ്ങേക്ക് അസ്വസ്ഥതയുണ്ടോ?

മി. സ്പീക്കർ: എല്ലാവർക്കുമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നേരത്തെ പ്രകാശനും അങ്ങും പറഞ്ഞ വാക്ക് പാലിക്കാത്തതുകൊണ്ടാണ്. എന്റെ കുറ്റം കൊണ്ടല്ല. പത്ത് മിനിട്ടേയുള്ളൂവെന്ന് പറഞ്ഞിട്ട് ഒരു മണിക്കൂറാണ് സംസാരിച്ചത്. കശുമാവ് കൃഷി വ്യാപിപ്പിക്കാനാവശ്യമായ നടപടികളെടുക്കാനാണ് 5 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. കശുമാവും കുരുമുളകും റീപ്ലാന്റ് ചെയ്യാനുള്ള പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് 30 കോടി രൂപ അനുവദിച്ചു. അത് ഇവിടെ നേരത്തെ ചെയ്യണമെന്ന് പറഞ്ഞു. ഇപ്പോഴാണ് പണം വന്നത്. മറ്റ് സ്ഥലങ്ങളിൽ റീപ്ലാന്റ് ചെയ്യുന്നതിന് ഉദ്യോഗസ്ഥന്മാർ പോയി നടപടിയെടുത്തു. ഇപ്പോൾ തന്നെ ആവശ്യമായ സീലിംഗും സബ്സിഡി കൊടുക്കുന്നതും, ഈ പണം ലാപ്സാകാത്ത വിധത്തിൽ കശുവണ്ടിക്കും കുരുമുളകിനും സബ്സിഡിക്ക് വേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. ജൈവ പരീക്ഷണങ്ങൾക്കായി 70 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പുഷ്പകൃഷി വികസനം പുതിയ സ്കീമായിട്ടല്ല, പഴയകാലത്തുള്ളതാണ്. മുമ്പ് പണം കൊടുത്തിരുന്നത് പണക്കാരനും മറ്റുമാണെങ്കിൽ ഇപ്പോൾ ഡിപ്പാർട്ടുമെന്റുകൾ ഓരോ സ്ഥലത്ത് ചെന്ന് അവർ സംഘടിപ്പിക്കുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുണ്ട്. അവർക്ക് കൊടുക്കുന്നതിനുള്ള പണമായാണ് ഇത് ഉപയോഗിക്കുന്നത്. പുഷ്പ കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായാണ് 210 ലക്ഷം രൂപ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് കേന്ദ്ര വിഹിതമാണ്. അതിൽ സബ്സിഡി പോർഷൻ കുറവാണ്. അതുകൊണ്ട് സംസ്ഥാന .ഗവൺമെന്റ് സബ്സിഡി പോർഷൻ കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികളെടുക്കുന്നുണ്ട്. ഹോർട്ടികൾചർ മിഷൻ ഉണ്ടാക്കിയിട്ടുണ്ട്. ശ്രീ. ടി. എച്ച്. മുസ്തഫ ഇവിടെ കൃഷി സമ്പ്രദായത്തെക്കുറിച്ച് സംസാരിച്ചപ്പോൾ പുതിയ

2/676/2012—43.

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായങ്ങൾ ഉണ്ടാകണമെന്ന് പറഞ്ഞു ഇന്നത്തെ നിലയിൽ അദ്ദേഹത്തിന്റേതായിട്ടുള്ള സംശയം മാറ്റുന്നതിനുവേണ്ടിയിട്ടുള്ള നടപടികളും എടുക്കും. കൃഷിയുടേതായിട്ടുള്ള പ്രവർത്തനവും, ബാക്കിയുള്ള പ്രവർത്തനങ്ങളും, ഡബ്ല്യു. ടി. ഒ. യുടേതും ആയിട്ടുള്ള പ്രവർത്തനങ്ങൾ പറഞ്ഞു. കൃഷി ഇന്ന് നേരിടുന്ന പ്രശ്നങ്ങളും പറഞ്ഞു. കൃഷിക്ക് ഒരു നയം വേണ്ടേ? എന്താണ് കേരളത്തിലെ കൃഷിയെ ബാധിക്കുന്നതായിട്ടുള്ള പ്രശ്നങ്ങൾ. ഇതിന്റെ കൂട്ടത്തിൽ ഞാൻ അദ്ദേഹം സംസാരിച്ചതായിട്ടുള്ള Agro Clinic-നെക്കുറിച്ചും പറയുകയാണ്. അഗ്രോ ക്ലിനിക്കിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എം. എൽ. എ.-മാർക്കും അഭ്യർത്ഥന രൂപേണ കത്ത് എഴുതിയിട്ടുണ്ട്. കൃഷി ഉദ്യാഗസ്ഥൻമാരും കൃഷിക്കാരും തമ്മിൽ ഐക്യത്തോടുകൂടി പ്രവർത്തിച്ച് എന്താണ് കർഷകന്റെ പ്രശ്നങ്ങൾ അതിന് ഉതകത്തക്ക വിധത്തിലുള്ള പ്ലാൻ തയ്യാറാക്കൽ ബഡ്ജറ്റിൽ വരുന്ന തുക, ഇതിന്റെ സ്കീംസ് എന്നിവ കൃഷിക്കാരെ പറഞ്ഞ് മനസ്സിലാക്കുക, അവരുടെ ആവശ്യത്തിനുതകുന്ന വിധത്തിലുള്ള മെഷിനറികൾ, അവർക്ക് ആവശ്യമുള്ളതായിട്ടുള്ള നല്ല വിത്തുകൾ, കൃഷി എങ്ങനെ ചെയ്യണമെന്നുള്ളത്, ജലസേചന പദ്ധതികൾ മണ്ണും കൃഷിയും തമ്മിൽ യോജിപ്പിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ നടത്തുന്നതിന് വേണ്ടിയിട്ടുള്ള അഗ്രോക്ലിനിക് സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ഉടനീളം ഓരോ വാർഡിലും നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എന്നിവ എടുക്കുന്നുണ്ട്. അത് ഗവൺമെന്റ് സ്കീമായി ബഡ്ജറ്റിൽ പ്രൊവിഷനും കൊടുത്തിട്ടുണ്ട്. ശ്രീ. മുസ്തഫ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ അഗ്രോ ക്ലിനിക്കിന്റെ പ്രവർത്തനത്തെക്കുറിച്ചു പറഞ്ഞു. അത് സക്സസായി എന്നുള്ള വിധത്തിലുള്ള നടപടികൾ ഉണ്ട്. നമ്മുടെ ചില എം. എൽ. എ.-മാരും ഞാനും കൂടെ അവിടുത്തെ അഗ്രോ ക്ലിനിക്കിന്റെ പ്രവർത്തനം കാണാൻ പോയിരുന്നു. നമ്മുടെ നാട്ടിലെ എല്ലാ കൃഷി ഉദ്യോഗസ്ഥൻമാരും മോശക്കാരല്ല. ചിലരൊക്കെ മോശക്കാരായിരിക്കാം. ഒന്നും ഇല്ല എന്നു ഞാൻ പറയുന്നില്ല. കൃഷി ചെയ്യുന്നവർക്ക് അതിനാവശ്യമായ സഹായ സഹകരണങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കാതിരിക്കുന്ന ഉദ്യോഗസ്ഥൻമാരും ഉണ്ടാകും. പക്ഷെ എല്ലാ കൃഷി ഉദ്യോഗസ്ഥൻമാരും മോശക്കാരാണെന്ന് വിചാരിക്കരുത്. അഗ്രോക്ലിനിക് ഉദ്യോഗസ്ഥൻമാരും കൃഷിക്കാരും കൃഷി രീതി എങ്ങനെ വേണമെന്ന് അറിയണം. ഉൽപ്പാദനം വർദ്ധിപ്പിക്കണം. കൃഷിയിൽ കർഷകർക്ക് ലാഭം ഉണ്ടാകണം. അത് പിടിച്ച് നിർത്താൻ ഉതകത്തക്കവിധത്തിലുള്ള നടപടിക്രമം താഴത്തെ ലെവലിൽ നിന്ന് വന്നിട്ടുണ്ട്. യന്ത്രവൽക്കരണം നമ്മുടെ നാട്ടിൽ നേരത്തെ നടത്തേണ്ടതായിരുന്നു. ഇന്നിപ്പോൾ കൊയ്ത്ത് രംഗത്ത് ഉൾപ്പെടെ കാംപ്കോയെ കൊണ്ട് വെള്ളത്തിൽ പൊങ്ങിക്കിടന്ന് എങ്ങനെ കൊയ്യാൻ കഴിയും എന്ന പുതിയതായിട്ടുള്ള യന്ത്രം ഉൾപ്പെടെ നമ്മുടെ നാട്ടിൽ യന്ത്രവൽക്കരണം അത്യാവശ്യമായിരിക്കുന്നു. തൊഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിനായിട്ടുള്ള യന്ത്രവൽക്കരണവും ആധുനിക കൃഷി രീതിയും

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയമായി കൃഷി നടത്തുന്നതിനുള്ള നടപടികളും ഉണ്ടാകുന്നതിനുതകത്തക്കവിധത്തിൽ കൃഷിക്കാരുടെ സമ്മർദ്ദവും കൃഷിക്കാരുടെ സഹകരണത്തോടുകൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളുമാണ് ഇന്നത്തെ നിലയിൽ വന്നിരിക്കുന്നത്. ഇവിടെ സംസാരിച്ചപ്പോൾ പലരും പറഞ്ഞു. ഉൽപ്പാദനം കുറഞ്ഞു. കൃഷിക്കാരുടെ ഇടയിൽ വൈരുദ്ധ്യമുണ്ടായി എന്നൊക്കെ. ഇന്നത്തെ യുഗം ഡബ്ല്യു. ടി. ഒ.-യുടെ കാലമാണ്. ഡബ്ല്യു. ടി. ഒ.-യുടെ കാലത്ത് എന്ത് നടപടിക്രമങ്ങൾ എടുക്കണം. 1995-ൽ ഞാൻ വന്നപ്പോൾ എഗ്രിമെന്റിൽ ഒപ്പ് വച്ചതാണ്. 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന ആളുകൾ ഇങ്ങനെ ഡബ്ല്യു. ടി. ഒ. ഉണ്ടായിരുന്നിട്ടും അതിനായിട്ടെന്തെങ്കിലും നടപടിക്രമം എടുക്കുകയുണ്ടായില്ല. കണ്ണടച്ച് ഇരുട്ടാക്കിക്കളഞ്ഞു. ഡബ്ല്യു. ടി. ഒ.-യുടെ ഈ എഗ്രിമെന്റിൽ നമുക്ക് അനുഗുണമായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കി അത് വിപുലീകരിക്കാനും ദോഷമുള്ളത് എങ്ങനെ കുറയ്ക്കാൻ പറ്റുമെന്നും നോക്കാൻ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് സ്വാമിനാഥൻ കമ്മീഷനെ നിയോഗിച്ചത്. അദ്ദേഹം കുറേ നിർദ്ദേശം വച്ചിട്ടുണ്ട്. ചില നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ചിലത് നടപ്പിലാക്കുന്നതിനു വേണ്ടിയിട്ടുള്ള ശ്രമം നടക്കുന്നുണ്ട്. വെർച്വൽ യൂണിവേഴ്സിറ്റി അദ്ദേഹത്തിന്റെ റെക്കമെന്റേഷനാണ്. മാർക്കറ്റ് സംവിധാനങ്ങൾ നോക്കുന്നതിന് പുറം ലോകത്തുള്ള മാർക്കറ്റ് വ്യതിയാനങ്ങൾ നോക്കി നമ്മൾ ഇതിൽ എടുക്കേണ്ടതായിട്ടുള്ള നടപടികളും അപ്പപ്പോൾ മാർക്കറ്റ് വ്യതിയാനങ്ങൾ ആളുകളെ അറിയിക്കുന്നതിനും വേണ്ടിയിട്ടുള്ള നടപടിക്രമങ്ങളും ഒക്കെ ഉണ്ട്. ഐ. ടി. ഉപയോഗിച്ചുകൊണ്ട് ഇവിടെ വിജ്ഞാനം പകരുന്നതിനും, ഇക്കാലത്ത് ഐ. ടി. ഉപയോഗിച്ചുകൊണ്ടുള്ള നടപടിക്രമം എടുക്കണമെന്നുള്ളതും അന്ന് ചോപ്ര അദ്ധ്യക്ഷനായി രൂപീകരിച്ചതായിട്ടുള്ള കമ്മിറ്റിയിൽ വന്നതാണ്. കമ്മിറ്റിയിൽ ഇതിനിടയിൽ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി ഭവനുകളുടെ പരിധിയിൽ ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതി കൂടുതൽ സ്ഥലത്തേക്ക് നടപ്പിലാക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. അതുപോലെ ഇന്ന് ചപ്പുചവർ കളയുകയെന്നുള്ളത് വലിയ വിഷമമുള്ള ഒരു കാര്യമാണ്. ഞാൻ തിരുവനന്തപുരത്ത് ലോ കോളേജിൽ പഠിക്കാൻ വന്ന കാലത്ത് ഇത്ര മനോഹരമായ ടൗൺ ഒറ്റ സംസ്ഥാനത്തും വേറെ ഉണ്ടായിരുന്നില്ല. ഇന്ന് ഇത്ര വൃത്തികെട്ട സ്ഥലം വേറെയില്ല. ഒരുപാട് പണിയെടുത്തു നോക്കി. ചപ്പ് ചവറ് സംസ്കരിക്കാൻ പോപ്സന്റേതായിട്ടുള്ള ഫാക്ടറികൾ ഉണ്ടാക്കി പക്ഷെ എന്നാലും സ്ഥിതി ഇതാണ്. ഞങ്ങൾ ഒരു പുതിയ സ്കീം തുടങ്ങി. രണ്ട് കൊല്ലമായി ഞങ്ങൾ പതിയെ നടത്തിനോക്കുകയാണ്. മണ്ണിരകമ്പോസ്റ്റ് ഉണ്ടാക്കിക്കൊണ്ട് അതുപയോഗിച്ച് ആവശ്യമായിട്ടുള്ള പച്ചക്കറികൾ, ആവശ്യമായിട്ടുള്ള മറ്റ് ഉൽപ്പന്നങ്ങൾ കൃഷിക്കാവശ്യത്തിന് ഉതകത്തക്ക വളം എന്നിവ ഉണ്ടാക്കാനും വേണ്ടിയിട്ടുള്ള സ്കീമാണ്. 'നഗരത്തിലൊരു നാട്ടിൻപുറം' എന്നുള്ള സ്കീമാണ്. ഞങ്ങൾ നേരത്തെ കുറച്ചു പണം മാത്രമേ വച്ചിട്ടുള്ളൂ. ഇക്കൊല്ലം ഞങ്ങൾ രണ്ട് കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഞാൻ സന്തോഷത്തോടുകൂടി

2/676/2012—43a.

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. എറണാകുളത്ത് ഞങ്ങളുടേതായിട്ടുള്ള സ്കീം അവർ തന്നെ നടപ്പിലാക്കുമെന്നുള്ള നിലയിൽ അവരുമായിട്ട് എഗ്രിമെന്റുണ്ടാക്കി. വൃത്തിയാക്കുന്നതിനും അതുപോലെ തന്നെ നമ്മുടെ നാട്ടിൽ അവശ്യമായിട്ടുള്ള പച്ചക്കറികളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും ഉണ്ടാക്കി കുടുംബ വരുമാനം വർദ്ധിപ്പിക്കാനും വേണ്ടിയിട്ടുള്ള നടപടികളാണ് ചെയ്തിരിക്കുന്നത്. മറ്റ് സംഘടനകളുടേതായിട്ടുള്ള പ്രവർത്തനം കൂടിയുണ്ട്. ഇന്നും നമ്മൾ പറയാറുണ്ട്. കേരളത്തിൽ പച്ചക്കറി പുറത്തുനിന്നാണ് ഇറക്കുമതി ചെയ്യുന്നതെന്ന്. ഇപ്പോഴും പുറം സംസ്ഥാനങ്ങളെ ആശ്രയിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ തോത് വളരെ കുറഞ്ഞിരിക്കുന്നു, ആരും സമ്മതിക്കുകയില്ല. ഇപ്പോൾ പച്ചക്കറി, പഴങ്ങൾ, ഏത്തക്കാ എന്നിവയുടെ വില ഒരുപാട് കുറഞ്ഞു. എവിടെനിന്നാണെന്ന് ചോദിച്ചാൽ തമിഴ്നാട്ടിൽനിന്ന് വന്നതാണെന്ന് പറയും. തമിഴ്നാട്ടിൽനിന്ന് വരുന്നില്ലെന്ന് ഞാൻ പറയുന്നില്ല. ഞാൻ ഈ മന്ത്രിസഭയിൽ വന്നതിനുശേഷം ഇപ്പോഴാണ് വാഴ, എന്നുള്ള വാക്ക് അപ്പുറത്തുനിന്ന് കേട്ടത്. അത്ര വ്യാപകമായിട്ട് പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വി. എഫ്. പി. സി. കെ. (വെജിറ്റബിൾ ആന്റ് ഫുഡ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള)-യുടെ പ്രവർത്തനവും കൃഷി വകുപ്പുമായിട്ടുള്ള വ്യത്യാസമെന്താണെന്നു വച്ചാൽ അവരുടേതായിട്ടുള്ള ഉദ്യോഗസ്ഥൻമാർ ഓഫീസിൽ ഇരിക്കില്ല. അവർ കൃഷിക്കാരുടെ അടുത്തേക്ക് ഇറങ്ങുകയാണ്. അവരെ സംഘടിപ്പിക്കുക, അവർക്കാവശ്യമായിട്ടുള്ള കടം വാങ്ങിച്ച് കൊടുക്കുക, അതുപോലെ തന്നെ കൃഷിരീതികൾ പറഞ്ഞുകൊടുക്കുക. അവർക്ക് കൃഷി ചെയ്യാൻ നല്ല നടീൽ വസ്തുക്കൾ കൊടുക്കുക. അപ്പപ്പോൾ അവർക്ക് ആവശ്യമായിട്ടുള്ള വിധത്തിൽ കൃഷി പരിചരണങ്ങൾ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുക്കുകയും മാർക്കറ്റിംഗിനു വേണ്ടിയിട്ടുള്ള വിപണികൾ ഉണ്ടാക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ഏതാണ്ട് മുവായിരത്തിൽപ്പരം സ്വയം സഹായ സംഘങ്ങളുണ്ടായിട്ടുണ്ട്. സർക്കാർ സഹകരണ സംഘങ്ങളിൽകൂടിയും ബാങ്കിൽനിന്നും ഏകദേശം ഇരുപത്തിയെട്ട് കോടിയോളം രൂപ പഴം പച്ചക്കറി കർഷകർക്ക് വായ്പ വാങ്ങിക്കൊടുത്തു.

മി. സ്പീക്കർ: നമുക്ക് നാല് മണിക്ക് സഭ വീണ്ടും ചേരേണ്ടതുണ്ട്. അതുകൊണ്ട് ഒന്ന് കുറയ്ക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: രണ്ട് സംരക്ഷണ പ്രവർത്തനം കൃഷിയുടേതായിട്ടുള്ള സബ്ജക്ട് അല്ലെങ്കിൽപ്പോലും നബാർഡിൽ നിന്ന് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന് ഒരുപാട് പൈസ ഞങ്ങൾ എടുത്തിട്ടുണ്ട്. ഒരുപാട് സ്കീം ഞങ്ങൾക്ക് നബാർഡ് അനുവദിച്ചു തന്നിട്ടുണ്ട്. ഇക്കൊല്ലം തന്നെ കൃഷി രംഗത്ത് 150 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുള്ള നടപടികൾ തന്നിട്ടുണ്ട്. 200 കോടി രൂപയുടെ കുട്ടനാടൻ പ്രോജക്ട് ആരംഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൊക്കാളി കൃഷിക്ക് 24 കോടി രൂപ. ഇത് എറണാകുളത്തും തുറവൂരും കാട്ടാമ്പള്ളിയിലും തൃശ്ശൂരിലുമായുണ്ട്. ഇങ്ങനെ അനേക കോടി രൂപ നബാർഡിൽ നിന്നു വാങ്ങി ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന് എടുത്തിട്ടുണ്ട്. കൃഷി ലാഭകരമാക്കണമെങ്കിൽ രണ്ടു മൂന്ന് കാര്യങ്ങൾ ചെയ്യണം. ഒന്ന്, കൃഷിയെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായ രീതിയിലുള്ള കൃഷി നടപ്പിലാക്കണം. രണ്ട്, മണ്ണും ജലവും തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് മണ്ണിൽ ഏത് കൃഷി, മണ്ണിന്റെ കണ്ടന്റ് പരിശോധിക്കുക, എവിടെയെല്ലാം ഏതൊക്കെ സാധനങ്ങൾ ഒഴിവാക്കണം, ഏതൊക്കെ കൂട്ടിച്ചേർക്കണം എന്നിവയെ സംബന്ധിച്ചൊക്കെ സോയിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ഇവ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള കൂടുതൽ ലബോറട്ടറികളും നാട്ടിൽ ഉണ്ടാക്കണം. കൃഷിയും മണ്ണും സംയോജിപ്പിക്കുന്നതിനും അടിസ്ഥാനപരമായ കാര്യങ്ങൾ ആർ. ഐ. ഡി. എഫ്. സ്കീമിൽ ഉൾപ്പെടുത്തി, സോയിൽ കൺസർവേഷൻ........മലപ്പുറത്ത് ഒന്നും നടന്നില്ല എന്നു പറഞ്ഞു. മലപ്പുറത്ത് ചില സ്കീമുകൾ നടത്തിയിട്ടുണ്ട്. എങ്കിലും കൂടുതൽ ശ്രദ്ധിക്കാം എന്ന് മാത്രമേ പറയുന്നുള്ളൂ. ഏതായാലും മലപ്പുറത്തെ സംബന്ധിച്ച് കുറച്ചുകൂടി അറിയുന്ന വിധത്തിൽ സ്കീമുകൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം. പ്രധാനമായും മണ്ണും വെള്ളവും ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിലുള്ള കൃഷിരീതി, നല്ല വിത്തുകൾ, കൃഷിക്കാരും കൃഷി നടത്തുന്നവരും തമ്മിലുള്ള ബന്ധങ്ങൾ, മാർക്കറ്റിനു വേണ്ടിയുള്ള സംവിധാനം ഇതൊക്കെ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കൃഷി വകുപ്പ് അതിന്റെ പ്രവർത്തനങ്ങളിൽക്കൂടി നടത്തുന്നുണ്ട്. അങ്ങേക്കു തന്ന സ്കീമിൽ ഞങ്ങൾ എടുത്ത നടപടികളും നേട്ടങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്താൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിയുടെ പ്രൊഡക്ടിവിറ്റി വർദ്ധിച്ചിട്ടുണ്ട്. നിലങ്ങൾ നികത്തിപ്പോയി എന്നുള്ളത് നേരാണ്. തെങ്ങിന്റെ പ്രൊഡക്ടിവിറ്റി മറ്റേത് സംസ്ഥാനത്തേക്കാളും കുറവാണ്. രോഗബാധയാണ് ഒരു പ്രധാന കാരണം. അതുകൊണ്ടാണ് ഞങ്ങൾ ഈ സ്കീം കൊടുത്തത്. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കുമോ എന്ന് അറിയില്ല. കുരുമുളകിന്റെ ദ്രുതവാട്ടം, അടയ്ക്കയുടെ മഹാളി രോഗം ഇങ്ങനെ നമ്മുടെ നാട്ടിൽ ദീർഘകാലമായി കൃഷിയെ ബാധിച്ചിരിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിയന്ത്രിക്കാൻ പറ്റാത്തത് മാറ്റിത്തീർത്ത് പുതിയ തരത്തിൽ കൃഷി നടത്തുന്നതിനു വേണ്ടിയും കൃഷി ലാഭകരമാക്കാനും കൃഷികൊണ്ട് ജീവിക്കാൻ പറ്റും എന്ന ബോധം വരുത്താനാവശ്യമായ സയന്റിഫിക് ഡവലപ്മെന്റും മെക്കനൈസേഷനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. നല്ല വിത്തും മാർക്കറ്റ് സംവിധാനവും എടുക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് വന്ന ശേഷം ഒരുപാട് ചർച്ചകൾ കൃഷി ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷിക്കാർക്ക് ചെയ്യാവുന്നത് ചെയ്യുന്നതിനും വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ എടുത്തിട്ടുണ്ട്. രണ്ടു കൊല്ലത്തിനിടയ്ക്ക് 173 കൃഷിക്കാർ ആത്മഹത്യ ചെയ്തു. അവർ എവിടെനിന്നാണ് 1300-ന്റെ കണക്ക് കൊണ്ടുവന്നത്. 173 കൃഷിക്കാർ നേരത്തേ മരിച്ചു. ഇപ്പോൾ 218 പേരാണ് മരിച്ചത്. അവർക്ക് കൊടുക്കേണ്ട പൈസ കൊടുത്തു. കൃഷിനാശം സംഭവിച്ച് ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് കൊടുത്തിരുന്ന ധനസഹായം ഒരു ലക്ഷം രൂപ ആന്ധ്രയിൽ കൊടുത്തതുപോലെ ഇവിടെയും ഒരു ലക്ഷമായിട്ട് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ കൃഷിക്കാർക്ക് ആവശ്യമായ കടം കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിലും കൃഷിയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നതിൽ കൂടുതൽ കടം ബാങ്കുകളെക്കൊണ്ട് കൊടുപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. അതിനാവശ്യമായ തുക വർദ്ധിപ്പിച്ചുകൊണ്ട് നടപടി എടുക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പഴയ കാലത്ത് കൊടുത്തതിനേക്കാൾ ഇരട്ടി തുക കടമായി കൊടുക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് ചെയ്യാവുന്ന വിധത്തിൽ ഇന്ററസ്റ്റ് വിതരണം നടത്തിയിട്ടുണ്ട്. ഇന്നത്തെ നിലയിൽ ഇന്ററസ്റ്റ് വേണമെന്ന് ഇവിടെനിന്നുള്ള കമ്മിറ്റി റെക്കമെന്റ് ചെയ്തതാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെന്ന് പറയുന്നു. അതേപ്പറ്റി സംസാരിക്കാൻ, കേരളത്തിലെ കർഷകരെ പിടിച്ചുനിർത്തണമെങ്കിൽ അവർ മുന്നോട്ടു നീങ്ങണമെങ്കിൽ ഈ അഞ്ചു കൊല്ലം ഞങ്ങൾ ആവശ്യപ്പെട്ട പലിശയിളവ് കിട്ടണമെന്നുള്ളത് കേന്ദ്ര ഗവൺമെന്റിനോട് തുടർന്നും ആവശ്യപ്പെടാം. പോയി പറഞ്ഞു നോക്കാം. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് കൊടുത്ത കടം ഒരു കൊല്ലത്തേക്ക് അവർ പലിശ ഇളവു ചെയ്തു. വയനാടിന്റെ സ്പെഷ്യൽ പാക്കേജ് കൂടുതൽ ഇടത്തേക്ക് ആയിട്ടുണ്ട്. അതുപോലെതന്നെ ഷോർട്ട് ടേം ലോൺ മീഡിയം ടേം ആക്കാനും മീഡിയം ടേം ലോങ് ടേം ആക്കാനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ബാങ്കുകൾ കൂടുതൽ പണം കൃഷിക്കാർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. നബാർഡ് കൂടുതൽ കടം കൊടുക്കാം എന്നു പറഞ്ഞിട്ടുണ്ട്. ബാങ്കുകൾ രണ്ടു കൊല്ലത്തേക്ക് കാർഷിക ലോണുകൾക്ക് മൊറട്ടോറിയം ഡിക്ലയർ ചെയ്തിട്ടുണ്ട്. ഇത് കൃഷിക്കാർ അറിയാത്തതുകൊണ്ട് പല ബുദ്ധിമുട്ടുകളും ഉണ്ട്. പക്ഷേ പലിശ ഇളവു ചെയ്തിട്ടില്ല. നമ്മളെ സംബന്ധിച്ചിടത്തോളം പലിശ ഇളവു ചെയ്യേണ്ടത് അതിപ്രധാനമായ കാര്യമാണ്. കൃഷി രംഗത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താനും നല്ല വിത്ത്, ശാസ്ത്രീയ കൃഷിരീതി, മെക്കനൈസേഷൻ, ആവശ്യമായ പ്രൊക്യുവർമെന്റ്, വിലനിലവാരം പിടിച്ചു നിർത്താനും കൃഷിക്കാരെ യോജിപ്പിച്ച് കാർഷിക ഡിപ്പാർട്ടുമെന്റുമായി യോജിച്ചുള്ള പ്രവർത്തനം കൊണ്ടുവരുന്നതിനുമുള്ള നടപടിക്രമങ്ങൾ കാർഷിക രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിട്ടുണ്ട്. ഈ നിലയിൽ നമുക്ക് പിടിച്ചുനിൽക്കാനാകും എന്ന് വിശ്വസിക്കുന്നു. ക്ഷീര സംഘങ്ങൾ ഇന്നത്തെ നിലയിൽ വില കൂട്ടണം എന്നു പറഞ്ഞു. ആനിമൽ ഹസ്ബൻഡറി രംഗത്ത്....... പാലുൽപ്പാദനം കുറഞ്ഞു എന്നുള്ളത് നേരാണ്. ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ആദ്യം തുടങ്ങിയത് നമ്മളാണ്. ഇവിടുത്തെ 80% പശുക്കളും സങ്കര ഇനം പശുക്കളാണ്. എന്നാൽ പാൽ ഉൽപ്പാദനം കർണ്ണാടകയുമായി തട്ടിച്ചുനോക്കിയാൽ കുറവാണ്. ആറര ലിറ്ററാണ് ശരാശരി. ഒരു ബ്രീഡിംഗ് പോളിസി നമുക്കില്ല. ഇതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ എടുക്കുന്നതിനുവേണ്ടി കമ്മിറ്റിയുണ്ട്. കൂടുതൽ പാലുല്പാദനത്തിനായി കാളകളെ കൊണ്ടുവന്ന് പത്ത് ലിറ്റർ പാൽ കിട്ടുന്ന പശുക്കളുമായി യോജിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നുണ്ട്. ഇറച്ചി വ്യവസായത്തിൽ കൂടുതൽ സാധ്യത നമ്മുടെ സംസ്ഥാനത്തിനുണ്ട്. കേരളത്തിൽ പാൽ ഉൽപ്പാദനം കുറഞ്ഞു, രോഗങ്ങൾ കൂടുതലായി. അതുകൊണ്ട് കഴിഞ്ഞ ഒരുകൊല്ലം 2002-03-ൽ 1900-ൽ ചില്വാനം പശുക്കൾ കുളമ്പുരോഗംമൂലം ചത്തു. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവണ്മെന്റും NDDB-യുമായി ചർച്ച ചെയ്ത് 32 കോടി രൂപ കുളമ്പുരോഗനിവാരണത്തിനുവേണ്ടിയുള്ള കുത്തിവയ്പ്പ് നടത്തുന്നതിനു വേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമായിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരും സംഘടനകളും അത് സാക്ഷാത്ക്കരിക്കുന്നത് തടയുന്നതിനുവേണ്ടി ദുഷ്പ്രചരണം നടത്തുകയാണ്. അതിനുപയോഗിച്ചിട്ടുള്ള വാക്സിൻ സെൻട്രൽ ഗവണ്മെന്റ് തന്നതാണ്. അവരുടെ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്നതാണ്. ആ വിധത്തിലാണ് വന്നത്. അത് ഫുള്ളായിട്ട് നടത്തി. അത് തുടർന്നും നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികളാണ് ഈ പ്രാവശ്യം 3 ജില്ലകളിൽ നടത്തിയത്. കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ 85% കംപ്ളീറ്റ് ചെയ്യാൻ കഴിഞ്ഞു. മറ്റ് ജില്ലകളിൽ 54% മാത്രമെ ഉണ്ടായിട്ടുള്ളു. പത്രക്കാരെയും, ബാക്കിയുള്ളവരെയും ഉപയോഗിച്ചുകൊണ്ട് ഗോരക്ഷാ പദ്ധതി ഗോക്കൾക്ക് നാശം വരുത്തുന്നതാണ് എന്ന വിധത്തിൽ പ്രചരണംനടത്തി കൃഷിക്കാരെ ഇളക്കിവിട്ട് ഇതിനെ പരാജയപ്പെടുത്തുന്ന നടപടികളാണ് വന്നത്. ഗവണ്മെന്റ് അതിനെപ്പറ്റി അന്വേഷിച്ചു. അതിന്റേതായിട്ടുള്ള റിപ്പോർട്ട് ഇവിടെ വച്ചു. അത് റെക്ടിഫൈ ചെയ്തുകൊണ്ട് ആവശ്യമായ നടപടികളെടുക്കാനും ഒരു കുളമ്പു രോഗ വിമുക്ത മേഖലയാക്കിത്തീർക്കാനും അങ്ങനെ പശുക്കളെ രക്ഷിക്കുന്ന തിനുവേണ്ടിയുള്ള നടപടികളെടുക്കാനും കഴിഞ്ഞു. പഴയ കാലത്ത് ഇവിടെ ഒരു ഡയറക്ടറെ മാറ്റേണ്ടി വന്നു. സമയത്തിന് മരുന്നു വാങ്ങിക്കാത്തതുകൊണ്ടും അദ്ദേഹത്തിന്റേതായുള്ള സ്കീം മാത്രം വച്ചുകൊണ്ട് മരുന്ന് വാങ്ങിക്കുന്നതിനുള്ള ഒരു സ്കീം കൊണ്ടുവന്നതുകൊണ്ടുമാണ് അദ്ദേഹത്തെ മാറ്റിയത്. ഇത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

മിക്കവാറും എല്ലാ പോസ്റ്റുകളും ഫിൽ ചെയ്യുന്നത് temporary ആയിട്ടാണ്. അല്ലാതെ പി. എസ്. സി. ലിസ്റ്റ് ഇല്ല. കൂടുതൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന 3 slaughter houses-ഉം അതുപോലെത്തന്നെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ രോഗവിമുക്തമാണെന്നും മറ്റ് വിധത്തിൽ യാതൊന്നുമില്ലെന്ന് വരുത്തത്തക്കവിധത്തിൽ ലബോറട്ടറി എറണാകുളത്ത് സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള നടപടി എടുത്തു. ആ രംഗത്ത് സുതാര്യമായവിധത്തിലുള്ള നടപടികൾ എടുത്തു. കൃഷി നന്നാക്കുന്നതിനും രോഗവിമുക്തമായ പശുക്കളെ ഉൽപ്പാദിപ്പിക്കുന്നതിനും നടപടികളെടുക്കാം. ക്ഷീര വികസനത്തെ സംബന്ധിച്ച് രണ്ട്മൂന്നു കാര്യങ്ങൾ പറഞ്ഞു. പുറത്തുനിന്നു വരുന്ന പാൽ ഞങ്ങൾക്ക് പരിശോധിച്ച് നടപടിയെടുക്കാനുള്ള അവകാശമില്ല. പക്ഷെ കേന്ദ്ര ഗവണ്മെന്റ് ഒരു നിയമം അവിടെ കൊണ്ടു വരുന്നുണ്ട്. ആ വിധത്തിൽ അതിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റുകൾക്ക് ഇതിൽ ഇടപെടാനും, ശിക്ഷിക്കാനും വേണ്ടിയുള്ള നടപടികൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവസ്ഥയുണ്ട്. കൂടുതൽ പാൽ പുറത്തുനിന്നാണ് വരുന്നത്. പാലിന്റെ വില കൂട്ടുന്നതിനും അതുപോലെത്തന്നെ ക്ഷീരകർഷകർക്ക് പെൻഷൻ കൊടുക്കുന്ന നടപടി ഉണ്ടാകും. ഡ്രാഫ്റ്റ് ബിൽ തയ്യാറായി. ഇത് ഈ നിയമസഭയിൽതന്നെ അവതരിപ്പിക്കുന്നുണ്ട്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കർഷകർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പാൽ ഉൽപ്പാദനത്തിലാണ്. മൃഗസംരക്ഷണത്തിൽകൂടി മൃഗങ്ങളെ വളർത്തി പാൽ ഉൽപ്പാദിപ്പിക്കുന്നു. പാലുല്പാദനവും പാലിന്റെ വിലയും വർദ്ധിപ്പിക്കാനും തീറ്റപ്പുല്ല് ഇല്ലാത്ത ബ്ലോക്കുകളിൽ പുല്ല് വച്ചുപിടിപ്പിക്കാനും ആവശ്യമായ പ്രൊമോട്ടേഴ്സിനെ ഗവണ്മെന്റ് നിയമിച്ചു കഴിഞ്ഞു. Breed-നെക്കാൾ പ്രധാനമാണ് food എന്നാണ് ചില ആളുകളുടെ തിയറി വന്നിരിക്കുന്നത്. കൃഷിരീതിയിൽ പുല്ലുൽപ്പാദനം ഏതൊക്കെ രീതിയിൽ നമുക്ക് ഉല്പാദിപ്പിക്കാൻ സാധിക്കുന്നിടത്ത് ഉല്പാദിക്കാം, അതെയുള്ളൂ. പുതിയതായിട്ടുള്ള പുല്ല് ഉണ്ടാക്കാനും കൂടുതൽ നല്ലയിനം പുല്ലുകളുണ്ടാക്കി പച്ച പുല്ല് ഉണ്ടാക്കി, വൈക്കോലുണ്ടാക്കി. കാലിത്തീറ്റ മാത്രം കലക്കിക്കൊടുത്ത് വിശപ്പു തീർക്കുന്നതുകൊണ്ടാണ് പാലിന്റെ വില കൂട്ടുന്നത്. ആ വിധത്തിൽ പശു വളർത്തലും, ഗോസംരക്ഷണവും കുറഞ്ഞ ചെലവിലാക്കാൻ ആവശ്യമായിട്ടുള്ള വിധത്തിലുള്ള ഇൻഷ്വറൻസ് സ്കീം നടപ്പാക്കാനും നിലവിലുള്ള ഇൻഷ്വറൻസ് സ്കീമിന്റെ അപാകത മാറ്റി തീർക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുത്ത് ഈ രംഗം ശുഭകരമാക്കുന്ന നടപടികൾ എടുക്കുന്നുണ്ട്. അനേകം കാര്യങ്ങൾ അനേകം മെമ്പർമാർ പറഞ്ഞത് പറയാം. ആരോ എന്നോടു ചോദിച്ചു കോഴികളെ എങ്ങനെ, ആർക്കാ കൊടുക്കുന്നതെന്ന്. ഒരു വ്യത്യാസമേയുള്ളൂ. അവരുടെ കാലത്ത് കോഴിയെ എങ്ങനെയാണ് കൊടുത്തുകൊണ്ടിരുന്നതെന്നു വച്ചാൽ കോഴിയെ വളർത്തി

LIBRARY ARCHIVES Kerala Legislative Assembly

ഒരാളിനെ വിളിച്ച് മുഴുവൻ കോഴികളെയും അയാൾക്ക് വിൽക്കും. വിറ്റു കഴിഞ്ഞാൽ വാങ്ങിയ ആൾ കൊണ്ടുപോയി വളർത്തും. വളർത്തിയതിനുശേഷം നമ്മുടവിടേക്ക് കൊണ്ടുവന്ന് ആ കോഴിയെ അറുത്തോ, മുട്ടയിട്ടോ നമ്മൾ ഉപയോഗിക്കുകയാണ്. ഈ ഗവണ്മെന്റ് വന്നതിനുശേഷം ആ രീതി മാറി. BPL-ന് മുകളിലുള്ള അൽപ്പം ആളുകളുണ്ട്. ഇവിടെ പറഞ്ഞ ആളുകളുടെ തന്നെ പാർട്ടിയിലുള്ള അനേകായിരം ആളുകൾ ഉണ്ട്. ഈ ഗവണ്മെന്റ് 30,000 കുടുംബങ്ങൾക്ക് 15 കോഴിയും ഓരോ കോഴിക്കൂടും വീതം വിതരണം ചെയ്തു. ഇതെല്ലാം ഞങ്ങൾ കേന്ദ്രഗവണ്മെന്റിനെ സമീപിച്ച് അവിടെ നിന്ന് കിട്ടിയ പണമാണ്. ഞങ്ങൾ പ്രോജക്ട് എഴുതിക്കൊടുത്ത് അതിനാവശ്യമായിട്ടുള്ള ഇനത്തിൽ വാങ്ങിച്ച പണമാണ്. ഈ പ്രാവശ്യവും പതിനാലുകോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിൽ എഴുതിക്കൊടുത്ത് വാങ്ങിച്ചിട്ടുണ്ട്. കേരളത്തിൽ മിക്കവാറുമുള്ള എല്ലാ മണ്ഡലങ്ങളിലെയും മുഴുവൻ കൃഷിക്കാർക്ക് ഒരുമിച്ച് കൊടുക്കാൻ കഴിയില്ലായെന്നുവരുമെങ്കിലും പാവപ്പെട്ടവർക്ക് ഉപജീവനമായി കോഴിയെ വളർത്തുന്നതിന് ആളുകളുടെ ഇടയിൽ വളരെ ഇഷ്ടപ്പെട്ട ജനപ്രീതി നേടിയെടുത്ത ഒരു പ്രോഗ്രാമാണ്. അവർ പറഞ്ഞതുപോലെ കോഴി ആർക്ക് കൊടുത്തു എന്നു ചോദിച്ചാൽ സാധാരണക്കാർക്ക് അത് പെണ്ണുങ്ങളുടെ. ഒരു സ്കീമായതുകൊണ്ട് അവർക്ക് വളർത്താൻ പറഞ്ഞ് അവർക്ക് ഫ്രീയായി കോഴിയും, കുറെ തീറ്റയും കൊടുത്തു. അതുകഴിഞ്ഞ് മുട്ട സംഭരിച്ചെടുത്ത് വിൽക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കി. അങ്ങനെ ഈ രംഗങ്ങളിൽ പരിവർത്തനവും കൂടുതൽ കർഷകർക്ക് ഉപകാരമാകുന്ന രീതിയിൽ ലാഭകരമായി കൃഷി സമ്പ്രദായം നടത്തുന്നതിനും WTO agreement പ്രകാരം കൃഷിക്കാർക്ക് എങ്ങനെ പിടിച്ചുനിൽക്കാമെന്നുള്ള വിധത്തിൽ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി. ചിലത് വാങ്ങാനും മറ്റുമുള്ള വിധത്തിൽ നടപടികൾ എടുക്കാനും ഉൽപ്പാദനം വർദ്ധിപ്പിച്ചും സാമ്പത്തിക രംഗത്തെ സ്തംഭനം ഒഴിവാക്കി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള അടിത്തറയുണ്ടാക്കി. കൃഷിക്കാരന് കൃഷിചെയ്യണമെന്നൊരാഗ്രഹം ഉണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ മൂന്നുനാലു കൊല്ലത്തെ പ്രവർത്തനഫലമായി കേരളത്തിലെ കൃഷിക്കാരൻ കൃഷി ചെയ്യാൻ തയ്യാറായി. കൃഷിക്കു വേണ്ടി വരുന്നത് agro export zone-ന്റെയും അതുപോലെത്തന്നെ പല നടപടികൾ എടുത്തതിന്റെ ഫലമായി അനേകം കാര്യങ്ങൾ പറയാനും, ഇതിലേക്ക് കൃഷിക്കാരനെ കൊണ്ടുവരുന്നതിനുമുള്ള സംരംഭം വിജയിച്ചിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ആ വിധത്തിൽ കാർഷികരംഗത്ത് രാഷ്ട്രീയം വേണ്ട, കേരളത്തിലെ കാർഷികരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു യോജിച്ചുള്ള പ്രവർത്തനത്തിന് ശാസ്ത്രജ്ഞന്മാരും അതുപോലെത്തന്നെ കൃഷി ഉദ്യോഗസ്ഥന്മാരും കൃഷിക്കാരും എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ ജനാധിപത്യ സ്ഥാപനങ്ങളും ഒന്നിച്ച് പ്രവർത്തിക്കുന്നതിനുള്ള ഒരു കളം ഒരുക്കാൻ ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2/676/2012—44.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, Command Area Development Authority, Ground Water Department, ഈ ഡിപ്പാർട്ടുമെന്റുകൾ എടുത്ത നടപടികളെല്ലാം അംഗീകരിക്കുന്നു എന്നുള്ളതുകൊണ്ടാണ് കാര്യമായ വിമർശനമൊന്നും വരാത്തത്. അതുകൊണ്ട് ഞാൻ പരിപൂർണ്ണ സംതൃപ്തനാണ്. എനിക്കതിനകത്ത് ഒരു announcement മാത്രം നടത്താനുണ്ട്. ഇവിടെ CADA-യിൽ 4 പദ്ധതികൾ ഇപ്പോൾ നടക്കുന്നുണ്ട്. പമ്പ, പെരിയാർ വാലി, കാഞ്ഞിരപ്പുഴ, പഴശ്ശി. ഇപ്പോൾ 53,514 ഹെക്ടർ ആയക്കെട്ട് വർദ്ധിപ്പിച്ചുകൊണ്ട് കല്ലട ഇറിഗേഷൻ പദ്ധതികൂടി കാഡയുടെ കീഴിൽ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. 2005-06 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഇത് പരിഗണിക്കാമെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചിട്ടുണ്ട്. അതിനോടൊപ്പം തന്നെ മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതികൂടി കാഡയിൽ ചേർക്കുന്നതിനുള്ള preliminary steps എടുത്തുകഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ കാര്യം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതിയിലേക്ക് പാലക്കാട്, പത്തനംതിട്ട എന്നീ രണ്ട് ജില്ലകളെ സംബന്ധിച്ച പ്രോജക്ട് സംസ്ഥാന ഗവണ്മെന്റ് ഇന്ത്യാ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. Lift Irrigation-ന് വൈദ്യുതി കണക്ഷൻ കിട്ടാത്തതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുടങ്ങിക്കിടക്കുന്നുവെന്ന് പറഞ്ഞു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുമായി ആലോചിച്ച് പ്രായോഗികമായ ഒരു സമീപനം എടുക്കുന്നതായിരിക്കും. അതുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും, 5 മണിക്ക് വീണ്ടും ചേരുന്നതുമാണ്.

(സഭ 5 മണിക്ക് വീണ്ടും ചേരുന്നതിലേക്ക് വേണ്ടി ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

(നിയമസഭ വൈകുന്നേരം 5.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly